# കേരളപഠനം- ആധുനികകേരളം

## BA MALAYALAM

## IV Semester

## COMPLEMENTARY COURSE

**(CUCBCSS)**

**2014 Admission onwards**


# UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

**Calicut University PO, Malappuram, Kerala, India 673 635**


**1008**

**UNIVERSITY OF CALICUT**

**SCHOOL OF DISTANCE EDUCATION**

***STUDY MATERIAL***

**BA MALAYALAM**

**IV Semester**

**COMPLEMENTARY COURSE**

**കേരളപഠനം - ആധുനികകേരളം**

**Prepared by:**

റ്റിജോ തോമസ്
അസി. പ്രൊഫസർ, (എഫ്.ഡി.പി.)
ദേവമാതാ കോളേജ് കുറവിലങ്ങാട്.

*Lay out:*
*Computer Section, SDE*

©
Reserved

| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| മൊഡ്യൂൾ - 1 | 5 - 20 |
| മൊഡ്യൂൾ - 2 | 21 - 26 |
| മൊഡ്യൂൾ - 3 | 27 - 43 |
| മൊഡ്യൂൾ - 4 | 44 - 73 |

# മൊഡ്യൂൾ - 1

## കേരളീയ നവോത്ഥാനം - സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ

ഇരുപതാം ശതകത്തിന്റെ പ്രാരംഭദശകങ്ങളിൽ കേരളത്തിൽ സുശക്തമായ സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ ആരംഭിച്ചു. അവയുടെ സ്വാധീനശക്തി സവർണഹിന്ദുക്കളെയും ബാധിക്കാതിരുന്നില്ല. ബ്രാഹ്മണരും ക്ഷത്രിയരും ഉൾപ്പെടെയുള്ള ഉയർന്ന ഹിന്ദുക്കൾ പോലും ഈ പ്രസ്ഥാനങ്ങളുടെ അണിയിൽ പെടുകയും മൗലികമായ സാമൂഹികപരിഷ്കാരങ്ങൾക്കുവേണ്ടി വാദിക്കുകയും ചെയ്തു. രാമകൃഷ്ണമിഷൻ, ബ്രഹ്മവിദ്യാസംഘം, ആര്യസമാജം മുതലായ സംഘടനകളുടെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ചുവന്ന അഖിലഭാരത ഹിന്ദുമതപരിഷ്കരണപ്രസ്ഥാനങ്ങൾ ജാതിസമ്പ്രദായത്തിന്റെ ദോഷങ്ങളെക്കുറിച്ച് കേരളീയഹിന്ദുക്കളെയും ബോധവാന്മാരാക്കി. ഇതിന്റെ അലയൊലികൾ കേരളത്തിലും പ്രകടമായി. ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും നേതൃത്വത്തിൽ കേരളത്തിൽതന്നെ രൂപംകൊണ്ട പരിഷ്കരണപ്രസ്ഥാനങ്ങൾക്ക് പൊതുജീവിതത്തിന്മേൽ വലിയ സ്വാധീനശക്തി ചെലുത്താൻ സാധിച്ചു. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരായി യോഗക്ഷേമസഭയും നായർസമുദായത്തിന്റെ ഉന്നമനത്തിനായി എൻ.എസ്.എസും രൂപവത്ക്കരിക്കപ്പെട്ടതും ഇത്തരമൊരു നവോത്ഥാനഘട്ടത്തിലായിരുന്നു. അയ്യൻകാളിയുടെ നേതൃത്വത്തിൽ അയിത്തത്തിനെതിരായി സാധുജനപരിപാലന സംഘവും ജാതിനശീകരണം എന്ന ലക്ഷ്യം മുൻനിർത്തി സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ സഹോദരസംഘവും രൂപവത്ക്കരിക്കപ്പെട്ടു.

കേരളത്തിൽ സാമൂഹികപരിഷ്കരണപ്രസ്ഥാനം ഹിന്ദുസമുദായത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. മുസ്ലീങ്ങൾക്കിടയിലെ സാമൂഹികപരിഷ്കർത്താക്കളായിരുന്ന വക്കം അബ്ദുൾഖാദർ മൗലവി, മക്തി തങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ മുസ്ലീം സമുദായ പുരോഗതിക്കായും നിരവധി പ്രവർത്തനങ്ങൾ നടന്നു.

മതത്തിലെ അന്ധവിശ്വാസങ്ങളെയും സമുദായത്തിലെ അനാചാരങ്ങളെയും മതപരമായ അന്ധതകളെയും ഉച്ചാടനം ചെയ്യാൻ നേതൃത്വം നല്കിയ സാമൂഹിക പരിഷ്കർത്താക്കളായിരുന്നു വാഗ്ഭടാനന്ദൻ, വി.ടി.ഭട്ടതിരിപ്പാട്, കുമാരഗുരു തുടങ്ങിയവർ. ഇവരുടെയൊക്കെ പ്രവർത്തനഫലമായി, കേരളം പുതിയൊരു ജീവിതക്രമത്തിലേക്കു പറിച്ചുനടപ്പെട്ടു. കേരളത്തിലുണ്ടായ ഈ സാമൂഹിക നവോത്ഥാനത്തിന് നേതൃത്വം നല്കിയ മഹത് വ്യക്തികളെയും സംഘടനകളെയും ഈ യൂണിറ്റിൽ വിശദമായി പ്രതിപാദിക്കുന്നു.

### യോഗക്ഷേമ സഭ (1908)

നമ്പൂതിരി സമുദായക്ഷേമം ലക്ഷ്യമാക്കി രൂപംകൊണ്ട സംഘടനയാണ് യോഗക്ഷേമ സഭ. ജാതി കൊണ്ടും ഭൂപ്രഭുത്വം കൊണ്ടും ഏറ്റവും ഉയർന്ന വിഭാഗമായിരുന്നെങ്കിലും നിരവധി അനാചാരങ്ങളും അപരിഷ്കൃതത്വവും നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്നു. കുടുംബ ഘടനയായിരുന്നു ഈ സമുദായത്തിന്റെ ദുരവസ്ഥയ്ക്ക് പ്രധാന കാരണം. കുടുംബത്തിൽ മൂത്തയാൾക്ക് മാത്രം സ്വജാതിയിൽ വേളി; ശേഷമുള്ളവർക്ക് മറ്റു സവർണ്ണ സമുദായത്തിലെ സ്ത്രീകളുമായി സംബന്ധം ഇതായിരുന്നു സമുദായാചാരം. വേളിക്കധികാരമുള്ള നമ്പൂതിരിമാരുടെ എണ്ണം കുറയുകയും കന്യകമാരുടെ എണ്ണം ഏറുകയും ചെയ്തപ്പോൾ മൂത്ത നമ്പൂതിരി പിന്നെയും പിന്നെയും വേട്ടു. എഴുപതുകഴിഞ്ഞ വൃദ്ധന്റെ അഞ്ചാമത്തെയോ ആറാമത്തെയോ വേളിയുടെ പ്രായം പതിനാലോ പതിനഞ്ചോ ആയിരിക്കും. വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ ഇല്ലത്തു ചെന്നാൽ നാലുകെട്ടിനുള്ളിൽ സപത്നീ കലഹവും സാധാരണമായിരുന്നു. ഇളം പ്രായത്തിലുള്ള വേളിമാർക്ക് ഭർത്താവ് കൊടുത്ത് പോയത് പലപ്പോഴും വൈധവ്യം മാത്രമായിരുന്നു. ഇത്തരത്തിൽ വിവാഹികതരാകാത്ത കന്യകമാരും വിവാഹം കഴിഞ്ഞ

സുമംഗലികളും വിവാഹശേഷം വൈധവ്യം മാത്രം ലഭിച്ചവരും ഈ സമുദായത്തിന്റെ ദുരന്തചിത്രങ്ങൾ മാത്രമായിരുന്നു.

നമ്പൂതിരി സമുദായത്തിലെ പുരുഷന്മാരുടെ അവസ്ഥയും ദുരന്തമയമായിരുന്നു. മൂത്ത ജ്യേഷ്ഠനായിരുന്നു കുടുംബത്തിന്റെ അധികാരി, കുടുംബസ്വത്തും അയാൾക്ക് മാത്രമാണ്. അനുജന്മാർക്ക് (അപ്ഫന്മാർക്ക്) ഇല്ലത്ത് യാതൊരു സ്ഥാനവുമില്ല. സംബന്ധം മൂലം അന്യജാതി സ്ത്രീകളിലുണ്ടാകുന്ന കുട്ടികളെ മക്കളായി കാണാനുള്ള അവകാശമോ, മക്കൾക്ക് അച്ഛനെ അങ്ങനെ വിളിക്കാനുള്ള അവകാശമോ ഇല്ലായിരുന്നു. അപ്ഫൻ നമ്പൂതിരിയെ സംബന്ധിച്ചിടത്തോളം അയാൾ തീർത്തും അനാഥനായി മാറുന്ന അവസ്ഥയാണ് സ്വസമുദായത്തിൽ നിലനിന്നിരുന്നത്. ''നമ്പൂതിരി സമുദായത്തിലെ പാതിയിലധികം സ്ത്രീകൾ പുറത്തേയ്ക്ക് വാതിലുകളില്ലാതെ അകത്തളങ്ങളിൽ കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ ഏതാണ്ടത്രയും വരുന്ന അപ്ഫൻമാർ അകത്തേയ്ക്ക് പ്രവേശനമില്ലാതെ പുറത്ത് അലഞ്ഞു'' എന്ന് കെ.സി. നാരായണൻ വി.ടി.യുടെ സമ്പൂർണ്ണകൃതികളുടെ അവതാരികയിൽ വിലയിരുത്തുന്നത് നമ്പൂതിരി സമുദായത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും ശരിയാണ്.

കേരളത്തിലെ മറ്റു സമുദായങ്ങളേക്കാൾ വൈകിയാണ് നമ്പൂതിരിമാരിൽ സാമൂഹ്യ പരിഷ്ക്കരണ പ്രവണത പ്രകടമായത്. 1908 മാർച്ച് മാസത്തിലെ ശിവരാത്രി നാളിൽ ആലുവാ ചെറു മുക്കു വൈദികന്റെ ഇല്ലത്തുവച്ച് ദേശമംഗലത്തു ശങ്കരൻ നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗമാണ് 'യോഗക്ഷേമസഭ'യ്ക്ക് രൂപം നൽകിയത്. വൈദികത്വത്തിനും ജന്മിത്തത്തിനും ക്ഷത മേൽക്കാതെ നമ്പൂതിരിയെ പുതുമയിലേയ്ക്ക് കൊണ്ടുവരിക എന്നതായിരുന്നു സഭാരൂപീകരണ ത്തിന്റെ ലക്ഷ്യം. കുറൂർ ഉണ്ണിനമ്പൂതിരിപ്പാടായിരുന്നു ആദ്യകാലത്ത് നേതൃത്വം നൽകിയത്. ആർഭാട മായി നടത്തിയിരുന്ന വാർഷിക യോഗങ്ങളിൽ ഇതര സമുദായക്കാരെയും പങ്കെടുപ്പിച്ചിരുന്നു. പാർവ്വതി നെന്മേനി മംഗലം, ആര്യാപള്ളം എന്നിവർ പങ്കെടുത്ത അന്തർജ്ജന സമ്മേളനങ്ങളും വാർഷി കത്തോടനുബന്ധിച്ച് നടത്തിയിരുന്നു. ഇംഗ്ലീഷ് പഠിക്കുക, പുരുഷന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുക തുടങ്ങിയവയ്ക്ക് അപ്പുറത്തേയ്ക്കുള്ള മാനുഷിക പ്രശ്നങ്ങളിലേക്ക് ആദ്യകാല പ്രവർത്തകരുടെ ശ്രദ്ധ പതിഞ്ഞില്ല.

## വി.ടി.ഭട്ടതിരിപ്പാട് (1896 - 1982)

യോഗക്ഷേമ സഭയുടെ പ്രവർത്തനം ശരിയായ ദിശയിലല്ലെന്നു മനസിലാക്കുകയും പരി മിതികളും പോരായ്മകളുമറിഞ്ഞ് പരിഹാരം കാണാൻ വെമ്പൽകൊള്ളുകയും ചെയ്ത ഏതാനും ചെറുപ്പക്കാർ 1920 കളോടെ രംഗത്തു വന്നു. നമ്പൂതിരി സമുദായത്തിലെ എല്ലാ നീതികേടിന്റേയും ഭാരം സ്ത്രീയുടെ ചുമലിലാണ് ചെന്നു വീണതെന്നും ആ അവസ്ഥയ്ക്കുള്ള പരിഹാരമാണ് സാമൂഹ്യ പുരോഗതിയുടെ ആദ്യ പടവെന്നും തിരിച്ചറിഞ്ഞ ഇവർ മുൻകൈയെടുത്ത് 'യുവജനസംഘം' (1919) എന്ന പ്രസ്ഥാനത്തിന് രൂപം നൽകി. അതിന്റെ മുഖപത്രമായി 'ഉണ്ണി നമ്പൂതിരി'യും ആരംഭിച്ചു. ഈ യുവജന പ്രവർത്തനങ്ങളുടെ അമരക്കാരനായിരുന്നു വി.ടി.ഭട്ടതിരിപ്പാട്.

പഴയ തെക്കേ മലബാറിലെ പൊന്നാനി താലൂക്കിൽ, തൃത്താല ഗ്രാമത്തിൽ വെള്ളിത്തി രുത്തി താഴത്തുമനയിൽ വി.ടി.എം. തുപ്പൻ ഭട്ടതിരിപ്പാടിന്റെയും കിടങ്ങൂർ കൈപ്പള്ളി ഇല്ലത്ത് ശ്രീദേവി അന്തർജ്ജനത്തിന്റേയും രണ്ടാമത്തെ മകനായി 1896 - മാർച്ച് 26 ന് വി.ടി.രാമൻ ഭട്ടതിരിപ്പാട് ജനിച്ചു. ഇല്ലങ്ങളിൽ നമ്പൂതിരിമാർ അനുഭവിക്കുന്ന ദുരിതം കണ്ടാണ് വി.ടി.വളർന്നത്. പരമ്പരാഗതമായ വേദ പഠനവും മറ്റുമായിക്കഴിഞ്ഞ വി.ടി. വളരെ വൈകിയാണ് അക്ഷരമഭ്യസിച്ചത്. ശാസ്താംകോവിലിലെ ശാന്തിക്കാരനായ തന്നെ ആത്മബോധത്തിന്റെയും അക്ഷരത്തിന്റെയും ലോകത്തേയ്ക്ക് ആനയിച്ചത്

ഒരു തിയ്യാടി പെൺകുട്ടിയാണെന്ന് 'കണ്ണീരും കിനാവും' എന്ന ആത്മകഥയിൽ അദ്ദേഹം സ്മരിക്കുന്നുണ്ട്. 'യോഗക്ഷേമം', 'കേരളപത്രിക' തുടങ്ങിയ പത്രങ്ങളിലൂടെ വായനയുടെ ലോകം തീർത്ത വി.ടി. പിന്നീട് ഇംഗ്ലീഷും പഠിച്ചെടുത്തു. ഒന്നരപ്പതിറ്റാണ്ടുകൊണ്ട് പൊതുപ്രവർത്തന രംഗത്തെത്തിയ അദ്ദേഹം പത്രാധിപർ, അധ്യാപകൻ എന്നിങ്ങനെ ബഹുവിധ കർമ്മപരിപാടികളിൽ വ്യാപരിച്ചു.

വെള്ളിനേഴി ഒളപ്പമണ്ണ മനയ്ക്കൽ നടന്ന യോഗക്ഷേമസഭയുടെ എട്ടാം സമ്മേളനത്തിൽ പങ്കെടുത്ത വി.ടി. ഒരപ്ഫനായി മാത്രം ജീവിച്ച് മരിക്കുന്നതിൽ അർത്ഥമില്ലെന്ന് തിരിച്ചറിഞ്ഞു. ഉല്പതിഷ്ണുക്കളായ കുറെ നമ്പൂതിരി യുവാക്കളുമായി സൗഹൃദം സ്ഥാപിക്കാൻ ഈ കാലത്ത് അദ്ദേഹത്തിനു കഴിഞ്ഞു. നമ്പൂതിരി സമുദായത്തിലെ യാഥാസ്ഥിതികർ 'സുദർശനം' എന്ന പേരിൽ പുതിയൊരു പത്രം തുടങ്ങിയപ്പോൾ വി.ടി.അടക്കമുള്ളവർ 'ഉണ്ണി നമ്പൂതിരി'യ്ക്കു പുറമേ 'പാശുപതം' എന്ന പത്രവും ആരംഭിച്ചു. പാശുപതത്തിൽ 'രജനീരംഗം' എന്ന പംക്തി വി.ടി. യാണ് കൈകാര്യം ചെയ്തിരുന്നത്. വി.ടി.യുടെ ആദ്യ കഥയായ 'വിഷുക്കൈനേട്ടം' ഈ പംക്തിയിലൂടെ വെളിച്ചം കണ്ടു.

യോഗക്ഷേമസഭയിൽ ഉല്പതിഷ്ണു വിഭാഗത്തിന്റെ നേതാവായിരുന്ന വി.. ടി വിജാതീയ ബന്ധബഹിഷ്ക്കരണം, കുടുമ മുറിയ്ക്കൽ, അന്തർജ്ജനങ്ങളുടെ വേഷ പരിഷ്ക്കരണം, മിശ്രഭോജനം തുടങ്ങിയ സമുദായ പരിഷ്ക്കരണ പരിപാടികൾക്ക് നേതൃത്വം നൽകി.

ഗുരുവായൂർ ക്ഷേത്ര പ്രവേശന പ്രചാരണ ജാഥയിൽ പങ്കെടുത്തു. 'അയിത്തോച്ചാടനത്തിന് ഇനി നമുക്ക് അമ്പലങ്ങൾക്ക് തീ കൊളുത്തുക' എന്ന ലഘുലേഖ 'ഉണ്ണിനമ്പൂതിരി'യിൽ പ്രസിദ്ധീകരിച്ചതിന് കൊച്ചീരാജാവ് അറസ്റ്റ്വാറന്റ് പുറപ്പെടുവിച്ചു. കേരള മിശ്രവിവാഹ സംഘത്തിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട്ടു നിന്ന് ചെമ്പഴന്തി വരെ നടത്തിയ സാമൂഹ്യപരിഷ്ക്കരണ ജാഥ നയിച്ചതും വി.ടി. ആയിരുന്നു. യോഗക്ഷേമസഭയുടെ 26-ാം വാർഷിക യോഗത്തിൽ വി.ടി. വിധവാവിവാഹ പ്രമേയം പാസാക്കി, വിധവയായ ഭാര്യാസഹോദരി ഉമയെ എം.ആർ.ബി ക്ക് വിവാഹം ചെയ്തു കൊടുത്തു. അങ്ങനെ നമ്പൂതിരി സമുദായത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു വിധവ സുമംഗലിയായി. ആ വേദിയിൽ വച്ച് 'നമ്പൂതിരി ഇപ്പോൾ മറ്റു മനുഷ്യർക്ക് തുല്യനായി' എന്നും യോഗക്ഷേമസഭ പിരിച്ചുവിടണമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. സ്വന്തം സഹോദരി പാർവ്വതിയും പി.കെ.രാഘവപ്പണിക്കരും തമ്മിൽ ആദ്യത്തെ നമ്പൂതിരി മിശ്രവിവാഹവും വി.ടി.മുൻകൈയെടുത്തു നടത്തി. അന്നത്തെ യാഥാസ്ഥിതിക നമ്പൂതിരി വിഭാഗം ഇതെല്ലാം ധിക്കാരമായും സദാചാരവിരുദ്ധമായുമാണ് കണ്ടത്.

അകത്തേയ്ക്കൊതുങ്ങിയ അന്തർജ്ജനങ്ങളും പുറത്തേയ്ക്ക് തള്ളപ്പെട്ട അപ്ഫന്മാരും - ഇതായിരുന്നു നമ്പൂതിരി സമുദായത്തിന്റെ ദുരവസ്ഥയ്ക്കു പ്രധാന കാരണം. അകത്തേയ്ക്കും പുറത്തേയ്ക്കുമായി വകഞ്ഞു മാറ്റപ്പെട്ട സ്ത്രീ - പുരുഷന്മാരുടെ കൈകോർക്കലായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ വി. ടി.യുടെ നേതൃത്വത്തിൽ നമ്പൂതിരി സമുദായത്തിലുണ്ടായ പരിവർത്തനം. തറവാട്ടിലെ മൂത്ത പുരുഷന്മാരെപ്പോലെ മറ്റു പുരുഷന്മാർക്കും കുടുംബത്തിനും സ്വത്തിനും അവകാശമുണ്ടെന്നും കുടുംബം സ്ഥാപിക്കുന്നതിലൂടെ സ്ത്രീകൾ ബഹുഭാര്യാത്വത്തിന്റെയും നിത്യവൈധവ്യത്തിന്റെയും ദുർവിധികളിൽ നിന്ന് മുക്തരാകുമെന്നും അവർ തിരിച്ചറിഞ്ഞു. സ്ത്രീകളുടെ ആവശ്യങ്ങൾ പുരുഷന്മാരുടെ ആവശ്യങ്ങളുമായി ഏകീഭവിച്ചു. ഘോഷയും മറക്കുടയും കളഞ്ഞ് അടുക്കളയിൽ നിന്ന് പുരുഷൻ സ്ത്രീയെ അരങ്ങിലേക്ക് കൂട്ടിക്കൊണ്ടു വന്നു.

നമ്പൂതിരി സ്ത്രീകളോട് നേരിട്ട് സംസാരിക്കാൻ പറ്റിയ ഒരു മാധ്യമം നാടകമാണെന്നു തിരിച്ചറിഞ്ഞ വി.ടി. രചിച്ച സാമൂഹ്യ നാടകമാണ് 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്'. 1929 ഡിസംബർ 24ന് ഇടക്കുന്നിയിൽ നടന്ന യുവജനസംഘം 11-ാം വാർഷികത്തിൽ അവതരിപ്പിക്കപ്പെട്ടു. നാടകം സമൂഹത്തെ ഇളക്കി മറിച്ചു. അന്തഃപുരങ്ങളിൽ സജീവചർച്ചയായി. മറക്കുടയിലും മൂടുപടത്തിലും ഒളിപ്പിച്ചു നിർത്തിയ സ്ത്രീ; സമുദായത്തിന്റെ പൊതുരംഗത്തു പ്രത്യക്ഷപ്പെട്ടു തുടങ്ങി. വിശ്വാസ പ്രമാണങ്ങളിൽ, വീക്ഷണഗതിയിൽ, വേഷവിധാനങ്ങളിൽ എല്ലാം മാറ്റങ്ങൾ പ്രകടമായി. ഇതിനു ശേഷം 'കരിഞ്ചന്ത' എന്നൊരു നാടകവും വി.ടി. എഴുതിയെങ്കിലും അതിന്റെ പ്രതി കണ്ടെത്താനായിട്ടില്ല. നമ്പൂതിരി

സമുദായ പരിഷ്ക്കരണം ലക്ഷ്യമാക്കി മറ്റു രണ്ടു നാടകങ്ങൾക്കൂടി അക്കാലത്തുണ്ടായി. എം.ആർ. ബി.യുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകവും' എം.പി. ഭട്ടതിരിപ്പാടിന്റെ 'ഋതുമതിയും' ആണ് അവ.

സാമുദായിക പരിഷ്ക്കരണ ശ്രമങ്ങളോടൊപ്പം തന്നെ അയിത്തോച്ചാടനം, ദേശീയ പ്രസ്ഥാനം തുടങ്ങിയ ഗാന്ധിയൻ സമരമുറകളിലും വി.ടി. സജീവമായി പങ്കെടുത്തു. അനാചാരങ്ങളെ എതിർത്തിരുന്ന അദ്ദേഹം അമ്മയുടെ മരണാനന്തരമുള്ള 'സംവത്സരദീക്ഷ' വേണ്ടെന്നു വച്ചു. ബ്രഹ്മാല യത്തിലും ദേവാലയത്തിലും അവർണ്ണർക്ക് പ്രവേശനം നൽകുവാനും അദ്ദേഹം ശ്രമിച്ചു. വി.ടി.യുടെ പ്രവർത്തനം സമുദായത്തിനുള്ളിൽ മാത്രം ഒതുങ്ങി നിന്നില്ല. സമുദായത്തിൽ നിന്ന് പുറത്താക്കപ്പെട്ട വർക്കായി കൊടുമുണ്ടയിൽ അദ്ദേഹം ഒരാശ്രമം നിർമ്മിക്കുകയുണ്ടായി. യോഗക്ഷേമസഭയുടെ പ്രവർത്തനം നമ്പൂതിരി സമുദായത്തിൽ വലിയ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. ഇതിൽ വി.ടി.യുടെ പങ്ക് നിസ്തുലമാണ്. തന്റെ പ്രവർത്തനത്തെയും പ്രവർത്തന കാലത്തെയും ഓർമ്മയുടെ നൂലിൽ കൊരുത്ത് പുനരാഖ്യാനം ചെയ്തതാണ് 'കണ്ണീരും കിനാവും', 'ദക്ഷിണായനം' എന്നിങ്ങനെ രണ്ടു ഭാഗങ്ങളായുള്ള ആത്മകഥ.

ശതാഭിഷിക്തനായി ഏതാനും മാസം കഴിഞ്ഞ് വി.ടി. രോഗാതുരനായി. വാതരോ ഗവും ഹൃദയാഘാതവും അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. ചികിത്സയ്ക്കൊടുവിൽ 1982- ഫെബ്രു വരി 12 ന് ആ വിപ്ലവകാരി കാലയവനികയിൽ മറഞ്ഞു.

**വി.ടി.യുടെ കൃതികൾ :** - അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്, കരിഞ്ചന്ത, കണ്ണീരും കിനാവും, ര ജനീരംഗം, പോംവഴി, സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു, വെടിവട്ടം, കാലത്തിന്റെ സാക്ഷി, വിശ ക്കാത്ത ദൈവവും വിശക്കുന്ന മനുഷ്യനും, എന്റെ മണ്ണ്, കർമ്മ വിപാകം, വി.ടി.യുടെ ഉപന്യാസങ്ങൾ, വി.ടി.യുടെ കഥകൾ, വി.ടി.യുടെ ജീവിത സ്മരണകൾ, വി.ടി.യുടെ സമ്പൂർണ്ണകൃതികൾ.

## നായർ സർവ്വീസ് സൊസൈറ്റി (1914)

### എൻ.എസ്.എസ്

കേരളത്തിൽ സാമൂഹിക പരിവർത്തനങ്ങൾ വരുത്തിത്തീർക്കുന്നതിൽ മുഖ്യ പങ്ക് വഹി ച്ചിട്ടുള്ളത് സാമുദായിക സംഘടനകളാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ പ്രബുദ്ധരായ നായർ യുവാക്കൾ സമുദായത്തിൽ നിലവിലിരുന്ന പല അനാചാരങ്ങളേയും ചോദ്യം ചെയ്തു തുടങ്ങി. സമുദായ പുരോഗതിക്കായി ഒരു സംഘടന എന്ന ആശയം രൂപപ്പെടുന്നത് 1907 ലാണ്. മലയാളി സഭയുടേയും 'മലയാളി' പത്രത്തിന്റേയും ആദ്യകാല പ്രവർത്തകനായ സി. കൃഷ്ണപിള്ള 1907-ൽ സ്ഥാപിച്ച 'കേരളീയ നായർ സമാജം' നായർ സമുദായ ത്തിൽ ശക്തമായ സ്വാധീനം ചെലുത്തി. നായർ കുടുംബത്തിന്റെ സാമ്പത്തിക ശക്തിയേയും വൈവാ ഹിക ഭദ്രതയേയും തകരാറിലാക്കുന്ന നായർ - നമ്പൂതിരി ബാന്ധവം തടയുക, താലികെട്ടുകല്യാണം, തിരണ്ടുകുളിയടിയന്തിരം തുടങ്ങിയവ നിർത്തലാക്കുക, അവാന്തര വിഭാഗങ്ങളെ ഏകീകരിക്കുക തുട ങ്ങിയ ലക്ഷ്യങ്ങൾക്കു വേണ്ടിയാണ് അത് രൂപം കൊണ്ടത്. എന്നാൽ അധികകാലം കഴിയുന്നതിനു മുമ്പ് ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചു.

1912 - ൽ മന്നത്ത് പത്മനാഭപിള്ള സെക്രട്ടറിയായി പെരുന്നയിൽ 'നായർ സമാജം' രൂപം കൊണ്ടു. 1913-ൽ അത് ചങ്ങനാശ്ശേരി താലൂക്ക് നായർ സമാജമായി. കേരള വ്യാപകമായ ഒരു സമുദായ സംഘടനയായിരുന്നു അദ്ദേഹം വിഭാവനം ചെയ്തത്. 1914 ഒക്ടോബർ 31-ാം തിയതി പെരു ന്നയിൽ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ പതിനാല് നായർ യുവാക്കൾ ഒത്തു ചേർന്ന് 'നായർസമുദായ ഭൃത്യജനസംഘം' രൂപീകരിച്ചു. പൂനയിൽ, ഗോപാല കൃഷ്ണ ഗോഖലെ സ്ഥാപിച്ച 'സർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി' എന്ന സംഘടനയുടെ മാതൃകയിലായിരുന്നു ഇതിന്റെ രൂപീക

രണം. സംഘത്തിന്റെ സ്ഥാപക പ്രസിഡന്റ് കെ.കേളപ്പനും സെക്രട്ടറി മന്നത്തു പത്മനാഭനുമായിരുന്നു. നായർ സമുദായത്തിന്റെ സേവനമായിരുന്നു ഈ സംഘടനയുടെ മുഖ്യലക്ഷ്യം. 'സമുദായത്തിൽ വിദ്യാഭ്യാസം, രാജഭക്തി, സന്മാർഗ്ഗതല്പരത, ഈശ്വരവിശ്വാസം, വ്യവസായം, ധനസ്ഥിതി, ഐകമത്യം ഇവയ്ക്ക് വർദ്ധന ഉണ്ടാക്കാൻ തക്കവണ്ണം ഓരോ ദേശത്തിലും കരയിലുമുള്ള നായന്മാരുടെയിടയിൽ സമാജങ്ങൾ സ്ഥാപിക്കുകയായിരുന്നു ആദ്യ ലക്ഷ്യം'. കേരളം മുഴുവനുള്ള നായന്മാരുടെയിടയിൽ ഐകരൂപ്യംവരുത്തുകയും ഇതരസമുദായങ്ങളുമായി ഐക്യം വർദ്ധിപ്പിക്കുകയും സംഘടനയുടെ ഉദ്ദേശ്യമായിരുന്നു. കേന്ദ്രീകൃതമായ ഒരു സംഘടന എന്ന നിലയിൽ സംസ്ഥാന വ്യാപകമായി 'കരയോഗങ്ങൾ' സ്ഥാപിക്കാനുള്ള ശ്രമവും തുടക്കത്തിലെ ആരംഭിച്ചു. അതേവർഷം തന്നെ സംഘത്തിന്റെ പേര് 'നായർ സർവീസ് സൊസൈറ്റി' എന്നാക്കി മാറ്റി.

മന്നത്ത് പത്മനാഭൻ, ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള, അമ്പലപ്പാട്ട് ദാമോദരനാശാൻ, കളത്തിൽ വേലായുധൻ നായർ തുടങ്ങിയവർ സംഘടനയുടെ ആദ്യകാല പ്രവർത്തകരായിരുന്നു. നായർ സമുദായത്തെ ഉദ്ധരിക്കുക മാത്രമായിരുന്നില്ല നായർ സർവ്വീസ് സൊസൈറ്റിയുടെ ലക്ഷ്യം. ''ഇന്നു ഞാൻ നായർക്കു വേണ്ടി പ്രവർത്തിക്കും, പിന്നെ ഹിന്ദുക്കൾക്കു വേണ്ടിയുമായിരിക്കും. പിന്നെ രാഷ്ട്രത്തിനു വേണ്ടിയും സർവസമുദായങ്ങൾക്കുവേണ്ടിയുമുള്ളതായിരിക്കും എന്റെ പ്രവൃത്തിപഥം''. മന്നത്തിന്റെ ഈ നിലപാടാണ് എൻ.എസ്.എസും പിൻതുടർന്നത്. സമുദായ പുരോഗതി വിദ്യാഭ്യാസത്തിലൂടെയേ സാധ്യമാകൂ എന്നു മനസിലാക്കി അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം മുതലേ ഈ സംഘടന പ്രാധാന്യം കൊടുത്തു. മരുമക്കത്തായ നിയമം പരിഷ്ക്കരിക്കുന്നതിനും സമുദായികാനാചാരങ്ങൾ നശിപ്പിക്കുന്നതിനും എൻ.എസ്.എസ് മുൻകൈയെടുത്തു. അയിത്ത നിവാരണ പ്രസ്ഥാനത്തിന് എൻ.എസ്.എസ് നൽകിയ നേതൃത്വം സ്തുത്യർഹമാണ്. ഹൈന്ദവ സമുദായത്തിന്റെ ഏകീകരണവും പരിഷ്ക്കരണവും കൂടി സാധിച്ചാലേ ജനശക്തി ബലവത്താകൂ എന്നു ബോധ്യമുള്ളതുകൊണ്ടാണ് അയിത്തോച്ചാടന പ്രസ്ഥാനത്തിൽ എൻ.എസ്.എസും സജീവമായത്. അവർണഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈക്കത്തു നിന്ന് തിരുവനന്തപുരത്തേക്ക് ഒരു സവർണ കാൽനട പ്രചാരണ ജാഥ സംഘടിപ്പിച്ചതും ഇരുപതിനായിരം സവർണ ഹിന്ദുക്കൾ ഒപ്പിട്ട ഒരു നിവേദനം മഹാറാണിക്കു നൽകിയതും എൻ.എസ്.എസിന്റെ നേതൃത്വത്തിലായിരുന്നു.

മന്നത്ത് പത്മനാഭന്റെ നിസ്വാർത്ഥമായ സമുദായ സേവനവും സ്ഥിരോത്സാഹവും അർപ്പിത മനോഭാവവും ക്രാന്തദർശിത്വവുമാണ് നായർ സർവ്വീസ് സൊസൈറ്റിയെ ഇന്നത്തെ നിലയിലെത്തിച്ചത്. അദ്ദേഹത്തിന്റെ ആദർശം വാക്കുകളിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. വിമോചന സമരത്തോടുകൂടി 'ഭാരത കേസരി' എന്ന ബിരുദത്തിനുടമയായ മന്നം നായർ സർവ്വീസ് സൊസൈറ്റിയുടെ ചരിത്രത്തിലും കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലും നിർണ്ണായക സ്വാധീനം ചെലുത്തിയ ചരിത്രപുരുഷനാണ്.

## ശ്രീനാരായണ ധർമ്മ പരിപാലന യോഗം (1903)

### എസ്.എൻ.ഡി.പി

ശ്രീനാരായണ ഗുരു ജനിച്ചത് ഈഴവ സമുദായത്തിലാണ്. ഈഴവർ കേരളത്തിലെ അവർണ്ണരിൽ പ്രമുഖരാണ്. അതുകൊണ്ട് ഈഴവ സമുദായത്തിൽ ശ്രീനാരായണ ഗുരു ചെലുത്തിയ സ്വാധീനശക്തി കേരളത്തിൽ സാമൂഹിക പരിഷ്കരണത്തിന് വളരെയധികം നിർണ്ണായകമായി ത്തീർന്നു. ജാതിരഹിതമായ ഒരു ഹൈന്ദവ സമുദായമായിരുന്നു ഗുരുവിന്റെ മുഖ്യ ലക്ഷ്യം. 1888-ൽ ഗുരു നടത്തിയ പ്രസിദ്ധമായ അരുവിപ്പുറം പ്രതിഷ്ഠയെത്തുടർന്ന് രൂപീകരിക്കപ്പെട്ട അരുവിപ്പുറം ക്ഷേത്രയോഗം (വാവൂട്ടു യോഗം) സാമൂഹ്യ ജീവിതത്തിൽ വരുത്തേണ്ട പരിഷ്ക്കരണങ്ങളെക്കുറിച്ച്

ചർച്ച ചെയ്തു വന്നു. ഈ ക്ഷേത്ര യോഗമായിരുന്നു പിന്നീട് SNDP യോഗം രൂപീകരിക്കുവാൻ പ്രേരണയായത്.

സമുദായ പരിഷ്കരണം മുൻനിർത്തി ഡോ.പൽപ്പുവും കുമാരനാശാനുമായുള്ള ചർച്ചകളെത്തുടർന്ന് അവകാശ സംരക്ഷണത്തിനുവേണ്ടി പോരാടാനും അനാചാരങ്ങളെ ദുരീകരിക്കാനും ജനങ്ങളുടെ വീക്ഷണഗതി നവീകരിക്കാനുമായി ഒരു സംഘടന രൂപീകരിക്കുവാൻ തീരുമാനിച്ചതിന്റെ ഫലമായിരുന്നു SNDP യോഗം. 1903ൽ കേരളത്തിൽ എല്ലായിടത്തുമുള്ള സമുദായാംഗങ്ങളെ ചേർത്ത് അരുവിപ്പുറം ക്ഷേത്രയോഗം എസ്.എൻ.ഡി.പി.യോഗം - 'ശ്രീനാരായണ ധർമ്മ പരിപാലന യോഗം' എന്ന പേരിൽ ഒരു മഹാപ്രസ്ഥാനമായി രൂപാന്തരപ്പെടുത്തി. തിരണ്ടുകുളി, താലികെട്ടുകല്യാണം, പുളികുടി തുടങ്ങിയ അനാചാരങ്ങൾ അവസാനിപ്പിക്കാൻ യോഗം ആഹ്വാനം ചെയ്തു. സാമൂഹ്യ പരിഷ്ക്കരണത്തോടൊപ്പം ഇത്തരം അനാചാരങ്ങളും ആഢംബരങ്ങളും വരുത്തിവെക്കുന്ന പാഴ്ചെലവുകൾകൊണ്ട് സമുദായത്തിനുണ്ടാകുന്ന സാമ്പത്തിക തകർച്ച പരിഹരിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. യോഗകാര്യങ്ങൾ പ്രതിപാദിക്കാനായി 'വിവേകോദയം' എന്ന മാസികയും ആരംഭിച്ചു.

1903 മെയ് 15 - ന് സ്ഥാപിതമയ SNDP യോഗത്തിന്റെ ആജീവനാന്ത അധ്യക്ഷനായി ശ്രീനാരായണ ഗുരുവിനെയും സെക്രട്ടറിയായി കുമാരനാശാനെയും തെരഞ്ഞെടുത്തു. എസ്.എൻ.ഡി.പി. യോഗത്തിന് ശ്രീനാരായണ ഗുരു നൽകിയ നേതൃത്വവും ഈഴവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി സംഘടിപ്പിച്ച പ്രവർത്തനങ്ങളും ഈഴവരെ മാത്രമല്ല, മറ്റ് അവർണ്ണ സമുദായക്കാരെ മുഴുവൻ ഉത്തേജിപ്പിച്ചു. ഹൈന്ദവസമുദായത്തിന്റെ അവിഭാജ്യഘടകമെന്ന നിലയ്ക്ക് സ്വന്ത ശക്തിയും അന്തസ്സും കണ്ടെത്തുന്നതിന് അവരെ അദ്ദേഹം സഹായിക്കുകയും ചെയ്തു. ഈഴവരുടെ കുലത്തൊഴിലായി പരിഗണിക്കപ്പെട്ടുപോന്ന 'ചെത്ത് ' നിറുത്തണമെന്നും അതിനു പകരം വ്യാവസായികസംരംഭങ്ങളിലോ ബുദ്ധിപരമായ പ്രവർത്തനങ്ങളിലോ ഏർപ്പെടണമെന്നും ഗുരു അവരെ ഉദ്ബോധിപ്പിച്ചു. ഈഴവരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയിലേയ്ക്കുള്ള വളർച്ചയ്ക്ക് നിർണ്ണായക പങ്കു വഹിക്കുവാൻ SNDP എന്ന സമുദായ സംഘടനയ്ക്ക് സാധിച്ചു. ഡോ.പൽപ്പു, കുമാരനാശാൻ, ടി.കെ.മാധവൻ, സി. കൃഷ്ണൻ, സി.വി. കുഞ്ഞിരാമൻ, മൂർക്കോത്ത് കുമാരൻ, നടരാജഗുരു തുടങ്ങിയവർ ശ്രീനാരായണ സന്ദേശ പ്രചാരകരുടെ മുൻപന്തിയിൽ പ്രവർത്തിച്ച ആദ്യകാല നേതാക്കളായിരുന്നു.

## ശ്രീനാരായണ ഗുരു (1854 - 1928)

ഒരു ആദ്ധ്യാത്മിക ആചാര്യന്റെയും സാമുദായിക പരിഷ്കർത്താവിന്റെയും സമന്വയമായിരുന്നു ശ്രീനാരായണ ഗുരു. 1854 ഓഗസ്റ്റ് 20 ന് തിരുവനന്തപുരത്തിനടുത്ത് ചെമ്പഴന്തിയിൽ ചതയം നാളിൽ ജനനം. പിതാവ് കൊച്ചുവിളയിൽ മാടനാശാൻ, അമ്മ വയൽവാരത്ത് കുട്ടി. നാരായണൻ എന്നായിരുന്നു പേരെങ്കിലും നാണു എന്നായിരുന്നു വിളിപ്പേര്. സമീപത്തുള്ള കുടിപ്പള്ളിക്കൂടത്തിലായിരുന്നു വിദ്യാഭ്യാസം. കുട്ടിക്കാലം മുതലേ ഈശ്വരാഭിമുഖ്യം ഉണ്ടായിരുന്ന നാണു ക്ഷേത്ര ദർശനം, ജപം, ധ്യാനം, എന്നിവ മുടക്കം കൂടാതെ നടത്തിയിരുന്നു. സംസ്കൃതത്തിൽ ഉപരിപഠനം നടത്തി. മൂന്നു വർഷം കൊണ്ട് കാവ്യനാടകങ്ങൾ, തർക്കം, വ്യാകരണം, വേദാന്തം മുതലായവയിൽ അവഗാഹം നേടി. അസുഖത്തെ തുടർന്ന് പഠനം നിർത്തി. വീടിനടുത്തുള്ള കുടിപ്പള്ളിക്കൂടത്തിൽ ആശാനായി. ബന്ധുക്കളുടെ നിർബന്ധം മൂലം കല്യാണം കഴിച്ചു. 'കാളി'യായിരുന്നു വധു. ഈ ബന്ധം അധികനാൾ തുടർന്നില്ല. പിന്നീട് സഞ്ചാരിയായി മാറിയ അദ്ദേഹം ഭാരതത്തിലുടനീളം സഞ്ചരിച്ചു. കുറച്ചുകാലം മരുത്വാമലയിലെ പിള്ളത്തടം ഗുഹയിൽ ഏകാന്ത ധ്യാനത്തിൽ കഴിഞ്ഞു.

ലൗകിക പ്രലോഭനങ്ങൾക്കെതിരെ തീവ്രമായ ആത്മസംഘർഷം അദ്ദേഹം നേരത്തെ തന്നെ പ്രകടമാക്കിയിരുന്നു. ലൗകിക ജീവിതത്തോട് വിടപറയാനുള്ള തീരുമാനവുമായി വീടുവിട്ടിറങ്ങി അലയുന്നതിനിടയിൽ വേദാന്ത പണ്ഡിതനും യോഗിയുമായ തൈക്കാട് അയ്യാവിനെക്കുറിച്ച് കേട്ടറിഞ്ഞ് അദ്ദേഹത്തിൽ നിന്നും യോഗവിദ്യ വശമാക്കിയതോടെ നാണുസ്വാമിയായി. മരുത്വാമലയിൽ ദീർഘകാലം ഏകാന്തതയിൽ ധ്യാനനിരതനായി കഴിഞ്ഞപ്പോൾ ജീവിതത്തിന്റെ അഖണ്ഡതയും മനുഷ്യസഞ്ചയത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള അവബോധവും അദ്ദേഹത്തിൽ ദൃഢീകൃതമായി. ഈയൊരു ബോധോദയത്തോടെയാണ് അദ്ദേഹം അരുവിപ്പുറത്തേയ്ക്ക് പോയത്. ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സമൂഹത്തിലെ അധഃസ്ഥിത ജനങ്ങൾക്ക് പ്രാർത്ഥിക്കുവാനായി ഒരു ആരാധനാലയം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്ന തീരുമാനവുമായി നെയ്യാറിന്റെ തീരത്ത് അരുവിപ്പുറത്തെ ഗുഹയിൽ ധ്യാനനിരതനായി കഴിഞ്ഞു. 1888 ഫെബ്രുവരിയിലെ ശിവരാത്രി ദിവസം സ്വാമി തന്നെ ആറ്റിൽ മുങ്ങിയെടുത്ത ചെറിയ പാറക്കല്ല് ശിവലിംഗമാക്കി പ്രതിഷ്ഠിച്ചു. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പുതിയ ഒരു യുഗത്തിന്റെ പിറവി കുറിച്ച സംഭവമായിരുന്നു അത്. ബ്രാഹ്മണ മേധാവിത്വത്തിലധിഷ്ഠിതമായ ഒരു സമുദായക്രമം നിലനിന്ന കാലത്താണ് നാരായണഗുരുവിന്റെ അരുവിപ്പുറം ശിവപ്രതിഷ്ഠ. ഈഴവന് ശിവപ്രതിഷ്ഠ നടത്താനുള്ള അവകാശത്തെ ചോദ്യംചെയ്ത ബ്രാഹ്മണ പൗരോഹിത്യത്തോട് 'നാം ഈഴവ ശിവനെയാണല്ലോ പ്രതിഷ്ഠിച്ചത്" എന്ന ഗുരുവിന്റെ ഉത്തരത്തിലന്തർഭവിച്ച തത്വം പിന്നീട് കേരളത്തിലുണ്ടായ സാമൂഹിക വിപ്ലവത്തിന് കളമൊരുക്കി. അരുവിപ്പുറം ക്ഷേത്രത്തിൽ സ്വാമി തന്നെ എഴുതി വച്ച

''ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാണിത്''

എന്ന ശ്ലോകം പില്കാലത്ത് കേരളീയ നവോത്ഥാനത്തിന്റെ മഹാസന്ദേശമായി. തുടർന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലും അദ്ദേഹം ക്ഷേത്രങ്ങൾ സ്ഥാപിച്ചു. ചാതുർവർണ്യത്തിലധിഷ്ഠിതമായ ജാതീയ ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ കൊടികുത്തി വാണിരുന്ന കാലഘട്ടമായിരുന്നു അത്. ഹിന്ദുക്കളിൽ തന്നെ സവർണ - അവർണ വിവേചനമുണ്ടായിരുന്നു. അവർണരെ സമൂഹം പതിത്വം കല്പിച്ച് അകറ്റി നിർത്തി. പൊതുനിരത്തുകളിലോ സ്കൂളിലോ അവർക്ക് പ്രവേശനമില്ലായിരുന്നു. അവർണർ സവർണരെ സ്പർശിക്കുകയോ, സമീപിക്കുകയോ ചെയ്യാൻ പാടില്ലായിരുന്നു. സർക്കാർ ജോലി അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. ക്ഷേത്രങ്ങളിൽ പ്രവേശനമില്ലെന്നു മാത്രമല്ല ക്ഷേത്ര സാമീപ്യമുള്ള പൊതുവഴികളിൽക്കൂടി നടക്കാൻ പോലും വിലക്കുണ്ടായിരുന്നു. ചെരിപ്പ്, കുട, വിശേഷവസ്ത്രങ്ങൾ, വിലപിടിപ്പുള്ള ആഭരണങ്ങൾ ഇവയൊന്നും ധരിക്കാൻ അവകാശമില്ലായിരുന്നു. ഇത്തരം അയിത്താചാരങ്ങൾക്കെതിരെയുള്ള സാമൂഹിക നവോത്ഥാനത്തിന്റെ തുടക്കമായിരുന്നു ഗുരുവിന്റെ അരുവിപ്പുറം ശിവപ്രതിഷ്ഠ. പിന്നീടങ്ങോട്ട് അനാചാരങ്ങൾക്കെതിരെ സൗമ്യമായും ശക്തമായും പ്രതികരിക്കുന്ന നാരായണഗുരുവിനെ നമുക്കു കാണാനാവും.

സാമൂഹികപരിഷ്ക്കരണം ലക്ഷ്യമാക്കി, കേരളത്തിലെല്ലായിടത്തുമുള്ള സമുദായാംഗങ്ങളെ ചേർത്ത് 1903 ൽ ശ്രീനാരായണ ധർമ്മ പരിപാലനയോഗം (SNDP) രൂപീകരിച്ചു. അനാചാരങ്ങളെ ഉന്മൂലനം ചെയ്യുന്നതോടൊപ്പം സാമൂഹിക പരിഷ്കരണത്തിനുള്ള ഉപാധികൂടിയായിരുന്നു ഈ സംഘടന. ക്ഷേത്രങ്ങളെയും SNDP യോഗത്തെയും സാമൂഹ്യപരിഷ്ക്കരണമെന്ന ആത്യന്തിക ലക്ഷ്യത്തിനുള്ള ഉപാധികളായിട്ടാണ് അദ്ദേഹം കണ്ടത്. വർക്കല ശിവഗിരിയിലെ ശാരദാപ്രതിഷ്ഠയും തലശ്ശേരി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലെ വിഗ്രഹപ്രതിഷ്ഠകളും ആ നിലയ്ക്കുള്ളനേട്ടങ്ങളായിരുന്നു. പിന്നീടൊരു ഘട്ടത്തിൽ ഗുരു ഉപദേശിച്ചു.

''ക്ഷേത്രം ജാതി വ്യത്യാസത്തെ അധികമാക്കുന്നു...... ക്ഷേത്ര നിർമ്മാണത്തെ പ്രോൽസാഹിപ്പിക്കരുത്.......... ഇനി ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുപ്പാൻ ശ്രദ്ധിക്കണം. അവർക്കറിവുണ്ടാകട്ടെ. അതു തന്നെയാണ് അവരെ നന്നാക്കുവാനുള്ള മരുന്ന്''

(നാരായണഗുരുസ്വാമി.: ങ.ഗസാനു)

ഇതനുസരിച്ചാണ് പിന്നീട് എസ്.എൻ.ട്രസ്റ്റ് രൂപീകരിച്ചതും അതിനു കീഴിൽനിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചതും. കേരളം കൈവരിച്ച വിദ്യാഭ്യാസ പുരോഗതിയിൽ അവ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്.

നാരായണഗുരുവിലെആത്മീയവാദിയെ ഏറെ സ്വാധീനിച്ചത് അദ്വൈത ദർശനമാണ്. അദ്ദേഹത്തിന്റെ അദ്വൈത ദർശനം ആത്മാവിന്റെ ഏകത്വത്തെക്കുറിച്ച് മാത്രമല്ല മനുഷ്യസമൂഹത്തിന്റെ ഏകത്വത്തെക്കുറിച്ചും ചിന്തിച്ചു. 1914 ൽ ആലുവയിൽ സ്ഥാപിച്ച അദ്വൈതാശ്രമത്തിൽ ''മനുഷ്യർക്ക് ഒരു ജാതിയും ഒരു മതവും ഒരു ദൈവവും അല്ലാതെ ഓരോരുത്തർക്കും വെവ്വേറെ ജാതിയും മതവും ദൈവവും ഇല്ല'' എന്ന് സ്വാമി കുറിച്ചിട്ടു. പല ക്ഷേത്രങ്ങളിലും വിഗ്രഹ പ്രതിഷ്ഠ നടത്തിയിട്ടുള്ള സ്വാമി ചേർത്തലയിലുള്ള കളവംകോടം ക്ഷേത്രത്തിൽ കണ്ണാടി പ്രതിഷ്ഠ നടത്തിയതിലൂടെ 'ഈശ്വരാരാധനയുടെ പരമമായ ലക്ഷ്യം ആത്മ ദർശനമായിരിക്കണം' എന്ന അർത്ഥവത്തായ സന്ദേശമാണ് നൽകിയത്. ഈ ലക്ഷ്യം മുൻനിർത്തിയാണ് 1928 ജനുവരിയിൽ വർക്കല ശിവഗിരിയിൽ 'ശ്രീനാരായണ ധർമ്മസംഘം' രൂപീകരിച്ചതും.

1925 ൽ കേരളത്തിൽ ആദ്യമായി നടന്ന സർവ്വമത സമ്മേളനം ആലുവയിൽ വിളിച്ചുകൂട്ടിയതും ശ്രീനാരായണ ഗുരുവായിരുന്നു. സമുദായ പുരോഗതി ലക്ഷ്യമാക്കിയുള്ള നിരവധി സാരോപദേശങ്ങൾ അദ്ദേഹം അരുളിച്ചെയ്തു, 'വിദ്യകൊണ്ട് സ്വതന്ത്രരാകുക, സംഘടിച്ചു ശക്തരാകുക', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'മദ്യം വിഷമാണ്, അതുണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്", 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നിങ്ങനെയുള്ള ഗുരുവചനങ്ങൾ നിരവധി സാമൂഹിക പരിവർത്തനങ്ങൾക്ക് പ്രേരണ നൽകി. അമ്പതിലധികം ഗദ്യപദ്യകൃതികളും ശ്രീനാരായണ ഗുരു രചിച്ചിട്ടുണ്ട്. ഗുരുദേവകൃതികൾ സംസ്കൃതം - മലയാളം - തമിഴ് എന്നീ മൂന്നു ഭാഷകളിലായി വ്യാപിച്ചു കിടക്കുന്ന രത്നാകരമാണ്. സ്തോത്രങ്ങൾ, വെളിപാടുകൾ, ആധ്യാത്മിക തത്വാവിഷ്ക്കാരങ്ങൾ എന്നിങ്ങനെ അവയെ തിരിക്കാം. പഞ്ചകങ്ങളും അഷ്ടകങ്ങളും ദശകങ്ങളും ശതകങ്ങളും ഉണ്ട്.

ഗുഹാഷ്ടകം, ഷൺമുഖ സ്തോത്രം, ബാഹുലേയാഷ്ടകം, ഷൺമുഖദശകം, സുബ്രഹ്മണ്യകീർത്തനം, നവമഞ്ജരി മുതലായ സുബ്രഹ്മണ്യ സ്തുതികൾ. ചിദംബരാഷ്ടകം, ശിവപ്രസാദ പഞ്ചകം, ശിവശതകം, സദാശിവദർശനം, പരമശിവചിന്താ ദശകം, പ്രപഞ്ചസൃഷ്ടി, ചിജ്ജഡചിന്തനം, അർദ്ധനാരീശ്വരസ്തവം, മുതലായ ദേവീ സ്തുതികൾ. ഭദ്രകാള്യഷ്ടകം, കാളീനാടകം, ജനനീനവരത്ന മഞ്ജരി മുതലായ ദേവീസ്തുതികൾ അദ്വൈതം, അദ്വൈത ദീപിക, ദൈവദശകം, ദർശനമാല (സംസ്കൃതം) ആത്മോപദേശ ശതകം (മലയാളം), നിർവൃതി പഞ്ചകം മുതലായ കൃതികൾ ആധ്യാത്മിക തത്വാവിഷ്ക്കാരങ്ങളാണ്. 'അറിവ്' മുതലായ മലയാള കൃതികളും ഗഹനതയിലും ഗാംഭീര്യത്തിലും അതുല്യമാണ്. തിരുക്കുറൾ, ഈശാവാസ്യോപനിഷത്ത് മുതലായവ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ജാതിലക്ഷണം, കുണ്ഡലിനിപ്പാട്ട് തുടങ്ങിയ കൃതികളും പ്രസിദ്ധമാണ്.

മാനവികതയുടെ സന്ദേശം ഉയർത്തിപ്പിടിച്ച പുതുയുഗത്തിന്റെ പ്രവാചകനായ ഈ സന്യാസിവര്യൻ 1928 സെപ്റ്റംബർ 20 ന് വർക്കലയിൽ വച്ച് സമാധിയായി. എല്ലാ അർത്ഥത്തിലും കേരളീയ നവോത്ഥാനത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന സാമൂഹിക പരിഷ്കർത്താവായിരുന്നു മഹാനായ ഈ പ്രവാചകൻ.

## സാധുജന പരിപാലന സംഘം (1907) - അയ്യങ്കാളി (1803 - 1941)

കേരള ചരിത്രത്തിലെ ഉന്നത ശീർഷനായിരുന്ന ദളിത് നേതാവ് അയ്യ കാളി (1863 - 1941) പുലയ സമുദായാംഗമായിരുന്നു. അയ്യനും മാലയുമായിരുന്നു മാതാപിതാക്കൾ. തിരുവനന്തപുരത്തിനടുത്ത് വെങ്ങാനൂരാണ് ജന്മസ്ഥലം. അധഃസ്ഥിത സമുദായമെന്ന നിലയിൽ നൂറ്റാണ്ടുകളായി അനുഭവിച്ചുകൊണ്ടിരുന്ന യാതനകളും സാമുദായിക അനീതികളും കണ്ടുംകേട്ടും അനുഭവിച്ചും വളർന്ന അദ്ദേഹം ഇതിനൊരു മാറ്റം വരുത്തണമെന്ന് തീരുമാനിച്ചു. ശ്രീനാരായണ പ്രസ്ഥാനത്തിന്റെ ആദർശങ്ങൾ അദ്ദേഹത്തെ ആകർഷിച്ചു. ദളിതർക്ക് വഴിനടക്കാനും കല്ലുമാല മുതലായ പ്രാകൃത ആഭരണങ്ങൾ ഉപേക്ഷിച്ച് പരിഷ്കൃത വസ്ത്രങ്ങൾ ഉപയോഗിക്കാനും വിദ്യാഭ്യാസം നേടാനും മറ്റും അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ ദക്ഷിണ കേരളത്തിന്റെചരിത്രത്തിൽ അവിസ്മരണീയങ്ങളാണ്.സമുദായോൽക്കർഷം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ഏകീകരിച്ച് നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ, സംഘടിച്ച് ശക്തരാകാനും വിദ്യ അഭ്യസിച്ച് സ്വതന്ത്രരാകാനുമുള്ള ശ്രീനാരായണ സന്ദേശം ഉൾക്കൊണ്ട് 1907-ൽ ടചഉജ യോഗം മാതൃകയിൽ സാധുജന പരിപാലന സംഘം തിരുവനന്തപുരം കേന്ദ്രമായി അയ്യങ്കാളി സ്ഥാപിച്ചു.

അധസ്ഥിതർ പൊതുവഴിയിലൂടെ സഞ്ചരിക്കാൻ പാടില്ല എന്ന അനീതിക്കെതിരെയായിരുന്നു അയ്യങ്കാളിയിലെ സാമൂഹ്യ പരിഷ്ക്കർത്താവ് ആദ്യം പ്രതികരിച്ചത്. സമീപ സ്ഥലങ്ങളിൽ നിന്ന് ഏതാനും പുലയ യുവാക്കളെ സംഘടിപ്പിച്ച് പൊതുനിരത്തുകളിൽക്കൂടി നടന്നുകൊണ്ടായിരുന്നു ആ സമരം. മറ്റൊരു പ്രധാന സമരപരിപാടി വിദ്യാലയ പ്രവേശന സ്വാതന്ത്ര്യമായിരുന്നു. ഔപചാരിക വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെട്ട അയ്യങ്കാളിയുടെ മുഖ്യ മുദ്രാവാക്യം 'അധഃസ്ഥിതർക്ക് വിദ്യാഭ്യാസം അഭിഗമ്യമാക്കുക' എന്നതായിരുന്നു. അതിനുവേണ്ടി ആവർത്തിച്ചുള്ള നിവേദനങ്ങളുടെ ഫലമായി അധഃസ്ഥിതരെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കാനുള്ള ഉത്തരവ് മഹാരാജാവിൽ നിന്ന് നേടിയെടുത്തു. എന്നാൽ വിദ്യാലയ നടത്തിപ്പുകാരായ സവർണ വിഭാഗം, അധഃസ്ഥിതരെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കാൻ തയ്യാറായില്ല. സവർണർക്കു വേണ്ടി പാടത്തു പണിയെടുക്കുന്ന തങ്ങളോടുള്ള അനീതിയിൽ പ്രതിഷേധിച്ച് 'കാർഷിക ജോലി ബഹിഷ്ക്കരണം' എന്ന പ്രത്യക്ഷ സമരമാർഗ്ഗം അയ്യങ്കാളി സ്വീകരിച്ചു. തിരുവിതാംകൂറിലെ ആദ്യത്തെ കർഷക സമരമായിരുന്നു ഇത്. ഇതിനെത്തുടർന്ന് സവർണ വിഭാഗം വിട്ടുവീഴ്ചയ്ക്കു തയ്യാറാകുകയും അധഃസ്ഥിതർക്ക് വിദ്യാലയ പ്രവേശനം അനുവദിച്ചു കിട്ടുകയും ചെയ്തു.

വിദ്യാഭ്യാസ പ്രചാരണത്തിനു പുറമേ ആചാരപരിഷ്ക്കാരങ്ങൾക്കും സാധുജന പരിപാലന സംഘം പ്രാധാന്യം നൽകി. അക്കാലത്ത് പുലയർക്കിടയിൽ നടന്ന ഒരു വലിയ പ്രക്ഷോഭണമായിരുന്നു പരമ്പരാഗതമായ 'കല്ലും മാലയും' ഉപേക്ഷിച്ച് വസ്ത്രം കൊണ്ടോ കുപ്പായം കൊണ്ടോ മാറുമറച്ച് വൃത്തിയായി നടക്കാനുള്ള ശ്രമം. (കല്ലയും മാലയും - വില കുറഞ്ഞ പല നിറത്തിലുള്ള മുത്ത് കോർത്തിണക്കി മാറുമുഴുവൻ മറയത്തക്കവിധം നിറയെ ധരിക്കുന്ന കല്ലു മാലകൾ. കൈകളിലും ചെവിയിലും മറ്റും ഇത്തരം കുപ്പികല്ലുകളും മറ്റും കൊണ്ട് ആഭരണങ്ങൾ ധരിച്ചിരിക്കും) പുലയർക്കിടയിൽ ആത്മാഭിമാനം വളർത്താനും അവകാശങ്ങൾനേടാനും പുലയ സ്ത്രീകൾ ജാത്യാചാരമെന്ന നിലയിൽ ധരിക്കുന്ന അപരിഷ്കൃതമായ കല്ലയും മാലയും ഉപേക്ഷിക്കാനും അയ്യങ്കാളി ആഹ്വാനം ചെയ്തു.

അധഃസ്ഥിത ജനങ്ങളുടെ അനിഷേധ്യ നേതാവെന്ന നിലയിൽ അയ്യങ്കാളി തിരുവിതാംകൂറിൽ പ്രസിദ്ധനായി. 1914-ൽ ശ്രീമൂലം പ്രജാസഭയിൽ അംഗമായ അദ്ദേഹം 25 വർഷക്കാലം ആ സ്ഥാനത്തു തുടർന്നു. ഇക്കാലയളവിൽ അയ്യങ്കാളിയുടെ പ്രവർത്തന മണ്ഡലം വിപുലമായി. പുലയർ, പറയർ, ചേരമർ തുടങ്ങിയ അധഃസ്ഥിത വിഭാഗങ്ങളുടെ ഉയിർത്തെഴുന്നേൽപ്പ് അയ്യങ്കാളിയുടെ പ്രവർത്തന ഫലമായി സാധ്യമായി. ക്ഷേത്ര പ്രവേശന വിളംബരത്തിനനുകൂലമായ അന്തരീക്ഷം രൂപ

ഷെടുത്തുന്നതിലും, ഉദ്യോഗസ്ഥ നിയമനത്തിനും നിയമസഭാ പ്രാതിനിധ്യത്തിനും ആനുപാതികവ്യവസ്ഥ അനുവദിപ്പിക്കുന്നതിലും അയ്യങ്കാളിയും സാധുജനപരിപാലനസംഘവും നൽകിയ സംഭാവന നിസ്തുലമാണ്.

പുലയ മഹാസഭ തുടർന്നും പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ദളിതരുടെ അവകാശ സമരങ്ങൾക്ക് വർഗപരവും രാഷ്ട്രീയവുമായ മാനങ്ങളാണ് പിൽക്കാലത്ത് മുന്നിട്ടു നിന്നത്.

## കുമാരഗുരു- പ്രത്യക്ഷരക്ഷാ ദൈവസഭ

അധഃകൃത ജനതയുടെ ഉന്നമനത്തിനുവേണ്ടി പൊയ്കയിൽ കുമാരഗുരു സ്ഥാപിച്ച മതപ്രസ്ഥാനമാണ് പ്രത്യക്ഷരക്ഷാദൈവസഭ (പി.ആർ.ഡി.എസ്). 1879ൽ ഇരവിപേരൂരിൽ ജനിച്ച കുമാരൻ എന്ന ബാലൻ ക്രിസ്തുമതം സ്വീകരിച്ച് യോഹന്നാൻ ആയി. മാർത്തോമ്മാസഭാംഗമായിരുന്ന അദ്ദേഹം നല്ലൊരു പ്രാസംഗകനും സംഘാടകനുമായിരുന്നു. എന്നാൽ സുറിയാനി ക്രിസ്ത്യാനികൾക്ക് അധഃകൃതരായ ക്രിസ്ത്യാനികളോടുള്ള മനോഭാവത്തിൽ മനംനൊന്ത യോഹന്നാൻ അതിനെ വിമർശിച്ച് പ്രസംഗിക്കുകയും സഭവിട്ടുപോകാൻ നിർബന്ധിതനാവുകയും ചെയ്തു. അതിനുശേഷം ബ്രദർമിഷനിലും വേർപാടുസഭയിലും ചേർന്നെങ്കിലും ക്രിസ്തുമതവും സ്വന്തം ദർശനവും തമ്മിൽ പൊരുത്തപ്പെടാൻ കഴിയാതെ പോയതിനാൽ ഒരു വലിയകൂട്ടം അനുയായികളുമായി സഭവിട്ടുപോയി.

അധഃകൃത ജനത ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവർ പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്ത കാര്യങ്ങളിൽനിന്നും വിപരീതമായിരുന്നു അവർക്കുകിട്ടിയ അനുഭവം. ജാതിസംബന്ധമായ തരംതാഴ്ത്തലുകൾക്ക് പരോക്ഷമായി അവർ വീണ്ടും വിധേയരായി. ക്രിസ്തുമതം അടിമവർഗ്ഗത്തെ രക്ഷിക്കുകയില്ലെന്നു തിരിച്ചറിയുകയും വിശ്വസിക്കുകയും ചെയ്ത യോഹന്നാൻ, കുമാരൻ എന്ന തന്റെ പഴയപേര് വീണ്ടും സ്വീകരിച്ചു. മാത്രമല്ല പ്രത്യക്ഷരക്ഷാദൈവസഭ എന്ന മതം സ്ഥാപിക്കുകയും ചെയ്തു. ഇരവിപേരൂർ ആസ്ഥാനമാക്കി അധകൃതരുടെ വേദനകൾക്ക് പരിഹാരം നേടാൻ അദ്ദേഹം പ്രവർത്തിച്ചു. അടിമവർഗ്ഗത്തിന്റെ രക്ഷയ്ക്ക് സ്വന്തമായി ഒരു മതം (പി.ആർ.ഡി.എസ്.) പ്രചരിപ്പിക്കാൻ തന്റെ കീഴിൽ ഗുരുക്കന്മാരെയും ഉപദേഷ്ടാക്കളെയും നിയമിച്ചു. 1921-ൽ ശ്രീമൂലം അസംബ്ലിയിലും 1931 ൽ പ്രജാസഭയിലും അദ്ദേഹം അംഗമായിരുന്നു.

കേരളത്തിലുടലെടുത്ത നവോത്ഥാനപ്രവർത്തനങ്ങളെ, അതേപടി പാഠവത്കരിക്കാതെ സാമൂഹികവ്യതിയാനങ്ങളെ കീഴാളപക്ഷത്തുനിന്നു കാണാനും വിലയിരുത്താനും വിശ്വമാനവികതയുടെ സന്ദേശങ്ങളെ ഉയർത്താനും കഴിഞ്ഞത് പ്രത്യക്ഷരക്ഷാദൈവസഭയുടെ മഹത്തായ നേട്ടങ്ങളിലൊന്നാണ്. കൊളോണിയൽ-വ്യാവസായിക-വാണിജ്യാധിപത്യ വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കേണ്ടിവരുന്നത് ഇവിടുത്തെ കീഴാളരാണ്. ഇന്ത്യൻ ജാതിവ്യവസ്ഥയിലെ മാറ്റിനിർത്തപ്പെട്ടിരുന്ന സാമൂഹിക ജീവിതക്രമത്തിലനുഭവിക്കേണ്ടിവന്ന നിരാസങ്ങളും കൊളോണിയൽ ആധിപത്യത്തിലനുഭവിക്കേണ്ടിവന്ന ദാരിദ്ര്യവും കീഴാളജനതയുടെ സമഗ്രവളർച്ചയുടെ വിലങ്ങുതടികളായിരുന്നു. ഈ ഘട്ടത്തിൽ, കേരളത്തിൽ പൊതുനിരത്തുകളിലൂടെ സഞ്ചാരസ്വാതന്ത്ര്യം പോലും കീഴാളർക്കു നിഷേധിക്കപ്പെട്ടിരുന്ന സമയത്ത് ലോകസമാധാനയാത്ര (1914) നടത്താൻ പ്രത്യക്ഷരക്ഷാദൈവസഭയ്ക്കുകഴിഞ്ഞത് വിശ്വമാനവികത എന്ന മഹത്തായ ആശയത്തിൽ നിന്നുതന്നെയാണ്. അടിമസന്തതികൾ അടിമത്തം വലിച്ചെറിഞ്ഞ് ലോകത്തു നടക്കുന്ന സംഭവങ്ങളിൽ ഇടപെട്ടതിന്റെ തെളിവുകൂടിയാണത്. ഈ സമാധാന യാത്ര നടത്തിയത് ഒന്നാം ലോകമഹായുദ്ധകാലത്താണ് എന്നുകൂടി തിരിച്ചറിയുമ്പോഴാണ് അതിന്റെ മഹത്വം കൂടുതൽ സ്പഷ്ടമാകുന്നത്. തന്നെയുമല്ല രക്ഷാകരദൗത്യത്തിൽ മറ്റാരുടെയും ചിന്തകളെ പകർത്താതെ കീഴാളരുടെ ഒരു മുന്നേറ്റം കുറിക്കുക കൂടിയാണ് പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ ചെയ്തത്.

അവാച്യമായ അനുഭവതലങ്ങളിൽ സുഖസമൃദ്ധമായി ജീവിക്കാവുന്ന ഒരിടമുണ്ടെന്ന പ്രസ്താവങ്ങളിലൂടെയല്ല ഗുരുദേവന്റെ പ്രബോധനങ്ങളും നിരീക്ഷണങ്ങളും മുന്നോട്ടുപോയത്. തലമുറകളായി അടിമകളാക്കപ്പെട്ട കീഴാളജനതയുടെ ജീവിതാവസ്ഥകളെയും കാരണങ്ങളെയുമാണ് അത് അഭിസംബോധചെയ്തത്. അതിൽനിന്നുള്ള മോചനത്തിനും വസ്തുതാപരമായ പഠനത്തിനും വിശകലനത്തിനും പരിഹാരനിർദ്ദേശങ്ങൾക്കും സാധ്യമാകുന്ന ചിന്താപരമായ ഒരു മാറ്റത്തിന് തുടക്കം കുറിക്കുകയും ചെയ്തു. എക്കാലത്തും ഒരു ജനതയെ കീഴാളമാക്കിക്കൊണ്ടിരിക്കുന്ന മതനിലപാടുകളെയും വൈദേശികരൂപീകൃതമായ മതക്രമങ്ങളോടുള്ള വിയോജിപ്പുകളെയും രേഖപ്പെടുത്തിയാണ് കുമാരഗുരുദേവന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. ഇതാകട്ടെ ഒരു ജനതയുടെ ആത്മാഭിമാനവളർച്ചയുടെയും മതാധിഷ്ഠിത-കീഴാളീകരണ നിലപാടുകളുടെയും നേർക്കുള്ള ചെറുത്തുനിൽപ്പിന്റെതുമായിരുന്നു. പ്രത്യക്ഷരക്ഷാദൈവസഭയുടെ എക്കാലത്തെയും പ്രസക്തിക്കും ലോകവ്യാപകമായ അംഗീകാരത്തിനും ഇത് കാരണമാകുകയും ചെയ്തു.

## ചട്ടമ്പി സ്വാമികൾ (1853 - 1924)

നായർ സമുദായത്തിലെ പരിഷ്ക്കർത്താവായിരുന്ന വിദ്യാദിരാജാ ശ്രീ ചട്ടമ്പിസ്വാമികൾ കേരളീയ സാമൂഹിക നവോത്ഥാന നായകന്മാരിൽ ശ്രദ്ധേയനാണ്. 1853 ആഗസ്റ്റ് 25 ന് തിരുവനന്തപുരത്ത് കണ്ണമൂലയിലുള്ള കൊല്ലൂർഗ്രാമത്തിൽ വാസുദേവ ശർമ്മയുടേയും തിരുനകയുടേയും മകനായി ജനിച്ചു. അയ്യപ്പൻ എന്നായിരുന്നു നാമധേയമെങ്കിലും കുഞ്ഞൻ എന്ന ഓമനപ്പേരാണ് പതിഞ്ഞത്. കൊല്ലൂർ മഠത്തിലെ നമ്പൂതിരിക്കുട്ടികൾ സംസ്കൃതം പഠിക്കുന്നത് മറഞ്ഞുനിന്നു കേട്ടു പഠിച്ചു. പേട്ടയിൽ രാമൻപിള്ള ആശാന്റെ പാഠശാലയിൽ ചേർന്നു പഠിക്കുമ്പോൾ പഠിപ്പിലും സ്വഭാവശുദ്ധിയിലുമുള്ള മികവുകൊണ്ട് ചട്ടമ്പി (മോണിറ്റർ) ആയി. പേട്ടയിൽ രാമൻപിള്ള ആശാൻ 'ജ്ഞാനപ്രജാഗരം' എന്ന വേദാന്തസഭ ആരംഭിച്ചപ്പോൾ അതിൽ പതിവായി പങ്കെടുക്കാറുള്ള തൈക്കാട് അയ്യാവിൽ നിന്ന് പാഠയോഗവും സ്വാമിനാഥദേശികരിൽ നിന്ന് തമിഴും തത്വശാസ്ത്രവും വശമാക്കി. നവരാത്രി സദസ്സിൽ പങ്കെടുക്കാനെത്തിയ സുബ്ബജടാപാഠികൾ എന്ന പരദേശ വേദാന്തപണ്ഡിതൻ 'ജ്ഞാനപ്രജാഗര' സഭയിൽ വേദാന്തപ്രഭാഷണം നടത്തുന്നത് കേൾക്കാനിടയായ കുഞ്ഞൻചട്ടമ്പി അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. അദ്ദേഹത്തിൽ നിന്ന് സംസ്കൃതത്തിന്റെ ഉപരിപാഠങ്ങളും വേദോപനിഷത്തുകൾ, ശാസ്ത്രങ്ങൾ, യോഗവിദ്യ തുടങ്ങിയവയും അഭ്യസിച്ചു. നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹം അമ്മയുടെ മരണശേഷം ലൗകിക ബന്ധങ്ങളുപേക്ഷിച്ച് ദേശാടനത്തിനിറങ്ങി. ദക്ഷിണേന്ത്യയിൽ മുഴുവൻ സഞ്ചരിക്കുകയും കുറച്ചുകാലം മരുത്വാമലയിലെ ഗുഹയിൽ തപസനുഷ്ഠിക്കുകയും ചെയ്തു. ബഹുമുഖമായ പാണ്ഡിത്യം നേടിയിട്ടും അറിയേണ്ടതറിഞ്ഞില്ലെന്ന ഒരു തോന്നൽ അദ്ദേഹത്തെ അസ്വസ്ഥനാക്കി. അങ്ങനെയിരിക്കെ ദേശാടനത്തിനിടയിൽ നാഗർകോവിലിനടുത്തുവച്ച് യാദൃശ്ചികമായി ഒരു യോഗിയെ കണ്ടുമുട്ടുകയും അദ്ദേഹത്തിൽ നിന്ന് ആത്മവിദ്യോപദേശം സ്വീകരിക്കുകയും ചെയ്തു. അങ്ങനെ കുഞ്ഞൻചട്ടമ്പി ചട്ടമ്പിസ്വാമികളായി. ഷൺമുഖദാസൻ എന്ന ബിരുദനാമവും ഇദ്ദേഹത്തിനുണ്ട്. ജനങ്ങൾ അദ്ദേഹത്തെ സ്നേഹപൂർവ്വം വിദ്യാദിരാജൻ എന്നു വിളിച്ചു.

സമൂഹത്തിന്റെ അന്തസത്തയും അതിൽ അന്തർലീനമായിരിക്കുന്ന ശക്തിയും കണ്ടറിഞ്ഞ് ജനങ്ങളെ ഉദ്ബുദ്ധരാക്കുക എന്ന മഹത്തായ കർത്തവ്യമാണ് ചട്ടമ്പിസ്വാമികൾ സ്വയമേറ്റെടുത്തത്. ജാതിശ്രേണിയുടെ തലപ്പത്തു വിരാജിക്കുന്ന ബ്രാഹ്മണരുടെ സാമൂഹ്യ മേൽക്കോയ്മക്കെതിരെയുള്ള ആദ്യത്തെ ധീരമായ ശബ്ദം ചട്ടമ്പിസ്വാമികളുടേതായിരുന്നു. വേദം പഠിക്കുന്നതിന് അബ്രാഹ്മണർക്ക് അധികാരമില്ലെന്നു ശഠിച്ച യാഥാസ്ഥിതിക ബ്രാഹ്മണ പൗരോഹിത്യ നിലപാടിനെ അദ്ദേഹം ചോദ്യം ചെയ്തു. നായന്മാർ, ഈഴവർ തുടങ്ങിയ ഹൈന്ദവസമുദായങ്ങൾക്ക് സമൂഹത്തിൽ അവർഹിക്കുന്ന ന്യായമായ സ്ഥാനം ലഭിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.

ഹിന്ദുമതത്തിലെ അനാചാരങ്ങളെ ചോദ്യം ചെയ്ത ചട്ടമ്പിസ്വാമികൾ ആ മതത്തിന്റെ ആചാര ഗ്രന്ഥങ്ങളായ വേദോപനിഷത്തുകൾ, ജാതിചിന്തയ്ക്കതീതമായ മാനവികതയെ മാനിക്കുന്നതാണെന്ന് ബോദ്ധ്യപ്പെടുത്തി. ജാതിവ്യവസ്ഥ ഇല്ലായ്മ ചെയ്യുവാനുള്ള ഫലപ്രദമായ മാർഗ്ഗമായി അദ്ദേഹം കണ്ടത് ഈഴവരും മറ്റ് അയിത്തജാതിക്കാരുമായി നിരന്തര സമ്പർക്കത്തിൽ ഏർപ്പെടുക എന്നതായിരുന്നു. അയിത്തം, താലികെട്ട് കല്യാണം, തിരണ്ടുകുളി തുടങ്ങിയ അനാചാരങ്ങളെ സമൂഹത്തിൽ നിന്നും തുടച്ചുമാറ്റുന്നതിനുള്ള സജീവ പ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെട്ടു. അയിത്തം കൊടികുത്തി വാണിരുന്ന കാലത്ത്, അതിനെ അംഗീകരിക്കാതെ നാരായണഗുരുസ്വാമികളെയും കൊണ്ട് സവർണ ഭവനങ്ങളിൽ കടന്നു ചെന്നിരുന്ന ചട്ടമ്പിസ്വാമികൾ ജാതിക്കും അയിത്തത്തിനും അതീതമായി ജീവിക്കുന്നതെങ്ങനെ എന്നു കാണിച്ചു കൊടുത്തു.

ചട്ടമ്പിസ്വാമികളുടെ വേദാന്തചർച്ചകളും മതം, ദർശനം, ചരിത്രം എന്നീ വിഷയങ്ങളെ അധികരിച്ച് രചിച്ച കൃതികളും സാമൂഹികസമത്വം, മനുഷ്യ സാഹോദര്യം എന്നീ തത്വങ്ങൾക്ക് പ്രാമുഖ്യം നൽകി. എല്ലാ മതങ്ങളുടേയും അടിസ്ഥാന തത്വങ്ങൾ എടുത്തുകാട്ടി അവയുടെ മൗലികമായ ഏകസ്വഭാവത്തെ സമർത്ഥിക്കുകയാണ് ചട്ടമ്പിസ്വാമികൾ ചെയ്തത്. കേരളത്തിലെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനത്തിന് ബുദ്ധിപരമായ അടിത്തറപണിത ചട്ടമ്പിസ്വാമികൾ അസാധാരണ സിദ്ധികൾ തികഞ്ഞ ഒരു കലാകാരനും അപ്രമേയ പ്രഭാവനായ ആത്മയോഗിയുമായിരുന്നു.

ചട്ടമ്പിസ്വാമികൾ 1924 മെയ് 5 നു പന്മനയിൽ വച്ച് സമാധിയായി. അദ്ദേഹത്തിന്റെ ശിഷ്യരും ആരാധകരും അവിടെ സ്ഥാപിച്ച ക്ഷേത്രവും ആശ്രമവും തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ പ്രസിദ്ധമാണ്.

**ചട്ടമ്പിസ്വാമികളുടെ കൃതികൾ :** - ആദിഭാഷ, പ്രാചീനമലയാളം, ഭാഷാഗദ്യം, പുനർജന്മ നിരൂപണം, വേദാദികാര നിരൂപണം, ക്രിസ്തുമതച്ഛേദനം, ജീവകാരുണ്യ നിരൂപണം, നിജാനന്ദവിലാസം, വേദാന്ത സാഗരം, ബ്രഹത്വനിർഭാസം, അദ്വൈത പഞ്ജരം തുടങ്ങിയവ പ്രധാനകൃതികളാണ്.

## വാഗ്ഭടാനന്ദൻ

കണ്ണൂർ കൂത്തുപറമ്പിനടുത്തുള്ള പാട്യംഗ്രാമത്തിൽ കോരൻ ഗുരുക്കളുടെയും വയലേരി ചീരുവമ്മയുടെയും മൂത്തപുത്രനായി കുഞ്ഞിക്കണ്ണൻ ജനിച്ചു (1887). സംസ്കൃതപണ്ഡിതനായിരുന്ന അച്ഛൻതന്നെ ആദ്യഗുരു. പാരമ്പര്യസമ്പ്രദായത്തിൽ കാവ്യനാടകാലങ്കാരങ്ങളിലും പുരാണേതിഹാസങ്ങളിലും അറിവ് നേടി. വായനയിൽ താല്പര്യമുണ്ടായതോടെ ആധ്യാത്മികവിഷയങ്ങളിൽ അറിവുനേടി. താൻ ആർജ്ജിച്ച അറിവ് മറ്റുള്ളവർക്കുകൂടി പകർന്നുകൊടുക്കാൻ പ്രസംഗവേദികൾ ഉപയോഗപ്പെടുത്തി. പാണ്ഡിത്യവും വാഗ്വിലാസവും ഒത്തുചേർന്നതോടെ കുഞ്ഞിക്കണ്ണൻ വി.കെ. ഗുരുക്കൾ എന്നറിയപ്പെട്ടു.

കോഴിക്കോട്ടെത്തിയ ഗുരുക്കൾ അവിടെ തത്വപ്രകാശിക എന്നൊരു സംസ്കൃതവിദ്യാലയം ആരംഭിച്ചു. പുരാണേതിഹാസങ്ങളും വേദോപനിഷത്തുകളും ഭഗവത്ഗീതയുമൊക്കെ ഉദ്ധരിച്ചുകൊണ്ട് ആധ്യാത്മികസാമൂഹിക പ്രശ്നങ്ങളെ അധികരിച്ചുള്ള വാദപ്രതിവാദങ്ങളും പ്രഭാഷണങ്ങളും ഗുരുക്കളെ കൂടുതൽ പ്രശസ്തനാക്കി. രാജാറാം മോഹൻ റോയിയുടെ ബ്രഹ്മസമാജത്തിന്റെ സിദ്ധാന്തങ്ങളും പ്രവർത്തനങ്ങളും ഗുരുക്കളിൽ ഗണ്യമായ സ്വാധീനം ചെലുത്തി. ശിവാനന്ദയോഗിയുടെ ആശയാദർശങ്ങളിലും പ്രവർത്തനങ്ങളിലും ആകൃഷ്ടനായ വി.കെ. ഗുരുക്കൾ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. വി.കെ. ഗുരുക്കളുടെ ധൈഷണികമായ വാഗ്വിലാസം കണ്ടറിഞ്ഞ് ബ്രഹ്മാനന്ദശിവയോഗിയാണ് അദ്ദേഹത്തെ വാഗ്ഭടാനന്ദൻ എന്ന ബഹുമതി നാമം നല്കി ആദരിച്ചത്.

ധർമ്മപ്രചരണത്തിനും അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ധ്വംസനത്തിനുമുള്ള ബോധവത്ക്കരണത്തിനുമായാണ് വാഗ്ഭടാനന്ദൻ കോഴിക്കോട്ട് ആത്മവിദ്യാസംഘം സ്ഥാപിച്ചത്. ശക്തമായ ഈ സാമൂഹികപ്രസ്ഥാനം ജാതിവ്യവസ്ഥയ്ക്കും വിഗ്രഹാരാധനയ്ക്കുമെതി

രായി ശബ്ദമുയർത്തി. പിന്നീടിതിന്റെ ശാഖകൾ ഉത്തരകേരളത്തിലും തിരുവിതാംകൂറിലും സ്ഥാപിതമായി. ആത്മവിദ്യാസംഘത്തിന്റെ മാനിഫെസ്റ്റോ എന്ന നിലയിലാണ് ആദ്യകൃതിയായ ആത്മവിദ്യ പ്രസിദ്ധീകരിച്ചത്.

ഈഴവസമുദായത്തിൽ പിറന്ന വാഗ്ഭടാനന്ദൻ ആ സമുദായം അനുവർത്തിച്ചു പോന്ന തിരണ്ടുകല്യാണം, താലികെട്ടുകല്യാണം തുടങ്ങിയ അനാചാരങ്ങൾക്കെതിരെയുള്ള പോരാട്ടത്തിലൂടെ സാമുദായിക പുരോഗതിക്കായി പ്രവർത്തിച്ചു. വിഗ്രഹങ്ങളെ പൂജിക്കുന്നതിലൂടെ മനുഷ്യന് ഉൽകർഷം സാധ്യമല്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ബ്രാഹ്മണശിവനെയും ഈഴവശിവനെയും തിരസ്കരിച്ചു. ജാതിയുടെ കോട്ടമതിലുതകർക്കാനും അയിത്തത്തെ ദുരീകരിക്കുവാനും ഏറ്റവും ഫലപ്രദമെന്ന്കണ്ട് മിശ്രവിവാഹവും മിശ്രഭോജനവും പ്രോത്സാഹിപ്പിക്കുകവഴി സമത്വമെന്ന ആശയം പ്രാവർത്തികമാക്കി. ആത്മവിദ്യാസംഘം മുഖേന ജാതിവ്യത്യാസം, മദ്യപാനം എന്നിവയ്ക്കെതിരെ ശക്തിപൂർവ്വം പ്രവർത്തിച്ച സാമൂഹ്യപരിഷ്കർത്താവായിരുന്നു വാഗ്ഭടാനന്ദൻ.

ആത്മവിദ്യാസംഘം, അഭിനവകേരളം മാസിക, ആത്മവിദ്യാകാഹളം വാരിക, തത്വപ്രകാശിക ആശ്രമം, രാജയോഗാനന്ദകൗമുദീയോഗശാല എന്നിവ ആരംഭിച്ച വാഗ്ഭടാനന്ദൻ, 1925ൽ ആരംഭിച്ച ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് ലേബർ സൊസൈറ്റിയുടെ സ്ഥാപനത്തിന് നേതൃത്വം നല്കുകയും ചെയ്തു.

ആത്മവിദ്യ, ആത്മവിദ്യാലേഖമാല, ആധ്യാത്മയുദ്ധം, പ്രാർത്ഥനാഞ്ജലി എന്നിവ വാഗ്ഭടാനന്ദന്റെ പ്രധാന കൃതികളാണ്. 1937 മാർച്ച് 30ന് വാഗ്ഭടാനന്ദൻ അന്തരിച്ചു.

**മക്തിതങ്ങൾ (1847-1912)**

മലപ്പുറം ജില്ലയിൽ, പൊന്നാനി താലൂക്കിലെ വെളിയംകോട് ദേശത്ത് 1847-ൽ മക്തിതങ്ങൾ ജനിച്ചു. സയ്യിദ്സനായുള്ള മക്തി തങ്ങൾ എന്നായിരുന്നു പൂർണ്ണനാമം. അറബി, മലയാളം, തമിഴ്, ഉറുദു, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടിയ മക്തിതങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിൽ എക്സൈസ് ഇൻസ്പെക്ടറായി സേവനമനുഷ്ടിച്ചു. 1900-ൽ ജോലിരാജിവച്ചുകൊണ്ട് മുഴുവൻസമയസാമൂഹിക പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞു.

മലബാറിലെ മഞ്ചേരി, പൊന്നാനി പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു സാമൂഹികനവോത്ഥാനപ്രവർത്തനങ്ങളിൽ അദ്ദേഹം ശ്രദ്ധകേന്ദ്രീകരിച്ചത്. അന്നത്തെ മുസ്ലീം വിദ്യാഭ്യാസരീതി ഖുർആൻ ന്റെ ഓതലും അതിന്റെ അർത്ഥം പറയുക എന്നതുമായിരുന്നു. മദ്രസകൾ, എഴുത്തുപള്ളി/ഓത്തുപള്ളി എന്നിവ കേന്ദ്രീകരിച്ചായിരുന്നു വിദ്യാഭ്യാസം നടത്തിയിരുന്നത്. അന്നത്തെ മുസ്ലീം മതനേതാക്കൾ ബ്രിട്ടീഷുകാരെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും എതിർത്തിരുന്നു. ബ്രിട്ടീഷുകാരെ

എതിർത്തതിന് പ്രധാനകാരണം അവർ ചുമത്തിയ നികുതി വ്യാപാരമായിരുന്നു. മലബാർ പ്രദേശങ്ങളിലെ കർഷകർക്കും ഭൂവുടമകൾക്കുമിടയിൽ നികുതിചുമത്തിക്കൊണ്ട് സാമ്പത്തികമായി ചൂഷണം ചെയ്യുകയും നികുതികൊടുക്കാത്തവരുടെ ഭൂമികണ്ടുകെട്ടുകയും ചെയ്യുന്ന രീതിയിൽ പ്രകോപിതരായ അവർ ബ്രിട്ടീഷുകാരെ എതിർത്തു. വൈദേശികമായ എന്തിനെയും നിരാകരിച്ചു. മാത്രമല്ല വൈദേശീയരോട് ശത്രുതാമനോഭാവവും ഉടലെടുത്തു. അതുകൊണ്ടുതന്നെ മുസ്ലീം ജനത ഇംഗ്ലീഷ് ഭാഷ പഠിച്ചില്ല. മലയാളവും പഠിക്കാൻ ശ്രമിച്ചില്ല. ആകെപ്പാടെ പഠിച്ച ഭാഷ അറബിമലയാളം മാത്രമായിരുന്നു. മലയാളമോ ഇംഗ്ലീഷോ അറിയാത്ത മുസ്ലീം മതസ്ഥർക്ക് തൊഴിലവസരങ്ങൾ ലഭിച്ചിരുന്നില്ല. ഇതവരെ സാമൂഹികവും സാമ്പത്തികവുമായി പിന്നോട്ടുനയിച്ചു.

സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലെത്തിയ മുസ്ലീംസമുദായത്തെ പുനരുദ്ധരിക്കാൻ മുന്നോട്ടുവന്ന നവോത്ഥാനനായകനാണ് മക്തിതങ്ങൾ. അദ്ദേഹം മലയാളഭാഷ പഠിക്കാൻ ജനങ്ങളെ നിരന്തരം ആഹ്വാനം ചെയ്തു. ചാലിലകത്ത് കുഞ്ഞഹമ്മ

ദ്ഹാജി, മുഹമ്മദാലി തങ്ങൾ എന്നിവരോടൊപ്പം ചേർന്ന് മക്തിതങ്ങൾ നടത്തിയ സാമൂഹികപ്രവർത്തനങ്ങൾ നിരവധിയായിരുന്നു.

ഇംഗ്ലീഷ്ഭാഷ പിശാചിന്റെ ഭാഷയാണ്, നരകത്തിലേക്കുള്ള പാതയാണ് അതിന്റെ പഠനം. എന്നുവിശ്വസിച്ചിരുന്ന അക്കാലത്തെ മുസ്ലീം പണ്ഡിതന്മാരുടെ കാഴ്ചപ്പാട് മാറ്റാൻ മക്തിതങ്ങൾ ശ്രമിച്ചു. മദ്രസകളിലെ പഠനരീതികളെ പരിഷ്കരിച്ച മക്തിതങ്ങൾ പുതിയ അധ്യാപനരീതികൾതന്നെ നടപ്പിലാക്കി. ഖുറാൻ ഓതലും അർത്ഥം പഠിച്ചുപറയലുമല്ലാതെ നിരവധി പുതിയ കാര്യങ്ങൾ പഠനകേന്ദ്രങ്ങളിൽ  നടപ്പിലാക്കാൻ അദ്ദേഹത്തിനായി. ഇസ്ലാമിനിടയിൽ ഉണ്ടായിരുന്ന കടുത്ത അന്ധവിശ്വാസങ്ങളെയും അനിസ്ലാമികമായ കാഴ്ചപ്പാടുകളെയും അനാചാരങ്ങളെയും എതിർത്ത മക്തിതങ്ങൾ അവയ്ക്കെതിരെ ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

മുസ്ലീം ആന്റ് എഡ്യുക്കേഷൻ ഇൻ മലയാളം (കയ്യെഴുത്തുമാസിക), സഹ്സദുൽ അഹ്യാർ വൽ ഹിദായത്തൽ അസ്റർ (പരിഷ്കരിച്ച അറബിമലയാളം സ്ക്രിപ്റ്റിനെക്കുറിച്ചുള്ള പഠനം), പരോപകാരി (മാസിക), നബിനയനം, പാർക്കലിത പോർക്കളം എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.  തുർക്കിസമാചാരം  എന്നൊരു പത്രവും മക്തിതങ്ങളുടെ നേതൃത്വത്തിൽ പ്രസിദ്ധം ചെയ്തിരുന്നു. ഖുർആൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തുതുടങ്ങിയെങ്കിലും പൂർത്തിയാക്കാനായില്ല.

ബഹുഭാഷാപണ്ഡിതൻ, മുസ്ലീം നവോത്ഥാന നായകൻ, അറബി-മലയാളം ലിപി പരിഷ്കർത്താവ് തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ മക്തിതങ്ങൾ 1912 സെപ്റ്റംബർ 18 ന് മരണമടഞ്ഞു.

## വക്കം അബ്ദുൾഖാദർമൗലവി (1873-1932)

കേരളത്തിലെ സാമൂഹിക പരിഷ്കരണപ്രസ്ഥാനത്തിന്റെ അലയൊലികൾ മുസ്ലീം സമുദായത്തിലും അലയടിച്ചിരുന്നു. മുസ്ലീങ്ങൾക്കിടയിലെ ഏറ്റവും മികച്ച  സാമൂഹ്യപരിഷ്കർത്താക്കളിലൊരാളായിരുന്നു വക്കം അബ്ദുൾഖാദർമൗലവി. അറബി, പേർഷ്യൻ, ഉറുദു, മലയാളം എന്നീ ഭാഷകളിൽ പണ്ഡിതനായിരുന്ന അദ്ദേഹം സ്വന്തം സമുദായത്തിന്റെ സാമൂഹികോന്നമനത്തിനും സാന്മാർഗികോജ്ജീവനത്തിനും വേണ്ടി കഠിനമായി പ്രയത്നിച്ചു. ഇസ്ലാമിനു നിരക്കാത്ത ആചാരങ്ങൾ ഉപേക്ഷിക്കുവാനും സാർവ്വത്രികമായി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുവാനും ആധുനികപുരോഗമനപ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുക്കുവാനും അദ്ദേഹം മുസ്ലീംകളിൽ പ്രേരണചെലുത്തി.

ശ്രീനാരായണഗുരുവുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്ന വക്കം മൗലവി സ്ഥാപിച്ച രണ്ടു സംഘടനകളാണ്  ഇസ്ലാം ധർമ്മപരിപാലന സംഘം ,  ജമാഅത്തുൽഇർഷാദ്  എന്നിവ. 1903ൽ സി.പി. ഗോവിന്ദപ്പിള്ളയുടെ പത്രാധിപത്യത്തിൽ ആരംഭിച്ച  സ്വദേശാഭിമാനി യുടെ പ്രസാധകനും മൗലവിയായിരുന്നു. സാമുദായികവും ദേശീയവുമായ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നതിൽ മൗലവി ദത്തശ്രദ്ധനായിരുന്നു. മൗലവിയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ  കേരള മുസ്ലീം ഡയറക്ടറിയിൽ  ഇങ്ങനെ വിലയിരുത്തിയിരിക്കുന്നു- സമുദായത്തിന്റെ വിദ്യാഭ്യാസപുരോഗതിയെ ലാക്കാക്കി മൗലവി സൗഹേബ് നിർവഹിച്ച സേവനം പൂവിട്ടുവിരിഞ്ഞത് അടുത്തകാലത്താണ്. ഭരണമണ്ഡലങ്ങളിലും ഔദ്യോഗികമായ മറ്റുരംഗങ്ങളിലും മുസ്ലീങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കാൻ അദ്ദേഹം അക്ഷീണം ശ്രമിച്ചു. അതിന്റെ ഫലമായി 1914 മുതൽ തിരുവിതാംകൂർ ഗവൺമെന്റ് സർവീസിൽ മുസ്ലീം എഡ്യുക്കേഷൻ ഇൻസ്പെക്ടറും ഖുർആൻ അധ്യാപകന്മാരും അറബിമുൻഷിമാരുമുണ്ടായി. ഗവൺമെന്റിന്റെ അറബിപരീക്ഷയുടെയും അറബി ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയുടെയും ഉത്തരവാദിത്തമുള്ള സ്ഥാനങ്ങളെ അലങ്കരിച്ചുകൊണ്ട് മുസ്ലീം വിദ്യാഭ്യാസത്തിന് പുരോഗതി കൈവരിക്കാൻ കഴിയുന്നത്ര സേവനം ചെയ്തു. മൗലവി സാഹേബ് ആരംഭിച്ച  മുസ്ലീം

മാസികയും അൽ-ഇസ്ലാം എന്ന അറബി-മലയാളമാസികയും സമുദായത്തിന്റെ ജിഹ്വക ളായിത്തന്നെ നിലകൊണ്ടു.

കേരളത്തിലെ പത്രപ്രവർത്തനത്തിന്റെ ചരിത്രത്തിൽ വക്കം മൗലവിക്ക് ബഹുമാ ന്യമായ സ്ഥാനമുണ്ട്. മുസ്ലീം , ദീപിക എന്നിങ്ങനെ രണ്ട് ആനുകാലിക പത്രങ്ങൾ സ്വന്തം പത്രാധി പത്യത്തിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. കെ. രാമകൃഷ്ണപിള്ള പത്രാധിപരായിരുന്ന സ്വദേശാഭിമാനി യും വക്കം മൗലവിയുടെ വകയായിരുന്നു. അൽഇസ്ലാം എന്ന അറബി മലയാളമാസികയുടെ പ്രസി ദ്ധീകരണംകൊണ്ട് അദ്ദേഹം അറബിമലയാളം പ്രചരിപ്പിക്കുകയും ചെയ്തു. ഈഴവരും നായന്മാരും ആരംഭിച്ച ജനസമുദായസംഘടനകളുടെ ചുവടുപിടിച്ച് മൗലവി തിരുവിതാംകൂർ മുസ്ലീം മഹാസ ഭ യും ചിറയിൻകീഴ് താലൂക്ക് മുസ്ലീം സമാജ വും ഐക്യമുസ്ലീം സംഘ വും സ്ഥാപിച്ചു. മുസ്ലീ ങ്ങൾക്ക് സാമൂഹികമായ ഉയർച്ച കൈവരുത്തുക, അവർക്കിടയിൽ സ്വതന്ത്രചിന്താഗതി വളർത്തുക എന്നിവയായിരുന്നു ഈ സംഘടനകളുടെ ഉദ്ദേശ്യം. കേരളത്തിൽ വിദ്യാഭ്യാസരംഗത്തും സാമൂഹികരം ഗത്തും മുസ്ലീം സമുദായത്തിനുണ്ടായ പുരോഗതിയിൽ ഏറിയകൂറും മൗലവി സാഹിബിന്റെ പ്രാരംഭപ്ര വർത്തനങ്ങളോട് കടപ്പെട്ടിരിക്കുന്നു.

## സഹോദരൻ അയ്യപ്പൻ (1889-1968)

സാമൂഹ്യപരിഷ്കർത്താവും ചിന്തകനും പത്രപ്രവർത്തകനുമായ കെ.അയ്യപ്പൻ വൈപ്പിൻദ്വീപിലെ ചെറായിയിൽ ജനിച്ചു. ചെറായി, പറവൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ വിദ്യാഭ്യാ സത്തിനുശേഷം ഉപരിപഠനത്തിന് മദ്രാസിൽ പോയെങ്കിലും പൂർത്തിയാക്കാതെ മടങ്ങി. കോഴിക്കോട് ആത്മവിദ്യാസംഘവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. താമസിയാതെ ഈഴവസമുദായത്തിൽ വേരൂ ന്നിയ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലായ്മചെയ്യുവാനുള്ള ശ്രമവുമായി രംഗത്തിറ ങ്ങി. ഗുരുസന്ദേശങ്ങൾ പ്രചരിപ്പിക്കുവാനാണ് എസ്.എൻ.ഡി.പി. യോഗവും സഹോദരസംഘവും ആവിർഭവിച്ചത്. എസ്.എൻ.ഡി.പി. യോഗത്തിന് കൂടുതൽ രാഷ്ട്രീയലക്ഷ്യങ്ങൾ അക്കാലത്തുണ്ടായി രുന്നതുകൊണ്ട് ജാതിസംബന്ധമായ ഉച്ചനീചത്വങ്ങളും മറ്റ് അനാചാരങ്ങളും ഈഴവ സമുദായ ത്തിൽനിന്ന് മാറ്റണമെന്നുള്ള ലക്ഷ്യത്തോടുകൂടി എസ്.എൻ.ഡി.പി. യോഗത്തിന്റെ ഒരു പോഷകസംഘ ടന എന്ന നിലയിൽ ജാതിനശീകരണമെന്ന ലക്ഷ്യം മുൻനിർത്തി 1917-ൽ അയ്യപ്പൻ സഹോദരസംഘം ആരംഭിച്ചു.

ജാതിവേണ്ട, മതംവേണ്ട, ദൈവംവേണ്ട മനുഷ്യന് എന്ന ആശയം പ്രചരിപ്പിച്ച് ഒരു പുതിയ സമൂഹം സൃഷ്ടിക്കാൻ അദ്ദേഹം ശ്രമിച്ചു. ജാതിതകർക്കുക എന്ന ലക്ഷ്യവുമായി 1917-ൽ അദ്ദേഹം ചെറായിയിൽ നടത്തിയ മിശ്രഭോജനം സ്വന്തം ജാതിക്കാരിൽനിന്നും പുലയനയ്യപ്പൻ എന്ന പരിഹാസപ്പേര് അദ്ദേഹത്തിന് നേടിക്കൊടുത്തു. പുലയരെയും ഈഴവരെയും പങ്കെടുപ്പിച്ചുകൊണ്ട് മിശ്രഭോജനം നടത്തുകയും മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുകയും ചെയ്തത് സമുദായത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. ജാതിനശീകരണത്തിന്റെ പേരിൽ യാഥാസ്ഥിതികരുടെ ശക്തമായ എതിർപ്പ് അദ്ദേഹത്തിന് നേരിടേണ്ടിവന്നു.

സഹോദരസംഘത്തിലൂടെ സാമൂഹ്യപരിവർത്തനത്തിന്റെ അലകളിളക്കുവാൻ അയ്യ പ്പന് കഴിഞ്ഞു. അങ്ങനെയാണ് കെ.അയ്യപ്പൻ സഹോദരൻ അയ്യപ്പനായത്. 1919-ൽ മട്ടാഞ്ചേരിയിൽ നിന്ന് സഹോദരൻ എന്ന പത്രം അദ്ദേഹം പ്രസിദ്ധീകരിച്ചു. 1928-ൽ ആരംഭിച്ച യുക്തിവാദി മാസിക യുടെ ആദ്യപത്രാധിപരും അയ്യപ്പനായിരുന്നു. കൊച്ചി രാജ്യത്ത് ഉത്തരവാദഭരണവും പ്രായപൂർത്തി വോട്ടവകാശവും സ്ഥാപിച്ചുകിട്ടാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. കൊച്ചി പ്രജാമണ്ഡലത്തിൽ ഏറെക്കാലം അംഗമായിരുന്നു. ഉത്തരവാദഭരണം സ്ഥാപിച്ചതിനുശേഷമുള്ള ജനകീയമന്ത്രിസഭയിലും രണ്ടുപ്രാവശ്യം അംഗമായി. 1949-ൽ തിരു-കൊച്ചി രൂപീകൃതമായതിനെത്തുടർന്ന് പട്ടം മന്ത്രിസഭയിലും

അംഗമായിരുന്നു. ഇരുപതാംനൂറ്റാണ്ടിൽ കേരളം നേടിയ സാമൂഹ്യപുരോഗതിയിൽ സഹോദരൻ അയ്യപ്പന്റെ സംഭാവന ശ്രദ്ധേയമാണ്.

സഹോദരപ്രസ്ഥാനം കേരളത്തിന്റെ നാനാഭാഗങ്ങളിൽ സൃഷ്ടിച്ച അലയൊലി ചെറുതായിരുന്നില്ല. നൂതനമായൊരു ചിന്താസരണി വെട്ടിത്തുറക്കുവാനും ഈ പ്രസ്ഥാനം സഹായിച്ചു. അയ്യപ്പൻ അന്ന് ആരംഭിച്ച സഹോദരൻ പത്രമാണ് കേരളത്തിൽ ആദ്യമായി റഷ്യൻ വിപ്ലവത്തെക്കുറിച്ചും ലെനിനെക്കുറിച്ചും സോഷ്യലിസ്റ്റാദർശത്തെക്കുറിച്ചും ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തിയത്. യുക്തിപൂർവ്വമായി എന്തിനെക്കുറിച്ചും വിശകലനം നടത്തുവാനുള്ള ഒരു സ്വതന്ത്രചിന്താശീലവും സഹോദരൻ വളർത്തിയെടുത്തു. മതം വ്യക്തികാര്യമായിരിക്കണമെന്നും ജാതിയെ ഉന്മൂലനാശം വരുത്തണമെന്നും സഹോദരൻ ഉദ്ബോധിപ്പിച്ചു. ജാതിരാക്ഷസന്റെ വൈക്കോൽപ്രതിമയുണ്ടാക്കി ദഹിപ്പിക്കുന്ന പരിപാടി പലയിടത്തുവച്ചും ആഘോഷപൂർവ്വം നിർവഹിച്ചു. കൊടുങ്ങല്ലൂരിൽ ശൃംഗപുരത്തുവച്ച് ജാതിരാക്ഷസദഹനം നടത്തിയത്, അവർണർക്ക് നിരോധിക്കപ്പെട്ട ശൃംഗപുരം റോഡിൽകൂടി ഘോഷയാത്ര നയിച്ചിട്ടായിരുന്നു. അന്നുമുതൽ ആ റോഡിൽക്കൂടി നടക്കാൻ അവർണർക്ക് അവകാശം വീണ്ടുകിട്ടി. അങ്ങനെ ജാതിയെയും ജാതികൃതങ്ങളായ അസ്വാതന്ത്ര്യങ്ങളേയും ധീരമായി എതിർത്തുകൊണ്ട്, ജനങ്ങളിൽ ആത്മവീര്യം പകർന്നുകൊടുത്ത്, സഹോദരപ്രസ്ഥാനം നാട്ടിൽ ഒരു പുതുചൈതന്യം പ്രസരിപ്പിച്ചു.

# മൊഡ്യൂൾ - 2

## സമരങ്ങളും മുന്നേറ്റങ്ങളും

രാജവാഴ്ചയിലായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ് കാലഘട്ടത്തിന്റെ ആരംഭംതൊട്ടേ രാഷ്ട്രീയ സമരങ്ങളും പ്രക്ഷോഭണങ്ങളും ഉണ്ടായിട്ടുണ്ട്. സത്ഭരണം സ്ഥാപിക്കുക എന്നതായിരുന്നു ആദ്യകാല പ്രക്ഷോഭണങ്ങളുടെ ലക്ഷ്യം. ഭരണത്തിന്റെ പല തലങ്ങളുമായി ജനങ്ങൾക്ക് ബന്ധമുണ്ടായിരിക്കണമെന്നും മറ്റുമുള്ള രാഷ്ട്രീയാവകാശങ്ങൾ നേടിയെടുക്കാൻ സംഘടിപ്പിക്കപ്പെട്ടവയായിരുന്നു പിൽക്കാലത്തുണ്ടായ പ്രക്ഷോഭണങ്ങൾ. 1947 ൽ തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദഭരണം സ്ഥാപിക്കപ്പെടുന്നതിനുപിന്നാലെ ഇവിടെയുണ്ടായ പ്രക്ഷോഭണങ്ങളാണ് ഈ യൂണിറ്റിൽ പഠനവിധേയമാക്കുന്നത്.

### ഈഴവ മെമ്മോറിയൽ

മലയാളി മെമ്മോറിയൽ പ്രക്ഷോഭണം ജനങ്ങളുടെ രാഷ്ട്രീയബോധത്തെ തട്ടിയുണർത്തി. അത് ഈഴവ മെമ്മോറിയലിന് മാർഗദർശകമായി. മലയാളി മെമ്മോറിയൽ എന്ന ഭീമഹർജി കൊണ്ട് ഈഴവ സമുദായത്തിന് പ്രത്യേകിച്ച് നേട്ടമൊന്നും ഉണ്ടായില്ല. മാത്രമല്ല അതിന് ദിവാൻ രാമരായരിൽനിന്ന് ലഭിച്ച മറുപടി അഹന്തനിറഞ്ഞതുമായിരുന്നു. ഈഴവസമുദായത്തെ പരിഹസിച്ചുകൊണ്ട്, ഈഴവർ അവരുടെ കുലവൃത്തിയായ തെങ്ങുചെത്ത്, കയറുപിരിപ്പ് മുതലായവകൊണ്ട് തൃപ്തിപ്പെട്ടിരിക്കുകയാണെന്നും അവർക്ക് സർക്കാരുദ്യോഗത്തിനോ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനോ താല്പര്യമില്ലെന്നും, അവരെ ഹർജിക്കാർ തങ്ങളുടെ സംഖ്യ പെരുപ്പിച്ചു കാണിക്കാൻ ആകർഷിച്ചു ചേർത്തതാണെന്നും പറഞ്ഞിരുന്നു. ഇത് ശരിയല്ല എന്ന് തെളിയിക്കേണ്ട ചുമതല ഈഴവസമുദായത്തിനുണ്ടായിരുന്നു.

ഈഴവസമുദായത്തിന്റെ ഉദ്ധാരകനായിരുന്നു ഡോ. പല്പുവിന്റെ നേതൃത്വത്തിൽ 1896 സെപ്റ്റംബർ 3-ാം തീയതി 13176 ഈഴവർ ഒപ്പിട്ട ഒരു ഭീമഹർജി മഹാരാജാവിന് സമർപ്പിച്ചു. സർക്കാർ സർവീസിലെ ഉദ്യോഗങ്ങളിൽ നാട്ടുകാരായ തങ്ങൾക്കും അർഹമായ രീതിയിൽ നിയമനം ലഭിക്കണമെന്നതായിരുന്നു പ്രധാന ആവശ്യം. അഞ്ചുരൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങളൊന്നും ഈഴവർക്ക് ലഭിച്ചിരുന്നില്ല. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത സ്വജാതീയർക്കുള്ള പരിഗണനയെങ്കിലും തങ്ങൾക്കുലഭിക്കണമെന്നതായിരുന്നു നിവേദനത്തിലെ പ്രധാന ആവശ്യം. ഈഴവ മെമ്മോറിയലിന് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി നിരാശാജനകമായിരുന്നു. എങ്കിലും സമുദായാംഗങ്ങളെ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാൻ അവ സഹായകമായി.

### മലയാളി മെമ്മോറിയൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ നായർ, ഈഴവർ, സുറിയാനി ക്രിസ്ത്യാനികൾ, പുലയർ തുടങ്ങിയ സമുദായങ്ങളിൽ വിദ്യാസമ്പന്നരായ ആളുകളുടെ സംഖ്യ പെരുകി. ഇവരിൽ നായന്മാരൊഴികെ മറ്റുള്ളവർക്ക് സർക്കാർ ഉദ്യോഗം ലഭിച്ചിരുന്നില്ല. 500 രൂപയ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗങ്ങളാകട്ടെ തമിഴ്ബ്രാഹ്മണർക്ക് മാത്രം സംവരണം ചെയ്ത സ്ഥിതിയുമായിരുന്നു. ഇതിനെതിരെ വിദ്യാസമ്പന്നരുടെ പ്രതിഷേധം വ്യാപകമായി. 1891 ജനുവരി ഒന്നാം തീയതി ബ്രാഹ്മണർ ഒഴികെ നാനാജാതി മതസ്ഥരായ പതിനായിരത്തിലധികം പേർ ഒപ്പിട്ട ഒരു ഭീമഹർജി ശ്രീമൂലംതിരുനാൾ മഹാരാജാവിന് സമർപ്പിച്ചു. തിരുവിതാംകൂർ സർക്കാർ സർവീസിലെ ഉയർന്ന ഉദ്യോഗങ്ങൾ വിദ്യാഭ്യാസയോഗ്യതയുള്ള നാട്ടുകാർക്കു നല്കണമെന്നതായിരുന്നു പ്രധാന ആവശ്യം. ഇതായിരുന്നു മലയാളി മെമ്മോറിയൽ. ജാതിവ്യത്യാസം മാറ്റിവച്ച് അവകാശങ്ങൾക്കുവേണ്ടി കേരള

ത്തിൽ നടന്ന ആദ്യത്തെ കൂട്ടായ ശ്രമമായിരുന്നു മലയാളി മെമ്മോറിയൽ. ആധുനിക വിദ്യാഭ്യാസം സമൂഹത്തിൽ വരുത്തിയ പരിവർത്തനത്തിന്റെ ഫലമായിരുന്നു അത്.

ഈഴവരെ സർക്കാർ സ്കൂളിൽ പഠിപ്പിക്കാൻ അനുവദിക്കാത്തതും അവർക്ക് ഉദ്യോഗം നല്കി പ്രോത്സാഹിപ്പിക്കാത്തതും അന്യായമാണെന്നും മലയാളിമെമ്മോറിയലിൽ വാദിച്ചിരുന്നു. കെ.പി. ശങ്കരമേനോൻ, സി.വി. രാമൻപിള്ള, സി. കൃഷ്ണപിള്ള, ജി.പി. പിള്ള എന്നിവരാണ് ഇതിനായി പ്രവർത്തിച്ചത്. മലയാളി മെമ്മോറിയൽ അക്കാലത്തെ ഒരു പ്രധാന രാഷ്ട്രീയ സംഭവമായിരുന്നു. ഉടനടി അനുകൂല ഉത്തരവൊന്നും ഉണ്ടായില്ലെങ്കിലും സർക്കാരിന്റെ മനോഭാവത്തിൽ വ്യത്യാസം വന്നു. തിരുവിതാംകൂർ സർക്കാരിനെതിരെ ഉയർന്നുവന്ന ആദ്യത്തെ ജനമുന്നേറ്റം എന്ന നിലയിൽ മലയാളി മെമ്മോറിയലിന് സുപ്രധാനമായ സ്ഥാനമുണ്ട്.

## ക്ഷേത്രപ്രവേശനവിളംബരം

തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ 1936 നവംബർ 12-ാം തീയതി സുപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപിച്ചു. തിരുവിതാംകൂർ സർക്കാരിന്റെ നിയന്ത്രണാധീനതയിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ജനനത്താലോ മതവിശ്വാസത്താലോ ഹിന്ദുവായ ഏതൊരാൾക്കും പ്രവേശനമനുവദിക്കുന്നതായിരുന്നു ഈ വിളംബരം. ആധുനിക ഭാരതത്തിലെ മഹാത്ഭുതം എന്നാണ് മഹാത്മാഗാന്ധി പ്രസ്തുത വിളംബരത്തെ വിശേഷിപ്പിച്ചത്.

ശ്രീനാരായണഗുരുവിന്റെ ആത്മീയസാമൂഹ്യനേതൃത്വത്തിൻകീഴിൽ ഇവിടുത്തെ അധസ്ഥിതവർഗ്ഗം സാമൂഹ്യനീതിക്കുവേണ്ടി ദീർഘകാലമായി നടത്തിവന്ന സമരങ്ങളുടെ സ്വാഭാവികമായ പരിസമാപ്തിയായിരുന്നു ക്ഷേത്രപ്രവേശനവിളംബരം. അവർണ ജാതിക്കാർക്ക് ക്ഷേത്രപ്രവേശനമനുവദിക്കുന്നതിന്റെ വിവിധവശങ്ങളെപ്പറ്റി ഹിന്ദുമതത്തിന്റെ ആചാരപദ്ധതികളുൾക്കൊള്ളുന്ന ആധികാരികഗ്രന്ഥങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചിത്തിരതിരുനാൾ 1932-ൽ വിദഗ്ദ്ധസമിതിയെ നിയമിച്ചു. സമിതിയുടെ അനുകൂലമായ നിർദ്ദേശങ്ങളും സവർണഹിന്ദുക്കളുടെ അനുകൂലമായ നിലപാടും ബോധ്യപ്പെട്ടതോടെ ചിത്തിരതിരുനാൾ വിളംബരം പുറപ്പെടുവിച്ചു.

വിളംബരത്തിന്റെ പൂർണ്ണരൂപം ഇതാണ്: നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോധ്യപ്പെട്ടും, ആയതു ദൈവികമായ അനുശാസനത്തിലും സർവവ്യാപകവുമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്ന് വിശ്വസിച്ചും അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചുപോന്നുവെന്നു ധരിച്ചും നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കും തന്നെ അവരുടെ ജനനമോ ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉത്കണ്ഠയാലും നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കയും ആജ്ഞാപിക്കയും ചെയ്യുന്നതെന്തെന്നാൽ, സമുചിതമായ പരിതസ്ഥിതികൾ പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വെച്ചു നടത്തുന്നതിനും നാം നിശ്ചയിക്കയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനത്താലോ മതവിശ്വാസത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെയും നമ്മുടെ ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു.

ഈ വിളംബരം ഹൈന്ദവസമുദായത്തിൽ നിശബ്ദവും രക്തരഹിതവുമായ ഒരു വിപ്ലവമുണ്ടാക്കി. കൊച്ചിയിലും മലബാറിലും ഈവിധമൊരു പരിഷ്കാരമുണ്ടാകാൻ പിന്നെയും ഒരു പതിറ്റാണ്ടുവേണ്ടിവന്നു. 1947 ഏപ്രിലിൽ കൊച്ചീരാജാവ് പ്രഖ്യാപിച്ച ക്ഷേത്രപ്രവേശനാവകാശദാനവിളംബരം കൊച്ചിയിലെ ക്ഷേത്രങ്ങളിൽ ജാതിവ്യത്യാസമില്ലാതെ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം അനുവ

ദിച്ചു. 1947ലെ മദിരാശിക്ഷേത്രപ്രവേശനനിയമം ഈ പരിഷ്കാരത്തെ മലബാർ പ്രദേശത്തേക്കും വ്യാപിപ്പിച്ചു.

## പത്രപ്രവർത്തനം

ഇംഗ്ലീഷ് വിദ്യാഭ്യാസവും സാമൂഹികവും രാഷ്ട്രീയവുമായ ഉൾക്കാഴ്ചയുമാണ് കേരളത്തിലെ ആദ്യകാലപത്രപ്രവർത്തനത്തിന്റെ പ്രേരകശക്തി. കേരളത്തിൽ ആദ്യമായി ഒരു പത്രം തുടങ്ങിയത് ചെങ്കുളത്ത് കുഞ്ഞിരാമമേനോനായിരുന്നു. കൽക്കട്ടയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന അമൃത്ബസാർ പത്രികയുടെ പ്രചോദനമുൾക്കൊണ്ട് 1884-ൽ മലബാറിലെ ആദ്യത്തെ വൃത്താന്തപത്രമായ കേരളപത്രിക കോഴിക്കോട്ടുനിന്നാരംഭിച്ചു. 1886-ൽ തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരണമാരംഭിച്ച മലയാളി തിരുവിതാംകൂർ ചരിത്രത്തിൽ പ്രസിദ്ധമായ മലയാളിമെമ്മോറിയലിന് പ്രേരകമായ രാഷ്ട്രീയ-സാമൂഹികാവബോധം സൃഷ്ടിക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചു.

സി.എം.എസുകാരുടെ ആഭിമുഖ്യത്തിൽ പാശ്ചാത്യവിദ്യാഭ്യാസത്തിനു തുടക്കമിട്ട കോട്ടയം, പത്രപ്രവർത്തനത്തിന്റെ ശക്തികേന്ദ്രമായിരുന്നു. 1887-ൽ നിധീരിക്കൽ മാണിക്കത്തനാർ കോട്ടയത്തുനിന്ന് വാരികയായി തുടങ്ങിയ നസ്രാണിദീപിക 1939 -ൽ ദീപിക എന്ന പേരിൽ ദിനപത്രമായി. കേരളത്തിൽ ഇന്നുള്ള പത്രസ്ഥാപനങ്ങളിൽ ഏറ്റവും പഴക്കമുള്ളതാണിത്. മലയാള പത്രപ്രവർത്തനരംഗത്ത് എക്കാലത്തെയും മാതൃകയായ കണ്ടത്തിൽ വർഗീസ് മാപ്പിള 1888-ൽ കേരളത്തിലെ ആദ്യത്തെ ജോയിന്റ് സ്റ്റോക്ക് കമ്പനിക്കുരൂപം നല്കി. അതിന്റെ ആഭിമുഖ്യത്തിൽ വർഗീസ്മാപ്പിളയുടെ പത്രാധിപത്യത്തിൽ മനോരമ (1890) പ്രസിദ്ധീകരിച്ചുതുടങ്ങി. 1928-ൽ മനോരമദിനപത്രമായി പുറത്തിറങ്ങി.

കെ. രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ 1906-ൽ തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരണമാരംഭിച്ച സ്വദേശാഭിമാനി, പത്രസ്വാതന്ത്ര്യത്തിന്റെ സമുജ്ജ്വലമാതൃകയാണ്. ഭരണരംഗത്തെ അഴിമതികളോടും അധികാരപ്രമത്തതയോടും സന്ധിയില്ലാത്ത സമരം പ്രഖ്യാപിച്ച ഈ പത്രം അധികാരികളുടെ ജനദ്രോഹ നടപടികളെ നിർഭയമായി വിമർശിച്ചു.

ഗാന്ധിജിയുടെ യങ്ഇന്ത്യ യെ മാതൃകയാക്കി 1923-ൽ കെ.പി. കേശവമേനോൻ കോഴിക്കോട്ടുനിന്ന് മാതൃഭൂമി പ്രസിദ്ധീകരിച്ചുതുടങ്ങി. ആദ്യം ആഴ്ചയിൽ മൂന്നുദിവസം മാത്രമായിരുന്നു പ്രസിദ്ധീകരണം. പിന്നീടത് ദിനപത്രമായി. സാധാരണ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരും സമന്മാരാണെന്ന വിശ്വാസത്തോടെ സ്വാതന്ത്ര്യവർധനയ്ക്കായി നിർഭയം പൊരുതാൻ മാതൃഭൂമി ജനങ്ങളെ ആഹ്വാനം ചെയ്തു. മലയാളികളെ ദേശീയതയിലേക്ക് നയിച്ചതോടൊപ്പം സ്വാതന്ത്ര്യസമരത്തിന്റെ പാതയിലൂടെ നടത്തുവാനും മാതൃഭൂമി ശ്രമിച്ചു. സാമൂഹ്യനീതിക്കുവേണ്ടിയുള്ള സമരങ്ങളിലും മാതൃഭൂമി മുന്നിൽനിന്നു.

സവിശേഷമായ പ്രവർത്തനശൈലിയുടെ പേരിൽ ശ്രദ്ധേയരായ ആദ്യകാല പത്രപ്രവർത്തകരായിരുന്നു വേങ്ങയിൽ കുഞ്ഞിരാമൻനായനാരും കേസരി ബാലകൃഷ്ണപിള്ളയും.

കേരളത്തിലിന്ന് പത്രങ്ങളുടെ എണ്ണം എഴുപതോളമുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്. മാതൃഭൂമി, മലയാളമനോരമ, ദീപിക, കേരളകൗമുദി, ദേശാഭിമാനി, ജനയുഗം, മംഗളം, മാധ്യമം, ജന്മഭൂമി, ചന്ദ്രിക, വീക്ഷണം, എക്സ്പ്രസ് തുടങ്ങിയവയെല്ലാം പ്രചാരമുള്ള ദിനപത്രങ്ങളാണ്. മലയാളികളിൽ ഉയർന്നതോതിലുള്ള രാഷ്ട്രീയസാമൂഹികാവബോധം സൃഷ്ടിക്കുന്നതിൽ മുഖ്യാധാരാപത്രങ്ങൾ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ദേശീയശരാശരിയേക്കാൾ വളരെ ഉയർന്നതാണ് മലയാളിയുടെ പത്രപാരായണശീലം. മലയാളിയെ ഇത്തരമൊരു പ്രബുദ്ധതയിലേക്ക് നയിച്ചത് പത്രങ്ങളാണെന്ന് നിസംശയം പറയാം.

## സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

വക്കം അബ്ദുൾഖാദർ മൗലവിയുടെ ഉടമസ്ഥതയിൽ തിരുവനന്തപുരത്തുനിന്നും 1906-ൽ പ്രസിദ്ധീകരണം ആരംഭിച്ച സ്വദേശാഭിമാനി , പത്രസ്വാതന്ത്ര്യത്തിന്റെ സമുജ്ജ്വലമാതൃകയാണ്. ശ്രീമൂലംതിരുനാളിന്റെ ഭരണകാലം രാഷ്ട്രീയാസ്വാസ്ഥ്യങ്ങൾ നിറഞ്ഞതായിരുന്നു. ദിവാൻ സി. രാജഗോപാലാചാരിയുടെ നയങ്ങൾ ജനങ്ങളിൽ അതൃപ്തി സൃഷ്ടിച്ചു. സ്വദേശാഭിമാനിയുടെ പത്രാധിപരായ കെ. രാമകൃഷ്ണപിള്ള തന്റെ നിശിതമായ തൂലിക പടവാളാക്കി ദിവാനെ നിശിതമായി നിരൂപണം ചെയ്തുകൊണ്ട് ഒരു ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തി. അധികാരിവർഗ്ഗം രാമകൃഷ്ണപിള്ളയെ അക്ഷരാർത്ഥത്തിൽ ഭയപ്പെട്ടു. ഈ ലേഖനങ്ങളെ ഗൗരവബുദ്ധ്യാ വീക്ഷിച്ച സർക്കാർ 1910 സെപ്റ്റംബർ 26-ാം തീയതി കെ.രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽനിന്ന് നാടുകടത്തിക്കൊണ്ട് ഒരു രാജകീയവിളംബരം പുറപ്പെടുവിച്ചു. ഗവൺമെന്റ് സ്വദേശാഭിമാനി നിരോധിക്കുകയും അതിന്റെ മുദ്രണാലയം കണ്ടുകെട്ടുകയും ചെയ്തു. സർക്കാരിന്റെ ഈ പ്രവൃത്തിയിൽ ജനങ്ങൾ സാർവത്രികമായി എതിർപ്പുരേഖപ്പെടുത്തി. രാമകൃഷ്ണപിള്ള ദീർഘകാലം രോഗശയ്യയിൽ കിടന്നതിനുശേഷം 1916 -ൽ കണ്ണൂരിൽവച്ച് അന്തരിച്ചു. പത്രസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ജീവിതം ഉഴിഞ്ഞുവച്ച സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ ധീരനായ പത്രപ്രവർത്തകൻ എന്നുവിശേഷിപ്പിക്കാം.

### ഉത്തരവാദ പ്രക്ഷോഭണം

സംയുക്ത രാഷ്ട്രീയസമിതിയിൽ മറ്റുസമുദായങ്ങളെക്കൂടി ഉൾപ്പെടുത്തി പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ 1938 ഫെബ്രുവരിയിൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമായി. തിരുവിതാംകൂറിലെ ജനങ്ങൾക്ക് പൂർണമായ ഉത്തരവാദഭരണം നേടിക്കൊടുക്കുക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലെത്താൻ പ്രത്യക്ഷസമരം തുടങ്ങുന്നതിന് തിരുവിതാംകൂർ സ്റ്റേറ്റ്കോൺഗ്രസ് തീരുമാനിച്ചു. പ്രത്യക്ഷസമരപരിപാടികൾ ആരംഭിക്കുന്നതിനുമുമ്പ്, സംസ്ഥാനത്തിലെ ജനങ്ങൾക്ക് കഴിയുന്നതും വേഗം ഉത്തരവാദഭരണം അനുവദിച്ചുകൊടുക്കേണ്ടതിന്റെ ആവശ്യകതയുടെ അടിയന്തിരസ്വഭാവം വിശദമാക്കിക്കൊണ്ട് സ്റ്റേറ്റ് കോൺഗ്രസ് മഹാരാജാവിന് ഒരു നിവേദനപത്രിക സമർപ്പിച്ചു. അതിൽ ദിവാൻ സി.പി. രാമസ്വാമിഅയ്യർക്കെതിരെ ചില ആരോപണങ്ങൾ ഉന്നയിക്കുകയും അദ്ദേഹത്തെ പിരിച്ചുവിടണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇതറിഞ്ഞ സി.പി., സ്റ്റേറ്റ് കോൺഗ്രസിനെ നിയമവിരുദ്ധസംഘടനയായി പ്രഖ്യാപിച്ചു. അതേത്തുടർന്ന് നിയമലംഘന പ്രക്ഷോഭണവും നേതാക്കളുടെ അറസ്റ്റും ജനങ്ങളും പോലീസും തമ്മിലുള്ള ഏറ്റുമുട്ടലുമെല്ലാം നടന്നു.

ഭരണഘടനാപരമായ പ്രശ്നങ്ങളോട് യോജിച്ചുപോകാൻ കഴിയാതെ സംഘടനയിലെ തീവ്രവാദികളായ ചിലർ കമ്യൂണിസ്റ്റുപാർട്ടി രൂപീകരിച്ചു. ഇതിനിടെ 1946ൽ സി.പി. ഭരണഘടന പരിഷ്കരിക്കാൻ ശ്രമിച്ചെങ്കിലും നടപ്പായില്ല. കമ്യൂണിസ്റ്റുകാർ ദിവാൻഭരണമവസാനിപ്പിച്ച് ഉത്തരവാദഭരണം ഏർപ്പെടുത്തണമെന്ന ആവശ്യവുമായി അക്രമാസക്തമായ സമരംതന്നെ നടത്തി. ഒടുവിൽ, 1947 ആഗസ്റ്റ് 19ന് സി.പി. ദിവാൻ സ്ഥാനമൊഴിഞ്ഞു. തിരുവിതാംകൂർ ഇന്ത്യൻയൂണിയനിൽ ലയിക്കുന്നതായുള്ള തീരുമാനം താമസിയാതെ ചിത്തിരതിരുനാൾ രാജാവ് ഗവർണർ ജനറൽ മൗണ്ട് ബാറ്റനെ അറിയിച്ചു. തുടർന്ന് 1948 മാർച്ച് 24ന് പട്ടംതാണുപിള്ള മുഖ്യമന്ത്രിയായി തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ നിലവിൽവന്നു.

### നിവർത്തനപ്രക്ഷോഭണം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂറിൽ ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ ആരംഭിച്ചു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അന്നത്തെ ദിവാൻ രാജഗോപാലാചാരിക്കെതിരെ സ്വദേശാഭിമാനി പത്രത്തിലൂടെ നടത്തിയ രൂക്ഷവിമർശനങ്ങളാണ് അതിനു തുടക്കംകുറിച്ചത്. അതിന്റെ പേരിൽ 1910-ൽ അദ്ദേഹം നാടുകടത്തപ്പെട്ടു. നിയമസഭാപ

രിഷ്കാരം ലക്ഷ്യമാക്കിയുള്ള ജനകീയാഭിപ്രായം മാനിച്ച് 1922-ൽ തിരുവിതാംകൂർ നിയമസഭ തെരഞ്ഞെടുക്കപ്പെട്ടവർക്കു ഭൂരിപക്ഷമുള്ള ഒരു ജനപ്രതിനിധി സഭയാക്കി. പക്ഷേ വോട്ടവകാശം കരമൊടുക്കുന്നവർക്കുമാത്രമായി പരിമിതപ്പെടുത്തിയിരുന്നതിനാൽ ഈഴവ, മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങൾക്ക് തുച്ഛമായ പ്രാതിനിധ്യമേ ലഭിച്ചിരുന്നുള്ളു. 1932- ൽ ശ്രീചിത്തിരതിരുനാൾ പ്രഖ്യാപിച്ച ഭരണപരിഷ്കാരത്തിലും, ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഈ സമുദായക്കാർക്ക് ന്യായമായി കിട്ടേണ്ട സീറ്റുകൾ ലഭിക്കുന്ന വിധത്തിലായിരുന്നില്ല നിയോജകമണ്ഡലവിഭജനവും വോട്ടവകാശവും നിർണയിച്ചിരുന്നത്. അർഹമായ അവകാശം സ്ഥാപിച്ചുകിട്ടുവാൻ മൂന്നുസമുദായക്കാരും യോജിച്ച് ഒരു സംയുക്ത രാഷ്ട്രീയസമിതി രൂപീകരിച്ചു. സർക്കാരുദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് സി. കേശവൻ, പി.കെ. കുഞ്ഞ്, എൻ. സി. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ ശക്തമായ പ്രക്ഷോഭണമാരംഭിച്ചു. അവകാശങ്ങൾ അംഗീകരിച്ചെടുക്കുന്നതുവരെ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുവാൻ തീരുമാനിച്ചു. ഈ ബഹിഷ്കരണത്തിന് അവർ നല്കിയ പേരാണ് നിവർത്തനപ്രക്ഷോഭണം .

നിവർത്തനപ്രക്ഷോഭണം എല്ലാ സ്ഥലങ്ങളിലേക്കും ആളിപ്പടർന്നു. 1935 ജൂണിൽ സി.കേശവൻ കോഴഞ്ചേരിയിൽ ചെയ്ത പ്രക്ഷോഭജനകമായ പ്രസംഗത്തെ മുൻനിർത്തി രാജ്യദ്രോഹകുറ്റം ചുമത്തി അറസ്റ്റുചെയ്തു രണ്ടുവർഷത്തെ കഠിനതടവിന് ശിക്ഷിച്ചു. ഇത് പ്രക്ഷോഭണത്തെ കൂടുതൽ ശക്തിപ്പെടുത്തി. അധികം താമസിയാതെ സർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂല തീരുമാനങ്ങളുണ്ടായി. സർക്കാരുദ്യോഗങ്ങളിൽ പിന്നാക്ക സമുദായക്കാർക്ക് അർഹതയുള്ള പ്രാതിനിധ്യം ഉറപ്പുവരുത്താൻ ഒരു പബ്ലിക് സർവ്വീസ് കമ്മീഷനെ നിയമിച്ചു. സമ്മതിദാനാവകാശം വിപുലപ്പെടുത്തി. ഈഴവ, മുസ്ലീം സമുദായങ്ങൾക്കും അർഹമായ വിഹിതം സംവരണം ചെയ്യുകയും ചെയ്തു. 1936-ൽ പ്രസിദ്ധീകരിച്ച പരിഷ്കരിച്ച സമ്മതിദാനാവകാശനിയമപ്രകാരം 1937 ഏപ്രിൽ-മെയ് മാസങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ സംയുക്തരാഷ്ട്രീയസമിതി സ്ഥാനാർത്ഥികൾ മിക്ക മണ്ഡലങ്ങളിലും വിജയിച്ചു. സമിതിയുടെ പ്രതിനിധിയായി ടി.എം. വർഗീസ് ശ്രീമൂലം അസംബ്ലിയുടെ ഉപാദ്ധ്യക്ഷനായി. അദ്ദേഹം ജയിൽ വിമുക്തനായ സി. കേശവനെ പരസ്യമായി സ്വാഗതം ചെയ്തു. അതിന്റെ പേരിൽ അസംബ്ലിദിവാൻ പ്രസിഡന്റിന്റെ നിർദ്ദേശത്താൽ ഒരവിശ്വാസപ്രമേയംകൊണ്ട് ടി.എം. വർഗീസിനെ ഉപാദ്ധ്യക്ഷപദവിയിൽനിന്നും പുറത്താക്കി.

## നവോത്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക ഫലങ്ങൾ

കേരളീയ നവോത്ഥാനം നിരവധി സമരങ്ങളുടെയും പ്രക്ഷോഭണങ്ങളുടെയും ഫലമായി സൃഷ്ടിക്കപ്പെട്ടതാണ്. നിരവധി സാമൂഹ്യസംഘടനകളും നവോത്ഥാനനായകരും അവരുടെ പ്രവർത്തനങ്ങളും ഇതിൽ നിർണായക പങ്കുവഹിച്ചു. അനാചാരങ്ങളെ തുടച്ചുനീക്കുവാനും ജാതിചിന്ത ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാനും അവരുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. സർവോപരി എല്ലാ ജനങ്ങളും സ്വാതന്ത്ര്യത്തിലേക്കും യഥാർത്ഥജീവിതത്തിലേക്കും കരേറിയത് നവോത്ഥാനത്തിന്റെ ഫലമായിട്ടായിരുന്നു.

സാമൂഹ്യപരിഷ്കരണം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന അനേകം പ്രസ്ഥാനങ്ങൾ ഇന്ന് കേരളത്തിലുണ്ട്. ഈ ജനകീയ പ്രസ്ഥാനങ്ങൾ കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ ഉന്നതിക്ക് വലിയ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്നവയാണ്. നവോത്ഥാനത്തിനുശേഷം കേരളത്തിലെ ജനങ്ങൾ വിദ്യാഭ്യാസം കൂടുതലായി നേടി. അതോടുകൂടി പുരോഗതിക്കുള്ള അഭിവാഞ്ഛ ജനങ്ങളിൽ വർദ്ധിച്ചുവന്നു. ഒട്ടേറെ അയിത്തങ്ങൾക്കും സാമൂഹ്യ അനീതികൾക്കും വിധേയമായിരുന്ന കേരളീയ ജനതയ്ക്ക് നവോത്ഥാനത്തിന്റെ ഫലമായി പുത്തനുണർവും സ്വാതന്ത്ര്യവും ലഭിച്ചു. അയിത്തവും അടിമത്തവും ഇല്ലാതായി. ഇഷ്ടമുള്ള വസ്ത്രം ധരിക്കുവാനും ക്ഷേത്രങ്ങളിൽ പ്രവേശിക്കു

വാനും വിദ്യാഭ്യാസം നേടുവാനുമെല്ലാം സാധിച്ചു. സാമ്പത്തിക മേഖലകളിലും പുത്തനുണർവ് പ്രകടമായി. തത്ഫലമായി കേരളം വികസനത്തിന്റെ പാതയിലെത്തിച്ചേർന്നു.

ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെയുംകാൾ കേരളീയജനത ഇന്ന് സംഘടിതരാണ്. തൊഴിലാളികളും ഉദ്യോഗസ്ഥരും സംഘടിതശക്തിയിലൂടെ ഒട്ടേറെ അവകാശങ്ങൾ നേടിയെടുത്തു. സ്ത്രീശാക്തീകരണരംഗത്തും പുതിയ ഉയർച്ചയുണ്ടായി. കേരളീയ ഗ്രാമങ്ങളിലെ സ്ത്രീകൾ ഒരുമിച്ചുകൂടി കൂട്ടായ പരിശ്രമങ്ങളിലൂടെ വലിയൊരു മുന്നേറ്റത്തിനു തുടക്കം കുറിച്ചിരിക്കുന്നു. നിരവധി സ്വാശ്രയസംഘങ്ങളും സൊസൈറ്റികളും രൂപംകൊണ്ടതിന്റെ ഫലമായി സാമ്പത്തികമേഖലയും നവീകരിക്കപ്പെട്ടു. ജനകീയാസൂത്രണപദ്ധതികളും അധികാരവികേന്ദ്രീകരണവും ഇത്തരം സേവനസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി മാറി. ചുരുക്കത്തിൽ ഓരോ വ്യക്തിക്കും സമൂഹത്തിൽ തികഞ്ഞ പ്രാധാന്യമുണ്ടെന്നും ജീവിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ടെന്നും ഉള്ള ബോധ്യത്തിലേക്കുള്ള വെളിപ്പെടുത്തലായിരുന്നു കേരളത്തിലുണ്ടായ സാമൂഹികവും സാംസ്കാരികവുമായ മുന്നേറ്റങ്ങളും അതിന്റെ ഫലമായുണ്ടായ നവോത്ഥാനവും.

# മൊഡ്യൂൾ -3

**ഐക്യകേരളം**

ഭാഷയിലും സംസ്കാരത്തിലും ജീവിതരീതിയിലും ഒന്നായ മലയാളികൾ തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ് മലബാറിലുമായി ഭിന്നിച്ചു കിടന്നിരുന്നു. മലയാളികൾ ഒരുമിച്ച് ഒരു ഭരണ ത്തിൻകീഴിൽ കഴിയുന്നതുകാണാൻ പ്രബുദ്ധരായ ജനങ്ങൾ ആഗ്രഹിച്ചു. ഐക്യകേരളത്തെ ആസ്പദ മാക്കി 1928 ഏപ്രിലിൽ എറണാകുളത്തുകൂടിയ നാട്ടുരാജ്യപ്രജാസമ്മേളനം ഐക്യകേരളപ്രമേയം പാസാക്കിയതൊഴിച്ചാൽ 1940 വരെയും ഐക്യകേരളം എന്നത് ഒരു സ്വപ്നം മാത്രമായിരുന്നു.

1940 നുശേഷം ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തി സുനിശ്ചിതമായപ്പോൾ ഐക്യകേരളപ്രസ്ഥാന ത്തിനും ശക്തിവർദ്ധിച്ചു. തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദഭരണപ്രക്ഷോഭണങ്ങൾ വമ്പിച്ച ജനകീയ സമരങ്ങളാവുകയും മലബാറിൽ സ്വാതന്ത്ര്യസമരം കൂടുതൽ കരുത്താർജ്ജിക്കു കയും ചെയ്തതോടെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്നും നാട്ടുരാജ്യവ്യവസ്ഥിതിക്ക് അറുതിവരു മെന്നുമുള്ള പ്രതീക്ഷ ജനങ്ങളിലുണ്ടായി. 1946 ജൂലൈ 29-ാം തീയതി അന്നത്തെ കൊച്ചി രാജാവ് (കേ രളവർമ്മ) കൊച്ചി നിയമസഭയ്ക്കയച്ച ഒരു സന്ദേശത്തിൽ തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർന്ന് കേരളസംസ്ഥാനം രൂപീകരിക്കുന്നതിനു താൻ അനുകൂലമാണെന്ന് പരസ്യമായി പ്രസ്താവി ച്ചു. ഐക്യകേരളമെന്ന ആശയത്തിന് ഔദ്യോഗികമായി കിട്ടിയ ആദ്യഅംഗീകാരമായി ഇതിനെ കണ ക്കാക്കാം. 1946 ഒടുവിൽ കെ.പി. കേശവമേനോന്റെ അധ്യക്ഷതയിൽ ചെറുതുരുത്തിയിൽവെച്ച് കൂടിയാ ലോചിക്കുകയും കാലേകൂട്ടി ഒരു ഐക്യകേരളസമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 1947 ഏപ്രിലിൽ തൃശൂരിൽ വച്ച് കെ. കേളപ്പന്റെ അധ്യക്ഷതയിൽ നടന്ന ഐക്യകേരളസമ്മേളനത്തിൽ കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു. ഈ സമ്മേളനത്തിൽ കൊച്ചിമഹാരാജാവ് നേരിട്ടുവന്ന് അനുകൂലമായി പ്രസംഗിച്ചത് ജനങ്ങളിൽ ആവേശമുണർത്തി. ഐക്യകേരളം എത്രയും വേഗം നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു പ്രമേയം സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ടു. കോൺഗ്രസ് നേതാവായ ഇ. മൊയ്തുമൗലവിയായി രുന്നു പ്രമേയാവതാരകൻ. ഐക്യകേരളമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുമുന്നോടിയായി 1949 ഫെബ്രുവരിയിൽ ആലുവയിലും നവംബറിൽ പാലക്കാട്ടും സമ്മേളനങ്ങൾ നടന്നു.

ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ പൊതുവെ ഭാഷാസംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണ ങ്ങൾ ശക്തിയാർജ്ജിച്ചു. പ്രാദേശിക ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനപുനഃസംഘടന നടത്തുന്നതി നായി കേന്ദ്രസർക്കാർ സംസ്ഥാനപുനഃസംഘടനാ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ട് ഐക്യകേ രളത്തിനനുകൂലമായിരുന്നു. കേന്ദ്രസർക്കാർ അതംഗീകരിക്കുകയും പാർലമെന്റിൽ സംസ്ഥാന പുനഃസംഘടനാബിൽ അവതരിപ്പിച്ചു പാസാക്കുകയും ചെയ്തു. അങ്ങനെ 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം നിലവിൽവന്നു. ഐക്യകേരളം രൂപീകൃതമായതോടെ സംസ്ഥാനത്തിന്റെ തലവ നായി രാജപ്രമുഖനുപകരം ഗവർണർ നിയമിതനായി. അതോടെ രാജവാഴ്ച അവസാനിച്ചു.

## തിരുവിതാംകൂർ - കൊച്ചി സംയോജനം

ഇന്ത്യാഗവൺമെന്റിന്റെ സ്റ്റേറ്റ്സ്മിനിസ്ട്രി സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ നാട്ടു രാജ്യങ്ങളുടെ ലയനത്തിനും സംയോജനത്തിനും വേണ്ടി സ്വീകരിച്ച നയപദ്ധതികളും ഐക്യകേര ളരൂപീകരണത്തിന് പ്രോത്സാഹകമായി. 1949 ജൂലൈ 1-ാം തീയതി തിരുവിതാംകൂറും കൊച്ചിയും സംയോജിക്കപ്പെടുകയും അങ്ങനെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം ജന്മമെടുക്കുകയും ചെയ്തു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർ സംയോജനപ്രമാണത്തിൽ ഒപ്പുവ ച്ചു. തിരുവിതാംകൂർ മഹാരാജാവ് പുതിയ സംസ്ഥാനത്തിന്റെ രാജപ്രമുഖനായി. കൊച്ചീമഹാരാജാ

വാകട്ടെ സ്വന്തം പ്രജകൾക്ക് കൂടുതൽ വിശാലമായ ഒരു ജീവിതം കൈവരാൻ വേണ്ടി സമസ്താവകാശങ്ങളും ത്യജിക്കാൻ സ്വയം സന്നദ്ധനായി. ഇരുരാജ്യങ്ങളിലെയും നിയമസഭകളും മന്ത്രിസഭകളും ഏകോപിപ്പിച്ച് പുതിയ സംസ്ഥാനത്തിന്റെ നിയമസഭയും മന്ത്രിസഭയും ഉണ്ടായി. സംസ്ഥാനത്തിന്റെ ആസ്ഥാനം തിരുവനന്തപുരത്തും ഹൈക്കോടതി എറണാകുളത്തും ആയിരിക്കണമെന്നും തീരുമാനിക്കപ്പെട്ടു.

തിരു-കൊച്ചി സംയോജനം നടക്കുമ്പോൾ ടി.കെ. നാരായണപിള്ളയായിരുന്നു തിരുവിതാംകൂറിലെ മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ ആദ്യജനകീയ മന്ത്രിസഭ. 1951 വരെ ഈ മന്ത്രിസഭ അധികാരത്തിൽ തുടർന്നു. കോൺഗ്രസ് സംഘടനയിലുണ്ടായ പിളർപ്പിനെത്തുടർന്ന് 1951 ഫെബ്രുവരിയിൽ ഈ മന്ത്രിസഭ രാജിവച്ചു. തുടർന്ന് സി.കേശവൻ മുഖ്യമന്ത്രിയായുള്ള മന്ത്രിസഭ ഹ്രസ്വകാലത്തേക്ക് ഭരണം നടത്തി.

1951-52 ലെ പൊതുതെരഞ്ഞെടുപ്പിൽ തിരുവിതാംകൂർ തമിഴ്നാട്കോൺഗ്രസിന്റെ പിന്തുണയോടെ എം.ജെ. ജോണിന്റെ നേതൃത്വത്തിൽ ഒരു കോൺഗ്രസ് മന്ത്രിസഭ രൂപംകൊണ്ടു. തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസുകാർ പിന്തുണ പിൻവലിച്ചപ്പോൾ ജോൺ മന്ത്രിസഭ തകർന്നു. തിരു-കൊച്ചി നിയമസഭയിലേക്ക് 1954 ഫെബ്രുവരിയിൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി മന്ത്രിസഭ രൂപവത്ക്കരിക്കുന്നത് ഒഴിവാക്കാനായി കുറച്ചുസീറ്റുകൾ മാത്രം കിട്ടിയ കോൺഗ്രസുകാർ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി (പി.എസ്.പി.)യുടെ മന്ത്രിസഭയ്ക്കു പിന്തുണ നല്കി. അങ്ങനെ അവരുടെ മന്ത്രിസഭ 1954 മാർച്ച് 17-ാം തീയതി പട്ടം. എ. താണുപിള്ളയുടെ നേതൃത്വത്തിൽ ഭരണമേറ്റു. ഇക്കാലത്ത് തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ് തെക്കൻ തിരുവിതാംകൂറിലെ തമിഴ്പ്രദേശങ്ങൾ മദിരാശി സംസ്ഥാനത്തോട് ചേർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശക്തമായ പ്രക്ഷോഭണം ആരംഭിച്ചു. പ്രക്ഷോഭണഫലമായി മാർത്താണ്ഡത്തിനടുത്തു നടന്ന പോലീസ് വെടിവെയ്പിൽ ഏഴുപേർ കൊല്ലപ്പെട്ടു. ഈ സന്ദർഭത്തിൽ കോൺഗ്രസ് കക്ഷിയുടെ പിന്തുണയോടുകൂടി നിയമസഭ പാസാക്കിയ ഒരവിശ്വാസപ്രമേയം പി.എസ്.പി. മന്ത്രിസഭയുടെ പതനത്തിന് കാരണമായി.

1955 ഫെബ്രുവരിയിൽ തമിഴ്നാട് കോൺഗ്രസിന്റെ പിന്തുണയോടുകൂടി പനമ്പിള്ളി ഗോവിന്ദമേനോന്റെ  നേതൃത്വത്തിൽ ഒരു കോൺഗ്രസ്മന്ത്രിസഭ അധികാരത്തിൽ വന്നു. കോൺഗ്രസ് സംഘടനയിലെ പിളർപ്പുകാരണം 1956 മാർച്ചിൽ ഈ മന്ത്രിസഭയും നിലംപതിച്ചു. അതോടുകൂടി സംസ്ഥാനത്ത് ആദ്യമായി പ്രസിഡന്റ് ഭരണം നിലവിൽവന്നു.

## കേരളസംസ്ഥാനരൂപീകരണം

തിരുവിതാംകൂർ-കൊച്ചിയിൽ പ്രസിഡന്റുഭരണം നിലവിലിരിക്കുമ്പോഴാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാനുള്ള ഇന്ത്യാഗവൺമെന്റിന്റെ തീരുമാനമുണ്ടായത്. 1956 ലെ സംസ്ഥാന പുനഃസംഘടനാനിയമപ്രകാരം തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നീ നാലു തെക്കൻതാലൂക്കുകളും ചെങ്കോട്ടത്താലൂക്കിന്റെ ഒരു ഭാഗവും തിരുവിതാംകൂർ-കൊച്ചിയിൽനിന്നു വേർപെടുത്തി മദിരാശി സംസ്ഥാനത്തോടുചേർത്തു. ശേഷിച്ച തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോടു മലബാർ ജില്ലയും തെക്കൻ കാനറാജില്ലയിലെ കാസർകോടുതാലൂക്കും ചേർക്കപ്പെട്ടു. അങ്ങനെ 1956 നവംബർ 1-ാം തീയതി കേരളസംസ്ഥാനം (ഐക്യകേരളം) യാഥാർത്ഥ്യമായി.

## ഭൂപരിഷ്കരണനിയമങ്ങൾ

ഭൂപരിഷ്കരണത്തിന്റെ ലക്ഷ്യം സാമ്പത്തികോന്നമനവും സാമൂഹികപരിവർത്തനവും പുരോഗതിയുമാണ്. ഇക്കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന സംസ്ഥാനമാണ് കേരളം. ഇവിടുത്തെ ഭൂപരിഷ്കരണയത്നങ്ങളെ രണ്ടുഘട്ടങ്ങായി തിരിക്കാം. ഒന്ന്, കേരളപ്പിറവിക്കുമുമ്പ് രാജഭ

രണം നിലവിലിരുന്നപ്പോഴുണ്ടായ ഭൂപരിഷ്കരണം, രണ്ട്, കേരളസംസ്ഥാനത്തിന്റെ ആവിർഭാവത്തിനു ശേഷം ജനാധിപത്യസർക്കാരുകൾ കൊണ്ടുവന്ന ഭൂപരിഷ്കരണം.

ഭൂവുടമകളായ ജന്മിമാരും കുടിയാന്മാരായ കൃഷിക്കാരും തമ്മിലുള്ള ബന്ധം ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള ചില നിയമങ്ങൾ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തന്നെയുണ്ടായിട്ടുണ്ട്. സമൂഹത്തിൽ പ്രബലരായ ജന്മിമാരുടെ അമിതാധികാരത്തെ നിയന്ത്രിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. തിരുവിതാംകൂറിലെ ആദ്യനിയമങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് 1865 ലെ പാട്ടവിളംബരം. തിരുവിതാംകൂർ പ്രദേശത്തെ കൃഷിക്കാരുടെ മാഗ്നാക്കാർട്ടാ എന്ന് ഈ വിളംബരത്തെ വിശേഷിപ്പിക്കാറുണ്ട്. പ്രസ്തുതവിളംബരം സർക്കാർ വക പാട്ടവസ്തുക്കളുടെ കൈവശാവകാശക്കാർക്ക് അവയുടെ ഉടമസ്ഥാവകാശം സ്ഥിരപ്പെടുത്തിക്കൊടുക്കുകയും നിയമരഹിതമായ ഒഴിപ്പിക്കലിൽനിന്നു പാട്ടക്കുടിയാന്മാർക്ക് സംരക്ഷണം നൽകുകയും ചെയ്തു. തുടർന്ന് 1867-ൽ ഒരു രാജകീയവിളംബരം ഉണ്ടായി. ഇതിൽ ജന്മിയുടെയും കുടിയാന്റെയും കടമകളും അവകാശങ്ങളും നിർവചിച്ചു. 1896-ലെ ജന്മി-കുടിയാൻ നിയമവും 1932-ലെ നിയമവും കാലാകാലങ്ങളിൽ ജന്മിക്കരം കൊടുക്കണം എന്ന വ്യവസ്ഥയിന്മേൽ കുടിയാന്റെ ജന്മാവകാശം ഉറപ്പുവരുത്തി.

കൊച്ചിയിൽ 1863-ൽ പുറപ്പെടുവിച്ച തീട്ടൂരം 12 കൊല്ലത്തെ കൈവശാവകാശമുള്ള കാണക്കുടിയാന്മാരെ ഒഴിപ്പിക്കാൻ പാടില്ല എന്ന വ്യവസ്ഥ ചെയ്തു. 1915 ലെ കുടിയാൻനിയമം 1885 നുമുമ്പു കാണക്കുടിയാന്മാരായിരുന്നവർക്ക് ജന്മാവകാശം നല്കുകയും കുടിയാന്മാരെ ഒഴിപ്പിക്കുമ്പോൾ ദേഹണ്ഡം നല്കേണ്ടതാണെന്ന് വ്യവസ്ഥചെയ്യുകയും ചെയ്തു. 1938-ലെ കൊച്ചി കുടിയാൻ നിയമം കാണക്കുടിയാന്മാരുടെ അവകാശങ്ങൾ ഒരിക്കൽകൂടി ഉറപ്പിക്കുകയും ഒഴിപ്പിക്കലിനെ സംബന്ധിച്ച വ്യവസ്ഥകൾ കൂടുതൽ കർശനമാക്കുകയും ചെയ്തു. മലബാറിലെ ഭൂപരിഷ്കരണനിയമങ്ങൾ 1880കളിലാണ് തുടങ്ങുന്നത്. 1887 ലെ മലബാർ ദേഹണ്ഡനിയമം കുടിയൊഴിപ്പിക്കൽ 1880 കളിലാണ് തുടങ്ങുന്നത്. 1887 ലെ മലബാർ ദേഹണ്ഡനിയമം കുടിയൊഴിപ്പിക്കൽ നിരോധിക്കുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തി. 1930-ൽ പാസാക്കിയ മലബാർ കുടിയാൻ നിയമം കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരാവകാശം ഉറപ്പിക്കുന്നതിന് പല വ്യവസ്ഥകളും ഏർപ്പെടുത്തി. മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിന് കോടതികളെ സമീപിക്കുന്നതിന് വ്യവസ്ഥചെയ്തിരുന്നു. 1945, 1951, 1954 എന്നീ വർഷങ്ങളിൽ ഈ നിയമത്തിനുവീണ്ടും ഭേദഗതികൾ വരുത്തി. ഭേദഗതികളുടെ ലക്ഷ്യം കുടിയാന്റെ താല്പര്യങ്ങൾ കൂടുതൽ ഫലപ്രദമായി സംരക്ഷിക്കുക എന്നതായിരുന്നു.

കേരളസംസ്ഥാനപിറവിക്കുശേഷം അധികാരത്തിൽവന്ന മന്ത്രിസഭ കൃഷിഭൂമിയിലെ എല്ലാവിധ ഒഴിപ്പിക്കലും തടഞ്ഞുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചു. പഞ്ചവത്സരപദ്ധതികൾ നിർദ്ദേശിച്ച തത്ത്വങ്ങൾക്കൊത്ത് ഭൂനിയമം പരിഷ്കരിക്കുന്നതിനുള്ള സമഗ്രമായ ശ്രമമായിരുന്നു 1960-ലെ കാർഷിക ബന്ധനിയമം. ഇതിലെ വ്യവസ്ഥകൾ പലതും കോടതി റദ്ദാക്കിയതിനാൽ ഈ നിയമം പുതുക്കേണ്ടിവന്നു. 1963 ൽ പാസാക്കിയ ഭൂപരിഷ്കരണനിയമം 1964 ഏപ്രിൽ 1 മുതൽ നിലവിൽവന്നു. എങ്കിലും പ്രായോഗികമായി നടപ്പിലായില്ല.അതിനാൽ 1969-ലെ ഭൂനിയമം 1963-ലെ നിയമത്തിൽ സാരമായ ഭേദഗതികൾ വരുത്തി. അതനിസരിച്ച് 1970 ജനുവരി 1ന് കേരളത്തിൽ നൂറ്റാണ്ടുകളായി നിലവിലിരുന്ന ജന്മിത്തം പൂർണ്ണമായി അവസാനിച്ചു.

ഭൂപരിഷ്കരണനിയമംകൊണ്ട് പ്രധാനമായും മൂന്നുപ്രയോജനങ്ങളാണുണ്ടായത്. സ്വന്തം കിടപ്പാടം എളുപ്പവഴിയിൽ വിലയ്ക്കെടുക്കുവാൻ കുടികിടപ്പുകാരന് സാധിച്ചു. ഭൂമിയിലുള്ള സ്ഥിരാവകാശവും ഉടമസ്ഥതയും കൃഷിക്കാരന് അനുവദിച്ചുകിട്ടി. പരിധിനിർണയ ചട്ടങ്ങളിലൂടെ മിച്ച ഭൂമി ഏറ്റെടുത്ത് ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് വിതരണംചെയ്തു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ കേരളത്തിൽ പലതവണ ഭൂപരിഷ്കരണയത്നങ്ങൾ നടന്നിട്ടുണ്ട്. അവയുടെ ആത്യന്തികഫലം ജന്മിത്തത്തിന്റെ സമ്പൂർണ്ണനശീകരണമാണ്. കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന് ഈ യത്നങ്ങൾ മികച്ച സംഭാവന നല്കിയിട്ടുണ്ട്.

## ഗ്രന്ഥശാലാപ്രസ്ഥാനം

മലയാളികളുടെ സാംസ്കാരികജീവിതത്തിന്റെ പ്രതിഫലനമാണ് ഗ്രന്ഥശാലാപ്രസ്ഥാനം. ഒരുജനതയുടെ സാമൂഹ്യസാംസ്കാരിക നവോത്ഥാനത്തിന്റെ ഭാഗമായി രൂപപ്പെട്ട കേരളഗ്രന്ഥശാലാസംഘം ജനാധിപത്യ അടിത്തറയിൽ വളർന്നുവികസിച്ചതാണ്. കേരളത്തിലെ ഉയർന്ന സാക്ഷരതയ്ക്കും സാംസ്കാരിക വളർച്ചയ്ക്കും ജനകീയ അടിത്തറയ്ക്കും അടിസ്ഥാനമായത് സംഘടിത ഗ്രന്ഥശാലാപ്രസ്ഥാനമാണ്.

തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ വളരെക്കാലം മുമ്പുതന്നെ ഗ്രന്ഥശാലകൾ പ്രവർത്തിച്ചുതുടങ്ങിയിരുന്നു. സ്വാതിതിരുനാൾ മഹാരാജാവ് 1829 ൽ തിരുവനന്തപുരം പബ്ലിക് ലൈബ്രറി സ്ഥാപിച്ചതോടെ തിരുവിതാംകൂറിൽ പൊതുഗ്രന്ഥശാലകൾക്കു തുടക്കമായി. 1894-ൽ സ്ഥാപിതമായ വഞ്ചിയൂർ കുന്നിൻപുറത്തു സുഗുണപോഷിണിയാണ് ആദ്യത്തെ ജനകീയ ഗ്രന്ഥശാല. തുടർന്ന് 1910ൽ നെയ്യാറ്റിൻകര ജ്ഞാനപ്രദായിനി ഗ്രന്ഥശാലയും 1913-ൽ തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലയും സ്ഥാപിതമായി. ഗ്രന്ഥശാലകളുടെ എണ്ണം കൂടിയതോടെ ഗ്രന്ഥശാലാസമ്മേനങ്ങൾ തുടങ്ങി. 1934 ലെ ചിത്തിരതിരുനാൾ ഗ്രന്ഥശാലാസമ്മേളനത്തെ തുടർന്ന് ഗ്രന്ഥശാലകൾക്ക് ധനസഹായം ചെയ്യാൻ സർക്കാർ തയ്യാറായി.

കൊച്ചിയിൽ ഗ്രന്ഥശാല പ്രവർത്തനം തുടങ്ങുന്നത് ദേശീയപ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടത്തിലാണ്. 1914ൽ ചെറായി, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ പബ്ലിക് ലൈബ്രറികൾ സ്ഥാപിതമായതോടെ കൊച്ചിയിലും ജനകീയ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് തുടക്കംകുറിച്ചു. മലബാറിൽ ജനകീയ ഗ്രന്ഥശാലാപ്രസ്ഥാനം ദേശീയബോധത്തിന്റെ തീച്ചൂളയിലാണ് രുപംകൊണ്ടത്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന മലബാറിലെ ജനതയുടെ സ്വാതന്ത്ര്യവാഞ്ഛ അതിനു നിമിത്തമായി.

1943-ൽ മലബാർ വായനശാലാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരളഗ്രന്ഥശാലാസംഘ മെന്ന പേരിൽ ഒരു സംഘടന രജിസ്റ്റർ ചെയ്തു. ഇന്നത്തെ സംഘടിതഗ്രന്ഥശാലാപ്രസ്ഥാനം രൂപംകൊണ്ടത് 1945 സെപ്റ്റംബർ 14-ാം തീയതി അമ്പലപ്പുഴയിൽ വച്ചാണ്. സ്ഥാപകദിനമായ സെപ്റ്റംബർ 14 എല്ലാവർഷവും ഗ്രന്ഥശാലാദിനമായി ആചരിച്ചുവരുന്നു. പി.എൻ. പണിക്കർ മുഖ്യസംഘാടകനായി 47 ഗ്രന്ഥശാലകളുടെ പ്രതിനിധികൾ പങ്കെടുത്ത അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘത്തിന്റെ തുടർച്ചയാണ് ഇന്നത്തെ കേരള ഗ്രന്ഥശാലാസംഘം. 1949 ലെ തിരു-കൊച്ചി സംയോജനത്തോടെ തിരുക്കൊച്ചി ഗ്രന്ഥശാലാസംഘമായി, എന്നാൽ 1958-ൽ മാത്രമാണ് ഭരണസമിതി യോഗതീരുമാനമനുസരിച്ച് തിരുക്കൊച്ചി ഗ്രന്ഥശാലാസംഘം കേരളഗ്രന്ഥശാലാസംഘമായത്.

1970-ൽ ഗ്രന്ഥശാലാസംഘത്തിന്റെ ജൂബിലി തിരുവനന്തപുരത്ത് വിപുലമായി ആഘോഷിച്ചു. അതിനോടനുബന്ധിച്ചുനടന്ന സാംസ്കാരികജാഥ വായിച്ചുവളരുക, ചിന്തിച്ചുവിവേകം നേടുക എന്നീ മുദ്രാവാക്യങ്ങളുയർത്തിപ്പിടിച്ചു. 1977-ൽ ഗ്രന്ഥശാലസംഘത്തിന്റെ ഭരണം ഒരു ഓർഡിനൻസിലൂടെ സർക്കാർ ഏറ്റെടുത്തു. 1994 ഏപ്രിൽ 27ന് തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അധികാരമേറ്റു. അതിന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലാലൈബ്രറി കൗൺസിലുകളും താലൂക്കുലൈബ്രറിയൂണിയനുകളുമുണ്ടായി. സംസ്ഥാനത്തുള്ള പൊതുഗ്രന്ഥശാലകളുടെ കേന്ദ്രസംഘടനയായിട്ടാണ് ഗ്രന്ഥശാലാസംഘം പ്രവർത്തിച്ചുവരുന്നത്.

പൊതുജനങ്ങളിൽ വായനാശീലം വളർത്തുക, വയോജന വിദ്യാഭ്യാസത്തെ സഹായിക്കുക, നിശാപാഠശാലകൾ സ്ഥാപിക്കുക, നിലവിലുള്ള ഗ്രന്ഥശാലകളെ പുഷ്ടിപ്പെടുത്തുക, ഗ്രന്ഥശാലാപ്രവർത്തനത്തെക്കുറിച്ച് പ്രസിദ്ധീകരണങ്ങളിറക്കുക എന്നിവയാണ് ഗ്രന്ഥശാലാസംഘത്തിന്റെ പൊതുവായ ലക്ഷ്യങ്ങൾ. വിജ്ഞാനം വികസന ത്തിന് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഗ്രന്ഥശാലകളെ സാമൂഹ്യപരിവർത്തനത്തിന്റെ കേന്ദ്രബിന്ദുവാക്കി ജനതയെ മുഴുവൻ പൊതുവേദിയിൽ അണിനിരത്താനുള്ള പ്രവർത്തനങ്ങൾ സംഘം ആവിഷ്കരിച്ചു.

കേരള ഗ്രന്ഥശാലാസംഘത്തിന്റെ നേതൃത്വത്തിലാണ് കേരളത്തിൽ സാക്ഷരതാപ്രവർത്തനത്തിന് തുടക്കംകുറിച്ചത്. സാക്ഷരതാപ്രസ്ഥാനം ഗ്രന്ഥശാലകൾ മുഖ്യചുമതലയായി ഏറ്റെടുത്തു. ഇന്ത്യയിലെതന്നെ ഏറ്റവും വലിയ സംഘടിത സാംസ്കാരികപ്രസ്ഥാനമായ ഗ്രന്ഥശാലാസംഘത്തിന് 1975-ൽ യുനസ്കോ അംഗീകാരം നേടാൻ കഴിഞ്ഞു. നിരവധി നവീന സംരംഭങ്ങൾ കേരള ഗ്രന്ഥശാലാസംഘം നടപ്പിലാക്കിവരുന്നുണ്ട്. ഗ്രാമീണരായ സ്ത്രീകളിലും തൊഴിലാളികളും വായനാശീലം വളർത്തുന്നതിനായി വീടുകളിൽ പുസ്തകമെത്തിക്കുന്ന പദ്ധതി, മലയാളിയുടെ വായനാഭിരുചിയും പ്രവണതയും തിരിച്ചറിയുന്നതിനുവേണ്ടി വായനാസർവേ തുടങ്ങിയവ അവയിൽ ചിലതാണ്.

കേരള ഗ്രന്ഥശാലാസംഘത്തിന്റെ മുഖപത്രമായി ഗ്രന്ഥാലോകം മാസിക 1948 മുതൽ പ്രസിദ്ധീകരിച്ചുവരുന്നു. 1998 ൽ ഇതിന്റെ സുവർണജൂബിലി ആഘോഷിച്ചു.

## പഞ്ചവത്സരപദ്ധതികൾ

### ഒന്നാംപഞ്ചവത്സരപദ്ധതി (1951-56)

പഞ്ചവത്സരപദ്ധതി എന്ന ആശയം ഇന്ത്യ കടമെടുത്തിരിക്കുന്നത് യു.എസ്.എസ്.ആർ.ൽ നിന്നാണ്. 1951 ഏപ്രിൽ ഒന്നിനാണ് ഒന്നാം പഞ്ചവത്സരപദ്ധതി ആരംഭിച്ചത്. ഇതിന്റെ ആമുഖം തയ്യാറാക്കിയത് കെ.എൻ. രാജ് ആയിരുന്നു. കാർഷികപദ്ധതി എന്നാണിത് അറിയപ്പെടുന്നത്. കൃഷി, ജലസേചനം, വൈദ്യുതീകരണം എന്നീ മേഖലകൾക്കായിരുന്നു ഒന്നാം പഞ്ചവത്സരപദ്ധതി പ്രാധാന്യം നല്കിയത്. ഭക്രാനംഗൽ, ഹിരാക്കുഡ് എന്നിവയുടെ നിർമ്മാണവും ദാമോദർവാലി പദ്ധതിയും ആരംഭിച്ചത് ഈ കാലത്താണ്. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി.)(1953) സാമൂഹിക വികസനപദ്ധതി (കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാം), നാഷണൽ എക്സ്റ്റൻഷൻ സർവീസ് എന്നിവ ആരംഭിച്ചതും ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്താണ്. സാമൂഹികവികസനപദ്ധതി 1952 ഒക്ടോബർ രണ്ടിനാണ് ആരംഭിച്ചത്. ഗ്രാമങ്ങളിലെ ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെ പരിപൂർണ്ണമായ വികസനമായിരുന്നു ലക്ഷ്യം. ഒന്നാം പദ്ധതി ലക്ഷ്യമിട്ട വളർച്ചാനിരക്ക് 2.1% ഉം കൈവരിച്ചത് 3.6% ഉം ആയിരുന്നു. ലോകാരോഗ്യസംഘടനയുമായി ചേർന്ന് ശിശുമരണനിരക്ക് കുറയ്ക്കുന്നതിനായുള്ള പദ്ധതികൾ ആരംഭിച്ചതും ഇക്കാലത്താണ്. ന്യൂഡൽഹിയിൽ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എ.ഐ.ഐ.എം.എസ്.) സ്ഥാപിച്ചതും ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്താണ്.

### രണ്ടാം പഞ്ചവത്സരപദ്ധതി (1956-61)

വ്യവസായവത്ക്കരണത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് രണ്ടാം പഞ്ചവത്സരപദ്ധതി. വ്യാവസായികപദ്ധതി എന്നും ഇതറിയപ്പെടുന്നു. ഈ പദ്ധതിയുടെ മാതൃക തയ്യാറാക്കിയത് പി.സി. മഹലനോബിസാണ്. സോഷ്യലിസ്റ്റ് സമൂഹത്തെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യം രണ്ടാംപദ്ധതിക്കുണ്ടായിരുന്നു. തൊഴിലില്ലായ്മ കുറയ്ക്കുക, ദേശീയവരുമാനം ഉയർത്തുക എന്നിവ ഈ പദ്ധതിയുടെ ഉപലക്ഷ്യങ്ങളായിരുന്നു. രണ്ടാം പദ്ധതിയുടെ കാലത്താണ് ഇരുമ്പുരുക്കുശാലകളായ ദുർഗാപൂർ (പശ്ചിമബംഗാൾ- ബ്രിട്ടീഷ് സഹായം), ഭിലായ് (ഛത്തീസ്ഗഡ്-റഷ്യൻ സഹായം), റൂർക്കല (ഒഢീഷ-ജർമൻ സഹായം) എന്നിവ സ്ഥാപിക്കപ്പെട്ടത്. രണ്ടാം പദ്ധതി 4.27% വളർച്ചാനിരക്കാണ് കൈവരിച്ചത്. ലക്ഷ്യം വച്ചത് 4% വളർച്ചാനിരക്കായിരുന്നു.

### മൂന്നാം പഞ്ചവത്സരപദ്ധതി (1961-66)

സ്വാശ്രയത്വം ആർജ്ജിച്ചുകൊണ്ട് സമ്പദ്വ്യവസ്ഥ വളർത്തുക എന്നതായിരുന്നു മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം. ഭക്ഷ്യസ്വയംപര്യാപ്തതയ്ക്ക് ഈ പദ്ധതി ഊന്നൽ നല്കി. 1962 ലെ ഇന്ത്യ-ചൈന യുദ്ധവും 1965 ലെ ഇന്ത്യ-പാക് യുദ്ധവും കടുത്ത വരൾച്ചയും കാരണം 5.6 % വളർച്ച ലക്ഷ്യമിട്ടിരുന്ന പദ്ധതിയ്ക്ക് 2.4% വളർച്ച നേടാനേ കഴിഞ്ഞുള്ളു. 1966 മുതൽ 69 വരെയുള്ള

മൂന്നുവർഷമാണ് പ്ലാൻ ഹോളിഡേ എന്നറിയപ്പെട്ടത്. ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് (1965) സ്ഥാപിച്ചതും ഇന്ത്യയിൽ ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ചതും ഈ കാലയളവിലാണ്. മൂന്നാം പഞ്ചവത്സരപദ്ധതി ഊന്നൽ നല്കിയത് സമ്പദ്ഘടനയുടെ സ്വയം പര്യാപ്തതയ്ക്കായിരുന്നു.

### നാലാം പഞ്ചവത്സരപദ്ധതി (1969-74)

ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിന് ഊന്നൽ നല്കിയ പദ്ധതിയായിരുന്നു നാലാം പഞ്ചവത്സരപദ്ധതി. സ്ഥിരതയോടുകൂടിയ വളർച്ച, സ്വാശ്രയത്വം നേടിയെടുക്കൽ എന്നിവയായിരുന്നു ഇതിന്റെ ലക്ഷ്യം. വ്യവസായരംഗത്ത് 9% ഉം കാർഷിക രംഗത്ത് 5.6% ഉം വളർച്ച ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നു. 3.3% വളർച്ച കൈവരിക്കാനേ ഈ പദ്ധതിക്കായുള്ളു. ഇന്ത്യയിൽ ആദ്യമായി ബാങ്ക് ദേശസാൽക്കരണവും (1969-ൽ 14 ബാങ്കുകൾ) ആദ്യത്തെ ആണവപരീക്ഷണവും (1974 മെയ് 18) നടത്തിയത് ഈ പദ്ധതിക്കാലത്താണ്. ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഓപ്പറേഷൻ ഫ്ളഡ് ആരംഭിച്ചതും ഈ പദ്ധതിക്കാലത്താണ്. ഇന്തോ-പാക് യുദ്ധവും (1971) ബംഗ്ലാദേശിൽനിന്നുള്ള അഭയാർത്ഥിപ്രവാഹവും ഈ പദ്ധതി പരാജയപ്പെടാൻ കാരണമായി.

### അഞ്ചാം പഞ്ചവത്സരപദ്ധതി (1974-79)

ദാരിദ്ര്യനിർമാർജ്ജനത്തിനായിരുന്നു അഞ്ചാം പഞ്ചവത്സരപദ്ധതി പ്രാമുഖ്യം നൽകിയത്. ഡി.ഡി. ദർ ആയിരുന്നു ഈ പദ്ധതിയുടെ മാതൃക തയ്യാറാക്കിയത്. 5.1% മായിരുന്നു ഈ പദ്ധതിയുടെ ശരാശരി വളർച്ചാനിരക്ക്. ദാരിദ്ര്യനിർമാർജ്ജനത്തിനായി ഇന്ദിരാഗാന്ധി 1975-ൽ ഇരുപതിനപരിപാടികൾ നടപ്പിലാക്കിയത് അഞ്ചാം പഞ്ചവത്സരപദ്ധതിക്കാലത്താണ്. ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം ഈ പഞ്ചവത്സരപദ്ധതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാർഷികോത്പാദനം ലക്ഷ്യമാക്കി കമാന്റ് ഏരിയവികസനപദ്ധതി ആരംഭിച്ചതും ഇക്കാലത്താണ്. ആദ്യത്തെ ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപനവും തുടർന്നുണ്ടായ രാഷ്ട്രീയമാറ്റവും അഞ്ചാംപഞ്ചത്സരപദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സമായി. മൊറാർജി ദേശായി ഗവൺമെന്റ് 1978ൽ ഒരുവർഷം മുമ്പേ അഞ്ചാം പഞ്ചവത്സരപദ്ധതി അവസാനിപ്പിച്ചു.

### ആറാം പഞ്ചവത്സരപദ്ധതി (1980-85)

ദാരിദ്ര്യനിർമ്മാർജ്ജനമായിരുന്നു ആറാംപഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം. കാർഷിക-വ്യവസായമേഖലകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് ഉപലക്ഷ്യമായിരുന്നു. ആർ.എൽ.ഇ.ജി.പി., ഐ.ആർ.ഡി.പി., എൻ.ആർ.ഇ.പി. തുടങ്ങിയ വികസനപദ്ധതികൾ ആറാംപഞ്ചവത്സരപദ്ധതിക്കാലത്താണ് തുടങ്ങിയത്. ഡെവലപ്മെന്റ് ഓഫ് വിമൻ ആന്റ് ചിൽഡ്രൻ ഇൻ റൂറൽ ഏരിയാസ് (ഗ്രാമീണസ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യം) പദ്ധതി ആരംഭിച്ചതും ഇക്കാലയളവിലാണ്. 5.4 % വളർച്ച നേടിയ പദ്ധതിയായിരുന്നു ആറാംപഞ്ചവത്സരപദ്ധതി.

### ഏഴാം പഞ്ചവത്സരപദ്ധതി (1985-90)

തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ, ഭക്ഷ്യധാന്യഉല്പാദനവർദ്ധന, ആധുനികവത്കരണം, സ്വയംപര്യാപ്തത, സാമൂഹികനീതി തുടങ്ങിയവയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ള പദ്ധതിയാണ് ഏഴാം പഞ്ചവത്സരപദ്ധതി. ഇന്ത്യക്ക് വാർത്താവിനിമയ ഗതാഗതമേഖലകളിൽ വൻപുരോഗതി കൈവരിക്കാൻ ഇക്കാലയളവിൽ സാധിച്ചു. കേന്ദ്രത്തിലെ രാഷ്ട്രീയ അനിശ്ചിതത്വം കാരണം 1990 മുതൽ 92 വരെ വാർഷിക പദ്ധതികളായിരുന്നു. ഈ പദ്ധതി 6% വാർഷികവളർച്ച നേടി.

## എട്ടാം പഞ്ചവത്സരപദ്ധതി (1992-97)

എട്ടാം പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനലക്ഷ്യം മനുഷ്യവികസനം (ഹ്യൂമൻ ഡെവലപ്മെന്റ്) ആയിരുന്നു. പ്രാഥമികവിദ്യാഭ്യാസം, ശുദ്ധജലവിതരണം, കൂടുതൽ തൊഴിലവസരങ്ങൾ, ജനസംഖ്യാനിയന്ത്രണം എന്നിവയുടെ വികാസമായിരുന്നു മാനവവികസനപദ്ധതിയുടെ പ്രധാന ഘടകങ്ങൾ. വ്യവസായങ്ങളുടെ ആധുനികവൽക്കരണവും ഈ പദ്ധതിയുടെ ലക്ഷ്യമായിരുന്നു. ഇന്ത്യ ലോകവ്യാപാരസംഘടനയിൽ അംഗമായത് (1995) ഈ പദ്ധതിക്കാലത്താണ്. നരസിംഹ റാവുഗവൺമെന്റ് ന്യൂ ഇക്കണോമിക് പോളിസി നടപ്പിലാക്കിയതും, പ്രധാനമന്ത്രി റോസ്ഗാർ യോജന ആരംഭിച്ചതും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (1992) പഞ്ചായത്ത്‌രാജ് (1993) എന്നിവ നിലവിൽവന്നതും എട്ടാം പഞ്ചവത്സരപദ്ധതിക്കാലത്താണ്. ഈ പദ്ധതി ലക്ഷ്യംവച്ചത് 5.6% വളർച്ചാനിരക്കാണ്. എന്നാൽ 6.8 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചു.

## ഒമ്പതാം പഞ്ചവത്സരപദ്ധതി (1997-2002)

സ്വാതന്ത്ര്യത്തിന്റെ അമ്പതാംവാർഷികത്തിൽ തുടങ്ങിയ ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം സ്ത്രീശാക്തീകരണമായിരുന്നു. ദരിദ്രർക്ക് ഭവനനിർമ്മാണ സഹായം, കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കൽ, ശുദ്ധജലവിതരണം ലഭ്യമാക്കൽ, പ്രാഥമിക ആരോഗ്യസൗകര്യം വർദ്ധിപ്പിക്കൽ, പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കൽ, ഗ്രാമങ്ങളെ മുഖ്യധാരയുമായി ബന്ധിപ്പിക്കൽ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്ക് ഒമ്പതാം പഞ്ചവത്സരപദ്ധതി പ്രാധാന്യം നല്കി. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) പ്രൈം മിനിസ്റ്റേഴ്സ് ഗ്രാം സഡക്ക് യോജന (പി.എം.ജി.എസ്.വൈ.) എന്നിവ ഗ്രാമീണമേഖലയുടെ അടിസ്ഥാനവികസനത്തിനായി ഒമ്പതാം പഞ്ചവത്സരപദ്ധതിക്കാലത്ത് നടപ്പിലാക്കിയ പദ്ധതികളാണ്. അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ പദ്ധതികളും ഈ കാലയളവിൽ നടപ്പിലാക്കി. തീവ്രവാദം തടയുന്നതിനായി ഇന്ത്യൻ പാർലമെന്റ് ഒമ്പതാം പഞ്ചവത്സരപദ്ധതികാലത്ത് നടപ്പിലാക്കിയ നിയമമാണ് പി.ഒ.റ്റി.എ. (പ്രിവെൻഷൻ ഓഫ് ടെററിസം ആക്ട് 2002). കുടുംബശ്രീപ്രവർത്തനം ആരംഭിക്കുന്നതും ഇക്കാലത്താണ് ഒമ്പതാം പഞ്ചവത്സരപദ്ധതി ലക്ഷ്യമിട്ടത് 6.5% വളർച്ചനിരക്കായിരുന്നു എന്നാൽ നേടാനായത് 5.4% വളർച്ചയാണ്.

## പത്താം പഞ്ചവത്സരപദ്ധതി (2002-2007)

സാക്ഷരത 75% ആയി ഉയർത്തുക, ദാരിദ്ര്യനിർമാർജ്ജനം, പത്തുവർഷംകൊണ്ട് ആളോഹരി വരുമാനം ഇരട്ടിപ്പിക്കുക എന്നിവ പത്താംപദ്ധതിയുടെ ലക്ഷ്യങ്ങളായിരുന്നു. ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (എൻ.ആർ.എച്ച്.എം.) ഭാരത് നിർമ്മാൺ, ജവഹർലാൽനെഹ്റു അർബൻ റിന്യൂവൽ മിഷൻ, ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവ പ്രഖ്യാപിക്കപ്പെട്ടത് ഇക്കാലത്താണ്. വിദേശമൂലധനനിക്ഷേപം 750 കോടി ഡോളറായി ഉയർത്തുകയും അഞ്ചുവർഷംകൊണ്ട് ഓഹരിവില്പനയിലൂടെ 78,000 കോടി രൂപ സമാഹരിക്കാൻ ഉദ്ദേശിക്കുകയും ചെയ്തു. ഈ പദ്ധതിയിലെ കേന്ദ്രബജറ്റ് സഹായം 7,06,000 കോടി രൂപയാണ്. പ്രാഥമിക വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കായി 2002ൽ സർവശിക്ഷാ അഭിയാൻ ആരംഭിച്ചു. പത്താം പഞ്ചവത്സരപദ്ധതിക്കാലത്താണ് കേരള വികസന പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി ലക്ഷ്യമിട്ടത് 8% വളർച്ചാനിരക്കാണ്. എന്നാൽ നേടിയത് 7.7% വളർച്ചാനിരക്കാണ്.

## പതിനൊന്നാം പഞ്ചവത്സരപദ്ധതി (2007-2012)

പതിനൊന്നാം പദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യം എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വളർച്ച (ഇൻക്ലൂസീവ് ഗ്രോത്ത്) ആയിരുന്നു. ദാരിദ്ര്യം പത്തുശതമാനമായി കുറയ്ക്കുക, ഏഴുകോടി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ജനസംഖ്യാനിരക്ക് കുറയ്ക്കുക എന്നീലക്ഷ്യങ്ങളെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്. 1000ത്തിനു മുകളിൽ ജനസംഖ്യയുള്ള എല്ലാ ഗ്രാമങ്ങളിലും റോഡുകൾ, കാർഷിക മേഖലയിൽ 4% വളർച്ചാനിരക്ക്, എല്ലാവർക്കും ശുദ്ധജലം, ആഭ്യന്തരഉല്പാദന

വളർച്ചാനിരക്ക് 9% മായി വർദ്ധിപ്പിക്കുക, മാതൃമരണനിരക്ക് 100ന് 1 ആയി കുറയ്ക്കുക എന്നിവയും പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യങ്ങളായിരുന്നു. ഈ പദ്ധതിയുടെ കാലത്ത് വനമേഖല 5% വർദ്ധിച്ചു. പഞ്ചവത്സരപദ്ധതികളിൽ ഏറ്റവും കൂടുതൽ ശരാശരി സാമ്പത്തിക വളർച്ചാനിരക്ക് കൈവരിച്ചത് പതിനൊന്നാം പഞ്ചവത്സരപദ്ധതിയിലാണ്. 7.9% വളർച്ചാനിരക്ക് കൈവരിക്കാൻ ഈ പദ്ധതിക്ക് സാധിച്ചു. രാഷ്ട്രീയ കൃഷി വികാസ് യോജന (2007), ആം ആദ്മി ബീമ യോജന (2008), രാജീവ് ആവാസ് യോജന (2011) സ്വാഭിമാൻ വികസനപദ്ധതികൾ, ആധാർ പദ്ധതി തുടങ്ങിയവയും ഈ കാലഘട്ടത്തിലാണ് നടപ്പിലാക്കിയത്.

### പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17)

സുസ്ഥിരവികസനം, ത്വരിതഗതിയിലുള്ള വളർച്ച, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച എന്നിവയാണ് പന്ത്രണ്ടാം പഞ്ചവത്സപദ്ധതിയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതിയുടെ കരടുരേഖയിൽ 9% വളർച്ചാനിരക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ 2012 ഡിസംബറിൽ ചേർന്ന ദേശീയ വികസനസമിതിയുടെ യോഗം 8% എന്ന് പ്രഖ്യാപിച്ചു.

## സാക്ഷരതാപ്രവർത്തനം

ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളത്തിൽ ഉയർന്ന സാക്ഷരതാനിലവാരമാണുള്ളത്. സ്ത്രീ-പുരുഷ സാക്ഷരതാ നിരക്ക് ഏതാണ്ട് ഒരുപോലെയാണ്. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് 1800കൾ മുതൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസരീതി കേരളത്തിൽ ഉണ്ടായിരുന്നു എന്നതാണ്. തിരുവിതാംകൂറിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസത്തിന് തുടക്കമിട്ടത് റാണിഗൗരീപാർവ്വതീഭായിയാണ്. 1818-ൽ കൊച്ചീരാജ്യത്തും ഔപചാരികവിദ്യാലയങ്ങൾ ആരംഭിച്ചു. 1829-ൽ തിരുവനന്തപുരത്ത് പബ്ലിക് ലൈബ്രറിയും സ്ഥാപിക്കപ്പെട്ടു. പിന്നീട് ജനാധിപത്യസംവിധാനത്തിൽ വളർന്നുപന്തലിച്ച ഗ്രന്ഥശാലാപ്രസ്ഥാനവും കേരളത്തിലെ ഉയർന്ന സാക്ഷരതയ്ക്ക് സഹായകമായി. വിദ്യാഭ്യാസരംഗത്തെ ക്രിസ്ത്യൻമിഷണറിമാരുടെ സംഭാവനകളും പ്രത്യേകം സ്മരണീയമാണ്.

എഴുത്തും വായനയും കണക്കുകൂട്ടലും പഠിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള വയോജനവിദ്യാഭ്യാസപരിപാടിയും വിദ്യാലയസംവിധാനത്തോടു ചേർന്നാരംഭിച്ച നിശാപാഠശാലകളും നിരക്ഷരരായ വയോജനങ്ങളെ സാക്ഷരരാക്കാനുള്ള ഉദ്യമങ്ങളായിരുന്നു. 1981 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ സാക്ഷരത 70.4% ആയിരുന്നു. പുരുഷസാക്ഷരത 75.3 ഉം സ്ത്രീസാക്ഷരത 65.7ഉം. ഈ സാഹചര്യത്തിലാണ് പൂർണ്ണ സാക്ഷരതയ്ക്കുവേണ്ടിയുള്ള പുതിയ പരിപാടികൾ ആവിഷ്കരിക്കപ്പെട്ടത്. കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ സാക്ഷരതാമിഷന്റെ മാർഗരേഖകളനുസരിച്ച് 1990 മുതൽ കേരളസാക്ഷരതാ സമിതി പ്രവർത്തിച്ചുതുടങ്ങി.

പ്രാദേശികാടിസ്ഥാനത്തിൽ സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ഏജൻസികളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സാക്ഷരതായജ്ഞങ്ങൾ കോട്ടയം മുൻസിപ്പാലിറ്റിയിലും (കോട്ടയം ആദ്യസാക്ഷരനഗരം) എറണാകുളം ജില്ലയിലും വിജയം കണ്ടു. എറണാകുളം ജില്ല പൂർണ സാക്ഷരത കൈവരിച്ചുകഴിഞ്ഞപ്പോൾ മറ്റു പതിമൂന്നു ജില്ലകളിലേക്കുംകൂടി സാക്ഷരതാപദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് സാക്ഷരതാസമിതി സ്വയംഭരണസ്ഥാപനമായി രജിസ്റ്റർചെയ്തു. ഒരു വർഷത്തിനകം കേരളത്തിലെ നിരക്ഷരത പൂർണ്ണമായും നിർമാർജ്ജനം ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. ഊർജിതവും സംയോജിതവുമായ പ്രവർത്തനത്തിലൂടെ, സർക്കാരിന്റെയും മറ്റുപല സന്നദ്ധസംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തിലൂടെ കേരളത്തിനു സമ്പൂർണ്ണസാക്ഷരത എന്ന ലക്ഷ്യം നേടിയെടുക്കാനായി. 1991 ഏപ്രിൽ 18-ാം തീയതി കേരളം

സമ്പൂർണ്ണസാക്ഷരതാസംസ്ഥാനമായി പ്രഖ്യാപിച്ചു. പക്ഷേ തുടർന്നുള്ള അലംഭാവത്താൽ കേരളത്തിന് ആ സ്ഥാനം നഷ്ടമായി.

സമ്പൂർണ്ണസാക്ഷരതാപ്രഖ്യാപനത്തിനു പിന്നാലെ തുടർവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സമഗ്രമായ പദ്ധതിക്ക് രൂപംകൊടുത്തു. അതാണ് അക്ഷരസംഘം. സാക്ഷരതാനിലവാരം നിലനിർത്തുകും വികസിപ്പിക്കുകയുമായിരുന്നു അതിന്റെ മുഖ്യലക്ഷ്യം. ഇതുമുന്നിൽക്കണ്ടുകൊണ്ട് വികസനവേദി, വിജ്ഞാനവേദി, വനിതാവേദി, കലാസാംസ്കാരികവേദി എന്നീ ജനകീയപ്രസ്ഥാനങ്ങൾക്ക് രൂപം നല്കി. പക്ഷേ പല കാരണങ്ങളാലും അവയുടെ പ്രവർത്തനം വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് തുടർവിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനസാക്ഷരതാമിഷനുരൂപം നല്കിയത്. ദേശീയ സാക്ഷരതാമിഷന്റെ സാമ്പത്തിക സഹായത്തോടും സഹകരണത്തോടുംകൂടിയാണ് ഇതിന്റെ പ്രവർത്തനം.

സാക്ഷരതാപ്രവർത്തനങ്ങൾക്കുശേഷമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലാരംഭിച്ച നൂതനപരിപാടിയാണ് തുടർവിദ്യാഭ്യാസം. വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രവികസനമാണ് ഇതുലക്ഷ്യമിടുന്നത്. സമൂഹത്തിലെ എല്ലാവിഭാഗമാളുകൾക്കും തങ്ങളുടെ അറിവും കഴിവും പങ്കാളിത്തവും വികസിപ്പിക്കാൻ സഹായകമായ അനൗപചാരിക വിദ്യാഭ്യാസ സംവിധാനമാണ് തുടർവിദ്യാഭ്യാസം. ഏവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം എന്നതാണിതിന്റെ പ്രഖ്യാപിത ലക്ഷ്യം. തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ ഏകീകരിക്കാനും പരസ്പരസഹകരണം മെച്ചപ്പെടുത്താനുമുദ്ദേശിച്ച് സംസ്ഥാനസാക്ഷരതാമിഷൻ തുടർവിദ്യാഭ്യാസവാർത്തകൾ എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്.

കേരളം ജനകീയാസൂത്രണത്തിലൂടെ വികസനത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. സാക്ഷരതാമിഷന്റെ തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ഇതിൽ നിർണായകപങ്കുവഹിക്കാനാകും.

## ദളിത്മുന്നേറ്റങ്ങൾ

അടിച്ചമർത്തപ്പെട്ടവൻ എന്നർത്ഥം വരുന്ന മറാട്ടി -ഹിന്ദി സംജ്ഞയാണ് ദലിത്. മഹാത്മാജ്യോതിറാവുഫുലെയാണ് ഈ പദം ആദ്യമായി ഇത്തരത്തിൽ ഉപയോഗിച്ചത്. ദലിത് ഒരു ജാതിയല്ല, തിരിച്ചറിവാണ്. അധികാരങ്ങൾക്ക് കീഴെയുള്ള അടിമത്തം അവസാനിപ്പിക്കുവാൻ, അപകർഷതാബോധം വലിച്ചെറിഞ്ഞ് സ്വത്വബോധത്തോടെ ഉണർന്നെഴുന്നേല്ക്കുവാനുള്ള ജ്ഞാനപദമാണ് ദലിത് എന്നത്. ബഹുഭൂരിപക്ഷം വരുന്ന അവർണ്ണജനത ഇന്നും അതിജീവനസമരത്തിന്റെ പാതയിലാണ്. ജാതിമേല്ക്കോയ്മയെ മനസിലൊളിപ്പിച്ച് അധികാരം കൈയാളുന്ന സവർണ ഭരണാധികാരികൾ ഉള്ളിടത്തോളം കാലം അവർണ്ണജനതയുടെ സമഗ്രവിമോചനം അകലെയാണ്. പ്രബല ജാതിസംഘടനകൾ രാഷ്ട്രീയത്തിനുമേൽ അവിഹിത സ്വാധീനമുറപ്പിക്കുകയും ജാതിപക്ഷപാതത്തിനു തട്ടകമാക്കുകയും ചെയ്യുന്ന വർത്തമാനകാലമാണിന്നു നമുക്കുള്ളത്. പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ ഇടം പിടിച്ചുള്ള വിഭാഗങ്ങളും വർഗങ്ങളും ഭരണ-പ്രതിപക്ഷ സന്ധിനിയമമനുസരിച്ച് വഴിപാടുസമരങ്ങൾ നടത്തി കാര്യങ്ങൾ നേടിയെടുക്കുമ്പോൾ ഇരകളുടെ പ്രതിരോധങ്ങളിൽനിന്നുയർന്നുവരുന്ന പ്രക്ഷോഭങ്ങളെ ക്രിയാത്മകമായി നിയന്ത്രിക്കാൻ ദളിത് ജനതയ്ക്കിടയിൽ നേതൃത്വം രൂപപ്പെട്ടുവരുന്നതും കാണാം.

സാമൂഹ്യമാറ്റത്തിന് അനിവാര്യമായ ഘടകം വിദ്യാഭ്യാസപുരോഗതിയാണ്. 1914 മുതലാണ് ദലിതർക്ക് സ്കൂളിൽ കയറുവാനുള്ള അനുമതി കിട്ടുന്നത്. സ്വാതന്ത്ര്യാനന്തരകേരളത്തിൽ എടുത്തുപറയത്തക്ക വ്യക്തിഗതനേട്ടങ്ങൾ ദലിതർ ഉണ്ടാക്കി എന്നഭിമാനിക്കാൻ ഇപ്പോഴും കഴിയില്ല. അറിഞ്ഞോ അറിയാതെയോ ദലിതർ താഴേക്കിടയിലുള്ളവരാണ് എന്ന തോന്നൽ ഇന്നും സമൂഹത്തിൽ സജീവമായി

നിലനില്ക്കുന്നുണ്ട്. മേൽക്കോയ്മ ഇന്നും ജാതിപരമായി നിലനിർത്തുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ഭാഷാടിസ്ഥാനത്തിൽ കേരളം രൂപീകരിച്ചതുമുതൽ ഉപജാതിചിന്തകൾക്കതീതമായി ദലിത് ജനതയെ സംഘടിപ്പിച്ച നേതാവാണ് കല്ലറ സുകുമാരൻ. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ ദലിതർ അന്യവൽക്കരിക്കപ്പെട്ടപ്പോൾ അവർ ശക്തരാകണമെന്നും ദലിത് തമസ്കരണത്തിനെതിരെ ചെറുത്തുനില്ക്കണമെന്നും അദ്ദേഹം സമുദായത്തെ ധരിപ്പിച്ചു. അധികാരത്തിലെ പങ്കാളിത്തത്തോടെ മാത്രമേ ദലിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവൂ എന്ന് മനസിലാക്കിയതോടെ സുകുമാരൻ അംബേദ്കറിനോട് കൂടുതൽ അടുത്തു. ഡോ. അംബേദ്കറിനെ മലയാളികൾക്ക് പരിചയപ്പെടുത്തിയത് കല്ലറ സുകുമാരനാണ്. അതിനുശേഷമാണ് ദലിത് പാന്തേഴ്സ് കേരളത്തിൽ പ്രവർത്തിച്ചു തുടങ്ങിയത്. പീരുമേട് താലൂക്ക് ഹരിജൻ ഫെഡറേഷനിൽ ആരംഭിച്ച് കേരളാ ഹരിജൻ ഫെഡറേഷൻ തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ വളർന്ന് സുകുമാരൻ ഇന്ത്യൻ ദലിത് ഫെഡറേഷൻ രൂപീകരിച്ചു. അയ്യങ്കാളിക്കുശേഷം ഉപജാതിചിന്ത വെടിഞ്ഞ് വിശാലാർത്ഥത്തിൽ പട്ടികജാതി എന്ന് ഒറ്റ ശീർഷകത്തിൽ ഈ ജനതയെ സംഘടിപ്പിച്ചതും കല്ലറ സുകുമാരനാണ്.

1893 ഫെബ്രുവരി 13-ന് ഗുരുവായൂരിൽ നമസ്കാരസദ്യയ്ക്കെതിരെ ആഞ്ഞടിച്ച സുകുമാരൻ ദലിതർക്കെതിരെ ക്ഷേത്രങ്ങളിൽ നിലനില്ക്കുന്ന വിവേചനത്തെ ചോദ്യം ചെയ്തു. കേരള ഹരിജൻ ഫെഡറേഷന്റെ നൂറു പ്രവർത്തകർ തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ കുളിച്ചുതൊഴുത് തുടങ്ങിയ യാത്ര കേരളത്തിലെ പ്രസിദ്ധമായ 51 ക്ഷേത്രങ്ങളിൽ ദർശനം നടത്തിയശേഷം ഗുരുവായൂരിൽ കുളിച്ചുതൊഴുത് മൂന്ന് ഊട്ടുപുരകളിലും കയറി പന്തിഭോജനം ചെയ്തു.

കേരളത്തിലെ ദലിതരെ സംബന്ധിച്ചിടത്തോളം ചെറുത്തുനില്പിന്റെ തുടക്കം പ്രയോഗവത്ക്കരിക്കുന്നത് അയ്യങ്കാളിയിലൂടെയാണ്. അധഃസ്ഥിതജനതയുടെ സമഗ്രപുരോഗതിയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനായി അധഃസ്ഥിതജനതയെ ഒരു സംഘടിതശക്തിയായി ഉയർത്താനും അവരിൽ മനുഷ്യാവകാശബോധവും സമത്വബോധവും വളർത്തിയെടുക്കാനും അദ്ദേഹം അക്ഷീണം പരിശ്രമിച്ചു. 1893-ൽ വെങ്ങാനൂരിനെ നടുക്കിയ സംഭവമായിരുന്നു അയ്യങ്കാളി നടത്തിയ വില്ലുവണ്ടിയാത്ര. വില്ലുവണ്ടിയാത്രയ്ക്ക് അനിവാര്യമായ ഘടകം ചന്തയിൽ തങ്ങുടെ കൃഷിഫലങ്ങൾ വില്ക്കാനും അതിലൂടെ ദലിതർ നേരിട്ട ചൂഷണത്തെ എതിർക്കാനുമായിരുന്നു. അക്കാലത്ത് ദലിതർ തങ്ങളുടെ കൃഷിഫലങ്ങൾ ചന്തയ്ക്കുവെളിയിൽ വയ്ക്കുകയും ആവശ്യമുള്ളവർ അതെടുത്തശേഷം അവർക്കിഷ്ടമുള്ള തുക കുട്ടയിൽ വയ്ക്കുകയുമായിരുന്നു. ഇതിനെതിരെ, ചന്തയിൽ പ്രവേശിക്കാനും ക്രയവിക്രയം നടത്തുവാനുമുള്ള അവകാശവും അനുവാദവുമാണ് അയ്യങ്കാളിയുടെ വില്ലുവണ്ടിയാത്രയ്ക്ക് നിദാനം.

സാമൂഹിക പുരോഗതിക്ക് അവശ്യം വേണ്ടത് സാമൂഹിക സമത്വചിന്തയാണ്. എല്ലാ മേഖലകളിലും പെട്ട ആൾക്കാർക്ക് തുല്യപരിഗണനയും അംഗീകാരവും കൊടുക്കണം. ജാതിയുടെയോ വർഗ്ഗത്തിന്റെയോ വംശത്തിന്റെയോ ജാതിമഹത്വത്തിന്റെയോ പേരിൽ കീഴാളരെ ഒറ്റപ്പെടുത്തുകയും മുഖ്യധാരയിൽനിന്നും മാറ്റിനിർത്തുകയും ചെയ്യുന്നത് അവരുടെ അജ്ഞതയോ അനൈക്യമോ മുതലെടുത്തുകൊണ്ടാണ്. ഇതിനെതിരെ ശക്തമായ പ്രതിഷേധമായാണ് അയ്യങ്കാളി തന്റെ ജനതയോട് ചായക്കടയിലെ ചിരട്ട ഒഴിവാക്കണമെന്ന് പറഞ്ഞത്. തങ്ങൾക്കും മറ്റുള്ളവരേപ്പോലെ ഗ്ലാസ്സുകളിൽ ചായകുടിക്കാൻ അവകാശമുണ്ടെന്ന് തന്റെ ജനതയെ ബോധ്യപ്പെടുത്തുകയായിരുന്നു അദ്ദേഹം.

ജ്ഞാനമേഖലയിൽനിന്നും ദലിതർ മാറ്റിനിർത്തപ്പെട്ടതാണ് തങ്ങൾക്കുപറ്റിയ കുഴപ്പമെന്ന് മനസ്സിലാക്കിയ അയ്യങ്കാളി 1905-ൽ വെങ്ങാനൂരിൽ കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു. സാമുദായിക നവോത്ഥാനത്തിന് വിദ്യാഭ്യാസം അനിവാര്യമാണെന്നും തന്റെ ജനതയ്ക്ക് സൗജന്യവിദ്യാഭ്യാസം നല്കണമെന്നും അദ്ദേഹം ഭരണാധികാരികളോട് ആവശ്യപ്പെട്ടു. 1910 ൽ സ്കൂൾ പ്രവേശനത്തിന് അനുമതി കിട്ടിയെങ്കിലും സവർണമനസുകൾക്ക് ദലിത് ജനതയെ ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. തിരുവിതാംകൂറിനു വെളിയിൽവിട്ടും തന്റെ ജനതയെ വിദ്യാഭ്യാസം ചെയ്യിക്കാൻ അദ്ദേഹം പരിശ്രമിച്ചു. തന്റെ ജനതയുടെ

ഏകോപനവും പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് അയ്യങ്കാളി 1907-ൽ സാധുജനപരിപാലനസംഘത്തിന് രൂപം നല്കി.

സഞ്ചാരസ്വാതന്ത്ര്യം, സ്കൂൾപ്രവേശനം, തൊഴിലാളികൾക്ക് മിതമായ കൂലി, ഒരു ദിവസം വിശ്രമം, തൊഴിൽ സമയം ക്രമപ്പെടുത്തൽ എന്നീ അഞ്ചുലക്ഷ്യങ്ങൾ മുൻനിർത്തി അവയ്ക്ക് പ്രതിവിധി തേടിക്കൊണ്ട് അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ കാർഷിക സമരം ദലിത് ജനതയുടെ സാമൂഹികജീവിതക്രമത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി. സാമുദായിക പരിഷ്കരണത്തിന്റെ ഭാഗമായി അനാചാരങ്ങളെ എതിർക്കാൻ അദ്ദേഹം അണികളോടാവശ്യപ്പെട്ടു. അക്കാലത്ത് പുലയർ, പറയർ, കുറവർ തുടങ്ങിയ അധഃസ്ഥിതസ്ത്രീകൾ കഴുത്തിൽ കല്ലുമാല ധരിക്കണമായിരുന്നു. 1915 ഒക്ടോബർ 24ന് കൊല്ലം പെരിനാട്ടിൽ വച്ചു നടന്ന യോഗത്തിൽ കല്ലുമാല പൊട്ടിച്ചെറിയാനും മേൽവസ്ത്രം ധരിക്കാനും സ്ത്രീകളോടാവശ്യപ്പെട്ടു. സമുദായ രംഗത്തു നടന്ന ഏറ്റവുംവലിയ പരിഷ്കാരമായിരുന്നു അത്.

ഇതേ കാലയളവിലാണ് ശ്രീകുമാരഗുരുദേവന്റെ പ്രവർത്തനങ്ങളും ശക്തിപ്രാപിച്ചുവരുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ആത്മീയാടിത്തറയുറപ്പിച്ചുകൊണ്ട് കീഴാളജനതയുടെ സ്വത്വാധിഷ്ഠിതമുന്നേറ്റത്തിനാണ് ശ്രമിച്ചത്. അടിമജനതയുടെ സാമൂഹികജീവിതത്തെ പുനർനിർവചിച്ച് സ്വത്വബോധത്തിലുറച്ച് വളർച്ചയിലേക്ക് കൈപിടിച്ചു നടത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

സമൂഹത്തിൽ മനുഷ്യാവകാശങ്ങളിലും, ഭൗതികജീവിതാന്തസ്സുയർത്തുന്നതിലും സ്വതന്ത്രമായ ആത്മീയാവിഷ്കാരത്തിലും കീഴാളജനത വർണ്ണധർമ്മങ്ങൾക്കു വിധേയപ്പെട്ടു നിലകൊള്ളണമെന്ന സവർണമതത്തെ ചോദ്യംചെയ്തുകൊണ്ടാണ് കേരളത്തിൽ സാമൂഹിക നവോത്ഥാനപ്രക്രിയകൾ ആരംഭിക്കുന്നത്. നവോത്ഥാനനടപടികളിലെ നാഴികക്കല്ലായി മാറിയ അടിമത്ത നിരോധനം (1855) ചാന്നാർ ലഹള (1859) വില്ലുവണ്ടിയാത്ര (1893) കാർഷികസമരം(1910) പി.ആർ.ഡി.എസ്. സ്ഥാപിക്കൽ (1910) എന്നിവയെ പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും നടവഴികളിലെ സുവർണ മുദ്രകളായി രേഖപ്പെടുത്തേണ്ടതാണ്. ഭാഷാ, വസ്ത്രം, പാർപ്പിടം, ആഭരണങ്ങൾ എന്നിവയിലൂടെ ഒരാളെ തിരിച്ചറിയാൻ കഴിയുന്ന അലിഖിത സാമൂഹിക നിലപാടുകൾ 1855-ലെ അടിമത്ത നിരോധനനിയമത്തിനുശേഷവും കല്ലുമാല പൊട്ടിക്കൽ സമരംവരെ നിലനിന്നു എന്നത് ദലിതർ സാമൂഹികാചാരങ്ങളെ അനുഷ്ഠാനമായി കാണുന്നതുകൊണ്ടാണ്. ഇവിടെയാണ് കീഴാളവിഭാഗങ്ങൾ സ്വയം നവീകരിക്കുന്നതിന് തയ്യാറാകേണ്ടത്. ഏതെങ്കിലും തരത്തിലുള്ള അടിമ മനോഭാവം സൂക്ഷിക്കുന്നവരായിരിക്കരുത് ദലിത് വിഭാഗങ്ങൾ. മാനസികവും മതപരവുമായ അടിമത്തം ദലിത് ജനതയുടെ ആത്മാഭിമാനവളർച്ചയ്ക്ക് വിലങ്ങുതടിയാണെന്ന തിരിച്ചറിവാണ് കുമാരഗുരുവിനെപ്പോലുള്ളവർ കീഴാള ആത്മീയബോധത്തിലുറച്ച് സവർണ പരിരക്ഷിത ആത്മീയതയെ വെല്ലുവിളിച്ചത്.

ദലിതരെ സംബന്ധിച്ചിടത്തോളം നവോത്ഥാനമെന്നു പറയുന്നത് സമുദായത്തിന് വെളിച്ചം പകർന്ന് അവകാശബോധമുള്ളവരാക്കിത്തീർക്കുക എന്നുള്ളതാണ്. യാതൊരുവിധ അടിമത്താനുഭവമോ വിധേയത്വമോ മനോഭാവമോ ഉണ്ടാകാതെയും തുല്യപൗരാവകാശാനുഭവ സാമൂഹിക ജീവിതക്രമത്തിന് അവരെ പ്രാപ്തരാക്കുകയുമാണ് വേണ്ടത്.

## സ്ത്രീശാക്തീകരണം

സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും അതിരുകളിലും അധികാരപരിധികൾക്കുള്ളിലും നില്ക്കുവാൻ നിർബന്ധിക്കപ്പെട്ട സ്ത്രീകളുടെ ഉയർത്തെഴുന്നേല്പായിരുന്നു സ്ത്രീവാദവും സ്ത്രീശാക്തീകരണവും. ഓരോ സ്ത്രീയും സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിച്ചേരുന്നത് പലതരത്തിലുള്ള പ്രതിസന്ധികളെ നിർദ്ദയം വിചാരണ ചെയ്തുകൊണ്ടാണ്. വ്യവസ്ഥാപിതസമൂഹം സ്ത്രീയെപ്പറ്റി രൂപപ്പെടുത്തിയ സാമാന്യബോധത്തിനോട് നിരന്തരം കലഹങ്ങൾക്കൂട്ടിയും സമരസപ്പെട്ടുമാണ് സ്ത്രീ അവളുടെ പൊതുജീവിതം ഉയർത്തിക്കൊണ്ടുവരുന്നത്. ചരിത്രം രാഷ്ട്രതന്ത്രം പരിശീലിക്കാനാണ് പുരുഷനെ പ്രാപ്തനാക്കിയതെങ്കിൽ വൈശികതന്ത്രങ്ങൾ അഭ്യസിക്കാൻ പാകത്തിലാണ് സ്ത്രീയെ

വളർത്തിയെടുത്തത്. സ്വന്തം സത്തയെ തിരിച്ചറിയാനോ പൊതു ഇടങ്ങളിലെ ക്രിയാത്മക സംവാദങ്ങളിൽ പങ്കാളിയാകാനോ അധികാരത്തിലെത്താനോ അനുവദിക്കാതെ ശിഥിലമാക്കിയ സ്വത്വത്തിനുള്ളിലാണ് സ്ത്രീ രൂപപ്പെട്ടത്.

സമൂഹത്തിൽ പുരുഷനെപ്പോലെതന്നെ എല്ലാവിധമായ അവകാശങ്ങളും തുല്യ അവസരങ്ങളും ഉള്ളവരാണ് സ്ത്രീകൾ. എന്നാൽ കാലാകാലങ്ങളായി നിലനില്ക്കുന്ന വിവേചനവും അടിച്ചമർത്തലും ചൂഷണവും അനുഭവിക്കുന്നവരാണ് സ്ത്രീസമൂഹം. പുരുഷനോടൊപ്പം തുല്യഅവകാശങ്ങളും അവസരങ്ങളും ലഭ്യമാകുന്നതിനുവേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടങ്ങൾക്ക് ഇന്ന് വളരെ പ്രാധാന്യം ലഭിച്ചിട്ടുണ്ട്. സുരക്ഷിതമായി ജീവിക്കുവാനും ഇഷ്ടമുള്ള തൊഴിൽ മേഖലകളിൽ ഏർപ്പെടാനും സ്വതന്ത്രമായി യാത്രചെയ്യാനും സ്ത്രീകൾക്ക് ഇന്നും കഴിയാത്ത ഒരു സാമൂഹ്യാവസ്ഥയിലാണ് അവർ ജീവിക്കുന്നത്. മാത്രമല്ല പലപ്പോഴും വിവാഹവും കുടുംബവും സ്ത്രീയുടെ അടിസ്ഥാനപരമായ അവകാശങ്ങളെയും അവസരങ്ങളെയും ഹനിക്കുന്ന വ്യവസ്ഥിതികളായി മാറുന്ന സാഹചര്യവും നിലവിലുണ്ട്.

വ്യക്തിജീവിതത്തിലും സാമൂഹികസാമ്പത്തികരാഷ്ട്രീയ മേഖലകളിലുമെല്ലാം സ്ത്രീകൾക്ക് ശരിയായ രീതിയിലുള്ള അവകാശങ്ങൾ ലഭ്യമാകാതെ നീതി നിഷേധിക്കപ്പെടുന്നുണ്ട്. പുരുഷനോളം കായികബലവും മാനസിക പക്വതയും ഇല്ലാത്ത അബലയും അവശയുമാണ് സ്ത്രീ എന്ന കാഴ്ചപ്പാട് പുരുഷാധിപത്യസമൂഹത്തിൽ പുരുഷൻ ബോധപൂർവ്വം സൃഷ്ടിച്ചെടുത്തതിന്റെ ഫലമായി സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാതിരുന്ന സ്ഥിതിവിശേഷമുണ്ടായി. ചൂഷണോന്മുഖമായതും തുല്യനീതി ലഭ്യമാകാത്തതുമായ സാമൂഹ്യസംവിധാനത്തിനുള്ളിൽ സ്ത്രീകൾക്ക് തങ്ങളുടെ വ്യക്തിത്വം കണ്ടെത്താനോ പ്രശ്നപരിഹാരം സാധ്യമാക്കാനോ കഴിഞ്ഞിരുന്നില്ല. എന്നാൽ പാരമ്പര്യമായി പുരുഷൻ കൈയാളിയ ഇടങ്ങളിലെല്ലാം തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കുന്നതിനുവേണ്ടി ഇന്നത്തെ സ്ത്രീ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പുരുഷനോടൊപ്പം തുല്യഅവസരം ലഭ്യമാകാനും സ്ഥാനക്കയറ്റം തുടങ്ങിയ കാര്യങ്ങളിൽ തങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്നതിനും സ്ത്രീകൾ ശ്രമിക്കുന്നു എന്നത് ആശാസ്യമാണ്.

കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസയോഗ്യതയും വിവിധ തൊഴിൽമേഖലകളിലെ പങ്കാളിത്തവും മാനവവിഭവശേഷിയായി പരിഗണിക്കണം. ഈ വിഭവശേഷിയെ പരിപോഷിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തത് നമ്മുടെ കാഴ്ചപ്പാടുകളുടെ സങ്കുചിതത്വമാണെന്ന് തിരിച്ചറിയണം. ഉന്നതവിദ്യാഭ്യാസനിരക്ക് പുരുഷനേക്കാൾ ഉയർന്നുനില്ക്കുന്ന കേരളത്തിലെ സ്ത്രീകളുടെ കർമ്മമണ്ഡലങ്ങളിലെ അഭാവം അപമാനകരവും അപകടകരവുമാണെന്ന് തിരിച്ചറിയാത്ത പക്ഷം വികസനവഴികളിലെ സ്ത്രീകളുടെ കർതൃത്വം പുരുഷാധിപത്യസമവാക്യങ്ങൾക്കുവിധേയമായി തളർന്നുകൊണ്ടേയിരിക്കും. വികസനം പരിപൂർണ്ണമാകണമെങ്കിൽ പ്രതിരോധങ്ങൾ അനിവാര്യമാണ്.

കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ മാതൃമരണനിരക്ക്, ആയുർദൈർഘ്യം, കൂടിയ വിവാഹപ്രായം തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയപ്പോൾ കേരളം വികസിതരാജ്യങ്ങൾക്കൊപ്പമെത്തുന്ന അഭിമാനാർഹമായ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടു. എന്നാൽ സ്വന്തം ജീവിതത്തിലെ അധികാരബന്ധങ്ങളെ പ്രതിരോധിക്കാൻ ശേഷിയും സൗകര്യവും ഒരുക്കാതിരുന്ന വികസന മാതൃകകൾ സ്ത്രീകളെ സംബന്ധിച്ച് ഗുണകരമായില്ല. ലിംഗാനുപാതത്തിലും വിദ്യാഭ്യാസമേഖലയിലും മുന്നിട്ടുനില്ക്കുന്ന സ്ത്രീകൾ തൊഴിൽ പങ്കാളിത്തത്തിൽ ഏറെ പിന്നിലാണ്. സ്ത്രീകളുടെ ശാരീരികാധ്വാനം, ഇച്ഛാശക്തി, ആത്മാർത്ഥത എന്നിവ വികസനത്തെ ത്വരിതപ്പെടുത്തുന്നതെങ്ങനെയെന്നും തൊഴിൽമേഖലകളിലെ ആൺകോയ്മാ സങ്കല്പങ്ങളും ഗാർഹികമായ സാമ്പത്തിക വ്യവഹാരങ്ങളിലെ അസ്വാതന്ത്ര്യവും വികസനവിരുദ്ധമാകുന്നത് എങ്ങനെയെന്നും ചർച്ചചെയ്യപ്പെടണം.

സ്ത്രീകളുടെ ജീവിതനിലവാരത്തെ ഗുണകരമായി പരിവർത്തിപ്പിക്കുന്നതാവണം സ്ത്രീശാക്തീകരണമുന്നേറ്റങ്ങൾ. ഓരോ കാലഘട്ടത്തിലും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സവിശേഷമായ രീതിശാസ്ത്രത്തിലേക്ക് വികസിപ്പിക്കുകയും ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ഇവിടെ രൂപപ്പെടണം. സാമ്പത്തിക സ്വാശ്രയത്വം, ബോധവത്ക്കരണം, ആരോഗ്യം എന്നിവയെ മുന്നിൽ കണ്ടുള്ള വികസനരീതികളാണ് പൊതുവെ സ്ത്രീശാക്തീകരണത്തിൽ സ്വീകരിക്കേണ്ടത്. സ്ത്രീമുന്നേറ്റത്തിനുള്ള ആദ്യഘട്ടം സാമ്പത്തിക സുരക്ഷിതത്വമാണ്. പുരുഷന്റെ ആശ്രയത്തിൽനിന്നും സ്ത്രീയെ പുറത്തുകൊണ്ടുവരാൻ സാമ്പത്തിക സുരക്ഷിതത്വത്തിലൂടെയേ കഴിയൂ. പുരുഷന്റെ അടിച്ചമർത്തലിൽനിന്നും പുറത്തുവരുന്നതിനുള്ള അനുകൂലപരിതസ്ഥിതിയും സംവിധാനങ്ങളും ഇന്ന് നിലവിലുണ്ട്. എങ്കിലും അതിലൂടെ കടന്നുപോകാൻ വിമുഖത കാണിക്കുന്ന സ്ത്രീമനസുതന്നെയാണ് സ്ത്രീ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

ഗവൺമെന്റുകളും സന്നദ്ധസംഘടനകളും സ്ത്രീവിമോചനപ്രസ്ഥാനങ്ങളും ഊന്നൽ നൽകേണ്ട ചില അടിസ്ഥാനയാഥാർത്ഥ്യങ്ങൾ ഇവയാണ്. അധികാരം, ഭരണനിർവഹണം എന്നിവയിൽ ലിംഗപരമായ തുല്യത ഉറപ്പുവരുത്തുന്ന വികസന അജണ്ട തയ്യാറാക്കുന്നത് നീതിയുക്തമല്ല. വീടകങ്ങളിലെ അധിക ഉത്തരവാദിത്തം പൊതുമണ്ഡലത്തിലെ സ്ത്രീയുടെ പ്രവർത്തനങ്ങളെ ദുർബലമാക്കാതിരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. ഗവൺമെന്റ്തലങ്ങളിലെയും അക്കാദമിക തലങ്ങളിലെയും ചർച്ചകൾ നിർദ്ദേശങ്ങളിലൊതുങ്ങാതെ പ്രാവർത്തികമാക്കണം.

ജെൻഡർ റിലേറ്റഡ് ഡവലപ്മെന്റ് ഇൻഡക്സ് (ജി.ഡി.ഐ.), ജെൻഡർ എമ്പവർമെന്റ് മെഷർമെന്റ് (ജി.ഇ.എം.) എന്നീ രണ്ട് സൂചികകളിലും കേരളത്തിലെ സ്ഥിതി മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ വളരെ ഉയർന്നതാണ്. ഇത് അർത്ഥമാക്കുന്നത് കേരളത്തിൽ ലിംഗപരമായ വിവേചനങ്ങൾ താരതമ്യേന കുറവാണെന്നാണ്. നൂറുവർഷത്തിലധികമായി ഇവിടെ മികച്ച സ്ത്രീപുരുഷ അനുപാതമാണ് നിലനില്ക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ 52% സ്ത്രീകളാണ്. തൊഴിൽ പങ്കാളിത്തനിരക്കിലുള്ള സ്ത്രീ-പുരുഷ അന്തരം കേരളത്തിൽ (34.5%) ദേശീയതലത്തെ (27.75%) അപേക്ഷിച്ച് വലുതാണ്. തൊഴിലില്ലായ്മനിരക്ക് പരിശോധിക്കുകയാണെങ്കിൽ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ ദുരവസ്ഥ വ്യക്തമാകും. ഉയർന്ന സാക്ഷരതാനിരക്കും വിദ്യാഭ്യാസവുമുണ്ടായിട്ടും രാഷ്ട്രീയത്തിലും സ്ത്രീകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. വിവിധ സാമൂഹിക സാഹചര്യങ്ങളിലും അവസ്ഥകളിലും സ്ത്രീകൾ നേരിടുന്ന പിന്നാക്കമായ സ്ഥിതിവിശേഷംതന്നെയാണ് അധികാരസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീ അനുഭവിക്കുന്ന വിവേചനം.

പുരുഷാധിപത്യസമൂഹത്തിൽ മാധ്യമമേഖലയും സ്ത്രീയുടെ കീഴാളാവസ്ഥ ദൃഢീകരിക്കുവാനാണ് ശ്രമിക്കുന്നത്. സ്ത്രീയുടെ വാർപ്പുമാതൃകയെ വാർത്തയിലൂടെ, പരമ്പരയിലൂടെ, ഹാസ്യത്തിലൂടെ ആവർത്തിച്ചുറപ്പിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സ്ത്രീകളുടേതായ ഒരു നവമാധ്യമം പ്രസക്തമാകുന്നത്. സ്ത്രീ ഇര മാത്രമല്ലെന്നും സമൂഹത്തിൽ സക്രിയമായ പങ്കുവഹിക്കുന്ന കർതൃത്വമുള്ള പൗരയാണെന്നും ബോധ്യപ്പെടുത്തുകയാണ് ംംം.ശീലിറ്റീശിേ.ശി പോലെയുള്ളവകൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകളുമായി ബന്ധപ്പെട്ട വാർത്തകളും വിശേഷങ്ങളും സമാഹരിക്കുന്ന ഈ പോർട്ടൽ കേരളത്തിലെ ആദ്യത്തെ പൂർണ്ണമായ സ്ത്രീ വെബ്സൈറ്റാണ്. കേരളത്തിലെ സ്ത്രീകളുടെ ഡിജിറ്റൽ ഇടമാണത്. സ്ത്രീജിവിതങ്ങളുടെ ഒരു നേർക്കാഴ്ച അതാണ് വിമൻ പോയിന്റ്.

ആരോഗ്യരംഗത്തും സ്ത്രീപ്രാതിനിധ്യം ഇന്ന് ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ധാരാളം വനിതാ മനോരോഗവിദഗ്ദ്ധരും സോഷ്യൽ വർക്കർമാരും കൗൺസിലർമാരും കേരളത്തിൽ പ്രവർത്തിക്കുന്നു. മാതൃമരണനിരക്ക്, ശിശുമരണനിരക്ക് തുടങ്ങിയവ കേരളത്തിൽ വളരെ കുറവായത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ വനിതാ ആരോഗ്യപ്രവർത്തകരുടെ ശ്രമഫലമായാണ്.

കേരള സംസ്ഥാനസർക്കാരിന്റെ ആഭിമുഖ്യത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനമിഷൻ സ്വീകരിച്ചിട്ടുള്ള നൂതന ദാരിദ്ര്യനിർമ്മാർജ്ജനപരിപാടിയായിരുന്നു കുടുംബശ്രീ. പുരുഷന്റെ നിഴലിലല്ലാതെ സ്ത്രീകൂട്ടായ്മ നിർമ്മിക്കപ്പെടുകയാണ് കുടുംബശ്രീയിൽ. കുടുംബം സുസ്ഥിരമായി നില്ക്കുന്നു, പ്രാപ്തിയുള്ള സ്ത്രീനിർമ്മിക്കപ്പെടുന്നു, സമൂഹത്തിന്റെ വിവിധ വിജ്ഞാനവിതരണമേഖലകളിൽ സ്ത്രീ പങ്കാളിയാകുന്നു, ഗ്രാമസഭകൾ സ്ത്രീ പ്രാതിനിധ്യംകൊണ്ട് നിറയുന്നു, ആത്മധൈര്യമുള്ള സ്ത്രീകർതൃത്വം രൂപപ്പെടുന്നു തുടങ്ങിയവയെല്ലാം കുടുംബശ്രീയുടെ പ്രത്യേകതകളാണ്. സ്ത്രീശാക്തീകരണ ശ്രമങ്ങളിൽ കുടുംബശ്രീ വലിയ പങ്കുവഹിക്കുന്നുണ്ട്.

രാജ്യത്തിന്റെ വികസന മാനദണ്ഡങ്ങൾ നിർണയിക്കുമ്പോൾ അവിടുത്തെ മർദ്ദിത ജനതയുടെ ജീവിതനിലവാരം, ആവശ്യങ്ങൾ, അഭിപ്രായങ്ങൾ, സ്വാതന്ത്ര്യം, ബൗദ്ധികവികാസം എന്നിവ പരിഗണിക്കേണ്ടതുണ്ട്. പുരുഷനോടൊപ്പംതന്നെ സ്ത്രീയേയും ജനാധിപത്യപരമായ അവകാശങ്ങൾക്കുവേണ്ടി പ്രാപ്തരാക്കുന്നതാണ് യഥാർത്ഥ വികസനം. സ്ത്രീയുടെ ഒരു ചുവട് രാഷ്ട്രവികസനത്തിലേക്കുള്ള ഒരായിരം ചുവടുകളാണ് എന്ന് നെഹ്റുവും ഒരു സമൂഹത്തിലെ പുരോഗതി ആ സമൂഹത്തിലെ സ്ത്രീകളുടെ പദവിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് മാർക്സും അഭിപ്രായപ്പെട്ടത് നാം മറന്നുപോകരുത്.

ഒരു സമൂഹത്തിൽ സ്ത്രീയുടെ ഉയർച്ച, സമസ്തമേഖലകളിലുള്ള സമത്വം എന്നിവയെല്ലാം ഒന്നിച്ചെങ്കിൽ മാത്രമേ വികസനോന്മുഖപാത കെട്ടിപ്പടുക്കാനും നാടിനെ പുരോഗതിയിലേക്ക് നയിക്കുവാനും സാധിക്കുകയുള്ളു. ഇക്കാരണങ്ങളാൽ സ്ത്രീകളുടെ ബൗദ്ധികമായ വളർച്ച അവശ്യം വേണ്ടതാകുന്നു എന്ന സത്യം എല്ലാവരും മനസിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിനായി നിരന്തരപോരാട്ടം സ്ത്രീകളുടെ ഭാഗത്തുനിന്നും, അവർക്കുപ്രചോദനമേകുന്ന സംഘടനകളിൽനിന്നും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. വരാനിരിക്കുന്നതും ഇപ്പോൾ നിലനില്ക്കുന്നതുമായ പലവിധ സംവിധാനങ്ങളും സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്നതായിരിക്കട്ടെ.

## സമകാലകേരളത്തെ നിയന്ത്രിക്കുന്ന സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ

### കൃഷി

ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ പ്രദേശങ്ങളിലൊന്നായ കേരളം പ്രധാനമായും കാർഷികമേഖലയാണ്. പന്ത്രണ്ട് കാർഷിക കാലാവസ്ഥാമേഖലകൾ കേരളത്തിലുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ളത് മലയോരമാണ്. റബർ, തെങ്ങ്, കുരുമുളക് തുടങ്ങിയവയാണ് ഇവിടുത്തെ പ്രധാന വിളകൾ. വയനാട്, ഇടുക്കി, അട്ടപ്പാടി തുടങ്ങിയ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഹൈറേഞ്ചിനാണ് വിസ്തീർണ്ണത്തിൽ രണ്ടാംസ്ഥാനം. കാപ്പി, തേയില, ഏലം എന്നിവ ഇവിടെ കൃഷിചെയ്യുന്നു. ഇടനാടുകളെ തെക്കൻ ഇടനാട്, മധ്യഇടനാട്, വടക്കൻ ഇടനാട്, മലപ്പുറം പ്രദേശം എന്നീ നാല് മേഖലകളായി തിരിച്ചിരിക്കുന്നു. വിളകളുടെ ഉല്പന്നമൂല്യത്തിൽ മുൻപന്തിയിൽ നില്ക്കുന്നത് തെങ്ങാണെങ്കിലും നെല്ലിനാണ് പ്രാധാന്യം. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മൂന്നുകാലങ്ങളിൽ കേരളത്തിൽ നെൽകൃഷി നടത്തിയിരുന്നു. നാടൻവിത്തുകൾക്ക് പകരം കൂടുതൽ വിളപ്പൊലിമയുള്ള വിത്തിനങ്ങൾ ഇപ്പോൾ കേരളത്തിൽ പ്രചാരം നേടിക്കഴിഞ്ഞു. എന്നാൽ ഈയടുത്തകാലത്ത് നെൽകൃഷിയിൽ വലിയ മാന്ദ്യം സംഭവിച്ചിട്ടുണ്ട്.

മഴ വളരെ കുറഞ്ഞ പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ പറ്റിയ ധാന്യമാണ് കൂവരക്. പാലക്കാട് ജില്ലയിലാണ് ഇത് കൂടുതലായും കൃഷിചെയ്യുന്നത്. മണിച്ചോളവും ഇവിടെ ധാരാളമായി കൃഷിചെയ്തുവരുന്നു. ധാന്യങ്ങൾ കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കൃഷി പയറുവിളകളാണ്. ഉഴുന്ന്, ചെറുപയർ, മുതിര, തുവരൻപയർ, വൻപയർ, സോയാബീൻ എന്നിവയും കേരളത്തിൽ കൃഷി ചെയ്യുന്നുണ്ട്.

കിഴങ്ങ് വിളകളും കേരളത്തിന്റെ പ്രത്യേകതയാണ്. മരച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ്, കാച്ചിൽ, കൂർക്ക എന്നീ കിഴങ്ങുവിളകളും ധാരാളമായി കൃഷിചെയ്യുന്നു.

കേരളത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യേതരുകൃഷി തെങ്ങാണ്. വെളിച്ചെണ്ണ, കള്ള്, കയർ തുടങ്ങിയ വ്യവസായങ്ങൾക്ക് വേണ്ട അസംസ്കൃതപദാർത്ഥം തെങ്ങിൽനിന്നാണ് ലഭിക്കുന്നത്. കേരളത്തിലെ ഓണാട്ടുകരപ്രദേശം എള്ളുകൃഷിക്ക് പ്രസിദ്ധമാണ്. നിലക്കടലയും കശുവണ്ടിയും കേരളത്തിൽ കൃഷിചെയ്യുന്നുണ്ട്. കേരളത്തിൽ അഞ്ചലിനടുത്ത് എണ്ണപ്പന വ്യാപകമായ തോതിൽ കൃഷിചെയ്യുന്നുണ്ട്. ചണം, പരുത്തി തുടങ്ങിയ നാരുവിളകളും കേരളത്തിൽ കൃഷിചെയ്യുന്നു.

കേരളത്തിൽ കൃഷിചെയ്യുന്ന പാനീയവിളകളാണ് കാപ്പിയും തേയിലയും. ഇവ കേരളീയരുടെ ഇഷ്ടപാനീയങ്ങളാണ്. ഇടവിളയായി കൊക്കോകൃഷിയും ഇവിടെ നടത്തിവരുന്നു. മുളക്, മഞ്ഞൾ, ഇഞ്ചി, ഏലം, മല്ലി, ജീരകം, കുരുമുളക്, വെളുത്തുള്ളി തുടങ്ങിയ അനേകം സുഗന്ധമസാലവിളകളും കേരളീയ കൃഷിരീതികളാണ്. മഞ്ഞൾ, ഇഞ്ചി, ഏലം എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ ഇവിടെ കൃഷിചെയ്യുന്നു. ലോകത്തുള്ള ഏലത്തിന്റെ 80% ഉം ഇന്ത്യയിലാണ്. കേരളത്തിനാണ് ഒന്നാം സ്ഥാനം. ഇതിൽ ഇടുക്കി ജില്ലയ്ക്കാണ് പ്രഥമസ്ഥാനം. കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളക് ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന സുഗന്ധവിളയാണ്. ഇന്ത്യയിലെ കുരുമുളകിന്റെ 93 ശതമാനവും കേരളത്തിലാണ്. കറുവപ്പട്ട, ഗ്രാമ്പു, ജാതിക്ക, വാളംപുളി എന്നിവയും കേരളത്തിൽ കൃഷിചെയ്യുന്നു. അടുത്ത കാലത്ത് കേരളത്തിൽ കൃഷിചെയ്യാനാരംഭിച്ച സുഗന്ധവിളയാണ് വാനില. കേക്ക്, ചോക്കലേറ്റ് എന്നിവയുടെ നിർമ്മാണത്തിനാണ് ഇത് കൂടുതലും ഉപയോഗിക്കുന്നത്.

മറ്റുസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്ന പച്ചക്കറി ഉല്പന്നങ്ങളിൽ വിഷാംശം കൂടുതലായി കണ്ടെത്തിയതിനെത്തുടർന്ന് ജൈവപച്ചക്കറി കൃഷിരീതി ഇന്ന് കേരളത്തിൽ പ്രചാരത്തിലായിക്കഴിഞ്ഞു. ഗവൺമെന്റിന്റെ ബോധവൽക്കരണപദ്ധതികൾ വഴി അടുക്കളത്തോട്ടങ്ങൾ വ്യാപകമായി മാറിക്കഴിഞ്ഞു. ഓരോവീടുകളിലും നിരവധി പച്ചക്കറി ഉല്പന്നങ്ങളാണ് ഇന്ന് സ്വന്തമായി വിളയിച്ചെടുക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ വികസിപ്പിച്ചെടുത്ത വിത്തിനങ്ങളും ചെടികളും ഫലവൃക്ഷങ്ങളും ഇന്ന് കേരളത്തിൽ വ്യാപകമായ രീതിയിൽ കൃഷിക്കുപയോഗിക്കുന്നു.

## വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം പണ്ടേ സമ്പന്നമാണ്. സാക്ഷരതയുടെ കാര്യത്തിലും സ്ത്രീവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കേരളം വളരെയേറെ മുന്നിലാണ്. കേരളത്തിൽ പ്രാഥമികവിദ്യാഭ്യാസത്തിനപ്പുറം സെക്കന്ററിവിദ്യാഭ്യാസം കൂടി സൗജന്യമാക്കിയിട്ട് വർഷങ്ങൾ പലതുകഴിഞ്ഞു. അഞ്ചുവയസുകഴിഞ്ഞ 99 ശതമാനം കുട്ടികളും കേരളത്തിൽ സ്കൂളിൽ പോകുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കേരളം മുന്നിലാണ്. നിരവധി ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, മെഡിക്കൽ കോളജുകൾ, അനേകം എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ കേരളത്തിലുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് കാര്യക്ഷമമായ നേതൃത്വം നല്കുന്നതിനായി നിരവധി സർവകലാശാലകളും പ്രവർത്തിക്കുന്നു. കേരളത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി റവന്യൂവരുമാനത്തിന്റെ 37-40% നീക്കിവയ്ക്കുന്നു.

കേരളത്തിലെ പ്രാചീന വിദ്യാഭ്യാസ പദ്ധതിയിൽ പ്രധാനമായും മൂന്ന് വിഭാഗങ്ങൾ ഉണ്ടായിരുന്നു. സാധാരണക്കാർക്കുവേണ്ടിയുള്ള കുടിപ്പള്ളിക്കൂടം, പടയാളികളുടെ കായികവിദ്യാഭ്യാസത്തെയും സൈനികപരിശീനത്തെയും ഉദ്ദേശിച്ചുള്ള കളരികൾ, നമ്പൂതിരിമാർക്കുവേണ്ടിയുള്ള വേദപാഠശാലകൾ തുടങ്ങിയവയായിരുന്നവ. ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ് കുടിപ്പള്ളിക്കൂടങ്ങൾ. പൊടിമണലിൽ വിരലുകൊണ്ട് എഴുതിപഠിച്ചുതുടങ്ങുന്ന കുട്ടികൾ, നിലത്തെഴുത്തിനുശേഷം എഴുത്താണി ഉപയോഗിച്ചിരുന്നു. അക്ഷരമാലയും കൂട്ടിവായനയും കണക്കും പരിശീലിച്ചുകഴിഞ്ഞാൽ ജ്യോതിശാ

സ്ത്രം, നീതിശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയും പഠിച്ചിരുന്നു. കാവ്യപഠനങ്ങളോടെയാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്.

കേരളത്തിൽ വളരെക്കാലം മുമ്പുമുതൽ നിലവിലുണ്ടായിരുന്ന കായികവിദ്യാലയങ്ങളാണ് കളരികൾ. പ്രധാനമായും ആയോധനപരിശീലനമായിരുന്നു ഇവിടെ നല്കിയിരുന്നത്. പണിക്കർ, കുറുപ്പ്, കണിയാൻ തുടങ്ങിയ ജാതിക്കാരായിരുന്നു കളരിയിലെ അധ്യാപകർ. ഒരു കളരിയിൽ എല്ലാ അഭ്യാസങ്ങളും പഠിപ്പിച്ചിരുന്നില്ല. അതുകൊണ്ട് പലയിടത്ത് മാറിമാറി പരിശീലനം പൂർത്തിയാക്കിയിരുന്നു. വൈദേശികാധിപത്യത്തോടെ സൈനികവൃത്തിപരിഷ്കരിക്കപ്പെട്ടപ്പോൾ കളരിയഭ്യാസം നാമാവശേഷമായി. കേരളത്തിന്റെ പ്രാചീന ആയോധനമുറ എന്ന നിലയ്ക്ക് മാത്രമാണ് കളരിയഭ്യാസത്തിന് ഇന്ന് പ്രസക്തി.

നമ്പൂതിരിമാർക്ക് വേണ്ടിയുള്ളതായിരുന്നു വേദപാഠശാലകൾ. മതപരവും സാഹിത്യപരവുമായ വിദ്യാഭ്യാസമാണ് ഇവിടെ നടന്നിരുന്നത്. സഭാമഠങ്ങളിൽ പരീക്ഷകളും ബിരുദദാനങ്ങളും നടത്തിയിരുന്നു. (ഉദാ: ഭട്ടതിരി എന്നത് വളരെ ഉയർന്ന പാണ്ഡിത്യമുള്ള വിദ്യാർത്ഥികൾക്ക് നല്കുന്ന ബിരുദമായിരുന്നു.) പത്തൊൻപതാം നൂറ്റാണ്ടുവരെ ഇത്തരത്തിലുള്ള വിദ്യാഭ്യാസരീതി നിലനിന്നിരുന്നു.

പില്ക്കാലത്ത് പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം കേരളത്തിൽ കടന്നുവന്നു. വിദേശമിഷണറിമാർ ഇതിനുവലിയ പങ്കുവഹിച്ചു. റിംഗിൾറ്റോമി എന്ന മിഷണറി നാഗർകോവിലിനടുത്ത് മയിലാടി എന്ന സ്ഥലത്ത് 1806 ൽ ഒരു വിദ്യാലയം സ്ഥാപിച്ചു. ഇതാണ് കേരളത്തിലെ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂൾ. റവ. മീഡ് മറ്റൊരു മിഷണറിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പെൺകുട്ടികൾക്കുള്ള വിദ്യാലയം 1819-ൽ ആരംഭിച്ചു. ബേക്കർ, ബെയ്‌ലി എന്നിവരുടെ നേതൃത്വത്തിൽ കോട്ടയത്ത് പെൺപള്ളിക്കൂടമുണ്ടായി. ഇന്നത്തെ സി.എം.എസ്. കോളേജ് (കോട്ടയം) പുരോഹിതപഠനത്തിനു വേണ്ടി ഉണ്ടാക്കിയ സ്ഥാപനമായിരുന്നു. 1837-ൽ ഇതിന്റെ നടത്തിപ്പ് ചർച്ച്മിഷൻ ഏറ്റെടുത്തു. പിന്നീടങ്ങോട്ടുള്ള കാലത്ത് കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് വലിയ പുരോഗതി ഉണ്ടായി. നിരവധി ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ കേരളത്തിലങ്ങോളമിങ്ങോളം സ്ഥാപിക്കപ്പെട്ടു. ജനങ്ങൾ ഏതാണ്ടു പൂർണ്ണമായിത്തന്നെ സാക്ഷരത നേടിയതോടുകൂടി പുതിയ തലമുറയെ വിദ്യാഭ്യാസമുള്ളവരാക്കി മാറ്റുവാനുള്ള ശ്രമങ്ങൾ എല്ലാഭാഗത്തുനിന്നും ഉണ്ടായി. ആദ്യകാലത്ത് ഗവൺമെന്റിന്റെ കീഴിലുള്ള സ്കൂളുകളും ഇംഗ്ലീഷ്മീഡിയം സ്കൂളുകളും മാത്രമായിരുന്നു ഇവിടെ ഉണ്ടായിരുന്നതെങ്കിൽ ഇന്ന് വ്യത്യസ്തമായ പാഠ്യപദ്ധതികളുള്ള (സി.ബി.എസ്.സി., ഐ.സി.എസ്.സി., നവോദയ, കേന്ദ്രീയവിദ്യാലയ) നിരവധി സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. മാതൃഭാഷയെക്കാളും പ്രാധാന്യം ഇംഗ്ലീഷിനു കൈവരുന്നതും കാണാൻ കഴിയും. അതുപോലെതന്നെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ നൂറുകണക്കിന് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ഇന്ന് കേരളത്തിലുണ്ട്. നിരവധി എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും പുതുതായി ഇവിടെ രൂപീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിലെ മാറിയ കാഴ്ചപ്പാടുകളും അഭിരുചികളും പുതിയ തൊഴിൽമേഖലയുടെ ഉദയത്തിനും കാരണമായി. നിരവധി ഐ.ടി. കമ്പനികൾ കേരളത്തിലേക്കു കടന്നുവന്നതോടെ തൊഴിലധിഷ്ഠിതവിദ്യാഭ്യാസം എന്ന ആശയത്തിന് പ്രാധാന്യം കൈവന്നു. പോളിടെക്നിക് കോളേജുകൾ എഞ്ചിനീയറിംഗ് കോളേജുകളായി ഉയർന്നുവെന്നു പറയാം. അതോടൊപ്പം കാർഷിക സംബന്ധമായ ഉന്നതവിദ്യാഭ്യാസമേഖലയും ഇന്ന് പ്രാധാന്യമർഹിക്കുന്നുണ്ട്. ആരോഗ്യസർവകാലാശാല, സയൻസ് ആന്റ് ടെക്നോളജി സർവകലാശാല, ഫിഷറീസ് സർവകലാശാല, കാർഷിക സർവകലാശാല, സംസ്കൃതസർവകലാശാല, കേന്ദ്രീയസർവകലാശാല തുടങ്ങി വിദ്യാഭ്യാസരംഗത്ത് വിഭിന്നമായ ഉന്നത പഠനകേന്ദ്രങ്ങൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നു.

## പ്രവാസം

ജോലി തേടി വലിയ നഗരങ്ങളിലേക്ക് -പുറം രാജ്യങ്ങളിലേക്ക് കേരളത്തിൽനിന്നും ധാരാളമാളുകൾ പോയിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിലെ രണ്ടു ലോകയുദ്ധങ്ങളുടെ കെടുതികൾ കേരളീയരെയും സാരമായി ബാധിച്ചു. അക്കാലത്ത് ദാരിദ്ര്യം കൊടികുത്തി വാണിരുന്നു. ആവശ്യത്തിന് ഭക്ഷണമോ വസ്ത്രമോ ലഭിച്ചിരുന്നില്ല അതോടൊപ്പം വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിച്ചിരുന്നതിന്റെ ഫലമായി കേരളത്തിലെ യുവത്വം വിദ്യാസമ്പന്നരും ആയിരുന്നു. കേരളത്തിൽ വ്യവസായസ്ഥാപനങ്ങളോ ജോലിസാധ്യതയോ ഉണ്ടായിരുന്നില്ല. കൃഷിയിലേക്കു മടങ്ങാൻ യുവത്വം ഇഷ്ടപ്പെട്ടിരുന്നുമില്ല. ഇത്തരമൊരു സാഹചര്യത്തിൽ ജോലി ഒരു സ്വപ്നമായി കൊണ്ടുനടന്നിരുന്ന യുവതലമുറ ഇന്ത്യയിലെ വൻനഗരങ്ങളിലേക്കും ഗൾഫുനാടുകളിലേക്കും ചേക്കേറി. വീട് നഷ്ടപ്പെടുകയും വീടിനെക്കുറിച്ചുള്ള ഓർമ ഉള്ളിൽ സൂക്ഷിക്കുകയും നഗരത്തിൽ തങ്ങൾ അന്യരാണെന്നുള്ള ചിന്ത സദാകൊണ്ടുനടക്കുകയും ചെയ്യുന്നവരെയാണ് പ്രവാസികൾ എന്നു വിളിക്കുന്നത്. അവർ വേരറ്റവരാണ്. ഇന്ന് ലോകത്തിന്റെ ഏതുഭാഗത്തുചെന്നാലും മലയാളിയെയും മലയാള സമാജങ്ങളെയും പരിചയപ്പെടാനാകും.

വിദേശരാജ്യങ്ങളിലേക്ക് ജോലി തേടിപ്പോയവർ അവിടെ സ്ഥിരതാമസക്കാരായി മാറാൻ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാലവരുടെ മക്കൾക്കാവട്ടെ കേരളത്തിലേക്കു മടങ്ങിവരുവാൻ താല്പര്യവുമില്ല. അതോടൊപ്പം മറ്റുചില മേഖലകളിലും ശ്രദ്ധേയമായ ചില മാറ്റങ്ങളുണ്ടായി. സാമ്പത്തികോന്നമനമായിരുന്നു കേരളത്തിനു ലഭിച്ച പ്രധാന നേട്ടം. വിദേശത്തു ജോലിയുള്ളവരുടെ കുടുംബം ഇവിടെ വലിയ വീടുകൾ നിർമ്മിക്കുകയും ആർഭാടമായി ജീവിക്കുകയും ചെയ്യുന്നത് കേരളത്തിൽ ചില സാംസ്കാരിക പ്രശ്നങ്ങൾക്കും കാരണമായിട്ടുണ്ട്. ഉപഭോഗസംസ്കാരം കേരളത്തിൽ ഇത്രയേറെ പ്രചരിച്ചതും സാമ്പത്തികമായ ഉന്നമനത്തിന്റെ സ്വാധീനമായിരുന്നു.

ഇടത്തരക്കാരായ കുടുംബങ്ങൾ സാമ്പത്തികമായി ഉയരുവാനും സാധാരണജനങ്ങളുടെ ജീവിതനിലവാരം ഉയരുവാനും പുറം നാടുകളിലെ തൊഴിൽ പ്രധാന കാരണമായി. ഭാഷാപരവും സാമ്പത്തികവുമായ ഉയർച്ച പുതുതലമുറയെ കൂടുതൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും ഇടയാക്കി. ഇന്ന് പ്രവാസി മലയാളികൾ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ നിർണ്ണയിക്കുന്ന പ്രധാന ശക്തിയായി മാറിയിരിക്കുന്നു. വിവിധ നാടുകളിലെ സാംസ്കാരികസത്തയെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റിയ പ്രവാസിമലയാളികൾ മലയാളിയുടെ പൊതുവായ സാംസ്കാരികബോധത്തെ പൊളിച്ചെഴുതി. സമ്പത്ത് മറ്റെല്ലാറ്റിനെക്കാളുമുപരി പ്രാധാന്യം നേടി. കേരളത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ പല മടങ്ങ് ചുരുങ്ങിയ കാലയളവിനുള്ളിൽ സമ്പാദിക്കുന്ന സാഹചര്യം വന്നപ്പോൾ, ഇവിടെ ഉള്ളവനും ഇല്ലാത്തവനും എന്നുള്ള സാമ്പത്തികമായ അന്തരത്തിന് വഴി തുറന്നു. ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങൾ വിദേശങ്ങളിലേക്ക് ജോലി തേടിപ്പോയി സാമ്പത്തികമായി ഉന്നതിയിലേക്ക് എത്തിയപ്പോൾ ഹൈന്ദവസമുദായം കൃഷികാര്യങ്ങളുമായി മുന്നോട്ടുപോയി. കടൽ കടന്നുപോകുന്നത് പാപമാണ് എന്ന വിശ്വാസം മുൻകാലങ്ങളിൽ ഇവർക്കിടയിൽ ഉണ്ടായിരുന്നു. കാർഷിക മേഖല പ്രതിസന്ധിയിലായതോടെ ഇവിടുത്തെ ഭൗതീകസാഹചര്യങ്ങളിൽ ജീവിച്ചവർ ഒരുവിധം ഞെരുങ്ങി മുന്നോട്ടുപോയി. ഇന്ന് എല്ലാ മതങ്ങളിലും പെട്ടവർ തൊഴിൽതേടി വിദേശങ്ങളിലേക്ക് ചേക്കേറുന്നുണ്ട്. പാരമ്പര്യങ്ങൾക്കും വിശ്വാസങ്ങൾക്കും ഉപരിയായി പ്രായോഗികജീവിതത്തിനും സാമ്പത്തിക ഭദ്രതയ്ക്കും ഊന്നൽനല്കുന്ന ഒരു പുത്തൻ തലമുറ ഇവിടെ രൂപപ്പെട്ടു. ഇതിനു പല ന്യൂനതകളും ഉണ്ടെങ്കിലും സാംസ്കാരികവും സാമ്പത്തികവുമായ വികാസം എല്ലാ തലങ്ങളിലും ഉണ്ടായി എന്നത് ശ്രദ്ധേയമാണ്.

കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ മേഖലകളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാനും ജീവിതരീതിയെ മാറ്റിമറിക്കുവാനും പ്രവാസി മലയാളികളുടെ ജീവിതശൈലിക്ക് സാധിച്ചു. മലയാളിയുടെ സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ജീവിതനിലവാരം ഉയർത്തുന്നതിൽ പ്രവാസിജീവിതം നിർണ്ണായകശക്തിയായി മാറി എന്ന് നിസ്സംശയം പറയാം.

# മൊഡ്യൂൾ- 4

## കേരളീയ കലകൾ

ഒരു സംഘം മനുഷ്യരുടെ കാഴ്ചപ്പാടുകൾ, അഭിരുചികൾ, ആത്മീയത, വിശ്വാസങ്ങൾ, മനോഭാവം, ദർശനം, കല, സൗന്ദര്യബോധം, എന്നിവയുടെ സമന്വയത്തിലൂടെ ഉരുത്തിരിയുന്ന ഒരു ജീവിതതാളമാണ് സംസ്കാരം. ചരിത്രവും വിശ്വാസങ്ങളും പാരമ്പര്യവും ആചാരമര്യാദകളും എന്നുവേണ്ട പാരമ്പര്യ ചികിത്സാരീതികളും കായിക കലകളുമൊക്കെ കൈകോർത്ത് നില്ക്കുന്ന ഒരു സാംസ്കാരിക ക്ഷേത്രമാണ് കേരളം. ഒരു സംസ്കാരത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്ന് അതിന് സ്വന്തമായ കലാരൂപങ്ങളാണ്. അപാരമായ വൈവിധ്യവും നാനാത്വത്തിന്റെ നിറചൈതന്യവും കേരളീയ കലാരൂപങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. അചഞ്ചലമായ ഈശ്വരഭക്തിയും ഈടുറ്റ പൈതൃകവും ഈ കലാരൂപങ്ങളെ കോർത്തിണക്കി നിർത്തുന്ന ഘടകങ്ങളാണ്. കേരളീയ കലകളുടെ ഉത്ഭവത്തിനും വളർച്ചയ്ക്കും പിന്നിൽ പ്രതിഭയുടെ അഭൂതപൂർവ്വമായ വൈഭവവും തഴക്കവും കാണാം. അവതരണ കലകളായാലും നിശബ്ദകലകളായാലും കേരളീയ ജനത നിർലോഭമായി അവയെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇതിഹാസങ്ങളും പുരാണങ്ങളും മതസംബന്ധിയായ പ്രാമാണിക ഗ്രന്ഥങ്ങളും കലകൾക്ക് പ്രചോദനം പകർന്നു. കലകളെ കേന്ദ്രീകരിച്ച് പരിലസിക്കുന്ന കേരളീയ സംസ്കാരം ജനങ്ങളുടെ ജിവിത രീതിയേയും ജീവിത വീക്ഷണത്തേയും ആവിഷ്ക്കരിക്കുന്ന നാടോടിക്കലാരൂപങ്ങളാലും പ്രബുദ്ധതയാർന്ന നിരവധികലകളാലും സമ്പന്നവും സമൃദ്ധവുമാണ്.

## കേരളത്തിന്റെ സംഗീതപാരമ്പര്യം

ഭാരതീയ സംഗീതം 'മാർഗി', 'ദേശി' എന്നിങ്ങനെ രണ്ട് വിധമാണുള്ളത്. വേദമന്ത്രോച്ചാരണത്തിന് ഉപയോഗിക്കുന്ന സംഗീതമാണ് 'മാർഗി'. ' ഈശ്വരന്മാരാൽ അന്വേഷിക്കപ്പെടുന്നത് ' എന്നതാണ് ഇതിന്റെ അർത്ഥം. പൗരാണിക കാലംമുതലേ സ്വന്തം തനിമ പ്രദർശിപ്പിച്ച് പോന്നിരുന്നതിൽ മാർഗി സംഗീതം ശ്രദ്ധിച്ചിരുന്നു. രാമായണം, ഭാഗവതം, വേദങ്ങൾ എന്നിവയുടെ ആലാപം മാർഗി സംഗീതത്തിൽ അധിഷ്ഠിതമായിരുന്നു. പൊതുവായ അംഗീകാരം ആർജ്ജിച്ച് ശുദ്ധസംഗീത തത്വങ്ങളേയും നിയതമായചിട്ടകളേയും ആസ്പദമാക്കി ഏറെക്കുറെ ഒരു അനുഷ്ഠാനമെന്നതുപോലെ ആലപിക്കപ്പെടുന്നതും പാരമ്പര്യത്തിന് പ്രാധാന്യംകല്പിക്കുന്നതുമായ സംഗീതമാണിത്. പ്രാദേശിക സംഗീത പാരമ്പര്യത്തിൽ നിന്നുളവായതും ചിട്ടകൾക്ക് അയവുള്ളതുമായ പ്രാദേശിക സംഗീത ശൈലികളാണ് 'ദേശി ' എന്ന പേരിലറിയപ്പെടുന്നത്. ഇവ പരസ്പരം സ്വാധീനം ചെലുത്തുന്നുമുണ്ട്. ഇന്ന് ഭാരതത്തിൽ മുഖ്യമായും രണ്ട് സംഗീത പദ്ധതികളാണുള്ളത്.ഹിന്ദുസ്ഥാനി സംഗീതവും (ഉത്തരേന്ത്യൻ സംഗീതം) കർണ്ണാടക സംഗീതവും (ദക്ഷിണേന്ത്യൻ സംഗീതം). ഒരേ രാഗവും താളവുമാണ് രണ്ടിന്റേയും അടിസ്ഥാനം. ചരിത്രഗതിയിൽ ഏതു് കാലത്താണ് ഇങ്ങനെ ഒരു വിഭജനമുണ്ടായതെന്നോ സംഗീതപരമായ സവിശേഷതകൾ വെളിപ്പെട്ടുതുടങ്ങിയതെന്നോ ചൂണ്ടിക്കാണിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല.

## സോപാന സംഗീതം

കേരളത്തിൽ പഴയകാലത്ത് മാർഗി, ദേശി എന്നിങ്ങനെ രണ്ട് സംഗീത രീതികൾ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും മാർഗി സംഗീത ശൈലിയായിരുന്നു ഇവിടെ വേരുറച്ചത്. ബ്രാഹ്മണൻമാരിൽ നിന്നാകണം കേരളത്തിന് ഈ പാരമ്പര്യം ലഭിച്ചത്. ഈ പാരമ്പര്യത്തെ കേരളത്തിലെ ഗ്രാമീണ സംഗീത പാരമ്പര്യം സ്വാധീനിച്ചിട്ടുണ്ട്. തത്ഫലമായി ഉണ്ടായതാണ് മാർഗി സംഗീതത്തിന്റെ പിന്തുടർച്ചയും കൂടിയായ നമ്മുടെ സോപാനസംഗീത പദ്ധതി. ക്ഷേത്രത്തിലെ ശ്രീകോവിലിൽ പൂജനടക്കുന്ന സമയത്ത് നടയിൽ നിന്ന് ' ഇടയ്ക്ക , ' കൈമണി' എന്നീ വാദ്യങ്ങളുടെ അകമ്പടിയോടെ സ്തുതിഗീതങ്ങൾ ആലപിക്കുന്നതാണ് സോപാനസംഗീത പദ്ധതി. വംഗദേശീയനായ ജയദേവകവി

യുടെ (12-ാം ശതകം) 'ഗീതഗോവിന്ദ'ത്തിലെ പദങ്ങളാണ് ആലപിക്കാറുള്ളത്. അതിനാൽ അനുഷ്ഠാന പരമായ ക്ഷേത്ര സംഗീതമാണിത്. ഗീതഗോവിന്ദ ആലാപനത്തിന്റെ ഒരു ദേശീയ ഭേദമാണ് കേരള ത്തിലെ സോപാന സംഗീതം. 'സോപാനം' എന്ന വാക്കിന് 'പടി' , 'പടിക്കെട്ട്' എന്നൊക്കെയാണർത്ഥം. സാധാരണയായി മാരാരാണ് 'അഷ്ടപദി' പോലുള്ള പാട്ടുകൾ സോപാനത്തിൽ പാടിയിരുന്നത്. സോപാനത്തിൽപാട്ട് എന്നും കൊട്ടിപ്പാടിസേവ എന്നും ഇതിനെ വിളിക്കാറുണ്ട്. സോപാനസംഗീതം എന്ന വാക്ക് ഉണ്ടായത് പിന്നീടായിരിക്കാം. സോപാന സംഗീതം ഒരു പ്രത്യേക സംഗീത പദ്ധതി അല്ലെന്നും കർണ്ണാടക സംഗീതത്തിലെ ഒരു ഗാനശാഖയാണെന്നും അഭിപ്രായമുണ്ട്. സോപാന സമ്പ്ര ദായത്തിൽ തനതായ ചില പ്രത്യേകതകൾ ഉണ്ട്; ഒരേ സ്ഥായിയിൽ നിർത്തിക്കൊണ്ടുള്ള പതിഞ്ഞ ആലാപന രീതിയാണ് അവയിലൊന്ന്. കർണ്ണാടക സംഗീതത്തിൽ ഉപയോഗിക്കപ്പെടാത്തതും എന്നാൽ ഭാവപ്രകാശനത്തിന് അനുയോജ്യവുമായ ചില ഗമകങ്ങളുടെ പ്രയോഗം, താളത്തോട് ബന്ധപ്പെട്ട രാഗാലാപം, സ്ഥായി നിബന്ധന, തുടങ്ങിയവയാണ് ഈ ഗാനശാഖയുടെ സവിശേഷതകൾ. ഭക്തിരസ ത്തിനാണ് ഇവിടെ മുൻതൂക്കം.

## 2. കഥകളി സംഗീതം

കേരളത്തിലെ ദൃശ്യകലാരൂപങ്ങൾക്കിടയിൽ വികസിതമായ സംഗീതാലാപന സമ്പ്രദായമുള്ളത് കഥകളിയ്ക്കാണ്. സോപാന സമ്പ്രദായത്തിന്റെ ഒരു പരിണിത രൂപമായിരിക്കാമിത്. കർണ്ണാടക സംഗീതത്തിൽ നിന്ന് ഭിന്നമായി കഥകളിപ്പാട്ടിൽ സാഹിത്യാധിഷ്ഠിതമായ ഭാവത്തിനാണ് പ്രാധാന്യം. രാഗരസപൊരുത്തത്തിനും താളത്തിനും കഥകളിപ്പാട്ടിൽ വളരെയധികം പ്രാധാന്യമുണ്ട്. ചെമ്പട, ചമ്പ, അടന്ത, പഞ്ചാരി എന്നിവയാണ് മുഖ്യതാളങ്ങൾ. ചേങ്ങില, ഇലത്താളം- ഇവയിൽ താളം പിടി ച്ചാണ് പാട്ടുകാർ പാടുന്നത്. കുറേക്കാലം മുമ്പുവരെ ശ്രുതിയ്ക്ക് അവലംബമായിരുന്നതും ഈ വാദ്യ പ്രയോഗമാണ്. പതിഞ്ഞകാലം, എടവട്ടം, മുറുകിയകാലം എന്നിങ്ങനെ മൂന്ന് കാലങ്ങളിൽ ഗാനം ആല പിക്കപ്പെടുന്നു. പതിഞ്ഞകാലം- നായികാനായകന്മാർ പ്രത്യക്ഷപ്പെടുന്ന രംഗങ്ങളിൽ നായകന്റെ 'പദ 'ത്തിനും (പദം -കഥാപാത്രങ്ങളുടെ സംഭാഷണം), മുറുകിയ കാലം - യുദ്ധരംഗത്തിലെ പോർവിളി കൾക്കും, എടവട്ടം - ചൊല്ലിയാട്ടത്തിനും (ഇതരപദങ്ങൾക്കും) ഉപയോഗിച്ച് വരുന്നു. രണ്ടുപാട്ടുകാരും രണ്ടു വാദ്യക്കാരുമാണ് കഥകളിയിലുള്ളത്. പ്രധാന പാട്ടുകാരൻ 'പൊന്നാനി', സഹായി 'ശിങ്കിടി' . പൊന്നാനി ചേങ്ങിലയിലും ശിങ്കിടി ഇലത്താളത്തിലും താളം പിടിക്കുന്നു. പൊന്നാനി പാടുന്നത് ശിങ്കിടി ഏറ്റുപാടുന്നു. പുരുഷകഥാപാത്രങ്ങളുടെ അഭിനയത്തിന് ചെണ്ട ഉപയോഗിക്കുന്നു. സ്ത്രീകളുടേതിന് സാമാന്യമായി മദ്ദളം ആണ് ഉപയോഗിക്കുന്നത്. സോപാനസംഗീത രീതിയിൽ നിന്ന് കഥകളി സംഗീതം കർണ്ണാടക രീതിയിലേയ്ക്ക് വഴിമാറുന്നു എന്നൊരു തർക്കം പ്രബലമായി നിലവിലുണ്ട്.

## കേരളീയ സംഗീതത്തിന്റെ നവോത്ഥാനം -സ്വാതിതിരുനാൾ (1813-1846)

കേരളത്തിന്റെ സംഗീത പാരമ്പര്യത്തെ പുഷ്ടിപ്പെടുത്തിയത് സ്വാതിതിരുനാളാണ്. അദ്ദേഹ ത്തിന്റെ ജീവിത കാലമായപ്പോഴേയ്ക്കും ത്രിമൂർത്തികളിലൂടെ - ശ്യാമശാസ്ത്രി, ത്യാഗരാജൻ, മുത്തു സ്വാമിദീക്ഷിതർ- ശാസ്ത്രീയ സംഗീത രംഗത്തുണ്ടായ ഉണർവ്വും ഉൽക്കർഷവും കേരളത്തിലേക്കെത്തിച്ച നവോത്ഥാന നായകനാണ് സ്വാതിതിരുനാൾ രാമവർമ്മ. കലാകാരന്മാരിൽ രാജാവും രാജാക്കന്മാരിൽ കലാകാരനും ആയിരുന്ന സ്വാതിതിരുനാൾ 1813 ഏപ്രിൽ 13-ാം തീയതി സ്വാതി (ചോതി)നക്ഷത്ര ത്തിൽ ജനിച്ചു. യഥാർത്ഥ പേര് രാമവർമ്മ എന്നാണ്. 'ഗർഭശ്രീമാനാ'യിരുന്നു. ബാല്യത്തിലേതന്നെ സംസ്കൃതം, മലയാളം എന്നിവയ്ക്കു പുറമേ കന്നട, തമിഴ്, തെലുങ്ക് എന്നീ ദക്ഷിണേന്ത്യൻ ഭാഷക ളിലും ഗുജറാത്തി, മറാത്തി, ഹിന്ദുസ്ഥാനി തുടങ്ങിയ ഉത്തരേന്ത്യൻ ഭാഷകളിലും പേർഷ്യൻ, ഇംഗ്ലീഷ് തുടങ്ങിയ വൈദേശിക ഭാഷകളിലും പ്രാവീണ്യം നേടി. അതോടൊപ്പം സംഗീതം, സാഹിത്യം, ചിത്രമെ ഴുത്ത് തുടങ്ങിയ ലളിതകലയിലും ജ്യോതിഷം, വേദാന്തം തുടങ്ങിയ ശാസ്ത്രങ്ങളിലും നൈപുണ്യ മാർജിച്ചു. സംഗീതജ്ഞനും കവിയുമായ ഇരയിമ്മൻ തമ്പിയുടെ നിരന്തരമായ സമ്പർക്കവും

കൊട്ടാരം ഭാഗവതരായ പാലക്കാട് പരമേശ്വര ഭാഗവതരുടെ സാന്നിധ്യവും സ്വാതിയിലെ സാഹിത്യ സംഗീത വാസന വികസ്വരമാക്കി. രാജ്യകാര്യങ്ങളിൽ എന്ന പോലെ സംഗീതകലകളിലും ഉള്ള താല്പര്യം അദ്ദേഹം എന്നും നിലനിർത്തിയിരുന്നു. അന്യദേശങ്ങളിൽ നിന്നുപോലും വിദഗ്ദ്ധരായ സംഗീതജ്ഞരെ വിളിച്ചുവരുത്തി അദ്ദേഹം പ്രോത്സാഹിപ്പിച്ചു. സ്വാതിതിരുനാളിന്റെ സംഗീത സദസ്സിൽ ധാരാളം സംഗീത വിദ്വാന്മാരുണ്ടായിരുന്നു. ഇരയിമ്മൻ തമ്പി, കോയിത്തമ്പുരാൻ, പരമേശ്വര ഭാഗവതർ എന്നീ നാട്ടുകാരെക്കൂടാതെ കണ്ഠമേരുസ്വാമി,പൊന്നയ്യ, ചിന്നയ്യ, വടിവേലു, ശിവാനന്ദം,തുടങ്ങിയ വിദേശീയരും ഉണ്ടായിരുന്നു. സുലൈമാൻ ഖാദർ സാഹിബ്, അലാവുദ്ദീൻ തുടങ്ങിയ ഹിന്ദുസ്ഥാനി സംഗീതജ്ഞരുമായും അദ്ദേഹത്തിന് അടുപ്പമുണ്ടായിരുന്നു.

തന്റെ ഹ്രസ്വമായ ജിവിതകാലത്തിനിടയിൽ (33 വർഷം) നാനൂറോളം കൃതികൾ അദ്ദേഹം രചിച്ചു. സംസ്കൃതം, മലയാളം, ഹിന്ദുസ്ഥാനി, തെലുങ്ക് എന്നീ ഭാഷകളിലെല്ലാം രചനകൾ നിർവഹിച്ചു. അപൂർവ്വരാഗങ്ങളായ സൈന്തവി, ഗോപികാവസന്തം, ലളിത പഞ്ചമം, എന്നിവ പോലും സ്വാതിതിരുനാൾ സംഗീതത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പദവർണ്ണങ്ങൾ, താനവർണ്ണങ്ങൾ, സ്വരരാജികൾ, കീർത്തനങ്ങൾ, പദങ്ങൾ, തില്ലാനകൾ, പ്രബന്ധങ്ങൾ എന്നീ സംഗീത രൂപങ്ങളിലെല്ലാം ആ പ്രതിഭ വ്യാപരിച്ചു.കൃതികൾ അധികവും പത്മനാഭ സ്തുതികളാണ്. നവരാത്രി ദിവസങ്ങളിൽ തിരുവനന്തപുരം വലിയ കൊട്ടാരത്തിൽ ശ്രീസരസ്വതിയുടെ മുമ്പിൽ പാടാനായി സംവിധാനം ചെയ്തിട്ടുള്ള നവരാത്രി കീർത്തനങ്ങൾ സ്വാതിതിരുനാളിന്റെ മഹത്തായ സംഭാവനയാണ്. അദ്ദേഹത്തിന്റെ നവവിധ ഭക്തി കീർത്തനങ്ങൾ, നവരണമാലിക, ഘനരാഗകീർത്തനങ്ങൾ എന്നിവയും എടുത്തു പറയത്തക്കതാണ്. 1846 -ൽ സ്വാതിതിരുനാൾ നാടുനീങ്ങി.

## ഇരയിമ്മൻ തമ്പി (1782-1862)

കേരളീയഗാന രചയിതാക്കളിൽ സ്വാതിതിരുനാൾ കഴിഞ്ഞാൽ ഏറ്റവും ഔന്നത്യം ഇരയിമ്മൻ തമ്പിക്കാണ്. കേരളവർമ്മ തമ്പുരാന്റെയും പാറുക്കുട്ടി തങ്കച്ചിയുടേയും മകനായി 1782 ൽ ജനനം. ഇരവി വർമ്മൻ തമ്പി എന്നായിരുന്നു യഥാർത്ഥ നാമധേയം. ചെറുപ്പംമുതലേ സംഗീത സാഹിത്യാദികളിൽ താല്പര്യം ഉണ്ടായിരുന്നു. കാവ്യരചനാപാടവവും സംഗീത വിഷയകമായ പ്രാഗൽഭ്യവും വാസനയും സമഞ്ജസമായി സമ്മേളിക്കുന്ന ഇരയിമ്മൻ തമ്പിയുടെ പ്രാവീണ്യം പ്രശസ്തിയിലേയ്ക്കുയർന്നത് സ്വാതിതിരുനാളിന്റെ സംഗീതസദസ്സിലെ അംഗമായപ്പോഴാണ്. ഇവർ തമ്മിലുള്ള സൗഹൃദത്തിന്റെ പശ്ചാത്തലത്തിലാണ് സ്വാതിതിരുനാളിന്റെ 'പഞ്ചാബാണനും', ഇരയിമ്മൻ തമ്പിയുടെ 'പ്രാണനാഥൻ എനിക്ക് നല്കിയ' എന്ന കൃതിയും ഉണ്ടായത്. കർണ്ണാടക സംഗീതത്തിൽ വർണം, കീർത്തനം, പദം- ഈ മൂന്നു വിഭാഗത്തിലും പെട്ട രചനകൾ; കഥകളി സംഗീതത്തിന്റെ മികച്ചമാതൃകകളെന്നു വിശേഷിപ്പിക്കപ്പെടുന്ന ഉത്തരാസ്വയംവരം, കീചകവധം, ദക്ഷയാഗം എന്നീ ആട്ടക്കഥകൾ, താരാട്ട്, കുമ്മി, തിരവാതിരപ്പാട്ടുകൾ, കിളിപ്പാട്ടുകൾ, തുടങ്ങിയവ ഇരയമ്മൻ തമ്പിയുടെ സംഭാവനകളാണ്. ഓമനത്തിങ്കൾ കിടാവോ....എന്നാരംഭിക്കുന്ന അത്യന്തം മനോഹരമായ താരാട്ടുകൊണ്ടുമാത്രം ഇരയിമ്മൻ തമ്പി മലയാളിമനസ്സിൽ ചിര പ്രതിഷ്ഠ നേടി. ഭക്തിയുടെ പരമകാഷ്ഠയിൽ നില്ക്കുന്ന 'കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണാ' (ശ്രീരാഗം), മോഹിനിയാട്ട വേദികളിൽ ആവർത്തിച്ചുകേൾക്കുന്ന ' മനസിമേപരിതാപം' (ശങ്കരഭാരണം), ശൃംഗാരരസത്തിന്റെ ഉജ്ജ്വല പ്രതീമായ 'പ്രാണ നാഥനെനിക്കു നൽകിയ പരമാനന്ദരസം' തുടങ്ങിയവ തമ്പിയുടെ അതിവിശിഷട രചനകളാണ്. കീചകവധം ആട്ടക്കഥയിലെ 'ക്ഷോണീന്ദ്ര പത്നിയുടെ വാണീം നിശമ്യ' എന്നാരംഭിക്കുന്ന ദണ്ഡകം ആട്ടക്കഥാ സാഹിത്യത്തിലെ മറ്റെല്ലാ ദണ്ഡകങ്ങളെയും അതിശയിക്കുന്നു. ഇവയും 'അടിമലരിണതന്നെ (മുഖാരി) ' പാഹിമാം ഗിരിതനയേ' (സാവേരി)' അബംഗൗരി' (ആരഭി) മുതലായ വർണങ്ങളും ' വീരാ വിരാട കുമാരവിഭോ' എന്ന കുമ്മിയും മലയാളിയുടെ സംഗീതബോധത്തെ പരിപോഷിപ്പിച്ച രചനകളാണ്.

''മലയാളത്തിലെ ഗാനകർത്താക്കളിൽ തമ്പിക്കു തുല്യനായിമറ്റൊരാളില്ല'' (ഗുപ്തൻ നായർ) എന്ന അഭിപ്രായം അദ്ദേഹത്തിന്റെ കൃതികളുടെ മഹത്വത്തെ അടയാളപ്പെടുത്തുന്നു.

## കുട്ടിക്കുഞ്ഞുതങ്കച്ചി (1820-1904)

ഇരയിമ്മൻ തമ്പിക്കുശേഷം കേരളത്തിൽ സംഗീത പാരമ്പര്യം നിലനിർത്തിയവരിൽ പ്രധാനിയാണ് അദ്ദേഹത്തിന്റെ മകളായ കുട്ടിക്കുഞ്ഞു തങ്കച്ചി. സംഗീതം, സാഹിത്യം, മോഹിനിയാട്ടം എന്നിവയിൽ സമർത്ഥയായിരുന്ന തങ്കച്ചിയുടെ ഗുരു പിതാവ് തന്നെയായിരുന്നു. ശൃംഗാരത്തിനും ഭക്തിയ്ക്കും പ്രാധാന്യമുള്ള അനേകം സംഗീതകൃതികൾ അവർ രചിച്ചിട്ടുണ്ട്. സാമജ ഹരഹരേ (കല്ല്യാണി) പാഹിമോഹനാ കൃതേ (കമാത്തി), ശ്രീ പവന കുരേശാ (സുരുട്ടി) തുടങ്ങിയവ കുട്ടിക്കുഞ്ഞു തങ്കച്ചിയുടെ പ്രധാന കീർത്തനങ്ങളാണ് .തിരുവാതിരപ്പാട്ടുകൾ, കുറിഞ്ഞിപ്പാട്ടുകൾ, കിളിപ്പാട്ടുകൾ, കൂടാതെ പാർവതീസ്വയംവരം, ശ്രീമതി സ്വയംവരം, എന്നീ ആട്ടക്കഥകൾ തുടങ്ങിയവയും പ്രധാന രചനകളാണ്. കർണ്ണാടക സംഗീതത്തിലെ ആദ്യഗാന രചയിത്രി എന്ന വിശേഷണം തങ്കച്ചിയ്ക്കവകാശപ്പെട്ടതാണ്.

## കെ.സി. കേശവപിള്ള (1868-1914)

കേരള സംഗീതശാഖയ്ക്ക് ഗണ്യമായ സംഭാവന നല്കിയ സംഗീതജ്ഞനാണ് കെ. സി. കേശവപിള്ള. 1868 ൽ ജനനം. കവി എന്ന നിലയിലാണ് കെ. സി. സാഹിത്യവിദ്യാർത്ഥികളുടെ ഇടയിൽ അറിയപ്പെടുന്നത്. 'കേശവീയം' എന്ന മഹാകാവ്യവും 'സദാരാമ' എന്ന നാടകവും കെ.സി.യുടെ പ്രശസ്തി വർദ്ധിപ്പിച്ചു. മഹാകാവ്യവും അദ്ദേഹത്തിന്റെ 'സംഗീത പ്രവേശിക' കേരളീയ സംഗീതപാരമ്പര്യത്തിന് മുതൽക്കൂട്ടാണ്. ഇവയ്ക്കുപരിയായി 70 - ഓളം കീർത്തനങ്ങൾ അദ്ദേഹം രചിച്ചു. 'ഭജിയ്ക്ക നീ രാമനെ നിത്യം' (മോഹനരാഗം) വാസുദേവാത്മജം പാഹി (ബോജിരാഗം) ' കരുണാസാഗരമാം' (കല്ല്യാണിരാഗം) തുടങ്ങിയവ കെ. സി.യുടെ പ്രസിദ്ധങ്ങളായ കീർത്തനങ്ങളാണ്. 1914 -ൽ അന്തരിച്ചു.

## പരമേശ്വര ഭാഗവതർ (1815-1892)

1815 -ൽ പാലക്കാട്ട് ജനനം. അമ്മാവന്റെ ശിക്ഷണത്തിൽ സംഗീതം പഠിച്ചു. ശ്രീപത്മനാഭ ക്ഷേത്രത്തിൽ വച്ച് ഇദ്ദേഹത്തിന്റെ സംഗീതാലാപനം കേൾക്കുവാൻ ഇടയായ സ്വാതിതിരുനാൾ ഭാഗവതരെ കൊട്ടാരത്തിലേയ്ക്കു ക്ഷണിച്ചു. മഹാരാജാവിന്റെ വിദ്വത്സദസ്സിലെ തിരുവിതാംകൂർ സ്വദേശി അല്ലാത്ത ഏക അംഗം ഇദ്ദേഹമായിരുന്നു. സ്വാതിതിരുനാളിന്റെ ചില കൃതികൾക്ക് സംഗീതം പകർന്നിട്ടുള്ളത് പരമേശ്വര ഭാഗവതരാണ്. നാട്ടരാഗത്തിലുള്ള 'സരസിജനാഭ' എന്ന കീർത്തനം വളരെ പ്രസിദ്ധമാണ്. 1892 ൽ മരണം.

## ആറ്റൂർ കൃഷ്ണ പിഷാരടി (1876-1964)

കവി, നിരൂപകൻ, ഗവേഷകൻ എന്ന നിലയിലെല്ലാം അറിയപ്പെടുന്ന ആറ്റൂർ സംഗീതജ്ഞനുമായിരുന്നു. അദ്ദേഹത്തിന്റെ 'സംഗീതചന്ദ്രിക' കേരളീയ സംഗീത പാരമ്പര്യത്തിന്റെ മികച്ച നിദർശനമാണ്.

## ഷട്ക്കാല ഗോവിന്ദമാരാർ (1798-1843)

കർണാടക സംഗീതലോകത്തെ മഹാത്ഭുതമായ ഷട്ക്കാലഗോവിന്ദമാരാർ 19-ാം നൂറ്റാണ്ടിലെ സുപ്രസിദ്ധ ഗായകനായിരുന്നു. എറണാകുളം ജില്ലയിലെ രാമ മംഗലമാണ് ജന്മദേശം. ഏഴുതന്ത്രികളുള്ള സവിശേഷമായ തംബുരുവിൽ ശ്രുതി ചേർത്ത് ആറുകാലങ്ങളിൽ പാടാൻ കഴിവുള്ളയാളായിരുന്നു ഗോവിന്ദമാരാർ. സാധാരണ പാട്ടുകാരെല്ലാം മൂന്നാം കാലം വരെ പാടുമ്പോൾ മാരാർക്ക് അതിവിളംബത്തിൽ തുടങ്ങി ആറാംകാലമായ അതി ദ്രുതത്തിലേയ്ക്കും കടന്നു പാടാനുള്ള അസാധാരണ കഴിവുണ്ടായിരുന്നു. അത്യപൂർവ്വമായ ഈ സിദ്ധിയാണ് അദ്ദേഹത്തിന് ഷട്ക്കാല

ഗോവിന്ദമാരാർ എന്ന ബഹുമതി നാമം നേടിക്കൊടുത്തത്. അക്കാലത്ത് മറ്റ് രണ്ടുപേർക്കുകൂടി മാത്രമേ (സരസയ്യ, വീണ വെങ്കിട്ടരമണദാസർ) ദക്ഷിണേന്ത്യയിൽ ഈ കഴിവ് ഉണ്ടായിരുന്നുള്ളു. 1842 ൽ തിരുവയ്യാറിൽ ഏകാദശിനാളിൽ അദ്ദേഹം ത്യാഗരാജ സന്നിധിയിൽ എത്തി. സംഗീതമാലപിക്കാൻ ക്ഷണിക്കപ്പെട്ട മാരാർ ജയദേവരുടെ ' ചന്ദനചർച്ചിത നീലകളേബര വസതി വനേ വനമാലി' എന്ന അഷ്ടപദി 'പന്തുവരാളി'യിൽ പാടി. ഗോവിന്ദമാരാരുടെ ലയനജ്ഞാനം കണ്ട് സന്തോഷത്താൽ മതിമറന്ന ത്യാഗരാജസ്വാമികൾ മാരാരോടുള്ള ആദരത്താൽ ശ്രീരാഗത്തിൽ 'എന്തരോ മഹാനുഭാവലു' എന്ന കീർത്തനം പാടി എന്നുമുള്ള ഒരു കഥ കേരളത്തിൽ പ്രാകാരാന്തരേണ പ്രചരിച്ചിട്ടുണ്ട്.

## ചെമ്പൈ വൈദ്യനാഥ ഭാഗവതർ (1896-1974)

പ്രശസ്ത കർണാടക സംഗീതജ്ഞനായ ഇദ്ദേഹം ഭാരതപ്പുഴയുടെ തീരത്തുള്ള ചെമ്പൈ എന്ന ഗ്രാമത്തിൽ 1896-ൽ ജനിച്ചു. ബാല്യം മുതലേ സംഗീതം പഠിച്ചു. വൈക്കം മഹാദേവക്ഷേത്രത്തിലും ഗുരുവായുർ ക്ഷേത്രത്തിലും തുടർന്ന് മദ്രാസിലും നടന്ന കച്ചേരിയിൽ അദ്ദേഹം പ്രസിദ്ധനായി. കുട്ടികൾക്കു വേണ്ടി സംഗീത ക്ലാസുകൾ പഠിപ്പിച്ചു. 1912-ൽ ഇദ്ദേഹത്തിന്റെ ശബ്ദം നഷ്ടപ്പെടുകയും ഗുരുവായൂർ നടയിൽ വച്ച് ശബ്ദം തിരികെ ലഭിക്കുകയും ചെയ്തു. 1923 -ൽ ചെമ്പൈ സൗജന്യ സംഗീത വിദ്യാലയം ആരംഭിച്ചു. മദ്രാസ് മ്യൂസിക് അക്കാദമിയുടെ സംഗീത കലാനിധി ബിരുദം, ഏറ്റവും നല്ല സംഗീത വിദ്വാനുള്ള ദേശീയ അവാർഡ് (1958) പത്മഭൂഷൺ അവാർഡ് (1973) തുടങ്ങിയ ഒട്ടേറെ ബഹുമതികൾ ലഭിച്ചു. ഇദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ യേശുദാസും ഉൾപ്പെടുന്നു.

## ഞരളത്ത് രാമപ്പൊതുവാൾ

സോപാന സംഗീതത്തിൽ പ്രസിദ്ധനായ ഇദ്ദേഹത്തിന്റെ ജനനം 1916 ൽ ആണ്. 7-ാം വയസു മുതൽ ഇടയ്ക്ക വായിക്കാൻ പരിശീലിച്ചു. 17-ാം വയസിൽ ചെമ്പൈയുടെ ശിഷ്യനായി. കുറച്ചുനാൾ കലാമണ്ഡലത്തിൽ പഠിപ്പിച്ചു. ധാരാളം അവാർഡുകൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഗുരുവായൂർ കേശവൻ, തമ്പ്, ഗുരുവായൂർ മാഹാത്മ്യം തുടങ്ങിയ ചലച്ചിത്രങ്ങളിൽ തന്റെ സോപാന സംഗീതവുമായി ഈ പാലക്കാട്ടുകാരൻ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

സംഗീത പാരമ്പര്യത്തിന് കേരളം നല്കിയ സംഭാവനകളെ വിലയിരുത്തുമ്പോൾ ശാസ്ത്രീയ സംഗീതത്തിന്റെ കാര്യത്തിൽ മാത്രമല്ല നാടോടി സംഗീതത്തിന്റെയും ലളിതസംഗീതത്തിന്റെയും കാര്യത്തിലും കേരളം സമ്പന്നമാണെന്ന് കാണാൻ കഴിയും. തച്ചോളി ഒതേനൻ തുടങ്ങിയ വീരനായകന്മാരെ പരാമർശിക്കുന്ന വടക്കൻ പാട്ടുകൾ നാടോടിഗാന സാഹിത്യത്തിൽ മുഖ്യസ്ഥാനം അർഹിക്കുന്നു. 'ഇരവിക്കുട്ടിപ്പിള്ളപ്പോര് ' ശ്രദ്ധേയമായ തെക്കൻ പാട്ടാണ്. കുഞ്ഞാലി മരയ്ക്കാർ, പഴശ്ശിരാജാ തുടങ്ങിയവരുടെ വീരകഥകൾ പരാമർശിക്കുന്ന പാട്ടുകളും ടിപ്പുവിന്റെ ആക്രമണം, 19-20 നൂറ്റാണ്ടുകളിലെ മാപ്പിളക്കലാപങ്ങൾ മുതലായ സംഭവങ്ങളെ വർണിക്കുന്ന പാട്ടുകളും ശ്രദ്ധേയമാണ്. അറബി- മലയാള സമ്മിശ്രമായ ഭാഷയിൽ എഴുതപ്പെട്ട മാപ്പിളപ്പാട്ടുകളും മധ്യതിരുവിതാംകൂർ പ്രദേശത്തു പ്രചാരം സിദ്ധിച്ച വഞ്ചിപ്പാട്ടുകളും ക്രിസ്തീയ ഗാനരീതിയായ വാതിൽ തുറപ്പാട്ടുകളും നമ്മുടെ നാടൻ സംഗീത പാരമ്പര്യത്തിന്റെ ശക്തമായ സാന്നിധ്യമാണ്. ഓണം, തിരുവാതിര, പൂരം തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് ആലപിക്കപ്പെടുന്ന ഗാനങ്ങളും ഗോത്രവർഗ്ഗങ്ങളുടെയിടയിൽ പ്രചാരത്തിലുള്ള ഗാനങ്ങളും സ്മരണീയമാണ്. ലളിത സംഗീത മേഖലയിലും കേരളീയ സംഗീത്തിന് സമ്പന്നമായ പാരമ്പര്യം ഉണ്ട്.് സ്വന്തം ഗാനനൈപുണ്യം കൊണ്ട് ദേശീയാംഗീകാരം നേടീയ വ്യക്തിയാണ് യേശുദാസ്. വയലാർ രാമവർമ്മ, ഒ.എൻ.വി കുറുപ്പ് തുടങ്ങിയവരുടെ ഭാവഗാനങ്ങൾ ലളിതസംഗീത ശാഖയെ പരിപോഷിപ്പിച്ചിട്ടുണ്ട്.

സംഗീതശാസ്ത്രം, സംഗീത ചൂഡാമണി, സംഗീതമഞ്ജരി, സ്വരതാളാദി ലക്ഷണം, സംഗീത വിധികൾ തുടങ്ങിയ കൃതികൾ സംഗീത വിഷയകങ്ങളായ ചില കേരളീയ ഗ്രന്ഥങ്ങളാണ്. ഭാരതീയ സംഗീത ശാസ്ത്ര സംബന്ധിയായ അമൂല്യഗ്രന്ഥങ്ങളാണിവ. സംഗീതകലയുടെ പ്രയോഗം, സിദ്ധാന്തം എന്നിവയെ സംബന്ധിച്ച് പ്രാചീനകാലം മുതല്ക്കുതന്നെ കേരളം മഹത്തായ സംഭാവന നല്കിയിട്ടുണ്ടെന്ന് നിസംശയം പറയാം.

## ചിത്രകല

കേരളത്തിൽ മനുഷ്യാധിവാസത്തിന്റെ ആരംഭം മുതൽ ചിത്രകല രൂപപ്പെട്ടിരുന്നുവെന്നു മനസ്സിലാക്കാൻ സാധിക്കും. പ്രാചീനങ്ങളായ ഗുഹകളിലും കൊടും കല്ലറകളിലും ഏറ്റവും പഴയ ചിത്രകലയുടെ സാന്നിധ്യമുണ്ട്. സുൽത്താൻ ബത്തേരിക്കടുത്തുള്ള എടയ്ക്കൽ, മറയൂരിലെ എഴുത്താലൈ, അഞ്ചുനാട് താഴ്വരയിലെ ആട്ടള, തെന്മലയിലെ ചെന്തുർണി, പെരികടവിളയിലെ പാണ്ടവൻപാറ എന്നീ ഗുഹകളിലാണ് പ്രാക്ചരിത്രകാല കേരളീയചിത്രകലയുടെ തെളിവുകളുള്ളത്. കേരളത്തിൽ ഇന്നോളം കണ്ടുകിട്ടിയിട്ടുള്ള ഗുഹാചിത്രങ്ങളെ കൊത്തു ചിത്രങ്ങളെന്നും ശിലാചിത്രങ്ങളെന്നും രണ്ടായി തിരിക്കാം. പരുക്കൻപ്പാറ ചുമരുകളിൽ പോറിവരച്ചതോ ശിലാ ആയുധം കൊണ്ട് കൊത്തിയെടുത്തതോ ആയ രേഖാ രൂപങ്ങളാണ് കൊത്തുചിത്രങ്ങൾ. വരച്ചാൽതെളിയുന്ന എന്തെങ്കിലും ചായംകൊണ്ട് ചുവരിൽ വരച്ചിരിക്കുന്നവയാണ് ശിലാചിത്രങ്ങൾ. എടയ്ക്കൽ ഗുഹാഭിത്തികളിൽ മനുഷ്യർ, മൃഗങ്ങൾ, സ്വസ്തിക, വൃത്തം, കുരിശ് തുടങ്ങിയ രൂപങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. ചില പ്രാകൃത നൃത്തങ്ങളെയാണ് ഇതു സൂചിപ്പിക്കുന്നത്. 6000 കൊല്ലത്തിലേറെ ഇതിന് പഴക്കമുണ്ടെന്ന് ചില ചരിത്രകാരന്മാർ പറയുന്നു.

നെയ്യാറ്റിൻകര താലൂക്കിൽ പെരികടവിളയിൽ ഒരു കുന്നിൻ നെറുകയിൽ പാറക്കൂട്ടത്തിന് നടുവിലായി തലയുയർത്തി നില്ക്കുന്നതാണ് പാണ്ഡവൻ പാറ. നൂറ് മീറ്ററോളം ഉയർന്നു നില്ക്കുന്ന ഈ ഗുഹയ്ക്കുള്ളിൽ ഒട്ടേറെ കൊത്തു ചിത്രങ്ങളുണ്ട്. തമിഴിനോട് സാമ്യം പുലർത്തുന്ന അക്ഷര സമാന രേഖാരൂപങ്ങളും പുഷ്പാലങ്കരണ ചിത്രമാതൃകയും തൂവൽ മാതൃകയുള്ള കൊത്തുചിത്രങ്ങളുമാണ് ഇവിടെ കാണുന്നത്. ചെന്തുർണിയിലെ ഗുഹയിൽ ഒന്നിനുമീതെ മറ്റൊന്ന് എന്ന ക്രമത്തിലാണ് ചിത്രങ്ങൾ വരച്ചിരിക്കുന്നത്. പ്രാകൃത മനുഷ്യന്റെ ആർട്ട് ഗ്യാലറി എന്ന് ഇതിനെ വിളിക്കാം. കൈകൾ ഉയർത്തി നില്ക്കുന്ന മനുഷ്യരൂപങ്ങളും ,ആന, കുതിര, കാള, കാട്ടുപോത്ത്, മാൻ തുടങ്ങിയ മൃഗരൂപങ്ങളും ഉണ്ട്. ആട്ടളയിൽ 400 ൽ പരം ചിത്രങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. 1974 ലാണ് ഈ ഗുഹാചിത്രങ്ങളെക്കുറിച്ചുള്ള പഠനമാരംഭിച്ചത്. പ്രാകൃത മനുഷ്യന്റെ ദൈനംദിന ജീവിത ദൃശ്യങ്ങളും ജന്തുജാലങ്ങളുടെ ചിത്രീകരണവും ഇവിടുത്തെ പ്രത്യേകതയാണ്. ഇവയെല്ലാം ചരിത്രാതീതകാല കേരളീയ ചിത്രകലയെ പ്രതിനിധീകരിക്കുന്നു.

### ചുമർ ചിത്രങ്ങൾ

ചുമരുകളിൽ ചിത്രമെഴുതുന്ന സമ്പ്രദായം വാസ്തു ശില്പകലയോടനുബന്ധിച്ച് വികാസം പ്രാപിച്ചതാണ്. ഭിത്തികളും മേൽത്തട്ടിന്റെ അകവശവും ചിത്രം വരച്ച് അലങ്കരിക്കുന്ന രീതി കേരളത്തിൽ ഏറെ പ്രചരിച്ചിരുന്നു. ദൈവാലയങ്ങളും അമ്പലങ്ങളും രാജകൊട്ടാരങ്ങളും ഇപ്രകാരം അലങ്കരിച്ചിരുന്നു. കാവിചെമപ്പ്, കാവിമഞ്ഞ, പച്ച, ചെമപ്പ്, വെള്ള, നീല, ഹരിതനീലം, കറുപ്പ്, സ്വർണ്ണമഞ്ഞ തുടങ്ങിയ നിറങ്ങളാണ് കേരളത്തിലെ ചുമർ ചിത്രങ്ങളിൽ സാധാരണകാണുന്നത്. പച്ചിലച്ചായങ്ങളും പഴച്ചാറുകളും മണ്ണിൽ നിന്ന് കുഴിച്ചെടുക്കുന്ന ധാതുക്കളും ചായങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നു. പ്രത്യേകതരം വെട്ടുകല്ലിൽ നിന്നാണ് കാവി ചെമപ്പും കാവിമഞ്ഞയും തയ്യാറാക്കിയിരുന്നത്. നീല നിറത്തിന് നീല അമരിച്ചെടിയുടെ ചാറ് ഉപയോഗിച്ചിരുന്നു. എരവിക്കറയിൽ നീല ചായം

ചേർത്താൽ പച്ചനിറം കിട്ടും. എണ്ണക്കരി കറുപ്പുനിറത്തിന് ഉപയോഗിച്ചിരുന്നു. വെള്ള നിറത്തിന് ചുണ്ണാമ്പും. പ്രതലം ബലപ്പെടുത്താൻ പലതരത്തിലുള്ള പശകൾ ഉപയോഗിച്ചിരുന്നു. ഇതിന് കുമ്മായ ത്തിൽ ശർക്കരയോ, മൃഗങ്ങളുടെ കൊഴുപ്പോ ചേർത്തിരുന്നു. നേർമ്മയുള്ള ദ്വിതീയ പ്രതലത്തിന് കരി ക്കിൻ വെള്ളത്തിൽ കലക്കിയ കുമ്മായം ഉപയോഗിച്ചിരുന്നു. ചായങ്ങളോടൊപ്പം വിളാമ്പശ, പള്ളിപ്പാൽ, വേപ്പിൻ പശ, എന്നിവയിലേതെങ്കിലും ഉപയോഗിച്ചിരുന്നു. കോതപ്പുല്ലും കൈതവേരുമായിരുന്നു ബ്രഷ്. ചിത്രമെഴുതിക്കഴിഞ്ഞാൽ പൈൻ മരത്തിന്റെ കറയിൽ നാലിലൊന്ന് എണ്ണകൂടി ചേർത്ത് തുണിയിൽ അരിച്ച് ചുമരിൽ തേച്ച് പിടിപ്പിച്ച് ചിത്രങ്ങൾക്ക് ബലം നല്കിയിരുന്നു. ഗുഹാക്ഷേത്രങ്ങളെ പിന്തള്ളി ഘടനാത്മക ക്ഷേത്രങ്ങൾ കേരളത്തിൽ രൂപംകൊള്ളാൻ തുടങ്ങിയതോടെ ചുമർചിത്ര ങ്ങൾക്കുള്ള പ്രാധാന്യം വർദ്ധിച്ചു. ദേവീദേവന്മാരെയും നാഗത്താന്മാരെയും ചുമരുകളിൽ വരയ്ക്കുക പതിവായി.

ശൈലീ പരമായ പ്രത്യേകതകളെ മുൻനിർത്തി കേരളത്തിലെ ചുമർ ചിത്രങ്ങളെ പ്രാഥമികഘ ട്ടം, മധ്യകാലഘട്ടം, അനന്തര ഘട്ടം എന്നിങ്ങനെ മൂന്നായി തിരിക്കാം. കളിയാമ്പള്ളി, പിശാരികാവ്, കാന്തളൂർ (പത്മനാഭസ്വാമി ക്ഷേത്രം) എന്നീ ക്ഷേത്രങ്ങളിൽക്കാണുന്ന ചിത്രങ്ങളാണ് പ്രാഥമിക ഘട്ടത്തി ലേത്. മട്ടാഞ്ചേരിയിലെ രാമായണചിത്രങ്ങൾ, തൊടിക്കളം, ഏറ്റുമാനൂർ, വാസുദേവപുരം, വടക്കും നാഥക്ഷേത്രം, തിരുവഞ്ചിക്കുളം, തൃക്കൊടിത്താനം, ബാലുശ്ശേരി, തൃപ്രയാർ എന്നിവിടങ്ങളിലെ ചിത്ര ങ്ങൾ മധ്യകാലഘട്ടത്തിൽപ്പെടുന്നു. നെയ്യാറ്റിൻകര, കോട്ടയ്ക്കൽ, പത്മനാഭപുരം കൊട്ടാരം, മട്ടാ ഞ്ചേരി കൊട്ടാരം, ആർപ്പൂക്കര ക്ഷേത്രം എന്നിവിടങ്ങളിലേയും അകപ്പറമ്പ് , കാഞ്ഞൂർ, തിരുവല്ല, കോട്ടയം, അങ്കമാലി തുടങ്ങിയ പള്ളികളിലേയും ചുമർചിത്രങ്ങൾ അനന്തരഘട്ടത്തിലേതാണ്.

കേരളത്തിൽ ഇന്നുകാണുന്ന ചുമർചിത്രങ്ങളിൽ ഏറെയും 15-ാം നൂറ്റാണ്ടു മുത ലുള്ളതാണ്. ഭക്തിപ്രസ്ഥാനം കേരളത്തിലെ ചുമർചിത്രകലയെ വളരെയധികം പ്രോൽസാഹിപ്പിച്ചിരു ന്നു. കേരളത്തിലെ സാമൂഹിക രാഷ്ട്രീയ സ്ഥിതിഗതികളും ചുമർചിത്രകലയുടെ വിഷയമായിരുന്നു. മതാത്മകമായ പ്രമേയങ്ങളാണ് ചുമർചിത്രകലയിൽ കൂടുതലായി ആവിഷ്ക്കരിച്ചിട്ടുള്ളത്. ശിവൻ, വിഷ്ണു, ഗണപതി, സുബ്രഹ്മണ്യൻ എന്നീ മുഖ്യദേവതകളുടെ ആവിഷ്ക്കാരമാണ് കേരളത്തിൽ പ്രബല മായിട്ടുള്ളത്. ശൈവചിത്രങ്ങളിൽ ആനന്ദതാണ്ഡവത്തിനാണ് പ്രാധാന്യം. ദശാവതാരങ്ങളാണ് വൈഷ്ണവ ചിത്രങ്ങളുടെ പ്രമേയം. രാമായണ മഹാഭാരതപ്രമേയങ്ങളും ചുമർചിത്രങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.ക്രൈസ്തവ ദൈവാലയങ്ങളിലെ ചുമർചിത്രങ്ങൾ ബൈബിൾ പ്രമേയങ്ങളാണ്. വിലക്ക പ്പെട്ട കനിഭക്ഷിക്കുന്ന ഹവ്വ, ക്രിസ്തുവിന്റെ ജനനം, അത്ഭുതങ്ങൾ, പീഢാനുഭവങ്ങൾ, ഉയിർപ്പ് എന്നി വയാണ് ക്രിസ്ത്യൻ പള്ളികളിലെ ചുമർചിത്രങ്ങളിൽ പ്രധാനം.

കേരളത്തിലെ ചുമർചിത്രങ്ങളിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത് ഏറ്റുമാനൂരേയും പത്മനാഭപു രത്തേയും മട്ടാഞ്ചേരിയിലെയും കായകുളത്തെയും ചിത്രങ്ങളാണ്. ഏറ്റുമാനൂർ മഹാദേവക്ഷേത്രം ചുമർചിത്രങ്ങളാൽ സമ്പന്നമാണ്. പടിഞ്ഞാറേ ഗോപുരത്തിനുള്ളിലെ തെക്കേഭിത്തിയിൽ വരച്ചിട്ടുള്ള ശിവതാണ്ഡവചിത്രമാണ് എറ്റവും ശ്രദ്ധേയം. വടക്കേ ഭിത്തിയിൽ അനന്തശയനവും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. പുറം ഭിത്തിയിൽ ദ്വാരപാലകരും കുതിരപ്പുറത്തിരുന്നു നായാട്ടു നടത്തുന്ന ശാസ്താവും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. '' പഴയദ്രാവിഡ ചിത്രകലയുടെ ഏക മാതൃകയാണ് വട ക്കൻ തിരുവിതാംകൂറിലെ ഏറ്റുമാനൂരിൽ കാണുന്നതെന്ന'' ആനന്ദ കുമാരസ്വാമിയുടെ അഭിപ്രായം ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ കൊട്ടാരങ്ങളും ചുമർചിത്രങ്ങളാൽ സമ്പന്നമാണ്. മട്ടാഞ്ചേരിയിലെ ഡച്ചുകൊട്ടാരത്തിൽ അറുപത്തിനാലു പാനലുകളിലായി രാമായണം, ഭാഗവതം, കുമാരസംഭവം എന്നിവയിലെ അനേകം രംഗങ്ങൾ ആലേഖ്യം ചെയ്യപ്പെട്ടിരിക്കുന്നു. ഇവിടുത്തെ ശ്രദ്ധേയമായ

മറ്റൊരു ചിത്രമാണ് ഗിരിജാകല്യാണം. പത്മനാഭപുരം കൊട്ടാരത്തിലെ ഉപ്പിരിക്കമാളിക മികച്ച ചുമർ ചിത്രങ്ങളാൽ അലംകൃതമാണ്. അർദ്ധനാരീശ്വരൻ, നടരാജൻ, പാർവ്വതീപരിണയം , സുബ്രഹ്മണ്യൻ, അനന്തശയനം തുടങ്ങിയ നിരവധി ചിത്രങ്ങൾ ഇവിടെയുണ്ട്. കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം വലുപ്പം കൊണ്ടും കലാമൂല്യംകൊണ്ടും കേരളത്തിലെ ചുമർചിത്രങ്ങളിൽ അഗ്രിമസ്ഥാനം അർഹിക്കുന്നു. ചിറക് വിടർന്നു നില്ക്കുന്ന ഗരുഡനും ഗരുഢാരൂഢനായ മഹാവിഷ്ണുവും ചിത്രം മുഴുവൻ നിറഞ്ഞുനില്ക്കുന്നു.

ക്ഷേത്രങ്ങളും കൊട്ടാരങ്ങളും മാത്രമല്ല ക്രിസ്ത്യൻ പള്ളികളും ചുമർചിത്രങ്ങളാൽ അലംകൃതമായിട്ടുണ്ട്. ചേപ്പാടുപള്ളിയിൽ ക്രിസ്തുവിന്റെ ജനനം മുതൽ കുരിശുമരണം വരെയുള്ള സംഭവങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. 13-ാം നൂറ്റാണ്ടിലെ ചിത്രമാണിത്. 18-ാം നൂറ്റാണ്ടിന്റെ ഒടുവിൽ നടന്ന ടിപ്പുവിന്റെ പടയോട്ടത്തെ നാട്ടുകാരായ യോദ്ധാക്കൾ ബ്രിട്ടീഷുകാരുടെ പിന്തുണയോടെ നേരിടുന്നതാണ് കാഞ്ഞൂർ പള്ളിയുടെ പുറം ഭിത്തിയിൽ കാണുന്ന ചിത്രങ്ങൾ.

ചുമർചിത്രങ്ങളിലെ നിറങ്ങൾ പ്രതീക സ്വഭാവത്തോടുകൂടിയവയാണ്. സാത്വികം, രാജസം, താമസം എന്നീ ത്രിഗുണങ്ങളെ ആധാരമാക്കിയാണ് മൂർത്തികൾക്ക് നിറങ്ങൾ കൊടുത്തിരിക്കുന്നത്. തികഞ്ഞ സാത്വികമൂർത്തികൾക്ക് പച്ചയാണ് നിറം. രജോഗുണമൂർത്തികൾക്ക് ചെമപ്പും തമോഗുണമൂർത്തികൾക്ക് വൈഷ്ണവ പക്ഷമനുസരിച്ച് വെള്ളയും ശൈവ പക്ഷമനുസരിച്ച് കറുപ്പുമാണ് വർണ്ണം. മഹാലക്ഷ്മി പാർവ്വതി, വിഷ്ണുമായ തുടങ്ങിയ ദേവതകൾക്ക് സ്വർണ്ണ വർണ്ണമാണ് കൊടുത്തിരിക്കുന്നത്. ഭദ്രകാളിയുടെ നിറം കറുപ്പാണ്. ബ്രഹ്മാവ്, സരസ്വതി എന്നിവർക്ക് അരുണവർണ്ണവും കൃഷ്ണന് മഞ്ഞ വസ്ത്രവും ശിവന് ചെമന്ന മേലുടുപ്പും പൊതുവെ നല്കി ക്കാണുന്നു. കാവിച്ചെമപ്പാണ് കേരളീയ ചുമർച്ചിത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വർണ്ണം. വികാരങ്ങളെ സംയമനം ചെയ്ത് പ്രകടിപ്പിക്കുവാനുള്ള കേരളീയരുടെ സവിശേഷസ്വഭാവം ദേവീദേവന്മാരുടെ മുഖഭാവങ്ങളിലും പ്രകടമാണ്. വർത്തുള രേഖകൾക്കൊണ്ടാണ് കേരളീയ ചിത്രകാരന്മാർ രൂപങ്ങൾ പൂർത്തിയാക്കിയിരിക്കുന്നത്. കഥകളിയുടെ സ്വാധീനം കേരളീയ ചുമർ ചിത്രങ്ങളിൽ പ്രതിഫലിച്ചിട്ടുണ്ട്. പഴയ കേരളീയ വാദ്യങ്ങൾ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഗണപതി പൂജനടത്തുന്നവരുടെ കൂട്ടത്തിൽ കറുത്ത നമ്പൂതിരിയും വെളുത്ത നമ്പൂതിരിയും ഉണ്ട്. കേരളീയരുടെ സ്ത്രീ സൗന്ദര്യ സങ്കല്പം ഇതിൽ തെളിഞ്ഞു കാണാം. പത്മനാഭപുരം കൊട്ടാരത്തിലെ സുന്ദരിമാർ നീണ്ട മുഖത്തോടും ദൃഢശരീരത്തോടുംകൂടിയ ശംഖിനിമാരാണെങ്കിൽ മട്ടാഞ്ചേരി കൊട്ടാരത്തിലെ സുന്ദരിമാർ തുടുത്ത ദേഹങ്ങളുള്ള പത്മിനിമാരാണ്.

**കളമെഴുത്ത് (ധൂളീചിത്രങ്ങൾ)**

കളമെഴുത്ത് ഒരു അനുഷ്ഠാന കലയാണ്. വിരലുകൾ മാത്രം ഉപകരണമാക്കി അഞ്ചുനിറമുള്ള അഞ്ചുതരം പൊടികളുപയോഗിച്ച് അസാധാരണമായ വേഗത്തിൽ ദേവീ ദേവന്മാരുടെ രൂപങ്ങൾ നിലത്തു വരയ്ക്കുന്ന സമ്പ്രദായമാണിത്. ധൂളി (പൊടി) കൊണ്ട് വരയ്ക്കുന്ന ചിത്രമായതിനാൽ ധൂളീചിത്രമെന്നും അറിയപ്പെടുന്നു. മാതൃകകൾ നോക്കി വരയ്ക്കുന്ന സമ്പ്രദായം ഇതിലില്ല. കേശാദിപാദ വർണ്ണനകളിലോ, ,ധ്യാനമന്ത്രങ്ങളിലോ പ്രതിപാദിച്ചിട്ടുള്ള ഇഷ്ടദേവതാ രൂപങ്ങളെ വർണ്ണപ്പൊടികൾ ഉപയോഗിച്ച് വരയ്ക്കുന്നു.

ഭദ്രകാളി ക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ചോ വൃച്ഛികം 1-ാം തീയതി മുതൽ ധനു 11 വരെയുള്ള മണ്ഡലകാലത്തോ ആണ് കളമെഴുത്ത് കേരളത്തിൽ സാധാരണയായി നടക്കുന്നത്. കുംഭം, മീനം മാസങ്ങളിലെ അശ്വതിനാളുകളിലും ഭരണിയ്ക്കും, മേടം 10 നും മിഥുനത്തിലെയും കർക്കിടകത്തിലെയും വിശേഷദിവസങ്ങളിലും കളമെഴുത്ത് പതിവായിരുന്നു. എല്ലാദിവസവും കളമെഴുത്ത് നടത്താറുള്ള ക്ഷേത്രങ്ങളാണ് കാരക്കോട് ഭഗവതി ക്ഷേത്രവും വടയാറിനടുത്തുള്ള എളകാവും. പരമ്പരാഗതമായി കളമെഴുത്ത് കുലവൃത്തിയായി സ്വീകരിച്ചവരാണ് (മധ്യകേരളത്തിൽ കുറുപ്പ

ന്മാരും വടക്കൻ കേരളത്തിൽ നമ്പ്യാന്മാരും) ഈ കലയുടെ കൈകാര്യകർത്താക്കൾ. തീയാട്ടിനോടനുബന്ധിച്ചുള്ള കളമെഴുത്ത് നിർവഹിക്കുന്നത്. തീയാട്ടുണ്ണിമാരാണ് സർപ്പം പാട്ടിൽ പുള്ളുവന്മാരാണ് നാഗക്കളം വരയ്ക്കുന്നത്.

കളമെഴുതി പൂർത്തിയായാൽ പൂജയും കളത്തിൽ കുടികൊള്ളുന്ന മൂർത്തിയെ പ്രകീർത്തിച്ചുള്ള പാട്ടും പതിവാണ്. ബലിക്കൽപ്പുരകഴിഞ്ഞുവരുന്ന അകത്തളങ്ങളിലോ നാലമ്പലങ്ങളുടെ കണ്ണാടി തിണ്ണകളിലോ ആയിരിക്കും സാധാരണ കളമെഴുത്ത് നടക്കുക. ഒരു പന്തലിട്ടിരിക്കും പന്തലിന്റെ മേല്ഭാഗം കുരുത്തോല, പൂമാല തുടങ്ങിയവയാൽ അലങ്കരിക്കും. കളമെഴുത്ത് തുടങ്ങുന്നതിന് മുമ്പ് പന്തലിന്റെ മൂലയ്ക്ക് പത്മം വരച്ച് ഗണപതി സ്തുതി നടത്തും. ദേവിയുടെ വാൾ പീഠത്തിൽ വച്ച ശേഷമേ കളമെഴുത്ത് തുടങ്ങാറുള്ളു. തൊണ്ടുകളഞ്ഞ നാളികേരവും അടുത്തു കാണും. വാഴയിലയിൽ അരിയും നെല്ലും വച്ചിരിക്കും. തെങ്ങിൻ പൂക്കുലയും ഉണ്ടാകും. ഉച്ചകഴിഞ്ഞാണ് കളമെഴുത്ത് തുടങ്ങുന്നത്. 7 അടി വീതിയും 9 അടി നീളവും കാണും വലിയ ഒരു കളത്തിന്. കുളികഴിഞ്ഞ് തറ്റുടുത്ത് വേണം കളമെഴുതാൻ. ഇഷ്ടദേവതാ രൂപം ധ്യാനിച്ചതിനു ശേഷം വര തുടങ്ങുന്നു. കരിപ്പൊടിയോ, അരിപ്പൊടിയോ ഉപയോഗിച്ച് ആദ്യത്തെ രൂപരേഖ തയ്യാറാക്കുന്നു. മുഖം, കഴുത്ത്, കിരീടം, മാറ്, അരയ്ക്കു കീഴ്ഭാഗം, കൈകാലുകൾ, എന്ന ക്രമത്തിൽ വരയ്ക്കുന്നു. ഇടയ്ക്കു നിറുത്തുവാൻ പാടില്ല. മുഖം വരച്ച ശേഷം കഴുത്തും മാറും വരച്ചു തുടങ്ങും. ശേഷം പുറകോട്ടുമാറി ആദ്യം രൂപരേഖ തയ്യാറാക്കിയ ശിരസും കിരീടവും പൂർത്തിയാക്കും. വരച്ചു കഴിഞ്ഞ ഭാഗങ്ങൾ ചവിട്ടാതിരിക്കാനാണിത്. വേഷഭൂഷാദികൾ കേശാദിപാദി ക്രമത്തിലാണ് വരയ്ക്കുന്നത്. മുഖംവരച്ച ആൾതന്നെ കാലും വരയ്ക്കണമെന്നാണ് വിധി. താഴെനിന്ന് മുകളിലേക്കാണ് രേഖകൾ വരയ്ക്കുന്നത്. വരതെറ്റിയാൽ മായ്ക്കാൻ പാടില്ല. കരിപ്പൊടി വിതറി തെറ്റിയവരമൂടണം. കൈവെള്ളയിൽ നിറച്ച വർണ്ണപ്പൊടി കൈയുടെ വലത്തുഭാഗത്തുണ്ടാകുന്ന വിടവിലൂടെ ചൂണ്ടുവിരലും തള്ളവിരലുംകൊണ്ട് മുറുക്കത്തിൽ വിതറി വേണം ബാഹ്യരേഖകൾ ശരിയാക്കാൻ ഒരേകനത്തിൽ കളം നിറയ്ക്കണം. വീരം കലർന്ന രൗദ്രം ആവാഹിക്കുന്നിടത്താണ് കളമെഴുത്തുകാരന്റെ കൈമിടുക്ക്.

കളം മായ്ക്കലാണ് അവസാന ചടങ്ങ്. കമുങ്ങിൻ പൂക്കുല കൈയിലെടുത്ത് ദേവിയുടെ പാദം ആദ്യം മായ്ക്കും. മൂക്കും മുലയും ഉണ്ടാക്കിയ ഭാഗങ്ങളിലെ നെല്ലും അരിയും കളമെഴുതിയവർക്ക് അവകാശപ്പെട്ടതാണ്. കളം മായിച്ചാലുടനെ അത് ഭക്തർക്ക് പ്രസാദമായി നല്കും. കളം മായ്ക്കൽ അനുഷ്ഠാനത്തിന്റെ ഭാഗമായതിനാൽ ധൂളീചിത്രങ്ങൾക്ക് ദീർഘായുസില്ല.

## ചിത്രകലയിലെ രവിവർമ്മ കാലഘട്ടം

കേരളീയചിത്രകലയിലെ സുവർണ്ണ ദശയാണ് രവിവർമ്മ കാലഘട്ടം. ഭാരതീയ ചിത്രകലയ്ക്ക് ലോക പ്രശസ്തി നേടിക്കൊടുത്ത കേരളീയ ചിത്രകാരനാണ് രാജാരവിവർമ്മ. ചിത്രമെഴുത്ത് കോയിത്തമ്പുരാൻ എന്ന പേരിലറിയപ്പെടുന്ന ഇദ്ദേഹം 1848 ൽ കിളിമാനൂർ കൊട്ടാരത്തിൽ ജനിച്ചു. രാജരാജവർമ്മയായിരുന്നു രവിവർമ്മയുടെ പ്രഥമഗുരു. തിയോഡർ ജോൺസൺ എന്ന ഇംഗ്ലീഷ് ചിത്രകാരനെ പരിചയപ്പെടാനിടയായത് രവിവർമ്മയുടെ ജിവിതത്തിലെ പുതിയ വഴിത്തിരിവായി. എണ്ണച്ചായാചിത്ര രചനാ സങ്കേതം അദ്ദേഹത്തിൽ നിന്നും രവിവർമ്മ സ്വായത്തമാക്കി.

പുരാണകഥകളിലെ സവിശേഷ സന്ദർഭങ്ങളും കഥാപാത്രങ്ങളും രവിവർമ്മ ക്യാൻവാസിലേക്കു പകർത്തിയപ്പോൾ അവ അനശ്വര കലാരൂപങ്ങളായി. ശാകുന്തളത്തെയും നളചരിതത്തെയും ആസ്പദമാക്കിയുള്ള ചിത്രങ്ങൾ ആ കഥാപാത്രങ്ങങ്ങൾക്ക് ജീവൻ നല്കി. രുക്മാംഗദചരിതം, അംബരീക്ഷചരിതം,ദമയന്തിയും ഹംസവും, കാലിൽ ദർഭമുന കൊണ്ടതായി നടിച്ച് പിൻതിരിഞ്ഞു നില്ക്കുന്ന ശകുന്തള, മുല്ലപ്പൂച്ചൂടിയ മലയാളിമങ്ക, അച്ഛൻ അതാവരുന്നു, കിണറ്റിൻകരയിൽ ഇവയൊക്കെ രവി

വർമ്മയുടെ അതിപ്രശസ്ത കലാസൃഷ്ടികളാണ്. ഇന്തോ- യൂറോപ്യൻ ശൈലി എന്ന പുതിയ പ്രസ്ഥാനത്തെ ചിത്രകലയിൽ രവിവർമ്മ വളർത്തിയെടുത്തു. 1937 ൽ ശ്രീചിത്തിര തിരുനാൾ തിരുവനന്തപുരത്തു സ്ഥാപിച്ച ശ്രീചിത്രാ ആർട്ട് ഗാലറിയിൽ രവിവർമ്മ ചിത്രങ്ങളുടെ വിപുലമായ ശേഖരം പ്രദർശിപ്പിച്ചിട്ടുണ്ട്.

കേരളത്തിനു പുറത്തുപോയി ചിത്രകലാപഠനം നടത്തിയ യുവ ചിത്രകാരന്മാരാണ് കേരളീയ ചിത്രകലയിൽ ആധുനിക പ്രവണത പ്രകടിപ്പിച്ചു തുടങ്ങിയത് . കെ. സി. എസ്. പണിക്കരുടെ നേതൃത്വത്തിലുണ്ടായിരുന്ന മദ്രാസ് ചിത്രകലാ സ്കൂൾ ആധുനികതയെ പ്രോൽസാഹിപ്പിക്കുകയുണ്ടായി. പൗരാണിക ദ്രാവിഡ സംസ്കാരത്തിന്റെ അന്തസത്ത ഉൾക്കൊണ്ടതായിരുന്നു അദ്ദേഹത്തിന്റെ ചിത്രങ്ങൾ. പണിക്കരുടെ ശിഷ്യരായി രംഗത്തുവന്ന എം. വി. ദേവൻ, കെ. വി. ഹരിദാസൻ തുടങ്ങിയ കേരള ചിത്രകാരന്മാരാണ് സ്വാതന്ത്ര്യാനന്തര കേരളീയ ചിത്രകലയുടെ വളർച്ചയ്ക്ക് വഴിയൊരുക്കിയത്. 1970 ൽ ആധുനിക പ്രവണത ഇവിടെ ശക്തമായി. ചിറയിൻകീഴ് ശ്രീകണ്ഠൻ നായർ, ജി. രാജേന്ദ്രൻ, കാർട്ടൂൺ നാരായണപിള്ള, ടി. ദത്തൻ, അക്കിത്തം നാരായണൻ തുടങ്ങിയവർ ഈ വിഭാഗത്തിൽ ശ്രദ്ധേയരാണ്. സർക്കാർഉടമസ്ഥതയിൽ ഇന്ന് പല ആർട്ട് ഗാലറികളും കേരളത്തിൽ ഉണ്ട്.തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻആർട്സ്, മാവേലിക്കര രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സ്, തുടങ്ങിയവ കേരളത്തിൽ ചിത്രരചന പഠിപ്പിക്കുന്ന സ്ഥാപനങ്ങളാണ്.

## ശില്പകല

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടാണ് കേരളീയ ശില്പകല വികാസം പ്രാപിക്കുന്നത്. ശില, ലോഹം, ദന്തം, ദാരു എന്നിങ്ങനെയുള്ള വ്യത്യസ്ത മാധ്യമങ്ങളിൽക്കൂടി ശിൽപകല വളർച്ച നേടി. ഏഴു മുതൽ ഒൻപത് വരെയുള്ള നൂറ്റാണ്ടുകളിലാണ് ശിലാ - ലോഹ ശില്പങ്ങളുടെ ഉത്ഭവം. വിഴിഞ്ഞം, കോട്ടുകൽ, കവിയൂർ തുടങ്ങിയ ഗുഹാക്ഷേത്രങ്ങളിൽ കാണുന്ന ശില്പങ്ങൾ കേരളീയ ശിലാ ശില്പങ്ങളുടെ ആദ്യ മാതൃകകളാണ്. കേരളത്തിലെ ഏറ്റവും പുരാതന ശിലാ ശില്പമായി കരുതപ്പെടുന്നത് കവിയൂർ ഗുഹാക്ഷേത്രത്തിലെ ദ്വാരപാലകരുടേതാണ്. തിരുച്ചാരണത്തു മലയിലെ ജൈനമതക്ഷേത്രത്തിൽ കാണുന്ന ജൈന വിഗ്രഹങ്ങൾ, നാഗർകോവിൽ നാഗരാജക്ഷേത്രത്തിലെ മണ്ഡപത്തൂണുകളിൽ കാണുന്ന പാർശ്വനാഥന്റെയും മഹാവീരതീർത്ഥകരന്റെയും പത്മാവതി ദേവിയുടേയും ശില്പങ്ങൾ, പെരുമ്പാവൂരിനു സമീപമുള്ള കല്ലിൽ ഗുഹാക്ഷേത്രത്തിൽ കാണുന്ന യോഗസ്ഥനായ തീർത്ഥകരന്റെയും പത്മാവതി ദേവിയുടേയും വിഗ്രഹങ്ങൾ എന്നിവയെല്ലാം ജൈനമതം ശില്പകലയ്ക്കു നൽകിയ സംഭാവനകളാണ്. ആദ്യകാല ശിലാ ശില്പങ്ങളിൽ തെക്കൻ ഭാഗത്തുള്ളവ പാണ്ഡ്യ സ്വാധീനതയ്ക്ക് മുൻതൂക്കം ഉള്ളവയാണ്. അമ്പലപ്പുഴയിലെ കരുമാടിക്കുട്ടൻ, മാവേലിക്കരയിലെ പുത്തരച്ചൻ (ബുദ്ധൻ) പള്ളിക്കലിലുള്ള ബുദ്ധവിഗ്രഹം തുടങ്ങിയവ പല്ലവ സ്വാധീനതയ്ക്ക് മുൻതൂക്കമുള്ളവയാണ്.

കേരളത്തിലെ ക്ഷേത്രപരമായ ശില്പകലയിൽ ചോള സ്വാധീനത കടന്നു വരുന്നത് 11 ഉം 12 ഉം നൂറ്റാണ്ടുകളിലാണ്. കോവണി കൈവരിയിലുള്ള ദേവതകളുടേയും സിംഹങ്ങളുടേയും നർത്തകരുടേയും രൂപങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. വൻതോതിലുള്ള ക്ഷേത്രസങ്കേതങ്ങൾ രൂപംകൊണ്ടതോടുകൂടി 16 ഉം 17 ഉം ശതകങ്ങളിൽ ശില്പവിദ്യ, പ്രതിമാ നിർമ്മാണം തുടങ്ങിയ കലകൾ കേരളത്തിൽ തഴച്ചു വളർന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രം, വർക്കല ജനാർദ്ദന ക്ഷേത്രം, വൈക്കം മഹാദേവ ക്ഷേത്രം എന്നിവ കേരളീയ ക്ഷേത്രങ്ങളെ സ്വാധീനിച്ച വിജയ നഗര - നായ്ക്ക സ്വാധീനതയുടെ ഫലങ്ങൾ ഉൾക്കൊള്ളുന്നു. പല രാജവംശങ്ങളുടേയും കാലഘട്ടങ്ങളുടേയും പ്രത്യേകതകളായ ശൈലികൾ സമ്മേളിച്ചിരിക്കുന്ന ഒരപൂർവ്വ ദൃശ്യമാണ് വടകരയിൽ നിന്നു ലഭിച്ച മഹാവിഷ്ണുവിന്റെ കൃഷ്ണ ശിലാവിഗ്രഹം.

കൂടൈക്കൂത്ത്, കുടക്കൂത്ത് എന്നിങ്ങനെയുള്ള രണ്ടുതരം പ്രാചീന കേരളീയ നൃത്തങ്ങൾ രേഖപ്പെടുത്തുന്ന രണ്ട് യാഴിച്ചട്ടങ്ങൾക്ക് പേരു കേട്ടതാണ് തൃക്കൊടിത്താനത്തെ വിഷ്ണുക്ഷേത്രം. തിരുനാവായിലെ വിഷ്ണു ക്ഷേത്രത്തിൽ കുടക്കൂത്തിലെ ഒരു നില വ്യക്തമാക്കുന്ന ശ്രദ്ധേയമായ ഒരു ശിലാരൂപമുണ്ട്. ഒരേസമയം അഞ്ചു കുടങ്ങൾ കൈകാര്യം ചെയ്തുകൊണ്ട് രണ്ടു ഗായകന്മാരുടെ പാട്ടിനോടൊപ്പം നടത്തുന്ന നൃത്തമാണ് കുടക്കൂത്ത്. ത്രിവിക്രമമംഗലം ക്ഷേത്രത്തിലും രണ്ട് യാഴിച്ചട്ടങ്ങളും രണ്ടു ദ്വാരപാലക രൂപങ്ങളും കാണാം. തിരുവല്ലത്തെ പരശുരാമ ക്ഷേത്രത്തിലുള്ള പരശുരാമന്റെയും ഭൂതഗണങ്ങളുടേയും ആന, സിംഹം മുതലായ മൃഗങ്ങളുടേയും രൂപങ്ങൾ ശ്രദ്ധേയമാണ് . 11 മുതൽ 14 വരെ നൂറ്റാണ്ടുകളിലെ ശില്പങ്ങളാണിവയെല്ലാം. 15 ഉം 16 ഉം നൂറ്റാണ്ടുകളിലെ ശിലാശില്പങ്ങളിൽ ഏതാനും എണ്ണം കന്യാകുമാരി ജില്ലയിലെ ശുചീന്ദ്രം ക്ഷേത്രത്തിൽ കാണാം. 18-ാം നൂറ്റാണ്ടിലെ അത്യുത്തമ ശില്പങ്ങളുടെയെല്ലാം ഭണ്ഡാഗാരമാണ് ശ്രീ പത്മനാഭസ്വാമി ക്ഷേത്രം. ഇവിടുത്തെ കുലശേഖര മണ്ഡപവും ശീവേലി മണ്ഡപവും നിരവധി ശില്പങ്ങൾക്കൊണ്ട് ആകർഷകമാണ്. ശിവൻ, വിഷ്ണു, ലക്ഷ്മീ, ഗണപതി മുതലായ ദേവതകളുടേയും വൃക്ഷലതാദികളുടേയും തത്ത, അണ്ണാൻ തുടങ്ങിയ പക്ഷി മൃഗാദികളുടേയും രൂപങ്ങൾ ഇവിടെ കാണാം. പുരാണേതിഹാസങ്ങളിൽ നിന്നുള്ള രംഗങ്ങളുടെയും ഭാഗവത കഥകളുടെയും ശിലാചിത്രങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ ചില ക്രിസ്ത്യൻ പള്ളികളിലും ശ്രദ്ധേയമായ ശില്പവേലകൾ കാണാൻ കഴിയും. കടുത്തുരുത്തി വലിയ പള്ളിയിലെ കൽക്കുരിശിൽ വളരെയേറെ ശില്പവേലകൾ കാണാം. ഉണ്ണിയേശുവിന്റെയും കന്യാമറിയത്തിന്റെയും രൂപങ്ങൾക്കു പുറമേ നായാട്ട്, യുദ്ധം, നൃത്തം മുതലായവയും മണ്ഡപത്തിൽ കൊത്തിവച്ചിട്ടുണ്ട്. കുറവിലങ്ങാട് സെന്റ്. മേരീസ് പള്ളിയിലും കൃഷ്ണ ശിലാ നിർമ്മിതമായ കുരിശു മണ്ഡപത്തിൽ ക്രൂശിത രൂപമുൾപ്പെടെയുള്ള ഏതാനും ശിലാശില്പങ്ങൾ കാണാൻ കഴിയും.

## ലോഹ ശില്പങ്ങൾ

കേരളത്തിൽ എ.ഡി. 8-ാം നൂറ്റാണ്ടിൽ ചെമ്പിലും വെള്ളോട്ടിലും വിഗ്രഹങ്ങൾ നിർമ്മിക്കുന്ന രീതി ഉണ്ടായിരുന്നതായി കരുതാം. ഇത്തരത്തിൽ നിർമ്മിച്ച ഓരോ വിഷ്ണു രൂപം തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ കാണാം. 12-ാം നൂറ്റാണ്ടു തൊട്ടുള്ള വെള്ളോട്ടു വിഗ്രഹങ്ങളുടെ ശേഖരം ശുചീന്ദ്രം ക്ഷേത്രത്തിൽ ഉണ്ട്. 13 ഉം 14 ഉം നൂറ്റാണ്ടുകളിലെ നിരവധി ശൈവ - വൈഷ്ണവ വിഗ്രഹങ്ങൾ തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുണ്ട്.

തനികേരളീയ ശൈലിയിലുള്ള വെള്ളോട്ടു വിഗ്രഹങ്ങൾ 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ ഇവിടെ ധാരാളമായി നിർമ്മിച്ചിരുന്നു. തൃശ്ശൂർ കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുള്ള ശില്പങ്ങൾ ഇത്തരത്തിലുള്ളതാണ്. 17 ഉം 18 ഉം ശതകങ്ങളിലെ പല വിഗ്രഹങ്ങളുടേയും ശ്രദ്ധേയമായ ശേഖരം തിരുവഞ്ചിക്കുളത്തെ ശിവക്ഷേത്രത്തിൽ കാണാം. നടരാജൻ, ശൈവസന്യാസിമാർ, ചേരമാൻ പെരുമാൾ നായനാർ, സുന്ദരമൂർത്തി നായനാർ തുടങ്ങിയ ശില്പങ്ങൾ ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്.

കേരളീയ ശില്പകലയുടെ ഏറ്റവും മികച്ച ഉദാഹരണമാണ് തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുള്ള ഹിരണ്യകശിപുവിനെ വധിക്കുന്ന നരസിംഹമൂർത്തി, ധ്യാനശീലനായ ബ്രഹ്മാവ്, നടരാജരൂപം എന്നിവ. മരക്കഴുക്കോലുകളുടെ അഗ്രപങ്ങൾ പൊതിയുന്നതിനായി 13 ഉം 14 ഉം നൂറ്റാണ്ടുകളിൽ ഉപയോഗിച്ചിരുന്ന ആവരണങ്ങളിൽ വെള്ളോടിൽ വാർത്തുവെച്ചിട്ടുള്ള രൂപങ്ങളാണിത്.

## ദന്തശില്പങ്ങൾ

കേരളീയ ശില്പികളുടെ കലാ വൈഭവത്തിന്റെ പ്രകടമായ ഉദാഹണങ്ങളാണ് നമ്മുടെ ദന്ത ശില്പ പാരമ്പര്യം. കേരള സർവ്വകലാശാലയിലെ 'പൗരസ്ത്യ ഗവേഷണ കേന്ദ്രവും ഹസ്തലിഖിത ഗ്രന്ഥാലയവും' എന്ന സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രണ്ടു താളിയോല ഗ്രന്ഥങ്ങളുടെ ചട്ടങ്ങൾ ഇതിൽ മുഖ്യസ്ഥാനം അർഹിക്കുന്നു. മലയാള ലിപികളിൽ ഏറ്റവും സൂക്ഷ്മമായി എഴുതിയി

ട്ടുള്ള ഭാഗവതമാണ് ഇതിന്റെ ഉള്ളടക്കം. അനന്തശയനം, മഹാവിഷ്ണുവിന്റെ പാർഷദന്മാർ, ഭൂമി, ലക്ഷ്മി, നാരദാദിഭക്തന്മാർ, പച്ചയും ചെമപ്പും ചായങ്ങളിലുള്ള പുഷ്പമാതൃകകൾ എന്നീ വിഷയങ്ങളാണ് ഈ ഗ്രന്ഥങ്ങളുടെ ചട്ടങ്ങളിൽ മനോഹരമായി കൊത്തിവെച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ രംഗവിലാസം കൊട്ടാരത്തിൽ ഉണ്ടായിരുന്ന ദന്ത സിംഹാസനമാണ് മറ്റൊരു ശ്രദ്ധേയമായ വസ്തു. പാലക്കാട്ടു ജില്ലയിലെ മണ്ണാർക്കാട്ടു നിന്ന് ബറോഡയിലെ കാഴ്ചബംഗ്ലാവിൽ എത്തിച്ചിട്ടുള്ള വിഷ്ണുവിന്റെ ദശാവതാരങ്ങളുടെ രൂപങ്ങൾ കൊത്തിവച്ചിട്ടുള്ള ദന്തപേടകവും ശ്രദ്ധേയമാണ്. തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുള്ള ഉമാമഹേശ്വരന്മാരുടെ ദന്തഫലകവും മട്ടാഞ്ചേരി ഡച്ചുകൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുള്ള, കൊച്ചിരാജാക്കന്മാരെ അത്തച്ചമയ ഘോഷയാത്രയിൽ വഹിച്ചിരുന്ന ദന്തനിർമ്മിത പല്ലക്കും കേരളീയ ദന്തശില്പ പാരമ്പര്യത്തിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്.

## ദാരു ശില്പങ്ങൾ

ദാരു ശില്പങ്ങളുടെ കാര്യത്തിൽ കേരളം സമ്പന്നമാണ്. പണിത്തരങ്ങൾക്ക് നേർമ്മയും, ഈടും, ഉറപ്പുമുള്ള തേക്ക്, വീട്ടി, പ്ലാവ് എന്നീ തടികളാണ് ദാരുശില്പങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നത്. ഇതര കലാരൂപങ്ങൾപോലെ ദാരുശില്പവും ക്ഷേത്രസങ്കേതങ്ങളിലാണ് ആവിർഭവിച്ചതും പുഷ്ടിപ്പെട്ടതും. അതുകൊണ്ടു തന്നെ ഇവയ്ക്ക് പുരാണേതിഹാസങ്ങളുടെ ദിവ്യമായ ഒരു പരിവേഷമുണ്ട്. താങ്ങുപലകകളിൽ കൊത്തിയിട്ടുള്ള രൂപങ്ങൾ, തൂണുകൾ, ദേവതാരൂപങ്ങൾ, ദ്വാരപാലകന്മാർ, നമസ്കാര മണ്ഡപങ്ങളുടെ മേൽത്തട്ടുകൾ തുടങ്ങിയവയാണ് നമ്മുടെ ദാരുശില്പങ്ങളിൽ പ്രധാനം.

കേരളത്തിലെ ദാരുശില്പങ്ങളിൽ ഏറ്റവും പുരാതനം കഠിനംകുളം മഹാദേവർ ക്ഷേത്രത്തിലെ നമസ്കാര മണ്ഡപമച്ചിൽ കാണുന്ന ഒൻപത് ദേവപ്രതിമകളാണ്. 13-ാം ശതകമാണിതിന്റെ കാലം. ചെങ്ങന്നൂരിനു സമീപമുള്ള ചാത്തൻകുളങ്ങര ക്ഷേത്രത്തിലെ ശ്രീകോവിലിനു ചുറ്റും കാണുന്ന ദാരുശില്പങ്ങൾ അധികവും രാമായണത്തെയും ഭാഗവതത്തെയും അധികരിച്ചുള്ളവയാണ്. പുരാണേതിഹാസങ്ങളിലെ വിവിധ രംഗങ്ങൾ ചിത്രണം ചെയ്യുന്ന അത്യാകർഷകമായ ദാരുശില്പങ്ങൾ കിടങ്ങൂരെയും ഹരിപ്പാട്ടെയും സുബ്രഹ്മണ്യ ക്ഷേത്രങ്ങളിലുള്ള കൂത്തമ്പലങ്ങളിൽ കാണാം. ഏറ്റുമാനൂർ ക്ഷേത്രത്തിലെ നമസ്കാര മണ്ഡപമച്ചിലുള്ള ദേവപ്രതിമകളും ശ്രീകോവിലിനു ചുറ്റുമുള്ള രാമായണ കഥാഖ്യാനപരങ്ങളായ ശില്പങ്ങളും ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. കോട്ടയം തിരുനക്കര ക്ഷേത്രത്തിലുള്ള രാമായണ കഥാസന്ദർഭങ്ങൾ പ്രമേയമാക്കിയ ദാരുശില്പങ്ങളും കവിയൂർ ആഞ്ജനേയ ക്ഷേത്രത്തിലുള്ള രാമായണ - ഭാഗവത രംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ദാരുശില്പങ്ങളും അത്യന്തം മനോഹരം തന്നെ. എറണാകുളം - കോട്ടയം - ആലപ്പുഴ ജില്ലകളിലെ ക്ഷേത്രങ്ങളുടെ പ്രത്യേകത മനോഹരമായ ശില്പങ്ങൾ അണിനിരത്തി തടിയിൽ പണിത ഭിത്തികളാണ്. ഇവയുടെ കാലം 17-ാം നൂറ്റാണ്ടിന് മുമ്പാണെന്ന് പൊതുവെ കരുതപ്പെടുന്നു.

ഉത്തര കേരളത്തിലെ പല പ്രധാന ക്ഷേത്രങ്ങളിലും നമ്മുടെ ദാരുശില്പ പാരമ്പര്യത്തിന്റെ തെളിവുകൾ കാണാം. തൃപ്രയാർ ക്ഷേത്രത്തിലെ ബലഭദ്രനും തിരുവില്വാമല ക്ഷേത്രത്തിലെ ദശാവതാരവും തളിപ്പറമ്പു ക്ഷേത്രത്തിലെ കിരാതനും പ്രത്യേക പ്രാധാന്യമർഹിക്കുന്നു. കൽപ്പാത്തി, ശുചീന്ദ്രം ക്ഷേത്രരഥങ്ങളും ദാരുശില്പത്തിന്റെ ഉദാത്ത മാതൃകകളാണ്. കോഴിക്കോട് തളിക്ഷേത്രത്തിലും തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിലും മനോഹരമായ നിരവധി കൊത്തുപണികളുണ്ട്.

കേരളത്തിലെ പുരാതനമായ പള്ളികളിലും ദാരുശില്പങ്ങൾ നിരവധിയുണ്ട്. തടികൊണ്ടുള്ള അൾത്താര, പലതരം പാളികൾ തുടങ്ങി ഒട്ടേറെ വസ്തുതകൾ പള്ളികളിൽ കാണാം. ക്രിസ്തുമതവുമായി ബന്ധപ്പെട്ട വിശുദ്ധരുടേയും, ക്രിസ്തുവിന്റെ അത്ഭുത പ്രവൃത്തികളുടേയും ദാരുശില്പങ്ങൾ പല പള്ളികളുടേയും സവിശേഷതകളാണ്. പോർട്ടുഗീസ് കാലത്ത് കേരളത്തിലെ പള്ളികളിൽ സവിശേഷമായ ദാരുശില്പ ശൈലി നടപ്പിൽ വരുത്തുകയും വികാസം പ്രാപിക്കുകയും ചെയ്തിരിക്കാം എന്ന് ചില ചരിത്ര പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. (എ. ശ്രീധരമേനോൻ). മുളന്തുരുത്തി

സെന്റ്.തോമസ് പള്ളിയിലെ അൾത്താരയിൽ; തിരുവത്താഴം, ക്രിസ്തുവിന്റെ സമീപം സ്വർഗ്ഗത്തിന്റെ താക്കോലുമായി നിൽക്കുന്ന പത്രോസ്, ക്രിസ്തുവിനെ പ്രണമിക്കുന്ന യോഹന്നാൻ തുടങ്ങിയ രൂപ ങ്ങൾ കൊത്തിയിട്ടുണ്ട്. കാഞ്ഞൂർ സെന്റ്.സെബാസ്റ്റ്യൻ പള്ളി, മലയാറ്റൂർ സെന്റ്.തോമസ് പള്ളി, കൊരട്ടി സെന്റ്. മേരീസ് പള്ളി തുടങ്ങിയവയും ഇക്കൂട്ടത്തിൽ ശ്രദ്ധേയമായ ദാരുശില്പങ്ങളാൽ പ്രസി ദ്ധമായവയാണ്. കോതമംഗലം, ഉദയംപേരൂർ, കടുത്തുരുത്തി, അങ്കമാലി, രാമപുരം, ഇടപ്പള്ളി, മണർകാട് എന്നിവിടങ്ങളിലെ പള്ളികളും സ്മരണീയമാണ്. ഉദയംപേരൂർ പള്ളിയിലുള്ള സെന്റ്. മൈക്കിളിന്റെ പ്രതിമ പോർട്ടുഗീസ് കാലത്തേതാണെന്ന് കരുതപ്പെടുന്നു. ഇടപ്പള്ളിയിലെ സെന്റ്. ജോർജിന്റെ പ്രതിമ പേർസ്യൻ സമ്പ്രദായത്തിലുള്ളതാണ്.

ക്ഷേത്രങ്ങളിൽ കാണുന്ന ദാരുശില്പങ്ങൾ സങ്കീർണ്ണവും നാടകീയവുമാണെങ്കിൽ പള്ളികളിലേത് ലളിതവും ഒഴുക്കനുമാണ്. പൗരസ്ത്യ പാശ്ചാത്യ രീതികളുടെ മിശ്രണമാണ് പള്ളിക ളിലെ ദാരുശില്പങ്ങൾ. നമ്മുടെ കേരളീയ ശില്പകലാ പാരമ്പര്യത്തിന്റെ ഈടുറ്റ മാതൃകകളാണ് ലോഹശില്പങ്ങളും ദന്തശില്പങ്ങളും ദാരുശില്പങ്ങളും.

## വാസ്തുവിദ്യ

പരമ്പരാഗതമായ കേരളീയ വാസ്തുകലയെ ഗാർഹികം, മതപരം എന്നിങ്ങനെ രണ്ടായി തിരിക്കാം. ഈ രംഗത്ത് കേരളം നേടിയെടുത്ത മികവും പ്രാമാണ്യതയും വെളിപ്പെടുത്തുന്ന ഗ്രന്ഥങ്ങളാണ് 'മനുഷ്യലയചന്ദ്രിക' 'തന്ത്രസമുച്ചയം' 'വാസ്തുവിദ്യ', 'ശില്പരത്നം' എന്നിവ. ഗാർഹിക വാസ്തുവിദ്യയാണ് മനുഷ്യാലയ ചന്ദ്രികയിലെ മുഖ്യ പ്രതിപാദ്യം. ക്ഷേത്ര വാസ്തുവിദ്യയാണ് തന്ത്രസ മുച്ചയത്തിന്റെ വിഷയം.

കുന്നിൻ ചെരിവും താഴ്‌വരയും ഇടകലർന്നുവരുന്ന കേരളീയ ഭൂപ്രകൃതിയ്ക്ക് യോജിച്ച വിധത്തിലാണ് ഇവിടുത്തെ വാസ്തുവിദ്യ വികാസം പ്രാപിച്ചത്. വളരെ ഉയരമുള്ള കെട്ടിട ങ്ങൾ, ക്ഷേത്ര ഗോപുരങ്ങൾ മുതലായവ ഇവിടെ ഇല്ലായിരുന്നു. കെട്ടിടം പണിയാൻ ഉചിതമായ ഭൂമി ആദ്യം തിരഞ്ഞെടുത്തിരുന്നു. കിഴക്ക് താണും പടിഞ്ഞാറ് ഉയർന്നും കാണുന്ന പുരയിടമാണ് വീട് പണിയാൻ ഉത്തമമായി അവർ കണ്ടത്. കിഴക്കും വടക്കും താണു കിടക്കുന്നതും, വേനലിൽ പോലും വെള്ളം ലഭിക്കുന്ന കിണറുള്ളതുമായ ലക്ഷണം തികഞ്ഞ ഭൂമിയാണ് ക്ഷേത്രങ്ങൾക്കായി തിരഞ്ഞെടു ത്തിരുന്നത്. സമുദ്രം, നദി എന്നിവയുടെ സാമീപ്യവും നെൽവയലുകളോടു കൂടിയ തെക്കുഭാഗവും ക്ഷേത്രങ്ങൾ പണിയുന്നതിന് ഉചിതമായി കണക്കാക്കിയിരുന്നു. രണ്ടു നദികൾ തമ്മിൽ ചേരുന്ന സ്ഥാനവും പർവ്വതങ്ങളുടെ മുകൾ ഭാഗവും ദേവപ്രതിമയ്ക്ക് സ്വീകാര്യമായിരുന്നു.

കേരളത്തിൽ ഇന്നു കാണുന്ന പുരാതന ക്ഷേത്രങ്ങളെല്ലാം കേരളീയ വാസ്തുവിദ്യ യുടെ ഉദാത്ത മാതൃകകളാണ്. തന്ത്രസമുച്ചയം, ശില്പരത്നം എന്നീ ശാസ്ത്രഗ്രന്ഥങ്ങളെ അടിസ്ഥാന മാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ് കേരളത്തിലെ ക്ഷേത്രങ്ങൾ. ഒരു കേന്ദ്ര ബിന്ദുവിൽ നിന്ന് വിക സിച്ചു വരുന്ന ഘടനാ ശൈലിയാണ് കേരളീയ ക്ഷേത്രങ്ങൾക്കുള്ളത്. ഗർഭഗൃഹവും (ശ്രീകോവിലിന്റെ ഉള്ളിൽ വിഗ്രഹ പ്രതിഷ്ഠ സ്ഥിതി ചെയ്യുന്ന അറ) അതുൾക്കൊള്ളുന്ന ശ്രീകോവിലുമാണ് കേന്ദ്രബിന്ദു. വൃത്തം, ചതുരം, ദീർഘചതുരം, ഗജപൃഷ്ടം തുടങ്ങിയ ജ്യാമിതീയ രൂപങ്ങളിലുള്ള ശ്രീകോവിലുകളാണ് കേരളീയ ക്ഷേത്രങ്ങളിൽ കാണുന്നത്. സപ്തമാതൃക്കൾ, അനന്തശയനരൂപത്തിലുള്ള മഹാവിഷ്ണു, എന്നിവരെ പ്രതിഷ്ഠിച്ചുള്ള ശ്രീകോവിലുകളാണ് ദീർഘ ചതുരാകൃതിയിൽ കാണുന്നത്. ഒറ്റനിലയി ലാണ് മിക്ക ശ്രീകോവിലുകളുടേയും രൂപകല്പന. ഈ ശ്രീകോവിലുകൾ പൊതുവെ ദ്രാവിഡ വാസ്തു വിദ്യാ ശൈലിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ശ്രീകോവിലിന്റെ മുമ്പിലുള്ളത് ചതുഷ്കോണാകൃതിയിലുള്ള നമസ്കാര മണ്ഡപമാണ്. തിരുമുറ്റം, അതിനു ചുറ്റുമായി നാലമ്പലം, പ്രതിഷ്ഠയ്ക്കഭിമുഖമായി നാല മ്പലത്തിലേക്കുള്ള പ്രവേശന കവാടം, അതിനോടനുബന്ധിച്ച് ബലിക്കൽപ്പുര, മതിൽക്കെട്ട് - ഇതാണ്

കേരളീയ ക്ഷേത്രങ്ങളുടെ പൊതുവായ ഘടന. നാലമ്പലത്തിന്റെ ഒരു ഭാഗത്തായി തിടപ്പള്ളി, നാലമ്പലത്തിന്റെ പുറംഭിത്തിയോട് ചേർന്ന് വിളക്കുമാടം, ബലിക്കൽപ്പുരയുടെ മുമ്പിലായി കൊടിമരവും ആനക്കൊട്ടിലും, പ്രധാന പ്രവേശന കവാടത്തിൽ ഗോപുരം എന്നിവ പ്രധാന ക്ഷേത്രങ്ങളിൽ കാണാറുണ്ട്. ലാളിത്യവും മിതത്വും കേരളീയ ക്ഷേത്രങ്ങളുടെ മുഖമുദ്രയാണ്.

പ്രാരംഭകാലത്ത് കേരളത്തിലെ ക്ഷേത്രങ്ങൾ കാവുകളെന്നു വിളിക്കപ്പെട്ടിരുന്ന ശ്രീകോവിലുകളായിരുന്നു. പിന്നീട് പാറമടക്കുകളും ഗുഹകളും ഇതിനുവേണ്ടി ഉപയോഗിച്ചു തുടങ്ങി. പാറ തുരന്നുള്ള പല്ലവ ശൈലിയിലുള്ള ഗുഹാക്ഷേത്രങ്ങൾക്കും ഇവിടെ പ്രചാരം ലഭിച്ചു. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മടവൂർപ്പാറ എന്നിവിടങ്ങളിലും കൊല്ലം ജില്ലയിലെ കോട്ടുകൽ, ആലപ്പുഴ ജില്ലയിലെ കവിയൂർ എന്നിവിടങ്ങളിലും സ്ഥിതി ചെയ്യുന്ന ഗുഹാക്ഷേത്രങ്ങൾ തെക്കൻ വിഭാഗത്തിലും തൃശൂർ ജില്ലയിലെ തൃക്കൂർ, ഇരുനിലക്കോട് എന്നീ സ്ഥലങ്ങളിലും മലപ്പുറം ജില്ലയിലെ ഭ്രാന്തൻ പാറയിലുമുള്ളവ വടക്കൻ വിഭാഗത്തിലും പെടുന്നു. രണ്ടു വിഭാഗത്തിലെയും വാസ്തു വിദ്യാ ശൈലിയിൽ ശൈവമതത്തിലെ ചിട്ടകൾക്കാണ് മുൻതൂക്കം. പല്ലവ സ്വാധീനതയും പാണ്ഡ്യ സ്വാധീനതയും കേരളീയ ക്ഷേത്രങ്ങളുടെ നിർമ്മാണത്തിൽ പ്രഭവമാണ്. പെരുമ്പാവൂരിനടുത്തുള്ള കല്ലിൽ ഗുഹാക്ഷേത്രവും പ്രത്യേകം സ്മരണീയമാണ്.

പല്ലവശൈലീയമായ ഗുഹാക്ഷേത്രങ്ങൾക്കുശേഷമാണ് സുഘടിതക്ഷേത്രങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നത്. തിമിർത്തു പെയ്യുന്ന കാലവർഷത്തെ നേരിടാൻ കരിങ്കൽപ്പാളികൊണ്ട് കെട്ടിയ മേൽക്കൂര പോരെന്നു കണ്ടതോടെ ചെമ്പുപലകകൾ കൊണ്ട് മേൽക്കൂരപണിയുന്നരീതി പ്രചരിച്ചു തുടങ്ങി. കേരളീയ ക്ഷേത്ര നിർമ്മിതിയെ മൂന്ന് കാലഘട്ടങ്ങളായി പണ്ഡിതന്മാർ വിഭജിച്ചിട്ടുണ്ട്. എ.ഡി. 800 മുതൽ 1200 വരെയുള്ള പ്രാരംഭഘട്ടം. 1200 മുതൽ 1500 വരെയുള്ള മധ്യഘട്ടം. 1500 മുതൽ 1800 വരെയുള്ള അനന്തര ഘട്ടം എന്നിങ്ങനെയാണത്. കണ്ടിയൂർ, തിരുവഞ്ചിക്കുളം, വാഴപ്പള്ളി, കവിയൂർ, ഏറ്റുമാനൂർ, പന്നിയൂർ, തൃക്കണ്ടിയൂർ തുടങ്ങിയ പല ക്ഷേത്രങ്ങളുടേയും നിർമ്മാണം പ്രാരംഭഘട്ടത്തിലായിരുന്നു. ഇക്കാലത്തെ ഭക്തി പ്രസ്ഥാനം ക്ഷേത്ര വാസ്തുവിദ്യയെ സ്വാധീനിച്ചിട്ടുണ്ട്. ഈ ക്ഷേത്രങ്ങൾ പലതും മദ്ധ്യഘട്ടത്തിൽ നവീകരിക്കപ്പെട്ടു. സ്വന്തമായ ചവിട്ടുപടികളോടും മേൽക്കെട്ടുകളോടും കൂടിയ ഗർഭഗൃഹങ്ങൾ മദ്ധ്യഘട്ടത്തിലെ പ്രത്യേകതയാണ്. ശ്രീകോവിലിനോടനുബന്ധിച്ച് പൂമുഖം പണിയുവാനും ആരംഭിച്ചു. 1500 നു ശേഷമാണ് കൂത്തമ്പലങ്ങൾ നിർമ്മിക്കപ്പെട്ടത്. ക്ഷേത്രങ്ങളോട് ബന്ധപ്പെട്ട ഗോപുരങ്ങൾക്ക് പ്രചാരം ലഭിച്ചതും ഇക്കാലത്താണ്.

പ്രാരംഭകാലത്ത് ക്രിസ്തീയ ദൈവാലയങ്ങൾ പണിതിരുന്നതും ദ്രാവിഡ വാസ്തുവിദ്യയിലാണ്. ക്ഷേത്ര ശില്പവുമായി പള്ളികൾക്ക് നല്ല അടുപ്പമുണ്ടായിരുന്നു കല്ലൂപ്പാറപ്പള്ളി, കോട്ടയം വലിയപള്ളി, കുടമാളൂർ, രാമപുരം, അകപ്പറമ്പ്, കാഞ്ഞൂർ, പള്ളികൾ- തുടങ്ങിയവ പഴയ ദ്രാവിഡ വാസ്തുവിദ്യാശൈലി ഒരളവുവരെ പ്രകടിപ്പിക്കുന്നുണ്ട്. വൈദേശിക സ്വാധീനത്തിൽപ്പെട്ട് ദേവാലയ വാസ്തുവിദ്യ പിന്നീട് വലിയ മാറ്റങ്ങൾക്ക് വിധേയമായി. പാശ്ചാത്യമിഷനറിമാരുടെ ആഗമനവും സ്വാധീനവും ദേവാലയ വാസ്തുവിദ്യയെ സ്വാധീനിച്ചു. ഗോത്തിക് മാതൃകയിലുള്ള പള്ളികൾ ധാരളമുയുർന്നു. വിദേശ ദേവാലയങ്ങളുടെ സ്വാധീനം ഇന്നുള്ള ദേവാലയ നിർമ്മിതിയിൽ പ്രകടമാണ്.

കേരളത്തിലെ ആദ്യകാല മുസ്ലീം പള്ളികളിലും കേരളീയ വാസ്തുവിദ്യയുടെ ചില ഘടകങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തിരൂരങ്ങാടി, കോഴിക്കോട് (മുച്ചുണ്ടി പള്ളി), പെരിങ്ങത്തൂർ, തലശ്ശേരി (ഓടത്തിൽപ്പള്ളി) തുടങ്ങിയ മുസ്ലീം പള്ളികളിൽ കേരളീയ വാസ്തുവിദ്യയുടെ നിരവധിഘടകങ്ങൾ കാണാം.

പരമ്പരാഗത കേരളീയ വാസ്തുശൈലിയിലാണ് കേരളത്തിലെ പഴയ രാജകൊട്ടാരങ്ങളും നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ ഏറ്റവും നല്ല മാതൃകയാണ് കന്യാകുമാരി ജില്ലയിൽ തക്കലയിലുള്ള

പത്മനാഭപുരംകൊട്ടാരം. പൗരസ്ത്യ വാസ്തുവിദ്യയ്ക്ക് പ്രാമുഖ്യം നൽകികൊണ്ട് പോർച്ചുഗീസുകാർ നിർമ്മിച്ചതാണ് മട്ടാഞ്ചേരി കൊട്ടാരം. പിന്നീടിത് ഡച്ചുകാർ പുതുക്കിപ്പണിതു. കായങ്കുളം കൃഷ്ണ പുരം കൊട്ടാരം, ഡച്ചുകാർ നിർമ്മിച്ച ബോൾഗാട്ടി കൊട്ടാരം എന്നിവയും കേരളീയ വാസ്തുവിദ്യ യുടെ അനശ്വര മാതൃകകളാണ്. വാസ്തുവിദ്യയിൽ കേരളീയ ശൈലിക്കുള്ള സവിശേഷതകൾ വ്യക്ത മാക്കുന്ന കൊട്ടാരങ്ങൾ മലബാർ പ്രദേശങ്ങളിലുണ്ട്. കോഴിക്കോട് സാമൂതിരി കോവിലകം, ചിറക്കൽ കോവിലകം, താമരശ്ശേരിയിലെ കോട്ടയം രാജാവിന്റെയും കണ്ണൂരിലെ ആലി രാജാവിന്റെയും കൊട്ടാര ങ്ങൾ എന്നിവയാണവ.

തച്ചുശാസ്ത്ര കണക്കുകൾക്കനുസരിച്ച് ചതുഷ്ക്കോണാകൃതിയിൽ നാലുകെട്ടുകളായി വീടുകൾ പണിയുന്നതായിരുന്നു കേരളത്തിന്റെ പരമ്പരാഗത രീതി. കൂട്ടുകുടുംബ വ്യവസ്ഥിതി നിലനി ന്നിരുന്ന കാലത്ത് കുടുംബാംഗങ്ങൾക്ക് ഒന്നിച്ചുതാമസിക്കുവാൻ സൗകര്യം ചെയ്യുന്ന വിധത്തിലായിരു ന്നു നാലുകെട്ടുകളുടെ സംവിധാനം. നിയമങ്ങളെല്ലാം അനുസരിച്ചുകൊണ്ടായിരുന്നു സ്ഥാന നിർണ്ണയം. ഉദയസൂര്യന് അഭിമുഖമായിട്ടായിരിക്കും കെട്ടിടത്തിന്റെ നില്പ്." ഓരോ വീടിനും പ്രത്യേക മായി ഒരു പുരയിടം കാണും. നാലുകെട്ടിന്റെ പ്രധാന ഭാഗങ്ങൾ നടുമുറ്റവും അതിന് ചുറ്റിലുമായി വട ക്കിനി, പടിഞ്ഞാറ്റിനി, തെക്കിനി, കിഴക്കിനി എന്നീ പേരുകളിലുള്ള നാല് പുരകളാണ്. അടുക്കളയും ഉണ്ണാനുള്ള തളവും ചേർന്നതാണ് വടക്കിനി. രണ്ട് കിടപ്പ് മുറികളും അവയ്ക്കിടയിലുള്ള കലവറയു മാണ് പടിഞ്ഞാറ്റിനി. തെക്കിനിയിലും കിഴക്കിനിയിലും പ്രധാനമായുള്ളത് അതിഥികൾക്കും സന്ദർശ കർക്കുമുള്ള തുറന്ന ഹാളുകളാണ്. കെട്ടിടത്തിനും നടുമുറ്റത്തിനും ചുറ്റും വരാന്തകളുണ്ടാകും. കിഴ ക്കേമുറ്റത്ത് തുളസിത്തറയും കാണും. തടികൊണ്ടുണ്ടാക്കിയ പത്തായപ്പുര എല്ലാ വീടുകളിലും ഉണ്ടാകും പടിപ്പുരയിലൂടെയാണ് പുരയിടത്തിനുള്ളിലേയ്ക്കുള്ള പ്രവേശനം. രണ്ട് നിലകളുള്ള നാലു കെട്ട് മാളികകളും കേരളത്തിൽ സാധാരണമായിരുന്നു. ചെങ്കല്ലിൽ പണിത് ചുണ്ണാമ്പ് പൂശിയവയായി രുന്നു മിക്കവീടുകളും. കട്ടിത്തടികളിലായിരുന്നു എല്ലാ മരപ്പണിയും. കൊത്തുപണികളാൽ ഇവ മനോ ഹരമാക്കിയിരുന്നു.

കേരളത്തിന്റെ ഗൃഹ നിർമ്മിതിയിൽ ഇന്ന് പാശ്ചാത്യ ആശയങ്ങളുടെ സ്വാധീനം കടന്നുവന്നിരി ക്കുന്നു. മരുമക്കത്തായത്തിന്റെ തിരോധാനത്തോടുകൂടി പഴയതരം നാലുകെട്ടുകൾ അനാവശ്യ മായിത്തീർന്നു. അണുകുടുംബങ്ങൾക്ക് താമസിക്കാനായി പണിയുന്ന ഇന്നത്തെ കെട്ടിടങ്ങൾ കോൺക്രീറ്റ് ബഹുനില മന്ദിരങ്ങളാണ്. നിർമ്മാണ സാമഗ്രികളും നൂതനങ്ങളാണ്. എങ്കിലും ആധു നിക ഫ്ളാറ്റ് സംസ്കാരത്തിൽ വാസ്തു ശാസ്ത്രത്തിന്റെ പ്രസക്തി കുറഞ്ഞിട്ടില്ല. പരമ്പരാഗത വാസ്തുവിദ്യയിൽ ആധുനിക ശാസ്ത്ര പരീക്ഷണങ്ങൾകൂടി ഉൾപ്പെടുത്തിയുള്ള പലപരീക്ഷണങ്ങളും ഇന്ന് ഊർജ്ജിതമായി നടക്കുന്നുണ്ട്. വാസ്തുവിദ്യാ ഗുരുഗുലം. ( ആറന്മുള ), വാസ്തുവിദ്യാ അക്കാ ദമി (തൃപ്രയാർ), കേരളവാസ്തുവിദ്യാ അക്കാദമി (കണ്ണൂർ) സംഹിത ട്രസ്റ്റ് (ഗുരുവായൂർ), വാസ്തു വിദ്യാ പ്രതിഷ്ഠാനം (കോഴിക്കോട്) തുടങ്ങിയവ ഈ രംഗത്തെ ശ്രദ്ധേയമായ സ്ഥാപനങ്ങളാണ്.

## ദൃശ്യകലകൾ

പ്രാക്തനമനുഷ്യരെ സംബന്ധിച്ചിടത്തോളം ജീവിതം തന്നെയായിരുന്നു കല. അവരുടെ ജീവി താവബോധവും അനുഭവവുമായിരുന്നു അത്. അനുഷ്ഠാനം, ആരാധന, ആചാരം, വിശ്വാസം, വിനോദം, ആഘോഷം, ഉത്സവം മുതലായവയെപ്പോലെ കലാനിർവഹണങ്ങളും ജീവിതചര്യകളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ആ നിലയിൽ കലകൾ ജീവിതത്തിന്റെ ഭാഗം തന്നെയാണ്. മനുഷ്യന്റെ സാമൂഹികവും വാചികവുമായ സംസ്കാരികാംശങ്ങളെല്ലാം കലാനിർവഹണങ്ങളിൽ മേളിക്കുന്നുണ്ട്. നമുക്ക് ദൃശ്യകലകളിൽ അഭിമാനിക്കാവുന്ന പാരമ്പര്യമാണുള്ളത്. നൃത്തം, ആട്ടം, കൂത്ത്, തുള്ളൽ, പാട്ട്, കളി തുടങ്ങിയ പൊതുസംജ്ഞകളിൽ വ്യവഹരിച്ചു പോരുന്നവയാണ് നമ്മുടെ കലകളിൽ

മിക്കതും. ആരാധനയ്ക്കോ അനുഷ്ഠാനത്തിനോ ആഘോഷത്തിനോ ബാധോച്ചാടനത്തിനോവേണ്ടി കാവുകളിലോ ക്ഷേത്രപരിസരങ്ങളിലോ ഗൃഹങ്ങളിലോ അവതരിപ്പിച്ചുപോരുന്ന കലകൾ വിജ്ഞാനത്തിന്റെയും ഭക്തിയുടെയും ആധ്യാത്മികതയുടെയും മാനവചരിത്രത്തിന്റെയും മണ്ഡലങ്ങളിൽ വെളിച്ചം പകരുന്നവയാണ്. തെയ്യം, തിറ, മുടിയേറ്റ്, ചവിട്ടുനാടകം, മർഗ്ഗംകളി, പടയണി, ഒഷന, പാന, തലയാട്ടം, സർപ്പംതുള്ളൽ, കണ്യാർകളി, കോൽകളി, പരിചകളി, പൂരക്കളി, കുമ്മാട്ടിക്കളി, തീയാട്ട്, തെയ്യാട്ട് എന്നിങ്ങനെ നിരവധി കലാരൂപങ്ങൾ ഇവിടെ വേരോടിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ ദൃശ്യകലകളിൽ ചിലതൊക്കെ ഇല്ലാതാവുകയും ചിലതൊക്കെ രൂപഭാവങ്ങൾ മാറിമറിയുകയും ചെയ്തിരിക്കുന്നു. പേരിലും പൊരുളിലും തനിമ നഷ്ടപ്പെടാതെ നില്ക്കുന്ന കലകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. മങ്ങിമറഞ്ഞുകൊണ്ടിരിക്കുന്ന അത്തരം കലകളിൽപ്പെട്ട വിശിഷ്ടമായൊരു നാടൻ കലാനിർവഹണമാണ് തെയ്യം.

## തെയ്യം

തെയ്യം ഒരു അനുഷ്ഠാന നർത്തനകലയാണ്. അത്യുത്തരകേരളത്തിൽ പ്രത്യേകിച്ചും കണ്ണൂർ, പയ്യന്നൂർ തുടങ്ങിയ പ്രദേശങ്ങളിലാണ് തെയ്യം കൂടുതലായും പ്രചാരത്തിലുള്ളത്. പുരാതനമെങ്കിലും ഇന്നും ചൈതന്യം വറ്റാതെ നില്ക്കുന്ന ഈ അനുഷ്ഠാനകല ഇവിടുത്തെ ഗ്രാമീണജനതയുടെ വിശ്വാസങ്ങളുടെ സാക്ഷ്യപത്രമാണ്. പല ജനസമൂഹങ്ങളെ ഒന്നിപ്പിക്കുവാനും പലതരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളുമായി ബന്ധിപ്പിക്കുവാനും തെയ്യത്തിനു കഴിയും. അതിനാൽ സാമുദായിക മൈത്രിയുടെ പ്രതീകമായി തെയ്യം വർത്തിക്കുന്നു. തെയ്യം എന്നത് ദൈവം എന്ന പദത്തിന്റെ പ്രാകൃതരൂപമാണ്. ദൈവത്തിന്റെ നൃത്തം എന്നറിയപ്പെടുന്ന ഈ കലാരൂപം ഗോത്രസംസ്കാരത്തിന്റെയും അതിന്റെ നാടകീയമായ ഔന്നത്യത്തിന്റെയും പ്രകടനമാണ്. ആടയാഭരണങ്ങൾ, കെട്ടിച്ചമയം, രംഗപശ്ചാത്തലം പിൻപാട്ട് തുടങ്ങിയ ഘടകങ്ങളും നൃത്തച്ചുവടുകളും മുഖാഭിനയവും സമന്വയിക്കുമ്പോൾ ഉറഞ്ഞാട്ടത്തിന്റെ അസുലഭമായ ഊർജ്ജപ്രഭാവം കൈവരുന്നു. ഉദ്ദിഷ്ടകാര്യലാഭത്തിനും സന്ദർഭത്തിനും അനുയോജ്യമായ കഥകളാണ് തെയ്യത്തിൽ അവതരിപ്പിക്കുക. മൊത്തത്തിൽ ഏകദേശം നാനൂറ് തെയ്യങ്ങൾ നിലവിലുണ്ട്.

ദേവതാരൂപങ്ങൾ കോലമായി കെട്ടിയാടിച്ച് ആരാധിക്കുകയാണ് തെയ്യാട്ടത്തിലൂടെ ചെയ്യുന്നത്. കലാനിർവഹണത്തിലൂടെയുള്ള ദേവതോപാസനയാണത്. ഭഗവതി, കാളി, ചാമുണ്ഡി, ഭൂതങ്ങൾ, മൃഗദേവതകൾ, യക്ഷഗന്ധർവ്വാദികൾ തുടങ്ങി നിരവധി ദേവതകളുടെ സങ്കല്പത്തിൽ തെയ്യങ്ങളുണ്ട്. രൂപത്തിലും ഭാവത്തിലും ആട്ടത്തിലും മാത്രമല്ല, പുരാസങ്കല്പത്തിലും ഇവ വിഭിന്നങ്ങളാണ്. ഈ ദേവതകളെല്ലാം ഗ്രാമീണജനങ്ങളെ സംബന്ധിച്ചിടത്തോളം ആരാധ്യദൈവങ്ങളാണ്. നിഗ്രഹാനുഗ്രഹശക്തിയുള്ള ദൈവങ്ങളെ പ്രത്യക്ഷത്തിൽ കാണുന്ന അനുഭവമാണ് അവർക്കുണ്ടാകുന്നത്.

വൃശ്ചികമാസം (നവംബർ-ഡിസംബർ) പിറക്കുന്നതോടെ തെയ്യങ്ങളുടെ വരവുതുടങ്ങും. മേടം (ഏപ്രിൽ-മെയ്) പകുതിയോളം (ഏകദേശം ആറു മാസക്കാലം) പിന്നെ തെയ്യങ്ങളുടെ കാലമാണ്. അർധരാത്രിയോടെ തുടങ്ങുന്ന കെട്ടിയാട്ടം പുലരുവോളം നീണ്ടുനില്ക്കും. ദൈവീകമായ തേജസ്സും അഭൗമമായൊരു പരിവേഷവും തികഞ്ഞ അന്തരീക്ഷത്തിലാണ് തെയ്യങ്ങൾ അവതരിപ്പിക്കുക. അനുഷ്ഠാനങ്ങൾ, ഭക്തിയുടെ നിറവ് തികഞ്ഞ ഗീതങ്ങൾ, മേളവാദ്യങ്ങൾ എന്നിവ അകമ്പടിസേവിക്കും. പലപ്പോഴും തെയ്യം കെട്ടിയാടുന്ന കലാകാരന് താൻ പ്രതിനിധാനം ചെയ്യുന്ന, താൻ ആടിയുണർത്തുന്ന മൂർത്തി തന്നിലേക്കാവേശിക്കുന്ന അനുഭവമുണ്ടാകാറുണ്ട്. ദേവത തന്നെ പ്രത്യക്ഷമായി നർത്തനം ചെയ്യുന്നു എന്നതാണ് തെയ്യാട്ടത്തിലെ സങ്കല്പം. തെയ്യക്കോലം കെട്ടുന്നത് പാരമ്പര്യവഴിക്ക് നർത്തനം ചെയ്യാൻ അറിയാവുന്ന കോലക്കാരനാണെങ്കിലും ആ നർത്തകനിലൂടെ ദേവതാചൈതന്യം വെളിവാകുന്നുവെന്നാണ് വിശ്വാസം. തെയ്യം കെട്ടിയാടാനുള്ള അവകാശം ചില പ്രത്യേക വിഭാഗത്തിൽപെട്ട പുരുഷന്മാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. മലയൻ, വണ്ണാൻ, വേലൻ, കോപ്പാളൻ,

മാവിലൻ, മുന്നൂറ്റാൻ, അഞ്ഞൂറ്റാൻ തുടങ്ങിയ പിന്നാക്കവർഗ്ഗക്കാരാണ് ഇവരിൽ പ്രധാനികൾ. അയിത്താചാരത്തിന്റെ പേരിൽ, തീണ്ടാതിരിക്കാൻ ഉന്നതകുലജാതരാൽ ഇവർ അകറ്റിനിർത്തപ്പെട്ടുപോന്നിരുന്നുവെങ്കിലും തെയ്യം കെട്ടിയാടുമ്പോൾ ബ്രാഹ്മണരും അവരുടെ മുമ്പിൽ ഭക്തിപൂർവ്വം തൊഴുതുനില്ക്കുക പതിവായിരുന്നു. നർത്തകനായ കോലക്കാരനെ ആ ദിവ്യമുഹൂർത്തത്തിൽ വിസ്മരിക്കുകയും ദൈവം തന്നെയാണ് കോലമായി ആടുന്നതെന്ന പ്രതീതി അവരിൽ ഉണ്ടാവുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ കഴിഞ്ഞുപോയ കാലഘട്ടത്തിലെ സാമൂഹിക സമത്വത്തിന്റെയും സമുദായമൈത്രിയുടെയും മാതൃകയായി തെയ്യത്തെ കാണാൻ കഴിയും.

തെയ്യങ്ങൾ സംസാരിക്കുന്ന ദൈവങ്ങളാണ്. നർത്തകന്റെ അരുളപ്പാടുകളെ ഭക്തജനങ്ങൾ ദേവതാവചനങ്ങളായി കരുതിപ്പോരുന്നു. തെയ്യങ്ങൾ സംസാരിക്കുന്നതിനെ ഉരിയാട്ടുകേൾപ്പിക്കൽ എന്നാണ് പറയുന്നത്. ഭക്തജനങ്ങൾ തങ്ങളുടെ വേദനകളും വിഷമതകളും മറ്റു പ്രശ്നങ്ങളും ദൈവത്തോട് ഉണർത്തിക്കുകയും നേർച്ചകളും വഴിപാടുകളും നേരിട്ടു സമർപ്പിക്കുകയും ചെയ്യും. അപ്പോൾ തെയ്യങ്ങൾ കുറികൊടുത്ത് ഉരിയാട്ട് കേൾപ്പിക്കും. തെയ്യങ്ങളുടെ അനുഗ്രഹവൃഷ്ടി ഭക്തരിൽ ആശ്വാസം പകരും. ജീവിതത്തിലെ പ്രശ്നങ്ങൾക്ക് തെയ്യം പരിഹാരം നിർദ്ദേശിക്കും. തെയ്യങ്ങൾ നിഗ്രഹാനുഗ്രഹശക്തിയുള്ളവരാണെന്ന വിശ്വാസം അവയോടുള്ള ആരാധനയ്ക്ക് കൂടുതൽ പ്രസക്തി ഉളവാക്കി. കുലദൈവങ്ങളെയും തറവാട്ടു പരദേവതമാരെയും കാലാകാലങ്ങളിൽ കെട്ടിയാടിക്കാതിരുന്നാൽ കോപവും ശാപവും ഉണ്ടാകുമെന്നൊരു വിശ്വാസവും ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. കാവുകളിലും തറവാടുകളിലും എല്ലാവർഷവും തെയ്യങ്ങളെ കെട്ടിയാടിക്കുന്ന കളിയാട്ട മഹോത്സവം നടത്തിപ്പോരുന്നത് ദേവതകളെ പ്രീതിപ്പെടുത്തുവാനാണ്. അവരുടെ അനുഗ്രഹം നാടിനും തറവാടിനും ഐശ്വര്യമരുളുമത്രേ.

വസൂരി തുടങ്ങിയ സാംക്രമിക രോഗങ്ങൾ പിടിപെടുന്ന സന്ദർഭങ്ങളിൽ പുതിയ ഭഗവതി, വസൂരിമാല, കണ്ഠാകർണൻ, ദണ്ഡദേവൻ തുടങ്ങിയ രോഗദേവതകളെ ഗ്രാമപ്രദേശങ്ങളിൽ കെട്ടിയാടിക്കുക പതിവായിരുന്നു. ഗ്രാമദേവതകളായ മുച്ചിലോട്ടുഭഗവതി, കണ്ണകാട്ടുഭഗവതി എന്നീ ദേവതകളുടെ കോമര ങ്ങൾ രോഗമുള്ള ഭവനങ്ങൾ സന്ദർശിച്ച് രോഗിയുടെ ശരീരത്തിൽ കുറിയെറിഞ്ഞ് അരുളപ്പാടുനടത്തുന്ന പതിവ് ഇന്നുമുണ്ട്. മാക്കഭഗവതി, നാഗഭഗവതി, നാഗകന്നി തുടങ്ങിയ ദേവതകൾ സന്താനസിദ്ധിക്ക് അനുഗ്രഹമരുളുന്നവയാണ്. ഉദ്ദിഷ്ടകാര്യസാധ്യത്തിനും ജീവിതവിജയത്തിനും ആപത്മോചനത്തിനുമായി ചില ദേവതകളെ കെട്ടിയാടിക്കാറുണ്ട്. മുത്തപ്പൻദൈവം, പൊട്ടൻദൈവം, കതിവനൂർവീരൻതെയ്യം തുടങ്ങിയവ ഉദാഹരണമാണ്. ജാതിവ്യവസ്ഥയുടെ കറുത്ത വശങ്ങളെ അനാവരണം ചെയ്യുന്ന തെയ്യങ്ങളുണ്ട്. വിട്ടുവീഴ്ചയില്ലാത്ത സാമൂഹ്യവ്യവസ്ഥിതിയെ അവ വെളിപ്പെടുത്തുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന ഭീഷണവും ക്രൂരവുമായ നിയമങ്ങളെയും മറനീക്കി പുറത്തുകൊണ്ടുവരാറുണ്ട് തെയ്യങ്ങൾ. കണ്ണൻ തെയ്യം, കണ്ടൻ തെയ്യം തുടങ്ങിയവ മുൻകാലഘട്ടങ്ങളിലെ ഹീനതയുടെ ദാരുണചിത്രങ്ങൾ എടുത്തുകാട്ടുന്നവയാണ്.

കാർഷികവൃത്തിക്കും ഗോസമൃദ്ധിക്കും നാടിന്റെ പൊതുവായ നന്മയ്ക്കും വേണ്ടിയാണ് ചില ദൈവങ്ങളെ കെട്ടിയാടിക്കുന്നത്. ബാധോച്ചാടനാർഥമാണ് ചില ദേവതകളെ കോലമായി കെട്ടിയാടിക്കുന്നത്. പരേതരായ വീരപരാക്രമികളും വീരവനിതകളും തെയ്യാട്ടത്തിലൂടെ സ്മരിക്കപ്പെടാറുണ്ട്. തെയ്യം പാരമ്പര്യത്തിൽ ഏറ്റവും പ്രബലമായത് ദേവ്യുപാസനയാണ്. ശാന്തരൂപം മുതൽ ഉഗ്രരൂപംവരെ വിവിധ ഭാവങ്ങളിൽ അവതരിപ്പിക്കുന്നു. തെയ്യത്തിന്റെ അവതരണത്തിനിടെ ചില സാഹസകർമ്മങ്ങളും പ്രകടമാണ്. തീച്ചാമുണ്ഡി, കൈതച്ചാമുണ്ഡി, മുച്ചിലോട്ടുഭഗവതി തുടങ്ങിയ തെയ്യങ്ങളിൽ അഗ്നികേളികൾ നിർബന്ധമാണ്. പൊതുവെ ഉപാസനാനൃത്തങ്ങൾക്കിടെ രക്തത്തിന്റെ സാന്നിധ്യം നിഷിദ്ധമാണ്. എങ്കിലും ചില പ്രത്യേക തെയ്യങ്ങളിൽ അത് വേണ്ടിവരാറുമുണ്ട്. ഇത്തരം തെയ്യങ്ങളെ ക്ഷേത്രാങ്കണത്തിൽ പ്രവേശിപ്പിക്കുക പതിവില്ല.

മറ്റുകലകളെപ്പോലെതന്നെ തെയ്യത്തിന്റെ ആടയലങ്കാരങ്ങളും നിറപ്പകിട്ടേറിയവയാണ്. ചിലത് അതിവിചിത്രവും മറ്റുചിലത് രാജകീയപ്രൗഢി തികഞ്ഞതുമായിരിക്കും. തെയ്യം കലാരൂപങ്ങൾ രൂപത്തിലും വേഷവിധാനത്തിലും വേറിട്ടുനില്ക്കുന്നവയാണ്. ഭഗവതിയുടെ വിവിധ രൂപങ്ങൾ ആടയാഭരണങ്ങൾക്കുപുറമേ ഭീമൻ ശിരോമകുടങ്ങൾകൂടി ധരിക്കുക പതിവുണ്ട്. രക്തചാമുണ്ടി തുടങ്ങിയ തെയ്യങ്ങൾ വൃത്താകൃതിയിലുള്ള പടുകൂറ്റൻ മകുടങ്ങളാണ് ധരിക്കുന്നത്.

ഭഗവതിയുടെ വിവിധ ഭാവങ്ങളെ പ്രതിനിധീകരിക്കുന്ന തെയ്യങ്ങൾക്കുപുറമേ പുരുഷകഥാപാത്രങ്ങളും മൃഗങ്ങൾ, പക്ഷികൾ, സർപ്പങ്ങൾ തുടങ്ങിയ കഥാപാത്രങ്ങളും ഈ ദൃശ്യകലയെ സമ്പന്നമാക്കുന്നു. പുതിയ ഭഗവതി, തീച്ചാമുണ്ടി, കുണ്ടോറ ചാമുണ്ടി, രക്തചാമുണ്ടി, മുച്ചിലോട്ടുഭഗവതി, പുലിയോരുകാളി, തായ്പരദേവത, പടക്കത്തി ഭഗവതി എന്നിവയാണ് പ്രധാന ഭഗവതി തെയ്യങ്ങൾ. പുരുഷമൂർത്തികളിൽ മുഖ്യയിനം പൊട്ടൻ തെയ്യമാണ്. പൊട്ടൻ എന്നത് ചണ്ഡാളൻ എന്ന പദത്തിന്റെ വാമൊഴിയാണ്. ഗുളികൻ, കുട്ടിച്ചാത്തൻ, ഭൈരവൻ, ബെപ്പിരിയൻ തുടങ്ങിയ പുരുഷമൂർത്തികൾ ധാരാളമുണ്ട്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം തെയ്യങ്ങളുടെ സാന്നിധ്യമെന്നാൽ തങ്ങൾ ആരാധിക്കുന്ന ദൈവങ്ങളുമായി നേരിട്ടുള്ള ദിവ്യസമാഗമം തന്നെയാണ്.

## തിറ (തിറയാട്ടം)

തെക്കേമലബാറിലെ കാവുകളിൽ ഉത്സവത്തോടനുബന്ധിച്ചാണ് ദൈവത്തിന്റെ കോലം കെട്ടിയാടുന്ന തിറ നടത്തുന്നത്. കാവുകളിൽ കുടിയിരുത്തിയിരിക്കുന്ന ദേവീദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി അവരുടെ തന്നെ കോലങ്ങൾ വർണ്ണപ്പകിട്ടാർന്ന വേഷവിധാനങ്ങളോടെ, താളമേളങ്ങളോടെ ആടുന്നു. ഇതാണ് തിറയാട്ടം. എല്ലാവർഷവും മണ്ഡലക്കാലം തീരുന്നതോടെയാണ് കാവിലെ ഉത്സവം തുടങ്ങുന്നത്. പ്രധാനമായും ധനു, മകരം, മീനം, മേടം എന്നീ മാസങ്ങളാണ് ഉത്സവകാലം.

## തെയ്യവും തിറയും

അത്യുത്തരകേരളത്തിലെ അനുഷ്ഠാനനൃത്തമായ തെയ്യവും തിറയും ഒന്നുതന്നെയെന്ന് ചിലർ ധരിച്ചുവച്ചിട്ടുണ്ട്. അത് ശരിയല്ല. ഇവ തമ്മിൽ വളരെ വ്യത്യാസമുണ്ട്. ദൈവിക സങ്കൽപത്തിൽ, കോലങ്ങളുടെ കാര്യത്തിൽ, വേഷവിധാനങ്ങളിൽ, ചമയങ്ങളിൽ, ആട്ടപ്രകാരങ്ങളിൽ എല്ലാംതന്നെ വ്യത്യാസങ്ങളുണ്ട്. തെയ്യം എന്ന നാമം ദൈവത്തിന്റെ തത്ഭവമാണെങ്കിൽ തിറ ദൈവപ്രീതിക്കുവേണ്ടി കെട്ടുന്ന കോലമാണ്. കോലം കെട്ടി അരങ്ങിലെത്തുന്ന തെയ്യക്കോലം ദൈവമായി ഭക്തജനങ്ങളുടെ മുമ്പിൽ അവതരിക്കുന്നു. എന്നാൽ തിറയാട്ടത്തിൽ കോലം അണിയറയിൽ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞാൽ കെട്ടിയാടിക്കുന്ന ദേവന്റെ സ്ഥാനത്ത് വിളക്കും വെള്ളരിയും വച്ച്

വരിക പൊലിക ദൈവമെന്റെ
കപുവോൻ (കെട്ടിയാടിക്കുന്ന ദൈവത്തിന്റെ പേര് എന്തോ അത്)
പരദേവതേ, നിൻതിരുവുള്ളമാകെയുണ്ട്,
പണ്ടുപണ്ടൊരില്ലം പാരമ്പര്യം
മറവാതസ്വരൂപത്തിന്ന്
സ്വരൂപദിനശക്തിയായി
ഓടിയുഴറി വെളിച്ചപ്പെട്ടു
വഴിവരൂ, തിരുവന്മേനിക്കഴകിയ കരുവോൻ

എന്ന് തോറ്റം കേൾക്കുന്നതോടുകൂടി വെളിച്ചപ്പെട്ടു വഴിതരുന്നത് ദൈവത്തിന്റെ കോമരമാണ്. തോറ്റത്തിന്റെ അവസാനമുയരുന്ന വാദ്യമേളങ്ങളുടെ അകമ്പടിയോടെ അരങ്ങിലെത്തുന്ന കോലങ്ങളെ കോമരം അരിയെറിഞ്ഞ് ആർപ്പുവിളിച്ച് സ്വീകരിക്കുന്നു. ഇവിടെ ദൈവത്തിന്റെ സ്ഥാനം പ്രധാനമായും കോമരങ്ങൾക്കാണ്. സങ്കടങ്ങൾ ഉണർത്തിച്ച് പരിഹാരങ്ങൾ തേടുന്നതിനും കുറ്റങ്ങൾ തെളിയിക്കുന്നതിനും ഭക്തജനങ്ങൾ സമീപിക്കുന്നത് കോമരങ്ങളെയാണ്. തെയ്യത്തിന്റെ വചനങ്ങൾ ദൈവവ

ചനങ്ങളും വേഷം അലൗകികപ്രതീതി ജനിപ്പിക്കുന്നതും വർണപകിട്ടേറിയ വലിയ മുടികളും കിരീടങ്ങളും ആണ്. തിറയിലും ഇതെല്ലാം ഉണ്ടെങ്കിലും വേഷത്തേക്കാൾ പ്രാധാന്യം ആട്ടപ്രകാരങ്ങൾക്കും അഭിനയരീതികൾക്കുമാണ്. ചുവടുകളും താളാത്മകമായ ചലനങ്ങളും കൈമുദ്ര, കലാശങ്ങൾ എന്നിവയും തിറയാട്ടത്തിൽ ധാരാളമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ തെയ്യം കോലപ്രധാനവും തിറ ആട്ടപ്രധാനവുമായ കലകളാണെന്ന് പറയാം.

തിറ എന്ന പദത്തിന്റെ വ്യുൽപത്തിയെ സംബന്ധിച്ച് ഏകാഭിപ്രായമല്ല ഉള്ളത്. മരപ്പലകകൊണ്ടുണ്ടാക്കിയ ഒരു സാധനമാണ് തിറ എന്നും അത് തലയിൽവച്ച് ആടുന്നതുകൊണ്ടാണ് ആ കോലങ്ങൾക്ക് തിറ എന്ന പേരുണ്ടായതെന്നുമാണ് ഡോ. അച്യുതമേനോൻ (കേരളത്തിലെ കാളീസേവ) പ്രസ്താവിച്ചിട്ടുള്ളത്. തിറ എന്ന പ്രാചീനപദത്തിന് ദൈവദർശനം എന്നർത്ഥമുണ്ടെന്നാണ് മറ്റൊരു പക്ഷം (എസ്. കെ. നായർ, (കേരളത്തിലെ നാടോടി നാടകങ്ങൾ). ഡോ. ഗുണ്ടർട്ട് ആ പദത്തിന് അർപ്പണം എന്ന് അർത്ഥം നല്കുന്നു. (മലയാളം ആന്റ് ഇംഗ്ലീഷ് ഡിക്ഷ്ണറി). നൃത്തരൂപത്തിലുള്ള അർപ്പണമാകാം തിറയാട്ടം. തമിഴിൽ തിറയ്ക്ക് വെളിപ്പെടുക എന്നർത്ഥമുണ്ട്. ചുരുക്കത്തിൽ ദൈവികമായ ആവിഷ്കാരമെന്നോ, ദേവതാദർശനമെന്നോ, ദൈവീകമായ അർപ്പണമെന്നോ തിറ യ്ക്ക് അർത്ഥം കല്പിക്കാം.

തിറയാട്ടത്തിൽ ശിവശക്തി സകല്പത്തിലുള്ള സ്ത്രീ-പുരുഷ വേഷങ്ങളാണ് കെട്ടിയാടുന്നത്. പ്രാദേശിക കഥകളുടെ പശ്ചാത്തലത്തിൽ ജനിച്ച ദേവികളെ തിറയാട്ടത്തിൽ കാണുകയില്ല. തിറയാട്ടത്തിലെ ദേവി ഉർവരതാനുഷ്ഠാനത്തിന്റെ ഭാഗമായ അമ്മ ദൈവാരാധനയിൽ നിന്നും ഉടലെടുത്തതാണ്. അതുകൊണ്ടുതന്നെ തിറയിലെ കോലങ്ങൾക്ക് മനുഷ്യജീവിതവുമായി നല്ല അടുപ്പമുണ്ട്. കേരളീയരുടെ ആദിമദേവതയായ കാളിയുടെ ആട്ടമാണ് കാളിയാട്ടം എന്നറിയപ്പെടുന്നത്. തുളുനാട്ടിൽനിന്ന് അത്യുത്തരകേരളത്തിലേക്ക് കടന്നുവന്ന ഒരു ജനവിഭാഗമാണ് കാളിയാട്ടം പരിഷ്കരിച്ച് തെയ്യവും തിറയുമായി ആവിഷ്കരിച്ചത്. അന്നത്തെ നാട്ടുരാജാവായിരുന്ന കോലത്തിരി പ്രമുഖകാളിയാട്ടക്കാരനായിരുന്ന മണക്കാടൻ ഗുരുക്കളെ വരുത്തി തെയ്യം കെട്ടുന്നതിനുള്ള പരിഷ്കാരങ്ങൾ നിർദ്ദേശിച്ചു. രാജാവിന്റെ നിർദ്ദേശങ്ങൾ അദ്ദേഹം ഭംഗിയായി നടപ്പിലാക്കി. ക്രമേണ കോലത്തുനാട്ടിലെ തെയ്യംകെട്ടൽ അയൽരാജ്യമായ കോഴിക്കോട്ടും പരിസരത്തും തിറയുടെ രൂപത്തിൽ പ്രചരിച്ചു. കോഴിക്കോട് സാമൂതിരിയുടെ പ്രത്യേക പരിഗണനയും ഇതിനുണ്ടായിരുന്നു.

തിറയാടി വന്ന സ്ഥലങ്ങൾക്ക് തിറയാട്ടസ്വരൂപങ്ങൾ എന്നാണ് പറഞ്ഞിരുന്നത്. ഏറനാട് സ്വരൂപം, നെടിയിരുപ്പ്സ്വരൂപം എന്നിങ്ങനെ രണ്ട് സ്വരൂപങ്ങളിലാണ് തിറയാട്ടം നിലനിന്നത്. ഇന്നും തെക്കേമലബാറിൽ കോഴിക്കോട്-മലപ്പുറം ജില്ലകളിലാണ് തിറയാട്ടം നിലനില്ക്കുന്നത്. സാർവജനീനമായ ഈ ഗ്രാമീണകലയുടെ പ്രത്യേകത എല്ലാ ഗ്രാമീണരുടെയും സജീവ പങ്കാളിത്തമാണ്. അവിടെ ജാതിചിന്തകളോ ഉച്ചനീചത്വമോ ഒന്നുമില്ല. ഓരോ ജാതിയിൽപ്പെട്ടവരും അവരവർ ചെയ്തുവരുന്ന തൊഴിലിന്റെ ഉല്പന്നങ്ങൾ തിറയ്ക്കായി സംഭാവന ചെയ്യുന്നു. ഇത് തികച്ചും ഉർവരാരാധനാപരമാണ്.

വെള്ളാട്ടം, തിറയാട്ടം, ചാന്താട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങളിലായിട്ടാണ് കോലങ്ങൾ കെട്ടിയാടുന്നത്. മനുഷ്യജീവിതത്തിന്റെ വിവിധ ഘട്ടങ്ങളായ ബാല്യം, യൗവനം, വാർധക്യം എന്നീ അവസ്ഥകളെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന് വിശ്വസിച്ചുവരുന്നു.

**വെള്ളാട്ടം** - പകൽവെളിച്ചത്ത് കെട്ടിയാടുന്ന കോലങ്ങളാണ് വെള്ളാട്ടം. വേലയും ആട്ടവും ചേർന്നതാണ് വെള്ളാട്ടം എന്നും പറയാറുണ്ട്. വെളുത്ത പുഷ്പങ്ങളും വെള്ള നിറത്തിലുള്ള ഉടയാടകളും വെളുത്ത കുറികളും പൂശുന്നതുകൊണ്ട് വെള്ളാട്ടമെന്ന പേരുണ്ടായെന്നും അഭിപ്രായമുണ്ട്.

**തിറയാട്ടം**- തിറയാടുന്നത് രാത്രിയിലാണ്. സന്ധ്യാപൂജകൾ കഴിഞ്ഞാൽ കോലം കെട്ടിയാടുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങുന്നു. തെളിഞ്ഞുകത്തുന്ന എണ്ണവിളക്കുകളുടെയും ആളിക്കത്തുന്ന ചൂട്ടിന്റെയും പന്തത്തിന്റെയും എല്ലാം വെളിച്ചത്തിലും, മുഴങ്ങിയുയരുന്ന അസുരവാദ്യങ്ങളുടെ താളത്തിലും ആർത്തട്ടഹസിച്ചുകൊണ്ട് ആടിത്തിമിർക്കുന്ന തിറയിൽ യൗവനത്തിന്റെ ചൊടിപ്പും സൗന്ദര്യവും തെളിഞ്ഞുകാണാം. കോലങ്ങൾക്ക് മുഖത്തും മാറത്തും എഴുത്തുകളുണ്ട്. അടിസ്ഥാനനിറം വെള്ളയാണ്. രൗദ്രം, സൗമ്യം, ഹാസ്യം, ബീഭത്സം എന്നീ ഭാവങ്ങൾ ദ്യോതിപ്പിക്കുന്നതിന് പര്യാപ്തമായ എഴുത്തുകളും കോലങ്ങൾക്കുണ്ട്. വട്ടത്തിലും നീളത്തിലും സാമാന്യവലിപ്പമുള്ള മുടികളും വർണപകിട്ടേറിയ കിരീടങ്ങളും അണിയുന്നു. താളാത്മകമായ ചുവടുകളും നൃത്തങ്ങളും കലാശങ്ങളും കൈമുദ്രകളും മനോധർമ്മപ്രകടനങ്ങളും തിറയിൽ നിറഞ്ഞുനിൽക്കുന്നു. മെയ്യഭ്യാസത്തിലും ആയുധവിദ്യയിലും തിറ പിന്നോക്കമല്ല. വാൾ, പരിച, കുന്തം, വടി മുതലായ ആയുധങ്ങളോടുകൂടി യുദ്ധമുറകൾ കാണിക്കുന്ന കോലങ്ങളുമുണ്ട്. കോഴിയെ അറുത്ത് രക്തം കുടിക്കുന്നതും കുടൽമാല കഴുത്തിലിട്ട് നിണമണിഞ്ഞ് തുള്ളുന്നതും ചില കോലങ്ങൾക്ക് നിർബന്ധമാണ്.

തിറയാട്ട കോലങ്ങൾ പ്രധാന ദേവന്റെ വെള്ളാട്ടമാണ് ആദ്യമായി കെട്ടിയാടുന്നത്. അതേപോലെ പ്രധാന ദേവന്റെ തിറയാണ് ഏറ്റവുമൊടുവിൽ രംഗത്ത് ആടുന്നത്. ഇത്തരം കോലങ്ങൾക്ക് സാധാരണ ആട്ടങ്ങൾക്കുശേഷം പീഠം കയറുക എന്ന ചടങ്ങുകൂടി നിർവഹിക്കേണ്ടതുണ്ട്. കോലത്തിന്റെ പ്രാധാന്യവും രാജകീയ പ്രൗഢിയും തെളിയിക്കുന്നതിനാണ് ഈ കർമ്മം. വെള്ളരിത്തറയുടെ മുമ്പിൽ പീഠത്തിൽ കയറി നിന്നുകൊണ്ട് നാലുവശവും തിരിഞ്ഞ് കോലം നൃത്തം ചെയ്യുന്നു. അതിനുശേഷം താളവാദ്യമായുപയോഗിക്കുന്നത് കുറുങ്കുഴലാണ്. ഇടവേളയോടുകൂടി മൂന്നുതവണ നൃത്തം ചെയ്തശേഷം കോലം ദർശനംകൊണ്ട് മുടിയെടുക്കുന്നു. നേരം വെളുത്താൽ കാക്കനിലത്തിറങ്ങുംമുമ്പ് പ്രധാന ദേവൻ കരികോലമാടി തിരുമുടി അഴിക്കണമെന്നാണ് വിധി.

**ചാന്താട്ടം** - തിറയാട്ടത്തിന്റെ വർണശബളിമയാർന്ന രാത്രിക്കുശേഷം പിറ്റേന്നാൾ പ്രഭാതത്തിലാണ് ചാന്താട്ടം. ആർപ്പുവിളികളോ അട്ടഹാസങ്ങളോ ഇല്ല. തിറയാടിയ കോലങ്ങളെല്ലാം ചാന്താടും. പ്രധാന ദേവന്റെ കോലത്തിനാണ് വിധിപ്രകാരമുള്ള ചാന്തുകർമ്മങ്ങൾ നടത്തുന്നത്.

## ചായങ്ങളും ചമയങ്ങളും

അലൗകികവും അതിമാനുഷികവുമായ പ്രതീതിയുളവാക്കുവാൻ ഉപയുക്തമായ വേഷവിധാനങ്ങളാണ് കോലങ്ങളണിയുന്നത്. വെള്ള, ചെമപ്പ്, കറുപ്പ്, പച്ച, മഞ്ഞ എന്നീ നിറങ്ങളെക്കൊണ്ട് മുഖത്തും മാറത്തും ചിത്രങ്ങൾ രചിക്കുന്നതോടുകൂടിത്തന്നെ കോലത്തിന് പരമമായ ദിവ്യത്വം കൈവരുന്നു. വെട്ടിത്തിളങ്ങുന്ന വർണത്തകിടുകൾ പതിച്ച കിരീടവും മുളയും പാളയും കുരുത്തോലയും കൊണ്ട് നിർമ്മിക്കുന്ന വലുതും ചെറുതുമായ മുടികളും ദൈവീകഭാവം വർദ്ധിപ്പിക്കുന്നു. പ്രകൃതിയിൽത്തന്നെ കിട്ടുന്ന വസ്തുക്കളാണ് ചമയങ്ങൾക്കെടുക്കുന്നത്. പച്ചപ്പാള, വാഴപ്പോള, കുരുത്തോല എന്നിവ ചെത്തിമിനുക്കി മുറിച്ച് രൂപപ്പെടുത്തിയുണ്ടാക്കുന്ന മുടിയ്ക്കും മുരിക്ക്, കുമിഴ്, പാല എന്നിങ്ങനെയുള്ള മരങ്ങൾ ചെത്തി രൂപപ്പെടുത്തിയെടുക്കുന്ന തകിടുകൾക്കും അന്യാദൃശ്യമായ ചൈതന്യമുണ്ട്. മുള ചീന്തി നീളത്തിൽ കെട്ടിയുണ്ടാക്കിയ പച്ചപ്പാള, കുരുത്തോല എന്നിവകൊണ്ടലങ്കരിക്കുന്ന വലിയ മുടികളും മനോഹരമാണ്.

## അഭിനയക്രമങ്ങൾ

പുറപ്പാട്, പ്രദക്ഷിണം, ഇളകിയാട്ടം, ദർശനം എന്നിങ്ങനെ നാലുഘട്ടങ്ങളിലായിട്ടാണ് കോലങ്ങൾ അഭിനയം പൂർത്തിയാക്കുന്നത്. അണിയറയിൽ വേഷങ്ങളണിഞ്ഞ് തയ്യാറായി നിൽക്കുന്ന കോലങ്ങളെ വാദ്യമേളങ്ങൾകൊണ്ട് ആർപ്പുവിളികളോടെ ആദരപൂർവം ഇരുകൈകളും പിടിച്ച് അരങ്ങിലേക്കാനയിക്കുകയാണ് ചെയ്യുന്നത്. ക്ഷേത്രമണ്ഡപത്തിന്റെ കിഴക്കേഭാഗത്ത് കോലത്തിന് കൈവഴങ്ങു

ന്നതിനുള്ള ആയുധവുമായി ആട്ടക്കാരിൽ കാരണവരായ ആൾ നിൽക്കുന്നുണ്ടാവും. അയാൾക്ക് അഭിമുഖമായി നിന്നുകൊണ്ടാണ് കോലത്തിന്റെ പുറപ്പാട്. മിക്കകോലങ്ങളും പുറപ്പെടുന്നത് തൊഴുത് കുമ്പിട്ടുകൊണ്ടാണ്. തിറയാട്ടത്തിലെ ചുവടുകളുടെ ആദ്യപാഠമാണ് തൊഴുതുകുമ്പിടീൽ. ഇത് ഒരു വന്ദനക്രിയയാണ്. പുറപ്പാട് കഴിഞ്ഞാൽ പ്രദക്ഷിണമാണ്. ആയുധം കൈയിലേന്തിയ കോലം തത്സ്വരൂപം പ്രദർശിപ്പിക്കുന്നതിന് അനുയോജ്യമായ ഭാവപ്രകടനങ്ങളെപ്പോലെവേണം ക്ഷേത്രമണ്ഡപം പ്രദക്ഷിണം വയ്ക്കാൻ. സൗമ്യഭാവത്തിലുള്ള വേഷങ്ങൾ പുഞ്ചിരിയാർന്ന മുഖത്തോടെ കൺപുരികങ്ങൾ തുള്ളിച്ചുകൊണ്ട് പതിഞ്ഞ താളങ്ങൾക്കൊത്ത് സാവധാനത്തിൽ ചുവടുകൾവച്ച് നീങ്ങുകയാണ് ചെയ്യുന്നത്. രൗദ്രവേഷങ്ങൾ ദൃഷ്ടികളുരുട്ടി ദംഷ്ട്രകൾ വെളിയിലാക്കി ഭീകരമായ ഭാവത്തോടെ ആർത്തട്ടഹസിച്ച് പ്രേക്ഷകരെ ഭയപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഹാസ്യഭാവങ്ങളുള്ള വേഷങ്ങളും അതിന്റെ നടനാത്മകത വെളിപ്പെടുത്തുന്നതിന് യോജിച്ച ചേഷ്ടകളോടുകൂടി കൂകിയാർത്തും ഗോഷ്ടികൾ കാണിച്ചുമാണ് നീങ്ങുന്നത്.

പ്രദക്ഷിണം കഴിഞ്ഞ് തിരുമുറ്റത്തുവന്നതിനുശേഷം താളത്തിൽ ചുവടുവച്ചുകൊണ്ട് നൃത്തം ചെയ്യുന്നതിനാണ് ഇളകിയാട്ടം എന്നുപറയുന്നത്. ഇത് ഒട്ടുമിക്ക കോലങ്ങൾക്കും ഏതാണ്ട് ഒരുപോലെ തന്നെയായിരിക്കും. സാധാരണ ചെണ്ടത്താളങ്ങളിൽനിന്ന് വ്യത്യസ്തമായി ആട്ടക്കാർ അവരുടെ മനോധർമ്മത്തിനനുസരിച്ച് ആവിഷ്കരിച്ചെടുത്ത ചില താളങ്ങളാണ് ആടാനായി ഉപയോഗിക്കുന്നത്. കെട്ടിയാടുന്ന കോലത്തിന്റെ ചരിത്രപശ്ചാത്തലവും പ്രഭാവവും തെളിയിക്കുന്നതിനാവശ്യമായ ചില പ്രത്യേക അഭിനയങ്ങൾ നടത്തുന്നതും ഈ അവസരത്തിലാണ്.

കോലം കെട്ടിയാടുന്നത് പെരുവണ്ണാന്മാരാണ്. പാണൻ, അഞ്ഞൂറ്റവൻ തുടങ്ങിയ ജാതിക്കാരും അപൂർവ്വമായിട്ടുണ്ട്. അതുപോലെ തിറയാട്ടത്തിലെ ആയുധങ്ങൾ ചിഹ്നങ്ങളാണ്. ശ്രീപരമേശ്വരന്റെ വേടവേഷത്തെ കാണിക്കുന്നതിനുള്ള ആയുധങ്ങളാണ് പുരുഷക്കോലങ്ങൾ ധരിക്കുന്നത്. വാളാണ് സ്ത്രീവേഷങ്ങൾക്കായുധം. അസുരവാദ്യമായ ചെണ്ടയ്ക്കാണ് വാദ്യങ്ങളിൽ പ്രാധാന്യം. ഇലത്താളം, കുറുങ്കുഴൽ, കൊമ്പ്, തുടി എന്നീ വാദ്യങ്ങളും ഉപയോഗിക്കാറുണ്ട്. ഭഗവതിയ്ക്ക് തിറയാട്ടത്തിൽ പ്രത്യേകസ്ഥാനമുണ്ട്. ഉർവരാനുഷ്ഠാനത്തിലെ അമ്മ ദൈവമായും ദുഷ്ടതാനിഗ്രഹം വരുത്തി ശിഷ്ട സംരക്ഷണം ചെയ്ത കാളിയുടെ വകഭേദമായും ഭഗവതിയെ ഇവിടെ സങ്കല്പിക്കുന്നു. ഭഗവതിയുടെ കോലം കെട്ടിയാടുന്നതിലും അതിനോടനുബന്ധിച്ച മറ്റുകർമ്മാനുഷ്ഠാനങ്ങളിലും ഈ പ്രത്യേകത തെളിഞ്ഞുകാണാം.

മലബാറിന്റെ മണ്ണിൽ നൂറ്റാണ്ടുകളായി പച്ചപിടിച്ചുനിൽക്കുന്ന ഈ കലാരൂപം വാടിത്തളർന്നു തുടങ്ങിയിരിക്കുന്നു. തിറയുടെ സ്ഥാനത്തേക്ക് തെയ്യങ്ങൾ കടന്നുവരികയും തെയ്യം കെട്ടുന്നവർതന്നെ തിറയും നടത്തുകയും ചെയ്യുന്ന അവസ്ഥ ഇന്ന് കാണാൻ കഴിയും. ലിഖിതമായ ആട്ടപ്രകാരമില്ലാത്തതും രണ്ടും ഒരേ ജാതിക്കാർതന്നെ അരങ്ങിലാടി വരുന്നതും കാലക്രമേണ തിറയുടെ വ്യക്തിത്വത്തെ ബാധിക്കുകതന്നെ ചെയ്യും. തെയ്യത്തിന്റെ കാര്യം ഇതിൽനിന്ന് വിഭിന്നമാണ്. തെയ്യങ്ങളിൽ നിരവധി വർദ്ധനയുണ്ടായിരിക്കുന്നു. മാത്രമല്ല സമൂഹത്തിലുള്ള എല്ലാ ജാതികളുടെയും പ്രതിനിധികൾ തെയ്യസമൂഹത്തിലേക്ക് കടന്നുവരുന്നുണ്ട്. അതുകൊണ്ടുതന്നെ തെയ്യത്തോടൊപ്പം തിറ എന്ന കലാരൂപത്തെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത നമുക്കുണ്ട്.

## മുടിയേറ്റ്

കേരളത്തിലെ നാടോടിനാടകങ്ങളിൽ അതിപ്രാചീനമായ കാവുപാരമ്പര്യത്തോളം പഴക്കമുള്ള അനുഷ്ഠാനരംഗകലയാണ് മുടിയേറ്റ്. മണ്ണിൽനിന്ന് ഊർജ്ജം നേടുന്ന ചുവടുവയ്പിന്റെ നൃത്തവിന്യാസമാണ് മുടിയേറ്റിനുള്ളത്. കേരളത്തിന്റെ ആധ്യാത്മിക ഭൂമികയിൽ ഭദ്രകാള്യാരാധനയ്ക്ക് പ്രാധാന്യമുണ്ടായിരുന്നു. ഹിന്ദുമതവിശ്വാസികളായ ധീവരർക്കിടയിലാണ് ഈ സമ്പ്രദായം ആഴത്തിൽ വേരോടിയത്. ഭദ്രകാളിയാരാധനയോട് ബന്ധപ്പെട്ട് അരങ്ങേറുന്ന കലാരൂപങ്ങൾ നിരവധിയുണ്ട്. ഭദ്രകാളിയും

ദാരികനുമാണ് ഈ അനുഷ്ഠാനകലാരൂപങ്ങളിലെ മുഖ്യകഥാപാത്രങ്ങൾ. അവർ തമ്മിലുണ്ടായ യുദ്ധവും അതിന്റെ അന്ത്യത്തിൽ ദേവി അസുരനെ വധിക്കുന്നതുമായ പുരാണകഥാതന്തു വളരെ നാടകീയമായി അവതരിപ്പിക്കുന്ന കലാരൂപമാണ് മുടിയേറ്റ്. മധ്യകേരളത്തിലെ കാളീക്ഷേത്രങ്ങളിൽ ഇന്നും ഒരു അനുഷ്ഠാനകലയായി മുടിയേറ്റ് അവതരിപ്പിച്ചുപോരുന്നു.

മുടിയേറ്റിൽ പരമശിവൻ, ഭദ്രകാളി, ദാരികൻ, നാരദൻ, ദാനവേന്ദ്രൻ, കൂളി, കോയിമ്പടർ എന്നീ ഏഴുകഥാപാത്രങ്ങൾ രംഗവേദി അലങ്കരിക്കുന്നു. ഇവരെക്കൂടാതെ പതിനാറോളംപേർ പിന്നണിയിൽ പ്രവർത്തിക്കുന്നു. അരിമാവ്, ചുണ്ണാമ്പ്,ചുവന്ന ചായക്കൂട്ട്, കൺമഷി തുടങ്ങിയ ചായക്കൂട്ടുകളുപയോഗിച്ച് ചുവപ്പ്, പച്ച, മഞ്ഞ, വെള്ള, കറുപ്പ് തുടങ്ങിയ നിറങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. ഈ ചായക്കൂട്ടുകൾ ചാലിച്ചിട്ടാണ് മുഖത്തെഴുത്തിന് ഉപയോഗിക്കുന്നത്. മരംകൊണ്ട് കീരിടങ്ങളും ആഭരണങ്ങളും രൂപപ്പെടുത്തി തകിടുകൊണ്ട് പൊതിയും. കണ്ണാടിത്തുണ്ടുകളും മയിൽപ്പീലിയും മറ്റുമുപയോഗിച്ച് അലങ്കരിക്കും. ശിവന്റെ തൃക്കണ്ണും നാരദന്റെ ഭസ്മക്കുറിയുമൊക്കെ കലാകരന്റെ നെറ്റിയിൽ അരിമാവുപയോഗിച്ച് ചിത്രണം ചെയ്യുന്നു. അസുരകഥാപാത്രങ്ങളായ ദാരികനും ദാനവേന്ദ്രനും വിശദമായ മുഖത്തെഴുത്തുണ്ട്. പച്ച, ചെമപ്പ്, കറുപ്പ് എന്നീ നിറങ്ങൾക്കുപുറമേ അരിമാവും ചുണ്ണാമ്പും കലർത്തിയുണ്ടാക്കുന്ന കൊച്ചുകൊച്ചു പിണ്ഡങ്ങളും ഈ കഥാപാത്രങ്ങളുടെ മുഖത്തെഴുത്തിനുപയോഗിക്കുന്നു. ഘനമേറിയതും വലിപ്പമുള്ളതുമായ കീരിടങ്ങൾ അസുരകഥാപാത്രങ്ങളുടെ പ്രത്യേകതയാണ്. ധാരാളം ഞൊറിവുകളുള്ള വെളുത്ത പാവാടകൂടിയായാൽ ഈ കഥാപാത്രങ്ങളുടെ കെട്ടിച്ചമയം പൂർത്തിയാകും. കാഴ്ചക്കാരിൽ ഭയം ജനിപ്പിക്കും വിധത്തിലാണ് ഭദ്രകാളിയുടെ ചമയം. മുഖമാകെ കറുത്തചായം തേച്ചുപിടിപ്പിച്ച് വെളുത്ത പിണ്ഡങ്ങൾകൊണ്ടലങ്കരിക്കും. ഓരോ പിണ്ഡത്തിനുമിടയിൽ ചെമന്ന ചായം പുരട്ടും. മൂക്കിനുമേലെയും മുഖത്തുചിലയിടങ്ങളിലും ചുവന്ന പുഷ്പദലങ്ങൾ ഒട്ടിക്കുന്ന പതിവുണ്ട്. ചുണ്ടിന്റെ ഇരുകോണുകളിലും കൂർത്ത ലോഹദംഷ്ട്രങ്ങൾ പിടിപ്പിക്കുന്നതോടെ ഭദ്രകാളിയുടെ രൗദ്രഭാവം പരിപൂർണ്ണമാകുന്നു. കാളിയുടെ മകുടം വലിയമുടി എന്നറിയപ്പെടുന്നു.

പഴയകാലത്തെ നായർ പടനായകന്റെ വേഷഭൂഷാദികളാണ് കോയിമ്പടർ (കോയിമ്പടനായർ) പ്രത്യക്ഷപ്പെടുക. കൈയിൽ വാളും പരിചയും ഉണ്ടായിരിക്കും. ഹാസ്യകഥാപാത്രമായ കൂളിയുടെ ചമയത്തിന് പ്രത്യേകനിയമങ്ങളൊന്നുമില്ല. ഉരുട്ടുചെണ്ടയും വീക്കൻചെണ്ടയും ഇലത്താളം, ശംഖ് തുടങ്ങയവയുമാണ് മുടിയേറ്റിന് പശ്ചാത്തലമൊരുക്കുക. സംസ്കൃതം, തമിഴ്, മലയാളം എന്നീ ഭാഷകൾ ഇടകലർന്നപദങ്ങൾ ഉണ്ട്. പദ്യവും ഗദ്യവും കലർന്ന ഈ പദങ്ങൾ സോപാനശൈലിയിലാണ് ആലപിക്കുക. മുടിയേറ്റുപദങ്ങൾ ആലപിക്കുന്നതിനിടെ ചില ശുദ്ധസംഭാഷണങ്ങളുടെ മേമ്പൊടി ഉണ്ടായിരിക്കും. ഇത് ഈ കലാരൂപത്തിന്റെ മാറ്റുകൂട്ടാനുതകുന്നു.

### മുടിയേറ്റ് എന്ന പദം

കാളി-ദാരിക പോരിനെ അടിസ്ഥാനമാക്കിയുള്ള മുടിയേറ്റിൽ യുദ്ധസന്നദ്ധയായി ശ്രീകോവിലിന് മുന്നിൽനിന്ന് മുടിയേറ്റി പുറപ്പെടുന്നതിനെ സൂചിപ്പിക്കുന്നതാണ് മുടിയേറ്റ്. കാളി പുറപ്പാടാണ് മുടിയേറ്റിലെ ഏറ്റവും ഭക്തിനിർഭരമായ രംഗം. കാവിനു മുമ്പിൽവച്ചാണ് കാളി മുടി തലയിൽ ധരിക്കുന്നത്. മുടിയേറ്റിനുശേഷം പന്തങ്ങളിൽ തെള്ളിയെറിഞ്ഞ് ചടുലമായ ആട്ടം നടത്തി കാളിയെ ആർപ്പുവിളിച്ച് ആനയിക്കുന്നു. ദാരികവധത്തിനുള്ള പുറപ്പാടാണിത്. വിജയത്തിന്റെ പ്രതീകമായ കിരീടധാരണം എന്ന അർത്ഥത്തിലാണ് മുടിയേറ്റ് എന്ന പദം ഉണ്ടായത്.

വൃശ്ചികം പിറക്കുന്നതോടെ മധ്യകേരളത്തിലെ ഭദ്രകാളീക്ഷേത്രങ്ങൾ മുടിയേറ്റ് കൊണ്ടാടുന്നു. ഇടവമാസം പകുതിവരെ ഈ കലാരൂപം വേദികളിൽ അവതരിപ്പിക്കപ്പെടാറുണ്ട്. സാധാരണ ക്ഷേത്രാങ്കണങ്ങൾ തന്നെയാണ് മുടിയേറ്റിനു വേദിയാവുക. ശ്രീകോവിലിനു പുറത്ത്, മതിൽക്കെട്ടിനകത്തായി വലിയമ്പലത്തിൽ ഭദ്രകാളിയുടെ കളമെഴുതിക്കൊണ്ടാണ് തുടക്കം. സന്ധ്യക്ക് ഏഴുമണിയോടുകൂടി കളമെഴുതി തീർക്കും. കളം വരയ്ക്കും മുമ്പ് വേദി ശുദ്ധമാക്കും. പട്ടുശീലകൊണ്ട് പന്തൽ കെട്ടി പൂമാല

കളും കുരുത്തോലകളും ഉപയോഗിച്ച് അലങ്കരിക്കുന്നു. കാഴ്ചക്കാരിൽ ഭയം ജനിപ്പിക്കുംവിധമാണ് ഭദ്രകാളിയുടെ കൂറ്റൻ കളം എഴുതുക. കളമെഴുത്തുപൂർത്തിയായാൽ നാലുകോണിലും എണ്ണവിളക്കുകളും കളത്തിനുസമീപത്തായി ധാന്യം, നെല്ല്, നാളികേരം തുടങ്ങിയ ദ്രവ്യങ്ങളും നിരത്തിവയ്ക്കും. തുടർന്ന് മുടിയേറ്റിനു മുന്നോടിയായി വേദിയിൽ ചെണ്ടമുഴങ്ങും. ഈ പ്രാരംഭകർമ്മമാണ് കൊട്ടിയറിയിപ്പ്.

അത്താഴപൂജകഴിഞ്ഞ് ശ്രീകോവിൽ അടച്ചശേഷം മാത്രമേ കളംപൂജ തുടങ്ങൂ. പൂജ കഴിഞ്ഞാൽ പാട്ടുതുടങ്ങും. ഭദ്രകാളിയുടെ മഹിമകളാണ് പാട്ടിന്റെ ഇതിവൃത്തം. ഇത് കളംപാട്ട് എന്നറിയപ്പെടുന്നു. ക്ഷേത്രാങ്കണത്തിലുള്ള ദിവ്യതരുവിന്റെ മൂലത്തിലാണ് കാളിയുടെ ആവാസം എന്നൊരു വിശ്വാസം നിലവിലുണ്ട്. ആയതിനാൽ ഈ സ്ഥാനത്ത് ഒരു വിളക്ക് കൊളുത്തിവച്ചിരിക്കും. ഇവിടെനിന്നും വിളക്കിലേക്കാവാഹിക്കുന്ന ദേവിയെ താലപ്പൊലിയുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ എഴുന്നള്ളിച്ചുകൊണ്ടുപോകുന്നു. ശ്രീകോവിലിനു മൂന്നുതവണ പ്രദക്ഷിണം വച്ചതിനുശേഷം എഴുന്നള്ളിപ്പുകളത്തിലേക്കു നീങ്ങുന്നു. ദേവിയെ ആവാഹിച്ച വിളക്ക് കളത്തിനുമുമ്പിലായി സ്ഥാപിക്കുന്നു. വീണ്ടും ദേവീസ്തുതികളുടെ ആലാപനമാണ്. തുടർന്ന് ഭക്തജനങ്ങളുടെ അനുമതിയോടെ കളം മായ്ക്കൽ നടക്കുന്നു. കളത്തിൽ ശേഷിക്കുന്ന പൊടിയുടെ മിശ്രിതം ഭക്തജനങ്ങൾക്ക് വിതരണം ചെയ്യുന്നു.

തുടർന്ന് മുടിയേറ്റ് തുടങ്ങും. പീഠവും തിരശ്ശീലയും നിലവിളക്കും ഉണ്ടാവും. വിളക്കു തെളിയിക്കുന്നതോടെ അരങ്ങുകളി തുടങ്ങും. ചെണ്ടയും ഇലത്താളവും ചേർന്ന് മേളമൊരുക്കും. രണ്ടുപേർ തിരശ്ശീലപിടിക്കും. അതിനുപിന്നിലായി ഗായകസംഘം അണിനിരക്കും. വന്ദനശ്ലോകം പാടിക്കഴിഞ്ഞാൽ ശിവനും നാരദനും രംഗപ്രവേശം ചെയ്യുന്നു. നാരദൻ ഭഗവാനോട് ദാരികന്റെ ദുഷ്ടവൃത്തികളെക്കുറിച്ച് വിവരിക്കുന്നു. അതുകഴിഞ്ഞ് കാളിയും ദാരികനും വേദിയിലെത്തുന്നു. (അവർ തമ്മിലുള്ള യുദ്ധവും ദാരികനിഗ്രഹവും നാടകീയമായി അവതരിപ്പിക്കപ്പെടുന്നു) കാളിമുടി ഏറ്റിയ കലാകാരൻ വേദിയിൽ സ്ഥാപിച്ചിട്ടുള്ള തീപ്പന്തത്തിലേക്ക് തെള്ളിപ്പൊടി വാരിയെറിയുമ്പോൾ തീജ്ജ്വാലകൾ ആളിക്കത്തും. അതോടെ ഭയാനകമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. ക്രമേണ വാദ്യഘോഷങ്ങൾ ഉച്ചസ്ഥായിയിലെത്തും. ഉറഞ്ഞു തുള്ളലിനിടെ കലാകാരന്മാർ വേദിവിട്ടും നൃത്തംചെയ്യും. ദാരികമുടി ഏറ്റുന്നയാൾ കാണികൾക്കിടയിലൂടെ ഓടുകയും ചാടുകയും ചെയ്യും. ഒരു പ്രത്യേകഘട്ടത്തിൽ വലിയമുടി ഏറ്റിയ കലാകാരൻ നാലമ്പലത്തെ വലം വെക്കും. തീപ്പന്തമേന്തിയ അനുയായികളും വാദ്യക്കാരും അകമ്പടി സേവിക്കും. ഈ ഘട്ടത്തിൽ അന്തരീക്ഷത്തിന്റെ ഭീകരത കുറയ്ക്കാൻ കോയിമ്പടരും കൂളിയും പ്രവേശിക്കുന്നു. കൊട്ടുകാർ കോയിമ്പടരോട് ചില ചോദ്യങ്ങൾ ചോദിക്കുകയും അയാൾ ഉത്തരങ്ങൾ നല്കുകയുമാണ് പതിവ്. ഇടയ്ക്ക് അയാൾ ചില പുരാണകഥകളും പറയും. ഇതിനിടെ കൂളി തന്റെ ചട്ടങ്ങളും കോമാളിത്തരങ്ങളും കൊണ്ട് കാണികളെ രസിപ്പിക്കുന്നു.

മുടിയേറ്റിന്റെ ഉച്ചഘട്ടമാണ് യുദ്ധം. ഒരു വശത്ത് കാളി. മറുവശത്ത് ദാരികനും ദാനവേന്ദ്രനും. ഇവർ തമ്മിലുള്ള ഘോരയുദ്ധം ഏതാണ്ട് രണ്ടുമണിക്കൂറോളം നീണ്ടുനില്ക്കും. ചെണ്ടമേളങ്ങൾ ഉച്ചസ്ഥായിയിൽ മുഴങ്ങിക്കൊണ്ടിരിക്കും. രാത്രിയുടെ ഇരുട്ടിൽ പന്തങ്ങളിൽനിന്നുയരുന്ന തീജ്ജ്വാലകൾ അന്തരീക്ഷത്തിന്റെ ഭീകരത വർദ്ധിപ്പിക്കും. ആവേശം മുറുകുന്നതോടെ കാളിയും എതിരാളികളും നാലമ്പലത്തിനുചുറ്റും ഓടുകയും ചാടുകയും അലറിവിളിക്കുകയും ചെയ്യുന്നു. അതോടെ കാണികളുടെ ഭയസംഭ്രമങ്ങൾ വർദ്ധിക്കും. ഈ ഘട്ടത്തിൽ വലിയമുടി ഏറ്റിയ കലാകാരനെ അനുയായികൾ ബലമായി പിടിച്ച് പീഠത്തിലിരുത്തുകയും ശിരസിൽനിന്ന് മുടി എടുത്തുമാറ്റുകയും ചെയ്യും. അല്പനേരത്തെ വിശ്രമത്തിനുശേഷം വീണ്ടും മുടിയേറ്റും. തുടർന്നുണ്ടാകുന്ന യുദ്ധത്തിൽ കാളി ദാരികന്റെയും ദാനവന്റെയും ശിരച്ഛേദം നടത്തുന്നു. അവർ വധിക്കപ്പെടുന്നതിന്റെ സൂചകമെന്നോണം ആ നിമിഷം തന്നെ ദാരികന്റെയും ദാനവേന്ദ്രന്റെയും മുടി കൾ എടുത്തുമാറ്റുന്നു.

ദാരികവധത്തിനുശേഷം കാളി വിളക്കത്തിരുന്നു പൂജ ചെയ്യുന്നു. അതോടെ ആവേശമടങ്ങി ശാന്തയാവുന്നു. ഈ സമയം അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ കൊണ്ടുവന്ന് കാളിയുടെ മടിയിലിരുത്തും. വിളക്കിൽ നിന്ന് എണ്ണയും മുടിയിൽനിന്ന് തെച്ചിപ്പൂവുമെടുത്ത് കാളി കുഞ്ഞുങ്ങളെ അനുഗ്രഹിക്കും. അതിനുശേഷം തീപ്പന്തവുമായി ഭക്തജനങ്ങളുടെ ഇടയിലേക്ക് നീങ്ങും. പന്തം ഉഴിഞ്ഞ് ഭക്തജനങ്ങളെ അനുഗ്രഹിക്കും.

മുടിക്ക് ഈ കലാരൂപത്തിൽ വലിയ പ്രാധാന്യമുണ്ട്. മുടി ദിവ്യവും ദൈവികശക്തിയുള്ളതുമാണ് എന്നാണ് വിശ്വാസം. മുടിയേറ്റുകലാകാരനെ ദേവിയുടെ പ്രതിരൂപമായി അംഗീകരിക്കുന്നവരാണ് കേരളത്തിലെ ഗ്രാമീണർ. ദേവി തങ്ങളെ സംരക്ഷിക്കുമെന്നും രോഗശാന്തിവരുത്തി അനുഗ്രഹിക്കുമെന്നും അവർ വിശ്വസിക്കുന്നു. മുടിയേറ്റിയ കലാകാരനിൽനിന്നുണ്ടാവുന്ന വിധിപ്രഖ്യാപനങ്ങളെ ഭക്തജനങ്ങൾ വിശ്വാസപൂർവ്വം സ്വീകരിക്കുന്നു. വലിയമുടിയുടെ പ്രാധാന്യം കണക്കിലെടുത്താൽ മുടിയേറ്റ് എന്ന വിശേഷണം ഈ കലാരൂപത്തിന് ഏറ്റവും അനുയോജ്യമായ പേരുതന്നെ എന്നു മനസ്സിലാക്കാം.

## ചവിട്ടുനാടകം

കേരളസംസ്കാരത്തിന് ക്രൈസ്തവസമുദായം നല്കിയ സംഭാവനയാണ് ചവിട്ടുനാടകം. പാശ്ചാത്യവും പൗരസ്ത്യവുമായ നാടകസങ്കേതങ്ങളുടെ സങ്കലനത്തിൽ നിന്നുണ്ടായ സംഗീതനൃത്തനാടകമാണിത്. പ്രചണ്ഡമായ താളമേളങ്ങൾക്കൊപ്പം അഭിനേതാക്കൾ ആഞ്ഞുചവിട്ടി അവതരിപ്പിക്കുന്നതിനാൽ ആകണംചവിട്ടുനാടകം എന്ന പേരുവന്നത്. പേര് സൂചിപ്പിക്കുന്നത് അതിലെ ചുവടുകൾക്കുള്ള സവിശേഷത തന്നെയാണ്. പോർട്ടുഗീസ് കേന്ദ്രങ്ങളായിരുന്ന കൊടുങ്ങല്ലൂരിലും കൊച്ചിയിലുമാണ് ഇതിന് കൂടുതൽ പ്രചാരമുണ്ടായിരുന്നത്.

കേരളത്തിലെത്തിയ പോർച്ചുഗീസുകാർ കച്ചവടത്തിലും മതപരിവർത്തനത്തിലും മുന്നേറി. പോർച്ചുഗീസ് സംസ്കാരം ഇവിടെ അതിവേഗം പ്രചാരം നേടി. ഹിന്ദുമതത്തിൽനിന്ന് ക്രൈസ്തവമതത്തിലേക്ക് പരിവർത്തനം ചെയ്തവരെ അറുപത്തിനാലുകാർ, മുന്നൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ, എഴുന്നൂറ്റിക്കാർ എന്നിങ്ങനെ വിവിധ നാട്ടുകൂട്ടങ്ങളായി തിരിച്ചിരുന്നു. പരിവർത്തനം ചെയ്തവരിൽ പണിയാള വിഭാഗത്തിൽപ്പെട്ട മുക്കുവരും മറ്റു ഹരിജനങ്ങളുമാണ് അഞ്ഞൂറ്റിക്കാരെന്നും എഴുന്നൂറ്റിക്കാരെന്നും അറിയപ്പെട്ടത്. ഈ രണ്ടുകൂട്ടരും പോർച്ചുഗീസുകാരുടെ തണൽപറ്റി ജീവിച്ചു. എഴുന്നൂറ്റിക്കാരുടെ ഒരു പടയാളി സംഘടന സജീവമായി നിലനിന്നിരുന്നു. ഈ അർദ്ധസൈനികരുടെ ഒരാവിഷ്കാരകലയാണ് ചവിട്ടുനാടകം. വെള്ളക്കാരായ രാജാക്കന്മാരും മന്ത്രിമാരും പടത്തലവന്മാരും ഇതിലെ കഥാപാത്രങ്ങളായിരുന്നു. അതിനാൽ പറങ്കികൾ ഈ കലാരൂപത്തെ പ്രോത്സാഹിപ്പിച്ചു. ഇതുകൊണ്ടാവണം ഈ കലാരൂപം പറങ്കിനാടകം എന്നുവിശേഷിപ്പിക്കപ്പെട്ടത്.

പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ കേരളം, തമിഴ്നാട്, ശ്രീലങ്ക തുടങ്ങിയ പ്രദേശങ്ങളിൽ ക്രൈസ്തവകലാവേദികൾക്ക് അരങ്ങുകൾ ഉണ്ടായിരുന്നു. പോർച്ചുഗീസ് സങ്കരവർഗ്ഗമായ ലത്തീൻക്രൈസ്തവർക്കായിരുന്നു ഈ രംഗത്ത് മേൽക്കോയ്മ. പ്രാദേശികമായ ഭേദങ്ങളോടെയാണ് ഓരോദിക്കിലും ഈ നാടകകല അവതരിപ്പിച്ചിരുന്നത്. കേരളത്തിൽ ചവിട്ടുനാടക മെന്നും തമിഴ്നാട്ടിൽ തെരുക്കൂത്തെ ന്നും ശ്രീലങ്കയിൽ നാഡഗമ എന്നും ഇതറിപ്പെട്ടു. ചവിട്ടുനാടകത്തിന് പാശ്ചാത്യലോകത്തെ മിറക്കിൾ പ്ലേ അഥവാ അതിശയനാടകത്തോട് (ക്രിസ്തുവിന്റെയോ പുണ്യവാളന്മാരുടെയോ അത്ഭുതകർമ്മങ്ങൾ പ്രതിപാദ്യമായ നാടകം) സാദൃശ്യമുണ്ടായിരുന്നു. ക്രിസ്തുമതവും യൂറോപ്പിന്റെ ചരിത്രവുമായിരുന്നു ചവിട്ടുനാടകത്തിന്റെ പ്രമേയങ്ങൾ. തിരശ്ശീലയും പാശ്ചാത്യവേഷവിധാനങ്ങളും ഈ കലാരൂപത്തെ വേർതിരിച്ചുനിർത്തി.

ചവിട്ടുനാടകത്തിൽ യുദ്ധമുറകൾക്ക് വലിയ പ്രസക്തിയുണ്ട്. ആദ്യകാലത്ത് രാജാക്കന്മാരായും സൈന്യാധിപന്മാരായും വേദിയിൽ പ്രത്യക്ഷപ്പെട്ടിരുന്നവർ പാശ്ചാത്യരീതിയിലുള്ള ആയുധങ്ങളാണ്

ഉപയോഗിച്ചിരുന്നത്. കളരിപ്പയറ്റിന്റെ സ്വാധീനം മൂലമാവാം, പിന്നീട് കേരളീയമായ ആയുധങ്ങളും പയറ്റുമുറകളും ചവിട്ടുനാടകരംഗത്തെ കീഴടക്കി. ചവിട്ടുനാടകത്തിലെ കളിയാശാൻ അണ്ണാവി എന്നാണറിയപ്പെട്ടിരുന്നത്. നല്ല മെയ്‌വഴക്കവും താളബോധവും അഭിനയശേഷിയും ഇതിനാവശ്യമായിരുന്നു. പിന്നണിഗായകരുണ്ടെങ്കിലും കഥാപാത്രങ്ങളും പാട്ടുപാടും. പാട്ടിനനുസൃതമായി നടന്മാർ ചുവടുവയ്ക്കും. വർണപകിട്ടുള്ള ഉടയാടകളുടെയും സംഗീതത്തിന്റെയും സാഹിത്യത്തിന്റെയുമൊക്കെ പ്രഭാവമുണ്ടെങ്കിലും കലാപരമോസാങ്കേതികമായോ ആയ മേന്മകളും അഭിനയസാധ്യതയും ചവിട്ടുനാടകത്തിന്റെ പരിധിയിൽപ്പെടുന്നില്ലെന്ന് പല നിരൂപകരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

മരപ്പലകകൾകൊണ്ട് നിർമ്മിച്ച വേദിയിലാണ് ചവിട്ടുനാടകം അവതരിപ്പിക്കുന്നത്. വേദിയിൽ കലാകാരന്മാർ തുടർച്ചയായി ചവിട്ടുചുവടുകൾ വെക്കുമ്പോൾ കാണികൾക്കു ഹരം കയറുന്നു. ചവിട്ടുനാടകത്തിന് സമ്പന്നമായൊരു വാദ്യവൃന്ദം അകമ്പടി സേവിക്കാറുണ്ട്. തമ്പേർ, വയലിൻ, ഹാർമോണിയം, ക്ലാരനെറ്റ് തുടങ്ങിയ പാശ്ചാത്യവാദ്യങ്ങൾക്കൊപ്പം ചെണ്ട, മൃദംഗം, മദ്ദളം, നാഗസ്വരം, ഇലത്താളം തുടങ്ങിയ കേരളീയ വാദ്യങ്ങളും ചവിട്ടുനാടകത്തിന് പശ്ചാത്തലസംഗീതമൊരുക്കുന്നു.

റോമൻ ചക്രവർത്തിയുടെ ജീവിതത്തെയും പരാക്രമങ്ങളെയും പ്രകീർത്തിക്കുന്ന ജെനോവ നാടകമാണ് ചവിട്ടുനാടകവേദിയിൽ ആദ്യം പ്രത്യക്ഷപ്പെട്ടത്. ഫ്രാൻസിലെ ഷാർവമൈൻ ചക്രവർത്തിയുടെ വീരപരാക്രമങ്ങൾ വിവരിക്കുന്ന കാറൽമാൻചരിതമാണ് ചവിട്ടുനാടകത്തിൽ ഏറ്റവും പ്രസിദ്ധം. ജ്ഞാനസുന്ദരി, ജോസഫ് നാടകം, നെപ്പോളിയൻ ചരിതം തുടങ്ങി വേറെയും നാടകങ്ങൾ ഈ ഗണത്തിലുണ്ട്. നിരവധി ബൈബിൾ പ്രമേയങ്ങളും പില്ക്കാലത്ത് ചവിട്ടുനാടകവേദികളിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഏതായാലും കേരളത്തിൽ പിറവിയെടുത്തതും പതിനെട്ടാം നൂറ്റാണ്ടിൽ ആവിർഭവിച്ചതുമായ ഈ കലാരൂപം നമ്മുടെ കലാപാരമ്പര്യത്തിൽ ശ്രദ്ധേയമായ പങ്കുവഹിക്കുന്നുണ്ട്.

## ഒപ്പന

കേരള മുസ്ലീങ്ങൾക്കിടയിൽ പ്രാചീനകാലം മുതൽ തന്നെ വിവാഹം, സുന്നത്ത് കല്യാണം, പ്രസവാനന്തരശുദ്ധിയുടെ നാല്പത് കുളിശുദ്ധി എന്നീ ചടങ്ങുകൾ ആഘോഷപൂർവം കൊണ്ടാടിയിരുന്നു. ഇത്തരം ആഘോഷവേളകളിൽ സ്ത്രീപുരുഷഭേദമെന്യേ അവതരിപ്പിക്കാറുണ്ടായിരുന്ന കലയാണ് ഒപ്പന. കേരള സംസ്കാരത്തിന് മലബാറിന്റെ സംഭാവനയെന്ന് ഒപ്പനയെ വിശേഷിപ്പിക്കാം. ഈ കലയ്ക്ക് എത്രകാലത്തെ പഴക്കമുണ്ടെന്നോ ഒപ്പന എന്ന പേര് എങ്ങനെ വന്നുവെന്നോ വ്യക്തമായ തെളിവുകളൊന്നുമില്ല. പാന എന്നാൽ രാഗം, പാട്ട് എന്നൊക്കെയാണർത്ഥം. ഒപ്പിച്ചിരുന്ന് പാടുന്ന പാട്ടായതിനാൽ ഒപ്പപ്പാന എന്നും കാലക്രമത്തിൽ ഒപ്പന ആയെന്നും കരുതപ്പെടുന്നു. നമ്പൂതിരിമാരുടെ ഇടയിലുള്ള ഒപ്പപ്പാനയ്ക്ക് സമാനമായി മാപ്പിളമാരുടെ ഇടയിൽ ഉണ്ടായിരുന്നതാണ് ഒപ്പന എന്ന് മാപ്പിളപ്പാട്ട് ഗവേഷകനായ ബാലകൃഷ്ണൻ വള്ളിക്കുന്ന് അഭിപ്രായപ്പെടുന്നു.

ഒപ്പന എന്നത് മാപ്പിളപ്പാട്ടിന്റെ ഒരു ഇശലിന്റെ പേരാണ്. ഇശൽ എന്നാൽ ഈണം, രീതി, മട്ട് എന്നൊക്കെയാണ് അർത്ഥം. ഒപ്പന എന്ന ഇശലിന് പല ഘട്ടങ്ങളുണ്ട്. താളത്തിലും ഈണത്തിലും മാറ്റങ്ങൾ സംഭവിക്കുന്നു. സാവകാശം ആരംഭിച്ച താളത്തിലൂടെ ഗതിവേഗമേറി താളം പിരിമുറുക്കമുള്ളതായിത്തീരുന്നു. ഒപ്പനയ്ക്ക് ഒപ്പനചായൽ, ചായൽമുറുക്കം, മുറുക്കം, മുറുക്കത്തിൽചാട്ട്, മുറുക്കത്തിൽ ചുരുട്ട്ചാട്ട്, മുറുക്കത്തിൽ തുണ്ടം എന്നിങ്ങനെ പല വകഭേദങ്ങളുണ്ട്. ഒപ്പന എന്ന് സാധാരണ പറയാറുള്ളത് മാപ്പിളപ്പാട്ടുകൾ സംഘം ചേർന്ന് പാടുന്നതിനാണ്. ഒപ്പന ദൃശ്യശ്രാവ്യകലയാണ്. സംഘം ചേർന്ന് വട്ടമിട്ടിരുന്ന് കൈയടിച്ച് പാടുകയാണ് പതിവ്. ഒപ്പനയിൽ മാപ്പിളപ്പാട്ടുകളിലെ താളപ്രധാനമായ പല ഇശലുകളും പാടിയിരുന്നു. ഈ കലാരൂപത്തിന് ഒപ്പന എന്ന പേര് സിദ്ധിച്ചത് 1945 ന് ശേഷമാണ്. അതിനുമുമ്പ് കല്യാണപ്പാട്ടുകാർ, വട്ടപ്പാട്ടുകാർ എന്നൊക്കെയായിരുന്നു പാട്ടുസംഘക്കാർ അറിയപ്പെട്ടിരുന്നത്.

ആദ്യകാലത്ത് ഒപ്പന പുരുഷന്മാരുടെ കുത്തകയായിരുന്നു. സംഘഗാനത്തോടൊപ്പം കൈകൊട്ടി താളമിട്ടുള്ള ഇവരുടെ രീതിവളരെപ്പെട്ടെന്ന് ജനപ്രീതിനേടി. പിന്നീടവർ മുട്ടുകാരെന്നും പാട്ടുകാരെന്നും സംഘം തിരിഞ്ഞു. പാട്ടുകാർ ഇശലുകൾ പാടുകയും മുട്ടുകാർ കൈകൊട്ടിതാളമിടുകയും ചെയ്തു. കാലക്രമത്തിൽ ഈ സംഘഗാനം വിവാഹാഘോഷങ്ങളുടെ അവശ്യഘടകമായിത്തീർന്നു. ഒപ്പനയിൽ പുരുഷാധിപത്യം നിലനിന്നിരുന്ന കാലത്തുതന്നെ സ്ത്രീകളുടെ പതിഞ്ഞമട്ടിലുള്ള അർധനൃത്തപരവും നിലവിലുണ്ടായിരുന്നു. കളിക്കാരികളുടെ കളി എന്നാണിത് അറിയപ്പെട്ടിരുന്നത്. തറയിൽ ഒരു കോളാമ്പി വച്ച് അതിനുചുറ്റുമായി വട്ടമിട്ടുനിന്ന് അവർ കൈകൊട്ടുകയും ചില പാട്ടുകൾ പാടി ചാഞ്ചാടുകയും പതിഞ്ഞമട്ടിലുള്ള ചുവടുകൾ വെയ്ക്കുകയും ചെയ്തുപോന്നു. കൈകൊട്ടിനു പ്രാധാന്യമുണ്ടായിരുന്നതിനാൽ കൈമുട്ടിക്കളി എന്നും ഈ കലാരൂപത്തെ വിശേഷിപ്പിച്ചുപോന്നു. പുരുഷന്മാരുടെ ഒപ്പനയും കളിക്കാരികളുടെ കളിയും രംഗത്തുനിന്ന് ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞു.

ഒപ്പനയിലെ വേഷത്തിന്റെ കാര്യത്തിൽ പ്രാദേശികവ്യത്യാസങ്ങൾ പണ്ടേ നിലവിലുണ്ട്. തെക്കൻ കേരളത്തിലെയും വടക്കൻ കേരളത്തിലെയും ഒപ്പനകളിൽ ഇത് പ്രകടമാണ്. ഒപ്പനയ്ക്ക് വെള്ളക്കാച്ചി തന്നെ വേണമെന്നില്ല. മാത്താവ്, കാച്ചിത്തുണി, കസവാരത്തുണി, പച്ചപ്പട്ട്, പുള്ളിത്തുണി എന്നിവയെല്ലാം പണ്ട് പ്രചാരത്തിലുണ്ടായിരുന്നു. നിറത്തിന്റെ കാര്യത്തിലും നിർബന്ധം പുലർത്തിയിരുന്നില്ല. കസവുചേർത്ത് കുപ്പായങ്ങളും വെള്ളയും പച്ചയും നിറമുള്ള കുപ്പായങ്ങളും ആവാം. മാങ്ങാപ്പുള്ളിത്തട്ടം ഉപയോഗിക്കാം. തട്ടമിടുമ്പോൾ കൊണ്ട കെട്ടുന്നത് ശരിയായ രീതിയല്ല. കഴുത്തിൽ ഇളക്കത്താലി, കാറകല്ല്, മാറത്ത് ചകേലസ്, പരന്നേലസ്സ്, അടിപ്പ്, കല്ലുമണി, മുല്ലമാല, ചക്കരമാല, ഉറുക്കുംതണ്ട്, തോട, കഴുത്തിൽകെട്ട്, മണിക്കോതില, ചിറ്റ്, മിന്നി, കൈയിൽവള, മോതിരം, അരഞ്ഞാൺ എന്നിവ ഉപയോഗിക്കാം.

ഒപ്പനയിൽ മണവാട്ടി നിർബന്ധമില്ല. വിവാഹത്തിനു മണവാട്ടിയും കാതുകുത്തുകല്യാണത്തിന് അതിന്റെ പെൺകുട്ടിയെയും, മുടികളച്ചിലിനും സുന്നത്തുകല്യാണത്തിനും അതുമായി ബന്ധപ്പെട്ടവരെയും ചമയിച്ച് നടുവിലിട്ട പീഠത്തിൽ ഇരുത്താം. ഒപ്പനയിൽ പാട്ടിന്റെ സാഹിത്യത്തിനും ഈണം, താളം, സ്വരമാധുരി എന്നിവയ്ക്കുമാണ് പ്രാധാന്യം. ഒപ്പന കളിക്കുന്നവർ പണ്ട് പാട്ടുകാരത്തികൾ എന്നാണറിയപ്പെട്ടിരുന്നത്. ഈ പേരിൽനിന്നും കളിയേക്കാൾ പ്രാധാന്യം പാട്ടിനാണെന്ന് മനസ്സിലാക്കാം.

ഒപ്പന കളിക്കുന്ന പെൺകിടാങ്ങൾ വട്ടത്തിൽ നില്ക്കുകയോ ഇരിക്കുകയോ മുട്ടിന്മേൽ ഇരിക്കുകയോ ആയിരുന്നു പതിവ്. പാട്ടിന്റെ ഈണത്തിനും താളത്തിനുമനുസരിച്ച് കൈകൊട്ടുകയും ഇടത്തോട്ടും വലത്തോട്ടും ആടുകയും ചെയ്തിരുന്നു. ചിലപ്പോൾ മുന്നോട്ടും പിന്നോട്ടും ആയം കൊടുത്തിരുന്നു. ഇപ്പോൾ നർത്തകിമാർ ചുവടുവച്ച് കൈകൊട്ടുകയും പിൻപാട്ടുകാർ ഇശലുകൾ പാടുകയും ചെയ്യുന്ന രീതിയാണുള്ളത്.

ശൈലികൊണ്ടും സംഗീതംകൊണ്ടും കലാകാരികളുടെ വേഷഭൂഷാദികൾകൊണ്ടും നൂതനമായൊരു കലാസൃഷ്ടിയായി ഇന്ന് ഒപ്പന വികസിച്ചു. മാത്രമല്ല, ഇത് വനിതകളുടെ കലാരൂപമായിത്തീരുകയും ചെയ്തു. മലബാറിലെ മുസ്ലീംവീടുകളുടെ അകത്തളങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ കലാരൂപം പൊതുവേദിയിൽ പ്രദർശനത്തിനെത്തിയതോടെയാണ് ഇതിന് നൂതനമായ രൂപവും ഭാവവും കൈവന്നത്. ഒപ്പനയുടെ നൂതനരൂപം ജനപ്രീതിയിലും ഏറെ മുന്നിലാണ്. മാപ്പിളപ്പാട്ടിന്റെ ഇശലുകൾപാടി താളത്തിനൊപ്പിച്ച് വട്ടത്തിൽ ചുറ്റുകയും ചുവടുവയ്ക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ രീതി. വർദ്ധിച്ച ജനപ്രീതിമൂലം ഇന്ന് ദേശീയ വേദികളിലും ഈ കലാരൂപം അംഗീകാരം നേടിയിരിക്കുന്നു.

## മാർഗംകളി

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ സവിശേഷമായ സംഭവനയാണ് മാർഗംകളി. വിശുദ്ധതോമാശ്ലീഹായുടെ ജീവിതവും നിയോഗങ്ങളുമാണ് മാർഗംകളിക്കുപ്രചോദനം. ക്രിസ്ത്യാനി കളെ സംബന്ധിച്ചിടത്തോളം ഭാരതത്തിന്റെ അപ്പോസ്തലനായ തോമാശ്ലീഹായുടെ സുവിശേഷങ്ങളും അത്ഭുതപ്രവൃത്തികളും അനുഭവങ്ങളും മാത്രമല്ല, അദ്ദേഹം സ്ഥാപിച്ച ദേവാലയങ്ങളും കുരിശുകളു മെല്ലാം മാർഗംകളിപ്പാട്ടുകൾക്ക് വിഷയമാകുന്നുണ്ട്.

മാർഗം എന്ന വാക്കിന് വഴി എന്നാണല്ലോ അർത്ഥം. പുതിയ വഴി തിരഞ്ഞെടുത്തവർ, ക്രിസ്തുമതം സ്വീകരിച്ചവർ ആവിഷ്കരിച്ച നൃത്തരൂപത്തിന് സ്വാഭാവികമായും മാർഗംകളി എന്ന പേരുണ്ടായി. കേരളീയകല എന്നുപറയാനാവില്ലെങ്കിലും ഈ കല മലയാളപാരമ്പര്യത്തോട് ബന്ധപ്പെട്ടു നിൽക്കുന്നു. പാശ്ചാത്യകലകളുടെ സ്വാധീനത്തിൽനിന്ന് വേറിട്ടുനിൽക്കുന്ന ഒരു കലാരൂപമാണ് മാർഗം കളി. മറിച്ച് ചുവടുകൾക്കും അവതരണശൈലിക്കും ഹൈന്ദവസ്ത്രീകളുടെ തിരുവാതിരക്കളിയോട് സാദൃശ്യമുണ്ടുതാനും.

വിവാഹാഘോഷങ്ങളോടനുബന്ധിച്ച് ഗാർഹിക സദസുകളിലാണ് ഇത് അരങ്ങേറിയിരുന്നത്. സ്ത്രീകൾ വട്ടത്തിൽനിന്ന് കൈകൊട്ടിക്കളിക്കുന്നു. അടുക്കിട്ട മുണ്ട്, ചട്ട, കവണി, കുണുക്ക്, മാല, കങ്കണം, കാതിൽ മേക്കാ മോതിരം, കാലിൽ തള ഇവയാണ് കളിക്കാരുടെ വേഷം. മുടി തലയ്ക്ക് പിൻഭാഗത്തായി കൊണ്ട കെട്ടി വയ്ക്കും. പാടിക്കൊടുക്കുന്നത് കളിക്കാർ ഏറ്റുപാടും. പാട്ടിനൊപ്പം വായ്ത്താരികളുമുണ്ട്. മാർത്തോമാചരിതമാണ് പാട്ടിനു വിഷയം. വിളംബകാലത്തിലാരംഭിക്കുന്ന പാട്ടും ചുവടുകളും ക്രമേണ ദ്രുതതാളത്തിലേക്ക് കടന്ന് താളം മുറുകുന്നു. വൃത്തനിബദ്ധമാണ് പാട്ടു കൾ. മാർഗംകളി പാട്ടുകളിൽ സുറിയാനി ഭാഷയുടെ സ്വാധീനം കാണാം. സിറിയൻ പ്രാർത്ഥനാഗീതങ്ങ ളുടെ ശൈലിയിലാണ് മാർഗംകളിപ്പാട്ടുകൾ പാടിയിരുന്നത്. പശ്ചാത്തലവാദ്യങ്ങൾ പതിവില്ല. താളം പിടി ക്കാൻ ഒരു കുഴിത്താളം ഉപയോഗിക്കാറുണ്ട്.

സമ്പ്രദായമനുസരിച്ച് പുരുഷന്മാരുടെ നൃത്തമാണ് മാർഗംകളി. നൃത്തസംഘത്തിൽ പന്ത്ര ണ്ട്പേർ ഉണ്ടായിരിക്കണമെന്നാണ് വിധി. കേരളീയ സമ്പ്രദായമനുസരിച്ച് തറയിൽ 12 തിരിയിട്ട നിലവി ളക്കുകൊളുത്തി വയ്ക്കുന്നു. അതിനുചുറ്റുമായി കളിക്കാർ വട്ടമിട്ടിരുന്ന് പാടുകയും ചുവടുവയ്ക്കു കയും ചെയ്യുന്നു. കാൽച്ചുവടുകളുടെ താളത്തിനനുസൃതമായാണ് പാട്ട്. പന്ത്രണ്ട് എന്ന സംഖ്യയ്ക്ക് മാർഗംകളിയിൽ പ്രസക്തിയുണ്ട്. കളിക്കാരുടെ എണ്ണവും വിളക്കിലെ തിരികളുടെ എണ്ണവും പ്രതീകാ ത്മകമാണ്. കളിക്കാരും തിരികളും യേശുവിന്റെ 12 ശിഷ്യന്മാരെയാണ്. പ്രതിനിധാനം ചെയ്യുന്നത്. കേരളീയപാരമ്പര്യമനുസരിച്ച് ആശാന്റെ പാദം തൊട്ടുവണങ്ങിയ ശേഷമേ കളി തുടങ്ങു. മുഖ്യഗായ കൻ ആശാൻതന്നെയാണ്. ആശാൻ ചൊല്ലുന്ന വരികൾ പന്ത്രണ്ട് കളിക്കാരും ഏറ്റുപാടും.

കാലം മാറിയതോടെ സ്ത്രീകളും മാർഗംകളി അവതരിപ്പിച്ചുതുടങ്ങി. ഇന്ന് വനിതകളുടെ മാർഗംകളിക്കാണ് ഏറ്റവും ജനപ്രീതി. ചുരുങ്ങിയ കാലംകൊണ്ട് പെൺകുട്ടികളുടെ മാർഗംകളി വലിയ അംഗീകാരമാണ് നേടിയത്.

പി.യു. ലൂക്കോസ് എന്ന വ്യക്തിയാണ് ആദ്യമായി മാർഗംകളി പാട്ടുകൾ സമാഹരിച്ച് പ്രസിദ്ധീ കരിച്ചത്. ഈ പാട്ടുകളുടെ രചയിതാക്കളാരെന്നതിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലവി ലുണ്ട്. എങ്കിലും കോട്ടയം സ്വദേശിയായ ഇട്ടിത്തൊമ്മൻ കത്തനാരാണ് മാർഗംകളി പാട്ടുകൾ രചിച്ച തെന്ന് പൊതുവെ കരുതപ്പെടുന്നു.

## പടയണി

മദ്ധ്യതിരുവിതാംകൂറിലെ ഭഗവതിക്കാവുകളോടനുബന്ധിച്ച് എല്ലാവർഷവും ആചരിച്ചുവരാ റുള്ള ഒരു അനുഷ്ഠാനകലാരൂപമാണ് പടയണി. കോലം തുള്ളൽ എന്ന നാടൻ കലാരൂപത്തിൽനിന്ന് ഉദ്ഭവംകൊണ്ട കലാരൂപമാണിത്. ഓരോ ദേശത്തും തനതായ രീതിയിൽ പ്രാദേശികമായ ചിട്ടവട്ടങ്ങ

ളോടെയാണ് പടയണി അവതരിപ്പിക്കുക. ആധ്യാത്മികതയിലൂന്നി നില്ക്കെത്തന്നെ കലാപരമായ ഒരു പ്രത്യേക വൈഭവം കാഴ്ചവെക്കുന്നു എന്നതാണ് പടയണിയുടെ സവിശേഷത. വിവിധ വിഭാഗത്തിൽപ്പെടുന്നവരുടെ സഹകരണമുണ്ടാവുന്നു എന്നതിനാൽ ഇതിനെ സാമൂഹിക സമത്വത്തിന്റെ പ്രത്യക്ഷവേദിയായി കരുതാവുന്നതാണ്. പടയണി അരങ്ങേറുന്നതെവിടെയായാലും ആ പ്രദേശത്തെ ജനങ്ങളെല്ലാവരും ജാതി-മതഭേദമന്യേ വസൂരി, കോളറ തുടങ്ങിയ പകർച്ചവ്യാധികളിൽ നിന്നും രക്ഷപെടുന്നു എന്നാണ് വിശ്വാസം.

ദിവസങ്ങളോളം നീണ്ടുനില്ക്കുന്ന ഒരു വാർഷികോത്സവമാണ് പടയണി. ഇതിൽ നൃത്തം, നാടകം, മതപരമായ അനുഷ്ഠാനങ്ങൾ, സ്തുതിഗീതങ്ങൾ എന്നിവയുടെ സമന്വയം കാണാം. പ്രച്ഛന്നവേഷം, കോമാളികളി തുടങ്ങിയവയും പുരാണകഥകൾക്കൊപ്പംതന്നെ പ്രതിഫലിക്കാറുണ്ട്. എന്തായാലും ഇത്തരം കഥാപാത്രങ്ങളുടെ സാന്നിധ്യം പടയണിയെ കൂടുതൽ ജനകീയമാക്കിത്തീർത്തു.

## നാടകം -സിനിമ പുതുപ്രവണതകൾ

### നാടകം

വ്യത്യസ്തധാരകളിലൂടെ കരുത്താർജ്ജിച്ചുവന്ന ചരിത്രമാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യംവരെയും സ്വതന്ത്ര മലയാളനാടകപ്രസ്ഥാനത്തിന് പറയാനുള്ളത്. രണ്ടായിരാമാണ്ടുമുതലുള്ള നാടകചരിത്രം പരിശോധിച്ചാൽ, അതുവരെയുണ്ടായി വന്നതിൽനിന്നും തികച്ചും നവീനവും വ്യത്യസ്തതയുള്ളതുമായ നാടകപ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നിട്ടുള്ളതെന്നുകാണാം.

വാണിജ്യനാടകങ്ങളുടെ വിഷയങ്ങളിലെ ആവർത്തനസ്വഭാവം ആസ്വാദനത്തിൽ വിഘാതം സംഭവിപ്പിച്ചു. ഇന്നത്തെ നാടകാവതരണങ്ങളിൽ ജനപ്രിയചലച്ചിത്രങ്ങളിലെ പ്രചാരംനേടിയ കഥാതന്തുവിനെ മറ്റൊരു രീതിയിൽ വികസിപ്പിച്ചോ അതിനു സമാനമായ രീതിയിലോ സൃഷ്ടിച്ചെടുക്കുന്ന പുതിയ പ്രവണത ശ്രദ്ധേയമാണ്. ആകസ്മികമായ വ്യതിചലനങ്ങളും അതിനാടകീയതയും സൃഷ്ടിക്കാനുള്ള ശ്രമവും പുതിയ നാടകങ്ങളിൽ കാണാം. അരങ്ങിലെ അവതരണങ്ങൾക്ക് സ്വീകരിക്കുന്ന സങ്കേതങ്ങളിലും ചലച്ചിത്രത്തിന്റെ സ്വാധീനം പ്രകടമാണ്. കൂടുതൽ ജനകീയമായ ചലച്ചിത്രങ്ങളോട് നാടകത്തെ അടുപ്പിക്കുവാനാണ് നാടകത്തിലെ അണിയറപ്രവർത്തകർ ശ്രമിക്കുന്നത്.

രണ്ടായിരത്തിനുശേഷമാണ് അമേച്വർ തീയേറ്റർ പ്രവർത്തനങ്ങൾ കേരളത്തിൽ പരീക്ഷണോന്മുഖമായി ഏറെ സജീവമായത്. അമേച്വർ നാടകസംഘങ്ങൾ മുൻകാലങ്ങളിൽ വായനശാലകളോടനുബന്ധിച്ചുള്ള വാർഷികാഘോഷങ്ങൾക്കും ക്ലബ്ബുകളുടെ വാർഷികങ്ങൾക്കും വേണ്ടിയാണ് അരങ്ങേറിയിരുന്നത്. എല്ലാ വർഷവും പുതിയ രചനകളും രംഗാവതരണങ്ങളും ഉണ്ടാവുകയും ചെയ്തിരുന്നു. എന്നാലിന്ന് അമേച്വർ പ്രസ്ഥാനം വഴിമാറി നില്ക്കുകയാണ്. കച്ചവടസംസ്കാരം നാടകത്തെയും സ്വാധീനിച്ചിരിക്കുന്നു.

ഈ കാലഘട്ടത്തിലാണ് നാടകോത്സവങ്ങളും നാടകങ്ങൾക്ക് അന്തർദേശീയ വേദിയും ഉണ്ടായിവന്നിട്ടുള്ളത്. നമ്മുടെ അമേച്വർ പ്രവർത്തനങ്ങൾ പലതും ഇത്തരം വേദികളെ ലക്ഷ്യമിട്ടുകൊണ്ടുള്ളതുമാണ്. വ്യത്യസ്തമായ രംഗാവതരണങ്ങൾക്കുവേണ്ടി പരീക്ഷണോന്മുഖമായ പ്രവർത്തനങ്ങളിലൂടെ സർഗ്ഗസൃഷ്ടികൾക്ക് നൂതനത്വം കൈവരിക്കാൻ ഇന്നത്തെ നാടകകൃത്തുക്കൾ ശ്രമിക്കാറുണ്ട്. നവീനമായ പല പരീക്ഷണങ്ങളും മലയാള നാടകപ്രസ്ഥാനത്തിന്റെ ശക്തിയും ചൈതന്യവും വർദ്ധിപ്പിക്കുന്നതിൽ വഹിച്ചപങ്ക് വളരെ വലുതാണ്. അമേച്വർ നാടകരംഗത്ത് നിരവധി നാടകവേദികളും ഇന്ന് സജീവമായിട്ടുണ്ട്. കലാവേദി, ആപ്റ്റ് (തിരുവനന്തപുരം), സ്വരലയ (കൊല്ലം), സൂര്യകാന്തി തീയേറ്റേഴ്സ് (ആലപ്പുഴ), ലോകധർമ്മി (എറണാകുളം), രംഗചേതന (തൃശൂർ), സ്ത്രീനാടകവേദി, കുട്ടികളുടെ നാടകവേദി തുടങ്ങിയവയിലൂടെയെല്ലാം സമകാലിക നാടകം നവീന പരീക്ഷണങ്ങൾ ആവിഷ്കരിക്കുന്നു.

അമേച്വർരംഗത്ത് ധീരമായ പരീക്ഷണങ്ങൾ നടക്കുമ്പോൾത്തന്നെ സാധാരണജനങ്ങളെ തൃപ്തിപ്പെടുത്തുന്ന നാടകങ്ങളും വലിയ തോതിൽ അരങ്ങേറുന്നുണ്ട്. ഇത്തരം നാടകങ്ങൾ

കല എന്നതിനപ്പുറം ഒരു വ്യവസായം തന്നെയാണ്. ഇപ്പോഴുള്ള വാണിജ്യനാടകങ്ങൾ പ്രധാനമായും ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ടാണ് അവതരിപ്പിക്കാറുള്ളത്. നഗരകേന്ദ്രിതമായി നാടകോത്സവങ്ങളും ടെക്നോളജിയെ ആശ്രയിച്ചുകൊണ്ടുള്ള പുതിയ നാടകാവതരണങ്ങളുമൊക്കെ നടക്കുമ്പോൾത്തന്നെ ഗ്രാമങ്ങളിൽ നൈസർഗികമായി പരീക്ഷണോന്മുഖമായ നാടകങ്ങൾ അർത്ഥവത്തായി അരങ്ങേറുന്നുമുണ്ട്. എന്തായാലും വ്യത്യസ്തധാരകളിലായി മലയാളനാടകത്തിന്റെ നൈരന്തര്യം തുടർന്നുകൊണ്ടേയിരിക്കുന്നു എന്ന് നിസംശയം പറയാം.

## സിനിമ

ആധുനികയുഗത്തിന്റെ കലയാണ് സിനിമ. ജീവിതത്തോട് അഭേദ്യമായ ഇഴയടുപ്പം പുലർത്തുന്ന സിനിമ ജനപ്രീതിയിൽ മറ്റെല്ലാ കലാരൂപങ്ങളെയും പിന്നിലാക്കുന്നു. ലോകത്തെ ദൃശ്യങ്ങളിലൂടെ പുനർനിർമ്മിക്കാനുള്ള കഴിവാണ് ജനപ്രിയ മാധ്യമമെന്ന നിലയിലുള്ള സിനിമയുടെ വളർച്ചയ്ക്ക് നിദാനം. സിനിമ ഉല്പാദിപ്പിക്കുന്ന ആഹ്ലാദവും അതിന്റെ പ്രത്യയശാസ്ത്ര വിവക്ഷകളും ഉല്പാദന ഉപഭോഗരീതികളും സംസ്കാരത്തിന്റെ എല്ലാ വശങ്ങളോടും അടുത്തുനില്ക്കുന്നതിനാൽ ചലച്ചിത്ര പഠനം സംസ്കാര പഠനത്തിന്റെ സവിശേഷമാതൃക കൂടിയായിത്തീരുന്നു. വിഗതകുമാരനിലൂടെ തുടക്കം കുറിച്ച മലയാള ചലച്ചിത്രത്തിന് ആഗോള സിനിമാ ഭൂപടത്തിൽ സവിശേഷമായ സ്ഥാനമുണ്ട്. കേരളീയ സാമൂഹിക ജീവിതവും കേരളത്തിന്റെ സ്ഥലകാല പരിസരങ്ങളും ചുരുങ്ങിയ കാലംകൊണ്ട് ദൃശ്യപഥത്തിലെത്തിച്ച് സ്വന്തമായ അസ്തിത്വം രൂപപ്പെടുത്തിയ മലയാളസിനിമ നമ്മുടെ ദൃശ്യബോധത്തെ അനുദിനം പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് സിനിമ പരിഗണിക്കപ്പെടുന്നത് ജനപ്രിയസംസ്കാരം കൈകാര്യം ചെയ്യുന്ന ഏറ്റവും പ്രധാന മാധ്യമമെന്ന നിലയിലാണ്. മലയാളത്തിലെ പുതിയ സിനിമകളെ നവതരംഗസിനിമ, ന്യൂജനറേഷൻ സിനിമ, മൾട്ടിപ്ലക്സ് സിനിമ എന്നെല്ലാമാണ് വ്യവഹരിക്കുന്നത്. കലാമൂല്യമുള്ള സിനിമകളെ മലയാളിപ്രേക്ഷർ ഇരുകൈയും നീട്ടി സ്വീകരിച്ച ബ്ലാക്ക് ആന്റ് വൈറ്റ് ദിനങ്ങൾക്കപ്പുറം ഇന്ന് മലയാളസിനിമ കെട്ടും മട്ടും മാറി ന്യൂജെൻ പരിവേഷത്തിലായിരിക്കുന്നു. കലാമൂല്യസിനികളുടെയോ കച്ചവടസിനിമകളുടെയോ ഒറ്റലേബലിൽ മാറ്റിനിർത്താവുന്ന സിനിമകളല്ല ഇന്നത്തെ മലയാളസിനിമ.

ലോകം ശ്രദ്ധയോടെ നോക്കിയിരുന്ന ഒരുപിടി സംവിധായകരുടെ താരപ്പൊലിമയുണ്ടായിരുന്നു ഒരു കാലത്ത് മലയാളസിനിമയ്ക്ക്. പിന്നീട് കലാമൂല്യസിനിമകളുടെ മൂല്യം കുത്തനെ ഇടിഞ്ഞ അവസ്ഥയായി. മലയാളത്തിൽ വെറും സാറ്റലൈറ്റ് റൈറ്റിനുവേണ്ടി മാത്രം സിനിമകൾ നിർമ്മിക്കപ്പെട്ടു. മനുഷ്യന്റെ സാമാന്യബോധത്തെയും യുക്തിയെയും പരിഹസിക്കുന്ന അപഹാസ്യസിനിമകളുടെ വിളനിലമായി മാറി മലയാളസിനിമ. പിന്നീടാകട്ടെ വിദേശസിനിമകൾ കോപ്പിയടിക്കുന്നത് അഭിമാനമായി കരുതുന്ന ഒരു പുതിയ തലമുറയുടെ മൗലികതയില്ലായ്മയിലേക്ക് മലയാളസിനിമ കൂപ്പുകുത്തി. അരാഷ്ട്രീയതയും ദ്വയാർത്ഥപ്രയോഗങ്ങളും സ്ത്രീവിരുദ്ധതയും സോഫ്റ്റ്പോൺ ദൃശ്യങ്ങളും കുത്തിനിറച്ച സിനിമകൾ മാധ്യമങ്ങൾ കൊണ്ടാടുമ്പോൾ മലയാളസിനിമയിലെ കലാമൂല്യം ഇളകിത്തുടങ്ങിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്നു മലയാളത്തിലിറങ്ങുന്ന പല സിനിമകളും ഏതാനും ദിവസങ്ങൾക്കുള്ളിൽ കാലയവനികയ്ക്കുള്ളിൽ മറയപ്പെടുന്നവയാണ്. ഇന്നത്തെ പല സിനിമകളും പ്രതിഫലിപ്പിക്കുന്നത് മലയാളികൾ മറച്ചുപിടിക്കാൻ ആഗ്രഹിക്കുന്ന സത്യങ്ങളെയാണ്. സംസ്കാരശൂന്യമെന്ന് നാം മുദ്രകുത്തുമ്പോഴും മാറിവരുന്ന സംസ്കാരശൂന്യതയുടെ കണ്ണാടിതന്നെയായി ഇത്തരം ചിത്രങ്ങൾ മാറുന്നു. പലപ്പോഴും നിത്യജീവിതസത്യങ്ങളെ പച്ചയായ രീതിയിൽ ആവിഷ്കരിക്കുമ്പോൾ സാംസ്കാരികബോധത്തിന്റെ വേലിക്കെട്ടുകളും പൊളിയുന്നു. ശ്ലീല അശ്ലീലങ്ങളുടെ വേർതിരിവുകളും ഇല്ലാതാകുന്നു. സാധാരണക്കാരന്റെ കണ്ണിന് രസിക്കുന്ന കാഴ്ചകളോ കാതിന് ഇമ്പം പകരുന്ന ശബ്ദങ്ങളോ ദഹി

ക്കുന്ന ചിന്തകളോ ആയിരിക്കണമെന്നില്ല അവയിൽ പലതും. അതുകൊണ്ടുതന്നെ ന്യൂജെൻ സിനിമകളെ സഹൃദയലോകം മലയാളസിനിമാലോകത്ത് ചില കള്ളികൾക്കുള്ളിൽ നിർത്താൻ ശ്രമിച്ചു.

മലയാളസിനിമയിലെ പുതുപ്രവണതയായി സിനിമാലോകം കേട്ടുതുടങ്ങിയ പേരുകളിലൊന്നാണ് ന്യൂജനറേഷൻ. എന്താണ് ന്യൂജനറേഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരംനൽകാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. നാഗരികപശ്ചാത്തലങ്ങളും പാശ്ചാത്യപ്രവണതകളും പച്ചയായ ജീവിതചിത്രീകരണങ്ങളും ഇടയ്ക്കിടെ മുഴങ്ങിക്കേൾക്കുന്ന ബീപ് ശബ്ദങ്ങളും അഭ്രപാളിക്കു മുന്നിലുംപിന്നിലും അടുത്തിടെ മാത്രം കണ്ടുപരിചയിച്ച മുഖങ്ങളും കൂടിയാൽ ഒരു ന്യൂജനറേഷൻ സിനിമയാകും എന്നുവേണമെങ്കിൽ പറയാം. സാങ്കേതികവിദ്യയുടെ സഹായത്തോടെ യുവത്വത്തേയും നഗരജീവിതത്തേയും മാത്രം കേന്ദ്രീകരിച്ച് നിർമ്മിക്കുന്ന ഇത്തരം സിനിമകൾ പലപ്പോഴും സമൂഹത്തിൽനിന്ന് പ്രത്യേകിച്ച് കേരളീയ പശ്ചാത്തലത്തിൽനിന്ന് ഒട്ടേറെ മാറിനില്ക്കുന്നു. മാത്രമല്ല പൊതുജനജീവിതത്തെക്കുറിച്ച് രാഷ്ട്രീയവും സാംസ്കാരികവും ചരിത്രപരവുമായ ദർശനം മുന്നോട്ടുവയ്ക്കുന്നതിൽ അവ പലപ്പോഴും പരാജയപ്പെടുന്നു.

അസഭ്യഭാഷയും മംഗ്ലീഷ് പ്രയോഗങ്ങളും യുവത്വത്തിന്റെ വിപ്ലവം നിറഞ്ഞ അന്തരീക്ഷവും ഇന്നത്തെ സിനിമയിലെ പ്രധാന പ്രവണതകളാണ്. ആധിമധ്യാന്തപൊരുത്തം ആഖ്യാനശൈലിയായിക്കൊണ്ടുപോയിരുന്ന സിനിമ ഇന്ന് ഒരുകൂട്ടം നിമിഷങ്ങളുടെ നേർക്കാഴ്ച പകർത്തുന്ന കാഴ്ചയായി മാറിയിരിക്കുന്നു. അവിടെനിന്നും ഇവിടെനിന്നുമുള്ള കുറെ സംഭവങ്ങളെ കൂട്ടിയിണക്കി കഥപറയാൻ ശ്രമിച്ചപ്പോൾ, അടുക്കുംചിട്ടയും നഷ്ടപ്പെട്ട അലസമായ ഒരു ആഖ്യാനരീതിയ്ക്ക് അത് വഴിമാറിക്കൊടുത്തു. പുത്തൻ സാങ്കേതികവിദ്യകളുടെ മികവ് ഇന്നത്തെ സിനിമയിൽ കാഴ്ചയിലെ മികവ് സൃഷ്ടിക്കാൻ കളമൊരുക്കി.

മലയാളിയുടെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹികസാംസ്കാരിക ജീവിതപശ്ചാത്തലത്തെ അടയാളപ്പെടുത്താനുള്ള ശ്രമം സിനിമയിലെ പുതുപ്രവണയാണ്. മലയാള മനസ്സിന്റെ പാശ്ചാത്യവത്ക്കരണവും അതുവഴി പരമ്പരാഗത മലയാളസംസ്കാരത്തിന്  കൈവന്ന അപരിചിതശീലങ്ങളും യുവത്വത്തെ ഹരംപിടിപ്പിച്ചിരിക്കുന്നു. നൂറുകണക്കിന് കുടുംബങ്ങൾ ഒന്നിച്ചായിരിക്കുമ്പോഴും തന്റെ ഫ്ളാറ്റിന്റെ നാലുചുമരിനപ്പുറം അപരിചിതമാകുന്നു. ഇടുങ്ങിയ മാനസികാവസ്ഥയുടെയും പുകയുന്ന ലഹരിയുടെയും നുരയുന്ന മദ്യത്തിന്റെയും അകമ്പടിയോടെ അർദ്ധരാത്രിയെ പട്ടാപ്പകലാക്കുന്ന ഡാൻസ്ബാറുകളും, ജീവിതയാഥാർത്ഥ്യത്തിന്റെ നേർചിത്രം എന്നവകാശപ്പെടുന്ന അസഭ്യങ്ങളും, മുറിഇംഗ്ലീഷും, കടുക്കൻസ്റ്റൈലും എല്ലാം ഇന്നത്തെ മലയാളിസിനിമയുടെ അവിഭാജ്യഘടകമായി മാറിയത് നമ്മുടെ സമൂഹത്തിൽ നിന്നുതന്നെയാണ്. നഗരജീവിതത്തെയും അവിടെ അരങ്ങേറുന്ന ജീവിതാസക്തികളെയും പാശ്ചാത്യചേരുവകളോടെ ആവിഷ്കരിക്കുമ്പോൾ ഇതാണ് ശരിക്കുള്ള ജീവിതമെന്നും മദ്യവും മയക്കുമരുന്നും മദിരാശിയുമെല്ലാം ഒരിക്കലെങ്കിലും രുചിച്ചുനോക്കേണ്ടതാണെന്നും ഒക്കെയുള്ള മിഥ്യാധാരണകളിലേക്ക് കൗമാരയൗവനങ്ങൾ വഴുതിവീഴുന്നു.

തികച്ചും പരീക്ഷണാത്മകമായ സൃഷ്ടികളാണ് ഇന്നത്തെ മലയാളസിനിമ. സാധാരണക്കാരന്റെ ജീവിതത്തിന്റെ ഏടുകളാണ് ഇന്നത്തെ മിക്ക സിനിമയും അവതരിപ്പിക്കുന്നത്. നഗരജീവിതത്തിന്റെ യഥാർത്ഥമുഖവും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പെടാപ്പാട് പെടുന്ന മദ്ധ്യവർഗ്ഗത്തിന്റെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന പോരാട്ടങ്ങളും ഇന്നത്തെ സിനിമയുടെ വിഷയങ്ങളാണ്. സിനിമയുടെ സ്വാഭാവികനിയന്ത്രണങ്ങളെ  കാറ്റിൽപ്പറത്തിക്കൊണ്ട് നവസ്വാതന്ത്ര്യത്തിന്റെയും നൂതനവ്യക്തിത്വത്തിന്റെയും സാംസ്കാരിക ഇടങ്ങൾ സൃഷ്ടിക്കുവാനുള്ള ശ്രമം ഇന്നത്തെ സിനിമകളിൽ കാണാൻ കഴിയും.